

# സോവിയറ്റ് യൂണിയൻ:

## സോഷ്യലിസമോ സോഷ്യൽ സാമ്രാജ്യത്വമോ ?

947

റെയ്മണ്ട് ലോട്ട
അൽബെർട്ട് സിമാൻസ്കി

# സോവിയററ് യൂണിയൻ:
# സോഷ്യലിസമോ
# സോഷ്യൽ സാമ്രാജ്യത്വമോ?

1103
PG Library & Research Centre

റെയ്മണ്ട് ലോട്ടയും
ആൽബർട്ട് സിമാൻസ്കിയും തമ്മിലുള്ള
ഒരു സംവാദം
(മെയ് 1983)

പബ്ലിഷിംഗ് സെൻറർ പെരുമ്പാവൂർ

(Malayalam)

SOVIET UNION:
SOCIALISAMO
SOCIAL SAMRAJYATHUAMO?

(Translation of Soviet Union:
Socialist or Social Imperialist?, Part II)

A debate between Raymond Lotta and Albert Symansky

Originally Published by
RCP Publications USA

First Published February 1984

Printed at Lipee Press, Kottayam-686 008

Cover: Satheesan

Published by
DHWANI Publishing Center, Perumbavoor
Price Rs. 7/-
Copies: 1500

947

## ഉള്ളടക്കം


1 മുഖക്കുറിപ്പ് 7

2 ചെങ്കൊടി ഇപ്പോഴും പറക്കുന്നു:
സോവിയററ് യൂണിയനിൽ
തൊഴിലാളികളുടെ അധികാരം
—ആൽബർട്ട് സിമാൻസ്കി 9

3 സോഷ്യൽ സാമ്രാജ്യത്വത്തിൻെറ യാഥാർത്ഥ്യങ്ങളും
നിർമ്മമ യഥാതഥവാദത്തിൻെറ
കർക്കശപ്രമാണങ്ങളും തമ്മിൽ
സോവിയററ് മൂലധനരൂപീകരണത്തിൻെറ
ബലതന്ത്രം
—റെയ്മണ്ട് ലോട്ട

4 എതിർവാദമുഖങ്ങൾ
—ആൽബർട്ട് സിമാൻസ്കി

5 എതിർവാദമുഖങ്ങൾ
—റെയ്മണ്ട് ലോട്ട

6 ഉപസംഹാരം
—റെയ്മണ്ട് ലോട്ട

7 ഉപസംഹാരം
—ആൽബർട്ട് സിമാൻസ്കി


PC Library & Research Center

# പ്രസാധകക്കുറിപ്പ്

1983 മെയ് 19–22 തീയതികളിൽ അമേരിക്കൻ ഐക്യ നാടുകളിലെ ന്യൂയോർക്കിൽ ഒരു സുപ്രധാനസമ്മേളനം നടന്നു. സോവിയററ് യൂണിയൻ ഒരു സോഷ്യലിസ്റ്റ് രാജ്യമോ, സോഷ്യൽ സാമ്രാജ്യത്വരാജ്യമോ? എന്ന വിഷയത്തെ സംബന്ധിച്ച ചർച്ചയ്ക്കായി അമേരിക്കയിലെ വിപ്ലവ കമ്മ്യൂണിസ്റ്റ് പാർട്ടി (RCP, USA)സംഘടിപ്പിച്ചതായിരുന്നു സമ്മേളനം. സോവിയററ് യൂണിയനെ സംബന്ധിച്ച് അനുകൂലവും പ്രതികൂലവുമായ അഭിപ്രായങ്ങളുള്ള പണ്ഡിതന്മാരും, രാഷ്ട്രീയപ്രവർത്തകരുമെല്ലാം ചർച്ചയിൽ പങ്കെടുത്തിരുന്നു. പ്രസ്തുത ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സോവിയററ് യൂണിയൻ ഒരു സോഷ്യലിസ്റ്റ് രാജ്യമാണെന്നു വാദിക്കുന്ന ആൽബർട്ട് സിമാൻക്സിയും, സോവിയററ് യൂണിയൻ ഒരു സോഷ്യൽ സാമ്രാജ്യത്വരാജ്യമാണെന്നു വാദിക്കുന്ന റെയ്മണ്ട് ലോട്ടയും തമ്മിൽ നടത്തിയ സംവാദമാണ് ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

സോവിയററ് യൂണിയന്റെ യഥാർത്ഥസ്വഭാവത്തെ സംബന്ധിച്ച വിവാദങ്ങൾ ഉയർന്നുവന്നിട്ട് ഇരുപതിലധികം വർഷങ്ങളായിട്ടുണ്ട്. 1917 ലെ മഹത്തായ ഒക്ടോബർ വിപ്ലവത്തിലൂടെ ലോകത്തിലാദ്യമായി തൊഴിലാളിവർഗം ഫലപ്രദമായി ഭരണകൂടാധികാരം സ്ഥാപിച്ചപ്പോൾ അത് മാനവചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു. എന്നാൽ ലെനിനും സ്റ്റാലിനും ശേഷം സോവിയററ് യൂണിയനിൽ അധികാരത്തിൽവന്ന ക്രൂഷ്ചേവിന്റെ ഭരണ കാലഘട്ടത്തിൽ സോവിയററ് ഭരണ സംവിധാനത്തിലും അധികാരഘടനയിലും, ഇവക്കെല്ലാം വഴികാട്ടിയായ രാഷ്ട്രീയവീക്ഷണത്തിലും വന്ന പ്രതിവിപ്ലവകരമായ മാററം തൊഴിലാളിവർഗത്തിന്റെ താല്പര്യങ്ങൾക്ക പകരം ഒരു പുതിയതരം മുതലാളിത്തത്തിന്റെ അധികാരസ്ഥാപനത്തിന് പ്രമുഖ കാരണമായി ഭവിച്ചുവെന്ന അഭിപ്രായമാണ് ഇത്തരമൊരു വിവാദത്തിന് വഴിതെളിയിച്ചത്. അന്ന് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും അൽബേനിയൻ ലേബർ പാർട്ടിയുടേയും നേതൃത്വത്തിൽ ലോകത്തെങ്ങുമുള്ള മാർക്സിസ്റ്റ്-ലെനിനിസ്ററുകൾ ഈ ''പുത്തൻ തിരുത്തൽവാദി''കൾക്കെതിരെ രാഷ്ട്രീയമായി സമരം തുടങ്ങിവച്ചു. പിന്നീട് ക്രൂഷ്ചേവ് നിലംപതിച്ചുവെങ്കിലും തുടർന്ന് അധികാരത്തിൽവന്ന ബ്രഷ്നേവും പിന്നീട് ആന്ദ്രോപ്പോവുമെല്ലാം മേല്പറഞ്ഞ പുത്തൻ മുതലാളിത്ത രൂപത്തെ ലോകതലത്തിൽതന്നെ വികസിപ്പിക്കുകയും

ഒരു സോഷ്യൽ സാമ്രാജ്യത്വശക്തിയായി, ലോകത്തെ പങ്കുവയ്ക്കാനുള്ള ശ്രമത്തിൽ നിർണായകസ്ഥാനമുള്ള വൻശക്തിയായി വിപുലപ്പെടുത്തുകയും ചെയ്തു. ആ ശ്രമങ്ങൾ ഇന്നും തുടരുന്നു.

ലോകത്തെങ്ങുമുള്ള പഴയ കമ്യൂണിസ്റ്റ് പാർട്ടികളെ ഗ്രസിച്ച തിരുത്തൽവാദ ആധിപത്യശക്തികളെ നിഷേധിച്ചുകൊണ്ട് ഉയർന്നുവന്നിട്ടുള്ള മാർക്സിസ്റ്റ്—ലെനിനിസ്ററ് ശക്തികളുടെ ഈ വാദഗതികളെ എതിർത്തുകൊണ്ട് സോവിയററ് യൂണിയൻ ഇപ്പോഴും ഒരു സോഷ്യലിസ്ററ് രാജ്യമാണെന്നും, പുതിയ പുതിയ പദ്ധതികളിലൂടെ തൊഴിലാളിവർഗത്തിൻെറ അധികാരമുറപ്പിക്കുകയും, ലോകസാമ്രാജ്യത്വശക്തികൾക്കെതിരെ വിട്ടുവീഴ്ചയില്ലാതെ പോരാടുകയും, വിവിധ രാജ്യങ്ങളിലെ ദേശീയ വിമോചന സമരങ്ങളേയും തൊഴിലാളിവർഗ വിപ്ളവപ്രസ്ഥാനങ്ങളേയും കയ്യയച്ചു സഹായിക്കുകയും, ലോകസമാധാനത്തിനുവേണ്ടി പോരാടുകയും ചെയ്തുകൊണ്ട് മുന്നേറുകയാണെന്നും വാദിക്കുന്നവരും ലോകത്തിൽ ധാരാളമുണ്ട്.

ഈ വാദമുഖങ്ങളിൽ ഒരു തുടക്കക്കാരനെ സംബന്ധിച്ചിടത്തോളം ഏതാണ് ശരിയെന്നു കണ്ടുപിടിക്കാൻ ബുദ്ധിമുട്ടുണ്ടായേക്കാമെങ്കിലും ഒരു കാര്യം വ്യക്തമാണ്. സമീപകാലത്തു പോളണ്ടിൽ അവിടത്തെ ഭരണകൂടാധികാരത്തിനെതന്നെ വമ്പിച്ചരീതിയിൽ വെല്ലുവിളിച്ചുകൊണ്ട് ഉയർന്നുവന്ന തൊഴിലാളി പ്രക്ഷോഭങ്ങളും പണിമുടക്കങ്ങളും, മററു ചില സോവിയററ് ചേരിരാജ്യങ്ങളിലെ യുവാക്കളുടെ പ്രക്ഷോഭങ്ങളും സോവിയററ് യൂണിയനിൽ തന്നെ തൊഴിലാളികൾക്കുമേൽ പ്രയോഗിച്ച നിയന്ത്രണങ്ങളുമെല്ലാം സോവിയററ് യൂണിയനിലേയും അതുമായി ബന്ധപ്പെട്ട സോവിയററ് ചേരിരാജ്യങ്ങളിലേയും സാമ്പത്തിക, രാഷ്ട്രീയ മണ്ഡലങ്ങളിലെ രൂക്ഷമായ പ്രതിസന്ധികളുടെ പ്രതിഫലനമാണ്. ഇത്തരമൊരു പശ്ചാത്തലത്തിൽ സോവിയററ് യൂണിയനിലേയും സോവിയററ് ചേരിയിൽപെട്ട മററു സോഷ്യലിസ്ററ് രാജ്യങ്ങളിലേയും സോഷ്യലിസ്ററോ സോഷ്യലിസ്റേറതരമോ ആയ സാമൂഹ്യ രാഷ്ട്രീയ ഘടനകളെ സംബന്ധിച്ച് ആഴത്തിലുള്ള ഒരു ചർച്ച വളരെയേറെ പ്രസക്തമാണ്.

ഇത്തരമൊരു ചർച്ച അവിടത്തെ സാമൂഹ്യസാമ്പത്തികവ്യവസ്ഥയെ നിർവ്വചിക്കുന്നതിനു മാത്രമല്ല ഉതകുന്നതു്, മറിച്ച് സോവിയററ് യൂണിയനിൽ സോഷ്യലിസമാണോ, സാമ്രാജ്യത്വമാണോ നിലവിലുള്ളതു് എന്ന അന്വേഷണം തൊഴിലാളി വർഗത്തിൻെറ രാഷ്ട്രീയാധികാരവുമായി ബന്ധപ്പെട്ട വളരെ ഗൗരവമേറിയ പ്രശ്നങ്ങൾ ഉന്നയിക്കുന്നു. തൊഴിലാളിവർഗത്തിൻെറ രാഷ്ട്രീയാധികാരം സ്ഥാപിക്കപ്പെട്ടിടങ്ങളിലൊക്കെ മുതലാളിത്തം പുനഃസ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്ന യാഥാർത്ഥ്യത്തിനുപിന്നിൽ ഏതൊരു ബലതന്ത്രമാണ് പ്രവർത്തിച്ചതെന്നു മനസ്സിലാക്കാൻ ഇത്തരമൊരന്വേഷണമല്ലാതെ മററു വഴിയില്ല.

അതുകൊണ്ടുതന്നെ രാഷ്ട്രീയമായും സൈദ്ധാന്തികമായും ഈ കാലഘട്ടത്തിലെ വിപ്ലവത്തേയും പ്രതിവിപ്ലവത്തേയും പററി ശരിയായ ധാരണയുണ്ടാക്കാൻ ഈ സംവാദം സഹായിക്കുന്നു. അപ്പോഴും ഇത്തരമൊരു സംവാദം മനുഷ്യചരിത്രത്തിന്റെ വികാസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വരെ ഉന്നയിക്കുന്നുവെന്നു കാണാം.

പരസ്പരവിരുദ്ധമായ രണ്ടു വീക്ഷണങ്ങളിലൊന്നു മാത്രമായി എടുത്തുകാണിക്കാതെ ഇരുവീക്ഷണങ്ങളേയും സ്വാതന്ത്ര്യമായി ഏററുമുട്ടാൻ അനുവദിക്കുന്നതുവഴി ജനാധിപത്യപരമായ രാഷ്ട്രീയ സംവാദത്തിനു് നല്ലൊരുദാഹരണമാണ് ഈ കൃതിയെന്നുകൂടി ഞങ്ങൾ കരുതുന്നു.

ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ടു് സോവിയററ് യൂണിയൻ ഒരു സോഷ്യലിസ്ററ് രാജ്യമാണെന്നു് സമർത്ഥിക്കാൻ ശ്രമിക്കുന്ന ആൽബർട്ടു് സിമാൻസ്കി അമേരിക്കയിൽ ഓറിഗോൺ സർവകലാശാലയിൽ സാമൂഹ്യശാസ്ത്രത്തിന്റെ പ്രൊഫസറാണ് Is The Red Flag Flying? The Political Economy of the Soviet Union Today (1979),The Logic of Imperialism (1982) എന്നീ ഗ്രന്ഥങ്ങളുടെ കർത്താവുകൂടിയാണ് അദ്ദേഹം. സോവിയററ് യൂണിയനിലെ സോഷ്യൽ സാമ്രാജ്യത്വ രാഷ്ട്രീയ സാമ്പത്തിക സംവിധാനത്തിന്റെ ആന്തരിക നിയമത്തെക്കുറിച്ചു് സൂക്ഷ്മാപഗ്രഥനം നടത്താൻ ശ്രമിച്ചുകൊണ്ടു് അമേരിക്കയിലെ വിപ്ലവകമ്യൂണിസ്റ്റ്പാർട്ടിയുടെ (RCP USA) കാഴ്ചപ്പാടുകൾ മുന്നോട്ടുവച്ചുകൊണ്ടു് സംസാരിക്കുന്ന റെയ്മണ്ട്ലോട്ട ഗ്രന്ഥകാരനും പ്രഭാഷകനുമാണ്. And Mao Makes Five; Mao Tse tung's Last Great Battle (1978), എന്ന ഗ്രന്ഥത്തിന്റെ എഡിററും America in Decline (1983) എന്ന ഗ്രന്ഥത്തിന്റെ കർത്താവുമാണദ്ദേഹം.

ഈ സംവാദത്തിൽ ഇരുവീക്ഷണങ്ങളേയും പ്രതിനിധീകരിച്ചുകൊണ്ടു് മുന്നോട്ടുവച്ചിരിക്കുന്ന വാദങ്ങളുടെ ഒരു സവിശേഷത ചൂണ്ടിക്കാണിക്കേണ്ടതുണ്ടെന്നു തോന്നുന്നു. സോവിയററ് യൂണിയന്റെ ഭാഗത്തു നിന്നുകൊണ്ടു് സംസാരിക്കുന്ന സിമാൻസ്കി സോവിയററ് സമ്പദ്, സാമൂഹ്യവ്യവസ്ഥയുടെ ഉപരിതലത്തിലുള്ള പ്രശ്നങ്ങളാണ് പരാമർശിക്കുന്നതു്. അതുകൊണ്ടുതന്നെ അതു് താരതമ്യേന ലളിതമായി മനസ്സിലാക്കപ്പെടാവുന്നതുമാണ്. എന്നാൽ സോവിയററ് യൂണിയൻ സാമ്രാജ്യത്വമാണെന്നു വാദിക്കുന്ന റെയ്മണ്ട്ലോട്ടയാകട്ടെ സോവിയററ് സമ്പദ് രാഷ്ട്രീയ സംവിധാനത്തിന്റെ ആഴങ്ങളെ അപഗ്രഥിക്കാനും അതിന്റെ യഥാർത്ഥ ബലതന്ത്രത്തെ കണ്ടെത്താനുമാണ് ശ്രമിക്കുന്നതു്. അതുകൊണ്ടുതന്നെ മുതലാളിത്ത രാഷ്ട്രീയ സമ്പദ്ശാസ്ത്രത്തിനേക്കാൾ സങ്കീർണമായ ഉള്ളടക്കമുള്ള സോഷ്യൽ സാമ്രാജ്യത്വ സമ്പദ്ശാസ്ത്രത്തിന്റെ ആന്തരികപ്രവർത്തനം അത്രയ്ക്കു് ലളിതമായി മനസ്സിലാക്കപ്പെടാവുന്നതല്ല. മാത്രമല്ല

ഈ സൂക്ഷ്മാപഗ്രഥനത്തിൻെറ താരതമ്യേന ക്ലിഷ്ടമായ വിവർത്തനം മൂലവും ഇതു് ശരിയായി മനസ്സിലാക്കപ്പെടാതെ പോകാൻ ഇടയുണ്ടു്. അതുകൊണ്ടുതന്നെ ഈ വസ്തുതകഠം മനസ്സിൽ വച്ചുകൊണ്ടു വേണ്ടിയിരിക്കുന്നു ഇതിനെ സമീപിക്കാനെന്നു് ഞങ്ങഠം വായനക്കാരോടഭ്യർത്ഥിക്കട്ടെ.

സോവിയററ് യൂണിയൻെറ യഥാർത്ഥ സ്വഭാവത്തെക്കുറിച്ചു് ഗൗരവപൂർവ്വം അന്വേഷണം നടത്താൻ ശ്രമിക്കുന്നവക്കു് സഹായകമായിരിക്കും ഈ ലഘുസംവാദമെന്നു് ഞങ്ങഠം പ്രതീക്ഷിക്കട്ടെ.

ധ്വനി പ്രവർത്തകർ

## ചെങ്കൊടി ഇപ്പോഴും പറക്കുന്നു; സോവിയററ് യൂണിയനിൽ തൊഴിലാളികളുടെ അധികാരം

**ആൽബർട്ട് സിമാൻസ്കി**

സോവ്യററ്യൂണിയൻ ഒരു സ്റ്റേററ് മുതലാളിത്ത (State Capitlist) രാജ്യമാണെന്നു സ്ഥാപിക്കാൻ ശ്രമിക്കുന്നവർ അനിവാര്യമായും നാലു കാര്യങ്ങൾ തെളിയിക്കേണ്ടതുണ്ടെന്നാണ് എന്റെ അഭിപ്രായം.

ഒന്നാമതായി തെളിയിക്കേണ്ടിയിരിക്കുന്നതു് മുതലാളിത്തത്തിന്റെ അന്തഃസത്തയായ കാര്യമാണു്. അതായതു് അദ്ധ്വാനശക്തി ഒരു ചരക്കാണെന്നു്. സോവിയററ് യൂണിയൻ ഒരു മുതലാളിത്ത രാജ്യമാണെന്നു് തെളിയിക്കാൻ മാവോയിസ്റ്റുകൾ ശ്രമിച്ചിട്ടുള്ളപ്പോഴൊന്നും ഇതു് സ്ഥാപിക്കാൻ അവർക്കു കഴിഞ്ഞിട്ടില്ലെന്നാണു് ഞാൻ കരുതുന്നതു്. ശമ്പളം കൊടുക്കുന്ന രീതി സോവിയററ് യൂണിയനിൽ നിലനിൽക്കുന്നുവെന്നാണു് അവർ സാധാരണയായി എടുത്തുകാണിക്കാറുള്ളതു്. അതുകൊണ്ടു് ഒന്നുമാകുന്നില്ല. തീർച്ചയായും അമ്പതുകളുടെ മദ്ധ്യത്തിനു മുമ്പും കൂലികൊടുക്കുന്ന രീതി അവിടെ നിലനിന്നിരുന്നു. ചൈ

നയിലും അതുണ്ടായിരുന്നു. തൊഴിലാളികൾക്ക് അവരുടെ അദ്ധ്വാനത്തിന്റെ മൂല്യം മുഴുവനായി കൊടുക്കുന്നില്ല എന്നു കാണിച്ചതുകൊണ്ടു മാത്രമായില്ല. തൊഴിലാളികൾക്ക് ഭൗതിക നേട്ടങ്ങൾ നൽകി അവരെ പ്രചോദിപ്പിക്കുന്നു എന്നു പറഞ്ഞതുകൊണ്ടും കൃത്യമാകുന്നില്ല. 'ഗോഥാപരിപാടിയുടെ വിമർശന'ത്തിൽ മാർക്സ് അതു് വളരെ വ്യക്തമായി പറയുകയുണ്ടായി. അതായതു് സോഷ്യലിസത്തിൽ ജനങ്ങൾക്ക് അവരുടെ അദ്ധ്വാനത്തിനനുസരിച്ചാണ് പ്രതിഫലം നൽകുന്നതു്. അതു് സോഷ്യലിസത്തിന്റെ ഒരു മാനദണ്ഡമാണ്, മുതലാളിത്തത്തിന്റെ തെളിവല്ല. ഒരു സോഷ്യലിസ്റ്റ് സമൂഹത്തിൽ നിലനിൽക്കുന്ന ''ബൂർഷ്വാ അവകാശം'' എന്നാണ് ലെനിനും, മാർക്സും, മററുള്ളവരും തെളിച്ചുപറഞ്ഞതു്; അല്ലാതെ ''ഓരോരുത്തർക്കും അവരവരുടെ ആവശ്യമനുസരിച്ച്' എന്ന കമ്മ്യൂണിസ്റ്റ് മാനദണ്ഡമായല്ല.

തൊഴിൽവിപണികളും അവയുടെ തത്വശാസ്ത്രവും ഇപ്പോഴും പ്രവർത്തനനിരതമാണ് എന്ന് തെളിയിക്കേണ്ട ഇന്ന് പ്രത്യേകിച്ച് M-C-M*' എന്ന രീതിയാണ് നേതൃസ്ഥാനത്തു് എന്ന് തെളിയിക്കണം. വില വർദ്ധിപ്പിക്കുന്നതിനുവേണ്ടി അദ്ധ്വാനം വിലകൊടുത്തു വാങ്ങണം അതാണ് മുതലാളിത്തത്തിന്റെ അന്തഃസത്ത. ചരക്കുല്പാദനംപോലും മുതലാളിത്തത്തിന്റെ നിർവചനമാകുന്നില്ല. M-C-M' വില വർദ്ധിപ്പിക്കുന്നതിനുവേണ്ടി അദ്ധ്വാനം വിലകൊടുത്തു വാങ്ങുന്ന രീതി; അതാണ് മുതലാളിത്തത്തിന്റെ അന്തഃസത്ത.

രണ്ടാമതായി ഒരു ഭരണവർഗം നിലനില്ക്കുന്നുവെന്ന് സ്ഥാപിക്കണം. മറെറല്ലാമുതലാളിത്തവർഗങ്ങളോടും; പാശ്ചാത്യനാടുകളിലെ മുതലാളിത്തവർഗങ്ങളോടും താരതമ്യപ്പെടുത്താവുന്നവിധം വിശേഷാധികാരങ്ങളും, പരിഗണനകളും അനുഭവിക്കുന്നതും, സ്വന്തം ഉല്പാദനബന്ധങ്ങളാൽ നിർവ്വചിക്കപ്പെടുന്നതുമായ ഒരു ഭരണവർഗത്തിന്റെ നിലനില്പ് തെളിയിക്കപ്പെടണം. പാശ്ചാത്യ മുതലാളിത്തത്തോടു് താരതമ്യപ്പെടുത്താവുന്ന വിധത്തിൽ അവർ മിച്ചമൂല്യം കൈവശപ്പെടുത്തുന്നുണ്ടെന്നും, അതിനെ മററുള്ളവരോടു് സമാനമായവിധത്തിൽ തൊഴിലാളിവർഗത്തിന് *എതിരായി* ഉപയോഗിക്കുന്നുണ്ടെന്നും തെളിയിക്കണം. ചിലയാളുകൾക്ക് രണ്ടുമുറികളുള്ള വേനൽക്കാലവസതികളുണ്ടെന്നോ, പ്രത്യേക സാധനങ്ങൾവില്ക്കുന്ന കടകളും സൗന്ദര്യവർദ്ധകകേന്ദ്രങ്ങളുമായി അവർക്ക് ബന്ധമുണ്ടെന്നോ, അല്ലെങ്കിൽ മനോഹരവസ്ത്രങ്ങളുണ്ടെന്നോ, പാശ്ചാത്യരാജ്യങ്ങളിലെ ചിലയാളുകൾക്ക്-ഡോക്ടർമാർ, വക്കീലന്മാർ, ചില ഇടത്തരക്കാർ തുടങ്ങിയവർക്ക്—ഇത്തരം വിശേഷാവകാശങ്ങളുള്ളതുകൊണ്ടു് ഡോക്ടർമാരും വക്കീലന്മാരുമെല്ലാം മുതലാളിവർഗ

* പണം—ചരക്ക് – അധികം പണം

ത്തിൻെറ ഭാഗമാണെന്നോ പറയുന്നതു് ഒട്ടും പര്യാപ്തമായ ഒരു തെളിവല്ല. കേന്ദ്രകമ്മിററി അംഗങ്ങളുടേയോ ഉയർന്ന മാനേജർമാരുടേയോ കുട്ടികരം മിക്കവാറും സർവ്വകലാശാലകളിൽ പഠിക്കുകയും ബുദ്ധിജീവികളായിതീരുകയും ചെയ്യുന്നു എന്നു പറയുന്നതുകൊണ്ടും അതു തെളിയുന്നില്ല. അമേരിക്കൻ ഐക്യനാടുകളിലെ എല്ലാ ഡോക്ടറന്മാരേയും വക്കീലന്മാരേയും സംബന്ധിച്ചും ഇതു ശരിയാണ്. പക്ഷേ അതുകൊണ്ടു് എല്ലാ ഡോക്ടറന്മാരും വക്കീലന്മാരും മുതലാളിവർഗത്തിൻെറ ഭാഗമാകുന്നില്ല. ബുദ്ധിജീവികരം ജനസംഖ്യയുടെ 15% വരുന്നു. ഉന്നതപദവികരം തലമുറകളിലൂടെ പിന്തുടർച്ചാവകാശമായി കൈമാററപ്പെടുന്നു എന്നു് ഇനിയും തെളിയിക്കപ്പെടേണ്ടിയിരിക്കുന്നു.

ഒരു ഭരണവർഗമുണ്ടെങ്കിൽ അതു് ചരിത്രത്തിലെ ഓരോ ഭരണവർഗത്തെപ്പോലെയും പെരുമാറണം. ഓരോ നാടുവാഴിത്ത ഭരണവർഗത്തെപ്പോലെ, അടിമ—ഉടമ സമൂഹത്തിലെ ഭരണവർഗത്തെപ്പോലെ. അതു് അതിൻെറ അധികാരം പ്രയോഗിക്കണം. തൊഴിലാളിവർഗത്തിനെതിരെ സ്വന്തം താല്പര്യസംരക്ഷണാർത്ഥം ആ അധികാരം പ്രയോഗിക്കണം. അതിനു് അതിൻേറതായ ആഡംബരങ്ങളുണ്ടാവണം. സവിശേഷാവകാശങ്ങളുണ്ടാവണം. അതു് കൈമാററംചെയ്യപ്പെടണം. അതിനുള്ള ഉത്തരം, ''അതെ; അവിടെ ഒരു പുതിയ; കൂടുതൽ വികാസം പ്രാപിച്ച ഭരണവർഗരൂപമുണ്ടു്'' എന്നാണെങ്കിൽ; ആ ഭരണവർഗത്തിനു് ആഡംബരരീതികളും, വളരെയധികം സവിശേഷാധികാരങ്ങളും, ഇല്ലാതിരിക്കുകയാണെങ്കിൽ, അതൊന്നും ആ വർഗം തുടർന്നുവരുന്നവരിലേക്കു് കൈമാറുന്നില്ലെങ്കിൽ നിങ്ങരം ചോദിക്കണം. എന്തുകൊണ്ടു് അങ്ങനെയില്ലാതിരിക്കുന്നു? അവരത്രമാത്രം ശക്തരാണെങ്കിൽ, എന്തുകൊണ്ടു് മററു് ഭരണവർഗങ്ങളെപ്പോലെ അവർ അധികാരം പ്രയോഗിക്കുന്നില്ല? അവർ അവരുടെ കുട്ടികളെക്കുറിച്ചു് ശ്രദ്ധിക്കുന്നില്ലേ? അവർ ആഡംബരപൂർണ്ണമായ ഉപഭോഗത്തെക്കുറിച്ചു് ശ്രദ്ധിക്കുന്നില്ലേ? ആഡംബരപൂർണമായി ജീവിക്കുകയും അധികാരങ്ങരം തൊട്ടടുത്ത തലമുറയിലേക്കു് കൈമാറുകയും ചെയ്താൽ തങ്ങളുടെ അധികാരം നഷ്ടപ്പെടുമോ എന്നു് അവർ ഭയപ്പെടുകയാണു് എന്നാണു നിങ്ങളുടെ ഉത്തരമെങ്കിൽ അത്തരത്തിൽ ചെയ്യാൻ അവർക്കു് അധികാരമില്ല എന്നാണു് നിങ്ങളർത്ഥമാക്കുന്നതു്. അവർക്കു് ആഡംബരമായി ജീവിക്കാനോ അവകാശങ്ങരം കൈമാററം ചെയ്യാനോ അധികാരമില്ലെന്നാണ് അർത്ഥമാക്കുന്നതു്. മററു വാക്കുകളിൽ പറഞ്ഞാൽ അവർ ഭരണവർഗം *അല്ല*. അപ്പോരം, സോവിയററ് യൂണിയനിൽ *സവിശേഷാധികാരങ്ങളുള്ള* ഒരു ഭരണവർഗമുണ്ടെന്നും അതിനു് ആ അധികാരങ്ങളെ കൈമാററം ചെയ്യാനുള്ള കഴിവുണ്ടെന്നും RCP (Revolutionary Communist Party— വിപ്ലവ കമ്മ്യൂണിസ്റ്റ്പാർട്ടി) യും

മാവോയിസ്റ്റുകളും തെളിയിക്കേണ്ടിയിരിക്കുന്നു. അല്ലാതെ അമേരിക്കൻ ഐക്യനാടുകളിലെ ഡോക്ടറന്മാരും വക്കീലന്മാരും ചെയ്യുന്നതു് സോവിയററ്യൂണിയനിലുള്ളവർ ചെയ്യുന്നുണ്ട് എന്നു പറയുകയല്ല വേണ്ടതു്.

മൂന്നാമതായി, മുതലാളിത്തപുനഃസ്ഥാപനം നടന്നു എന്നു് അവകാശപ്പെടുന്ന സമയത്തു്—RCP അവകാശപ്പെടുന്നതു് 1955–56 കാലത്തു് അതു സംഭവിച്ചു എന്നാണെന്നു് ഞാൻ കരുതുന്നു. ചിലയാളുകൾ അതു് 1965 വരെയായി പറയുന്നുണ്ട്—തൊഴിലാളിവർഗത്തിൻെറ പദവിക്കു് ഗുണപരമായ ശോഷണം സംഭവിച്ചെന്നും; സ്റ്റേററ് മുതലാളിത്തം എന്നു് *ആരോപിക്കപ്പെടുന്ന*വരുടെ പദവിയിൽ ഗുണപരമായ പുരോഗതിയുണ്ടായിട്ടുണ്ടെന്നും തെളിയിക്കേണ്ടതുണ്ട്. പക്ഷേ ഒരു ഗുണപരമായമാററം സംഭവിച്ചിട്ടുണ്ടെന്നു്, അദ്ധ്വാനശക്തി ഒരു ചരക്കായിമാറുന്നതിൻേറയും (M-C-M) എന്ന യുക്തിക്കു് പ്രാമുഖ്യം കൈവരുന്നതിൻേറയും, വിലയുടെ വർദ്ധനവിനുവേണ്ടി അദ്ധ്വാനശക്തി വിലകൊടുത്തുവാങ്ങുന്നതിൻേറയും ദിശയിൽ ഗുണപരമായ ഒരു മാററം സംഭവിച്ചിട്ടുള്ളതിനു് തെളിവുകളുണ്ടെന്നു് എടുത്തു കാട്ടേണ്ടിയിരിക്കുന്നു. മുതലാളിത്തവർഗം എന്നു് *ആരോപിക്കപ്പെടുന്ന*വരുടെ വിശേഷാവകാശങ്ങൾക്കും സവിശേഷാധികാരങ്ങൾക്കും ഗുണപരമായ വർദ്ധനവുണ്ടായിട്ടുണ്ടെന്നും തീർച്ചയായും നിങ്ങൾ തെളിയിക്കേണ്ടതുണ്ട്.

നിങ്ങൾ അവകാശപ്പെടുന്നതു് അതൊരു *വികസിച്ച* മുതലാളിത്തമാണ്, അതായതു് സാമ്രാജ്യത്വമാണ് എന്നാണെങ്കിൽ; ആ സമയത്തെ സാർവ്വദേശീയ സാമ്പത്തികബന്ധങ്ങളിൽ, സോഷ്യലിസ്റ്റ്, തൊഴിലാളിവർഗസാർവ്വദേശീയ സ്വഭാവത്തിൽനിന്നു് സാമ്രാജ്യത്വസ്വഭാവത്തിലേക്കുള്ള മാററമുണ്ടായിട്ടുണ്ട് എന്നു് തീർച്ചയായും നിങ്ങൾ തെളിയിക്കേണ്ടതുണ്ട്. മൂല്യനിർണയത്തിൻെറ മാനദണ്ഡങ്ങളിൽ *അപ്രധാനമായ* ഒന്നായി ലാഭത്തെ കണക്കിലെടുക്കുന്നു എന്നു കാണിച്ചതുകൊണ്ടായില്ല. അതു പതിനഞ്ചു മാനദണ്ഡങ്ങളിൽ ഒന്നാണ്, മാത്രമല്ല അപ്രധാനമായ ഒന്നുകൂടിയാണ്. ലാഭമാണ് നേതൃത്വസ്ഥാനത്തു് എന്നതിനുള്ള ഒരു തെളിവാകുന്നില്ല അതു്.

നാലാമതായി, സോവ്യററ്യൂണിയൻ ഒരു സാമ്രാജ്യത്വരാജ്യമാണ് എന്നും, കുത്തകമുതലാളിത്വത്തിൻെറ കാലഘട്ടത്തിലെ സാമ്രാജ്യത്വം എന്നുവച്ചാൽ മൂലധനത്തിൻെറ കയററുമതിക്കും മററുരാജ്യങ്ങളിലെ നിക്ഷേപങ്ങളിൽനിന്നും നിരന്തരം വർദ്ധിച്ചുവരുന്ന ലാഭം ഊററിയെടുക്കുന്നതിനുമുള്ള ശ്രമമെന്നാണ് അത്ഥമെന്നും തെളിയിക്കേണ്ടതുണ്ട്. മൂലധനക്കയററുമതിയുടെ വീക്ഷണങ്ങളാണ് ആധിപത്യത്തിൽ വത്തിക്കുന്നതു് എന്നു് തെളിയിക്കേണ്ടതുണ്ട്. ഒരു സാധാരണകാര്യം എന്നതുപോലെ, മൂലധനം കയററുമതിചെയ്തു് അതിൽനിന്നു് ലാഭം സംഭരിക്കുക എന്ന വീക്ഷണമാണ് സോവ്യററുയൂണിയനെ ഭരിക്കു

ന്നതെന്നും നിങ്ങൾ തെളിയിക്കണം. സോവ്യററുയൂണിയനെ സംബന്ധിച്ച് R C P നേരത്തെ പ്രസിദ്ധീകരിച്ച ലഘുലേഖ യിൽ പറയുന്നതുപോലെ ഏതെങ്കിലും ഒരു ഒററപ്പെട്ട സംഭവമെ ടുത്ത് വാദിച്ചതുകൊണ്ടായില്ല. അവരുടെ ശരാശരി ഫലത്തെ ക്കറിച്ചാണ് നമുക്ക് സംസാരിക്കേണ്ടത്. ആ ലഘുപുസ്തക ത്തിലെ ഒരു ലേഖനത്തിൽ പറയുന്നതുപോലെ സോവ്യററ്യൂ ണിയൻ വ്യാപാരത്തിൽ ഏർപ്പെടുന്നു എന്നും വ്യാപാരത്തിൽ നിന്നും ലാഭമുണ്ടാക്കുന്നുഎന്നും പറഞ്ഞതുകൊണ്ടായില്ല. കാരണം 1930 കളിൽതന്നെ സോവ്യററുയൂണിയൻ വ്യാപാരത്തിലേർ പ്പെട്ടിരുന്നു. സാംസ്കാരികവിപ്ലവത്തിൻെറ കാലഘട്ടത്തിൽ പോലും ചൈന വ്യാപാരത്തിൽ ഏർപ്പെട്ടിരുന്നു. ഒരു യഥാ ർത്ഥ സോഷ്യലിസ്റ്റുരാജ്യമോ, കമ്മ്യൂണിസ്റ്റുരാജ്യമോ, ആകണ മെങ്കിൽ അത് സ്വയംപര്യാപ്തമായിരിക്കണം എന്ന വളരെ വി ചിത്രമായ ഒരു വാദഗതി ആ ലഘുലേഖയിൽ അവതരിപ്പി ക്കുന്നുണ്ട്. ലോകത്തിൽ എവിടെനിന്നാണ് ഈ ആശയം രൂ പപ്പെട്ടത്? മാർക്സ് തൻെറ ജീവിതകാലത്ത് *സ്വതന്ത്ര* വ്യാപാരത്തിനുവേണ്ടി അതിശക്തമായി വാദിച്ചിട്ടുണ്ട്. അദ്ദേ ഹം *താരിപ്പു*കാംക്കുപോലും എതിരായിരുന്നു. സ്വയംപര്യാ പ്തതയുടെ കാര്യം പോകട്ടെ. വിവിധരാജ്യങ്ങളിലെ തൊഴി ലാളിവർഗം പരസ്പരം വ്യാപാരത്തിലേർപ്പെട്ടില്ലെങ്കിൽ അത് എന്തുമാതിരി ലോകമായിരിക്കും? തൊഴിലാളിവർഗങ്ങൾ പര സ്പരം നടത്തുന്ന കൈമാററങ്ങളേക്കാരം വിപ്ലവപരമായിരിക്കും. സ്വയം പര്യാപ്തത എന്ന ധാരണ വിലക്ഷണമായ ഒരു മാർ ക്സിസ്റ്റേതരവീക്ഷണമാണ്.

സോവ്യററ് വിദേശസഹായം ഭാഗികമായി തിരിച്ചുനൽ കാൻ ആവശ്യപ്പെടുന്നു എന്നു പറഞ്ഞതുകൊണ്ടായില്ല. അത് സാമ്രാജ്യത്വമാണെന്നവകാശപ്പെടാൻ അവിടെ *ചൂഷണമു* ണ്ടെന്ന്, ക്രമബദ്ധമായ ചൂഷണമുണ്ടെന്ന് ഉറപ്പുവരുത്തേണ്ട തുണ്ട്. നമുക്കേതെങ്കിലും സംവൃതവാദം (circular arguement) ഉപയോഗിക്കാനാവില്ല. RCP യുടെ നിലപാടുകളിൽ വളരെ യധികം ഇത്തരം സംവൃതവാദങ്ങളാണെന്നു ഞാൻ കരുതുന്നു. ക്യൂബ ഒരു സോഷ്യലിസ്റ്റ് രാജ്യമല്ലെന്ന് RCP അവകാശപ്പെ ടുന്നു. കാരണം അത് സാമ്രാജ്യത്വമായ റഷ്യയുമായി സന്ധി യിലേർപ്പെടുന്നു. സോവ്യററ്യൂണിയൻ സാമ്രാജ്യത്വമാണ് കാരണം അത് സോഷ്യലിസ്റ്റല്ലാത്ത ക്യൂബയുമായി വ്യാപാര ത്തിലേർപ്പെടുകയും അതിനെ സഹായിക്കുകയും ചെയ്യുന്നു. ഞാ നുദ്ദേശിക്കുന്നത് ഇത്തരം സംവൃതവാദങ്ങൾ നമുക്ക് വേണ്ടുവോ ളമുണ്ടെന്നാണ്. സാമ്രാജ്യത്വവും സോഷ്യലിസവും എന്താ ണെന്നതിന് നമുക്ക് സ്വതന്ത്രമായ മാനദണ്ഡങ്ങൾ വേണം. അല്ലാതെ ഇപ്രകാരം വൃത്താകൃതിയിൽ ചിന്തിക്കാൻ നമുക്കു കഴിയില്ല.

സോവിയററ്യൂണിയൻ മറെറാരു രാജ്യത്തിലിടപെടുന്ന

എന്നു കാണിച്ചതുകൊണ്ടും കാര്യമായില്ല. ഇടപെടൽ സാമ്രാജ്യത്വത്തിൻെറ ഒരു മാനദണ്ഡമേ ആയിരുന്നില്ല. ഒരു രാജ്യത്തെ സാമ്പത്തികമായി ചൂഷണം ചെയ്യാൻ മൂലധനം കയററുമതി ചെയ്യുക എന്നതാണ് സാമ്രാജ്യത്വത്തിൻെറ മാനദണ്ഡം അല്ലാതെ ഇടപെടലല്ല. മാർക്സിസ്റ്റുകാർ ഇടപെടലിനെ പിൻതുണക്കരുത് എന്ന അവകാശവാദം മാർക്സോ, ലെനിനൊ ഒരിടത്തും ഉന്നയിച്ചിട്ടില്ല. മാർക്സ് അമേരിക്കൻ ഐക്യനാടുകളിലെ ആഭ്യന്തരസമരത്തെ പിൻതുണച്ചു. അതായത് വടക്കൻ സംസ്ഥാനങ്ങൾ തെക്കൻസംസ്ഥാനങ്ങളിൽ ഇടപെടുന്നതിനെ പിൻതുണച്ചു. 1920-ൽ പോളണ്ടിലും, ആർമീനിയായിലും, ജോർജ്ജിയായിലും, 1920കളുടെ ആദ്യത്തിൽ മദ്ധ്യേഷ്യയിൽ പ്രതിവിപ്ലവം അടിച്ചമർത്തുന്നതിലും ലെനിൻ സജീവമായി ഇടപെട്ടു. ബോൾഷെവിക്കുകൾ നിരവധിതവണ ഇടപെടൽ നടത്തി. 1940-ൽ ലാത്‌വിയ, എസ്‌റേറാണിയ, ഫിൻലൻറ്, ലിത്വാനിയ എന്നിവിടങ്ങളിലേക്ക് ചുവപ്പുസൈന്യത്തെ അയയ്ക്കുന്നതിൽ സ്റ്റാലിൻ ഇടപെട്ടു. ഇടപെടലുകളെ വിലയിരുത്തേണ്ടതു് ലെനിൻെറ അടിസ്ഥാനത്തിലാണ്, അവരുടെ നയത്തിൻെറ അടിസ്ഥാനത്തിലാണ്. അല്ലാതെ ഇടപെടലുകൾ നല്ലതാണെന്നോ ചീത്തയാണെന്നോ ഉള്ള അമൂർത്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലല്ല. മററു പ്രശ്നങ്ങളിലെല്ലാം ലെനിനാണ് കാര്യങ്ങളെ നിർണ്ണയിക്കുന്നതെന്ന് R C P നന്നായി പറയുന്നുണ്ട്. എന്നാൽ ഇടപെടലുകളുടെ കാര്യത്തിലേക്ക് വരുമ്പോൾ, ഇടപെടലുകൾ സാമ്രാജ്യത്വത്തിൻെറ തെളിവുകളാണെന്ന് അവർ അവകാശപ്പെടുന്നു. ഈ വാദം മാർക്സിസ്റ്റേതരമാണ്.

മുതലാളിത്തബന്ധങ്ങളെ വികസിപ്പിക്കുന്നതുകൊണ്ട് വ്യാപാരമോ സഹായമോ സാമ്രാജ്യത്വപരമാകുന്നു എന്ന ഒരു പ്രശ്നം ഉദിക്കുന്നതേയില്ല. ഇതും ഒരു മാർക്സിസ്റ്റേതരവാദമാണ്. കമ്മ്യൂണിസ്റ്റ് ഇൻറർനാഷണലും, ലെനിസിസ്റ്റ് പാരമ്പര്യവും എപ്പോഴും പറഞ്ഞിട്ടുള്ളതു് ദേശീയബൂർഷ്വാസിയുടെ വികാസം പുരോഗമനപരമാണെന്നാണ്. മാവോയിസ്റ്റ് പാരമ്പര്യം പ്രത്യേകിച്ചും വാദിച്ചിട്ടുള്ളതു്, രണ്ടുഘട്ടങ്ങളും നാലുവർഗങ്ങളുമടങ്ങുന്ന വിപ്ലവത്തിൻെറ സിദ്ധാന്തത്തിൽ, കമ്മ്യൂണിസ്റ്റുകാർ ദേശീയബൂർഷ്വാസിയായിപോലും സഖ്യം ചെയ്യണമെന്നാണ്. അപ്പോൾ സോവ്യററു വ്യാപാരമോ സഹായമോ ഒരു രാജ്യത്തു് മുതലാളിത്തം വളർത്തുന്നുവെങ്കിൽ, അതു് ഒരു സാമ്രാജ്യത്വമാണെന്നതിൻെറ തെളിവാണെന്ന് ആരോപിക്കുന്ന വാദം വളരെ നിസ്സാരമായ ഒന്നാകുന്നു. കാരണം കഴിഞ്ഞദിവസം പ. രൻറി ഇവിടെ വാദിച്ചതുപോലെ നിങ്ങൾക്കു കിട്ടുന്നതു് ആണ് / അല്ല എന്ന വാദമാണ്. അതു് ഒരു രാജ്യത്തിൻെറ വികാസത്തെ സഹായിക്കുന്നുവെങ്കിൽ, അതു് മുതലാളിത്വത്തിന് സൗകര്യം ചെയ്തുകൊടുക്കുന്നതിനാൽ സാമ്രാ

ജ്യത്വമാണ്. വ്യാപാരത്തിന്റെ വ്യവസ്ഥകൾ ചീത്തയാണെങ്കിൽ, അതു് വികസനത്തെ തടസ്സപ്പെടുത്തുന്നുവെങ്കിൽ, അതും ഒരു സാമ്രാജ്യത്വരാജ്യമാണ്. കാരണം അതു ചൂഷണം ചെയ്യുന്നു. ശരി, അതൊന്നു തിരിച്ചു പറയാം. അതു് മുതലാളിത്ത വികാസത്തെ പിടിച്ചുനിർത്തുന്നുവെങ്കിൽ അതു് സാമ്രാജ്യത്വമാകുന്നില്ല, കാരണം അതു് മുതലാളിത്തത്തെ അടപ്പിട്ടു മൂടുന്നു. വ്യാപാരത്തിൽ അതു് നല്ല വ്യവസ്ഥകൾ സ്വീകരിക്കുന്നുവെങ്കിൽ അതു് സാമ്രാജ്യത്വമല്ല. കാരണം അതു് രാജ്യത്തിന്റെ വികാസത്തെ സഹായിക്കുന്നു. അപ്പോൾ ആണ്/അല്ല വാദഗതികൾ നന്നല്ല, ഈ രാജ്യം സാമ്രാജ്യത്വരാജ്യമാണെങ്കിൽ അതാണ് സംഭവിക്കുക; ഈ രാജ്യം സോഷ്യലിസ്റ്റ്‌രാജ്യമാണെങ്കിൽ അതാണ് സംഭവിക്കുക എന്ന് കൃത്യമായി നിങ്ങൾ പറയണം. തെളിവുകൾ എങ്ങനെയിരുന്നാലും നിങ്ങൾക്കതു് തെളിയിക്കാൻ പററും എന്ന മട്ടിൽ ചർച്ചയിൽ ചില പദപ്രയോഗങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നതു് ശരിയല്ല. കാരണം ഇരുവിഭാഗത്തിനും അതുകഴിയും. അതു് യുക്തിപൂർവ്വമായിരിക്കുകയുമില്ല.

സാമ്രാജ്യത്വത്തെ സംബന്ധിച്ചുള്ള മാവോയിസ്റ്റ് വിമർശനത്തിൽ അതിശയകരമായ ഒരു തെന്നിമാററൽ ഉണ്ടെന്നതാണ് മറെറാരു അപര്യാപ്തത. സോവിയററ് യൂണിയനെതിരായി ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടി ആദ്യമായി വിവാദമുന്നയിക്കുമ്പോൾ അവരുടെ കേന്ദ്രക്കമ്മറ്റിയുടെ രേഖകളിൽ സോവിയററ്‌യൂണിയൻ സോഷ്യൽ സാമ്രാജ്യത്വമാണെന്ന് തെളിയിക്കാൻ അവർ മുന്നോട്ടുവയ്ക്കുന്ന മുഖ്യതെളിവെന്താണ്? അൾജീരിയൻവിപ്ലവത്തിന് സോവിയററ് യൂണിയൻ നൽകുന്ന പിന്തുണ വേണ്ടത്രയാകുന്നില്ല, ക്യൂബക്കും വിയററ്നാമിനും നൽകുന്ന പിന്തുണ *അപര്യാപ്തമാണ്*. ഇതൊക്കെയായിരുന്നു അവരുടെ മുഖ്യതെളിവുകൾ. അതായതു് ലോകവിപ്ലവത്തിന് സോവിയററ് യൂണിയൻ സജീവമായ പിന്തുണ നൽകുന്നില്ല എന്നതായിരുന്നു മുഖ്യവിമർശനം. ഇപ്പോളാകട്ടെ ആ നിലപാടിൽനിന്ന് അവർ പൂർണ്ണമായി വ്യതിചലിക്കുന്നു. 70കളിൽ സോവിയററ് യൂണിയൻ വിയററ്നാം വിപ്ളവത്തേയും ലോകമെമ്പാടുമുള്ള വിപ്ളവപ്രസ്ഥാനങ്ങളേയും സഹായിക്കാനായി കൂടുതൽ കൂടുതൽ മുന്നോട്ടു വരികയുണ്ടായി. അതേസമയം ഇപ്പോൾ സോവിയററ് സോഷ്യൽ സാമ്രാജ്യത്വത്തിന്റെ തെളിവെന്താണ്? ലോകമെമ്പാടും ഇടപെടലുകൾ നടത്തുകയും വിപ്ളവങ്ങൾക്ക തുടക്കമിടാൻ ശ്രമിക്കുകയും വിപ്ളവങ്ങളെ സഹായിക്കുകയും ചെയ്യുന്ന വല്ല്യേട്ടൻമനോഭാവമാണതിനു തെളിവ്. അതായതു് ഇപ്പോഴത്തെ പ്രശ്നം അവർ വിപ്ളവങ്ങളെ പിന്തുണയ്ക്കുന്നു എന്നതാണ്. പക്ഷെ രണ്ടുതരത്തിൽ ചെയ്യുവാൻ നിങ്ങൾക്ക കഴിയില്ല. നിങ്ങൾ നിങ്ങളുടെ മനോഭാവം ശരിയാക്കണം. വിപ്ളവത്തെ പിന്തുണക്കാത്തതു

കൊണ്ടാണോ സാമ്രാജ്യത്വമാകുന്നത്? അതോ വിപ്ളവത്തെ പിന്തുണയ്ക്കുന്നതുകൊണ്ടാണോ സാമ്രാജ്യത്വമാകുന്നത്? അതു വ്യക്തമാക്കിയാൽ നമുക്ക് വാദിക്കാം. കാര്യങ്ങൾ എപ്പോഴും പരസ്പരവിരുദ്ധമായി മാററിക്കൊണ്ടിരിക്കാൻ കഴിയില്ല. കാരണം അപ്പോൾ ഞാനും അതു ചെയ്യേണ്ടിവരും, നേരെ തിരിച്ചായിരിക്കുമെന്നുമാത്രം. വിപ്ളവങ്ങളെ പിന്താങ്ങുന്നില്ലെങ്കിൽ അത് വിപ്ളവപരമാണെന്ന് എനിക്കു തെളിയിക്കാൻ കഴിയും. കാരണം അപ്പോൾ ഇടപെടലുകൾ നടക്കുന്നില്ലല്ലോ. വിപ്ളവത്തെ പിന്താങ്ങുന്നതും വിപ്ളവപരമാകും. കാരണം അത് വിപ്ളവത്തെ പിന്താങ്ങുകയാണല്ലോ. നിങ്ങൾ കൂടുതൽ ഉറച്ച നിലപാട് സ്വീകരിക്കേണ്ടിയിരിക്കുന്നു. ചർച്ചയിലെ വാദങ്ങൾ മാററിക്കൊണ്ടിരിക്കുന്നതു ശരിയല്ല.

നിങ്ങൾക്ക് ഒരു മാവോയിസ്റ്റ് നിലപാടാണുള്ളതെങ്കിൽ ഒരു കാര്യം ഓർക്കുന്നതു നന്നായിരിക്കും. അതായത് 50 കളുടെ മദ്ധ്യത്തിനുമുമ്പ് സോവിയററുയൂണിയൻ ഒരു സാർവ്വദേശീയ വാദിയായിരുന്നു. തൊഴിലാളിവർഗസാർവ്വദേശീയവാദിയായിരുന്നു. ഇതായിരുന്നു മാവോയിസ്റ്റ് നിലപാടിൻെറ അർത്ഥം. അപ്പോൾ ഇന്ന് അതു് മാറിയിട്ടുണ്ടെന്നതിന് തെളിവുകൾ ഹാജരാക്കാൻ നിങ്ങൾ ബാദ്ധ്യസ്ഥരാണ്. പക്ഷേ അന്ന് അത് അങ്ങനെയായിരുന്നില്ലെന്ന് തെളിയിക്കാനുള്ള തെളിവുകളെല്ലാം ശക്തമായിരുന്നു. പ്രത്യേകിച്ചും കിഴക്കൻ യൂറോപ്പുമായുള്ള ബന്ധത്തിൻെറ കാര്യത്തിൽ നിങ്ങൾക്കെന്നെ വിശ്വസിക്കാം. 1953 നുമുമ്പ് സോവ്യററ്യൂണിയൻ പോളണ്ടിൽനിന്ന് കല്ക്കരിവാങ്ങിയിരുന്നത് ലോകനിലവാരത്തിൻെറ 10 ശതമാനംമാത്രം വിലക്കായിരുന്നു. 1953 മുതൽ അതു് ലോകനിലവാരത്തിലുള്ള വില നൽകിപ്പോന്നു. 1956_ൽ തങ്ങൾ മുമ്പ വിലകുറച്ചുവാങ്ങിയിട്ടുള്ള കൽക്കരിക്കുള്ള നഷ്ടപരിഹാരം അതു് പോളണ്ടിനു നൽകുകയുംചെയ്തു. കിഴക്കൻയൂറോപ്പിൽ നാസി ബിസിനസ്സ് കേന്ദ്രങ്ങളായിരുന്ന ആയിരത്തോളമോ മറേറാ സംയുക്തസ്ഥാപനങ്ങൾ സോവിയററ്യൂണിയൻ ഏറെറടുത്തിരുന്നു. ഏതാണ്ട് പകുതി-പകുതി എന്ന അടിസ്ഥാനത്തിലാണ് അതു് നടത്തിപ്പോന്നിരുന്നത്. പക്ഷേ 1956 നു മുമ്പ് അതിൽനിന്ന് ധാരാളം വരുമാനം സോവിയററ് യൂണിയനിലേക്കു കൊണ്ടുപോന്നിരുന്നു. '53—നും '56—നും ഇടയിൽ ബൾഗേറിയായിലെ ഒരെണ്ണമൊഴിച്ച് മറെറല്ലാസ്ഥാപനങ്ങളും യാതൊരു നഷ്ടപരിഹാരവും വാങ്ങാതെ കിഴക്കൻ യൂറോപ്പിനു വിട്ടുകൊടുത്തു. അങ്ങനെ കിഴക്കൻ യൂറോപ്പുമായുള്ള സോവ്യററു യൂണിയൻെറ ബന്ധം കിഴക്കൻ യൂറോപ്പിന് അഭികാമ്യമായ വിധത്തിൽ ഗുണപരമായി മാറി. അതു് സോവ്യററ് യൂണിയനു് കീഴ്പെടുന്ന അവസ്ഥയിൽനിന്നും തികച്ചും വ്യത്യസ്തമായിരുന്നു. '56 —മുമ്പ് ഏതെങ്കിലും അർത്ഥത്തിൽ സോവിയററു യൂണിയൻ സാമ്രാജ്യത്വവാദിയായിരുന്നു എന്നല്ലാ ഞാൻ

വാദിക്കുന്നതു്. എന്നാൽ ആ കാലത്തിനുശേഷമുണ്ടായ സാമ്പത്തികമാററം ഒരുതരത്തിലും ഏതെങ്കിലും സോഷ്യൽ സാമ്രാജ്യത്വദിശയിലായിരുന്നില്ല എന്നു് ചൂണ്ടിക്കാട്ടാനാണു് ഞാനുദ്ദേശിച്ചതു്.

പൊതുവിൽ പറഞ്ഞാൽ അത്യാവശ്യമായ നാലുകാര്യങ്ങളിൽ ഏതെങ്കിലുമൊന്നുപോലും തെളിയിക്കാൻ മാവോയിസ്റ്റുകാരാക്ക കഴിഞ്ഞിട്ടില്ല. മാത്രമല്ല ക്ലാസിക്കൽ മാവോയിസത്തിൻെറ നിലപാടുകരം ഒരളവുവരെ പിൻവാങ്ങിയിട്ടുണ്ടെന്നും ഞാൻ വിശ്വസിക്കുന്നു. മാവോയിസ്റ്റു് സിദ്ധാന്തങ്ങരം പൊതുവിൽ മാർക്സിസ്റ്റേതര നിർവചനങ്ങളേയും സിദ്ധാന്തങ്ങളേയും അടിസ്ഥാനപ്പെടുത്തിയുള്ളതാണെന്നും ഞാൻ വിശ്വസിക്കുന്നു. മാവോയിസം *കൂടുതൽ* അടുത്തിരിക്കുന്നതു് സോഷ്യലിസത്തിൻെറ അരാജകവാദപരവും, സിൻഡിക്കലിസ്റ്റും നവീനഇടതുപക്ഷപരവുമായ നിർവചനങ്ങളോടാണു്. വിപ്ലവപരമായ സ്വയംപര്യാപ്തതയെക്കുറിച്ചുള്ള ഈ ആശയം എന്നെ ഓർമ്മിപ്പിക്കുന്നതു്; 'ചെറുതാണു് മനോഹരം' എന്നു വാദിക്കുന്ന പ്രസ്ഥാനത്തെയാണു്. അധികാരകേന്ദ്രങ്ങളോടുള്ള നവീന ഇടതുപക്ഷക്കാരുടെ എതിർപ്പു്, തൊഴിൽവിഭജനത്തിന്നെതിരായ നിലപാടു്, പൈതൃകനിഷേധം, ഇതെല്ലാംതന്നെ അത്തരം നിർവചനങ്ങളുടെ പിൻതുടർച്ചയാണു്. അതിനു് മാർക്സിസവുമായി ഒരു ബന്ധവുമില്ല. മാത്രവുമല്ല പലപ്പോഴും സോഷ്യലിസം കമ്മ്യൂണിസമായി തെററിദ്ധരിക്കുകയും ചെയ്യുന്നു. കമ്മ്യൂണിസം എന്നു പറയുമ്പോരം തൊഴിൽവിഭജനമില്ല, പണമില്ല, ഭൗതികപ്രചോദനങ്ങളില്ല, ഭരണകൂടമില്ല, അവിടെ ഉന്നതമായ ഒരു ബോധനിലവാരത്തിൽ നിന്നുകൊണ്ടു്, ഉന്നതമായ പ്രതിബദ്ധതയുടെ തലത്തിൽനിന്നുകൊണ്ടു് തൊഴിലാളികരം കാര്യങ്ങരം സ്വമേധയാ നിർവഹിക്കുന്നു. നമ്മരം കമ്മ്യൂണിസത്തെക്കുറിച്ചല്ല സംസാരിക്കുന്നതു്. സോവ്യററ് യൂണിയൻ കമ്മ്യൂണിസ്ററാണോ അല്ലയോ എന്നല്ല നമ്മരം വാദിക്കുന്നതു്. അതു് കമ്മ്യൂണിസ്ററാണെന്നു് *ആരും അവകാശപ്പെടുന്നില്ല*. അതു് സോഷ്യലിസ്ററ് ആണോ എന്നതിനെക്കുറിച്ചാണു് നാം സംസാരിക്കുന്നതു്. അദ്ധ്വാനത്തിന്നനുസരിച്ചുള്ള വിതരണത്തിലൂടെ സാമൂഹ്യവത്ക്കരിക്കപ്പെട്ട ഒരു സമ്പദ്വ്യവസ്ഥയിൽ തൊഴിലാളിവർഗത്തിൻെറ അധികാരം എന്നാണു് സോഷ്യലിസം എന്നതുകൊണ്ടു് അർത്ഥമാക്കുന്നതു്. അതെ, സോവിയററ് യൂണിയനിൽ അതാണുള്ളതു്.

സോവിയററ് യൂണിയനിൽ എന്തു സംഭവിച്ചെന്നും, എങ്ങനെ മുതലാളിത്തം പുനഃസ്ഥാപിക്കപ്പെട്ടെന്നുമുള്ള മാവോയിസ്റ്റു് സിദ്ധാന്തങ്ങരം യാഥാസ്ഥിതിക സാമൂഹ്യ സൈദ്ധാന്തികരായ മാക്സ്‌വെബർ, വിൽഫ്രെഡോ പരെറേറാ, മൈക്കേൽസ് തുടങ്ങിയവരുടെ വളരെ സാധാരണമായ സിദ്ധാന്തങ്ങളോടു് പ്രത്യക്ഷത്തിൽതന്നെ അനന്യമാണു്. അധികാരം അഴിമതി

സൃഷ്ടിക്കുന്നു എന്നതാണ് ആ ആശയം. അതായത് ആളുകൾ ഏതെങ്കിലും അധികാരപദവിയിൽ എത്തിപ്പെട്ടാൽ അവർക്ക് ഏതാണ്ട് ജീവശാസ്ത്രപരമായ ഒരു അധികാരദാഹമുണ്ടാവുകയും അത് അവരുടെ പദവിയെ ദുഷിപ്പിക്കുകയും ചെയ്യുന്നു. ചർച്ച ചെയ്യപ്പെടാവുന്ന ഒരാശയമാണത്. എന്നാൽ മാർക്സിസ്റ്റുകൾ പൊതുവിൽ വാദിക്കുന്നത് ആളുകൾക്ക് അത്തരം ജന്മവാസന കളില്ലെന്നാണ്. അത് സത്യമാണെന്ന് ഞാനും കരുതുന്നില്ല. അത് തെളിയിക്കാൻ നിങ്ങൾക്ക് സാദ്ധ്യമല്ല. നേതാക്കന്മാർ അധികാരദാഹികളാണെങ്കിലും തങ്ങളുടെ *ഇച്ഛയുടെ* കാര്യമെന്ന നിലയിൽ സോഷ്യലിസ്റ്റ് സമൂഹങ്ങളെ എളുപ്പത്തിൽ മുതലാളിത്തസമൂഹങ്ങളാക്കി മാററാൻ അവർക്കു കഴിയും എന്ന സ്ഥൂലസങ്കല്പത്തെയാണ് ഞാൻ ഉദ്ദേശിച്ചത്. ആരോപിക്കപ്പെടുന്നതുപോലെ അവർ അത് എത്രവട്ടം ചെയ്തിട്ടുണ്ട്? ചൈനയിൽ, വിയത്നാമിൽ, സോവിയററ് യൂണിയനിൽ; കിഴക്കൻ യൂറോപ്പിൽ മുഴുവനും. ഇത്രമാത്രം എളുപ്പത്തിലും സൗമ്യമായും മഹാഭൂരിപക്ഷം ജനങ്ങളുടെ ശ്രദ്ധയിൽപോലും പെടാതെ ഒരു ഉല്പാദന സമ്പ്രദായത്തെ മുഴുവൻ മാററിത്തീർക്കാൻ ഈ നേതാക്കന്മാർക്കുള്ള ശക്തിയെന്താണ്? മറെറാരു ഉല്പാദന സമ്പ്രദായത്തിലും ഇതു സംഭവിച്ചിട്ടില്ല. നാടുവാഴിത്തം മുതലാളിത്തത്തിലേക്ക് വഴുതിവീഴുകയല്ല ഉണ്ടായത്, അടിമ ഉടമ സമ്പ്രദായം നാടുവാഴിത്തത്തിലേക്ക് ജനങ്ങളുടെ ശ്രദ്ധയിൽ പെടാതെ വഴുതി വീണതല്ല. ഇത് ഏറെ സ്വേച്ഛാപരവും ആശയവാദപരവും, മാർക്സിസ്റ്റല്ലാത്തതുമായ ഒരു സിദ്ധാന്തമാണ്. സ്റ്റാലിനെ പോലുള്ള ധീരന്മാരായ വ്യക്തികൾക്ക് അത്തരം ഒഴുക്കിനെ പിടിച്ചുനിർത്താനായെന്നും അദ്ദേഹത്തിൻെറ മരണത്തോടെ തെററായ ലൈനുകൾ പിന്തുടരുന്ന ചീത്തവ്യക്തികൾ അധികാരം പിടിച്ചെടുത്തെന്നുമുള്ള ആശയമാണത്. മാവോ, മഹാനും ധീരനുമായ വ്യക്തിയാണെന്നും, അദ്ദേഹം പ്രതിപ്രവാഹത്തെ തടഞ്ഞുനിർത്തിയെന്നും, അദ്ദേഹത്തിൻെറ പുറകെ വന്നവർ തെററായിരുന്നുവെന്നുമുള്ള വാദഗതിയാണത്.

ഉല്പാദന സമ്പ്രദായങ്ങളെ ഉണ്ടാക്കുകയും ഇല്ലാതാക്കുകയും ചെയ്യുന്ന വ്യക്തികളെക്കുറിച്ച് *മാർക്സിസ്ററുകാർ* സംസാരിക്കാറില്ല. ഉല്പാദനസമ്പ്രദായങ്ങളുടെ *നിയമങ്ങളേയും* വർഗസമരത്തേയും കുറിച്ചാണ് മാർക്സിസ്റ്റുകാർ പറയാറുള്ളത്. അധികാരദാഹവും, നേതാക്കന്മാരുമാണ് എല്ലാം നിശ്ചയിക്കുന്നതു് തുടങ്ങിയവ മാർക്സിസ്റേറതര വാദങ്ങളാണ്. ഉല്പാദന സമ്പ്രദായങ്ങളുടെ യുക്തിയെക്കുറിച്ചാണ് നമുക്കു സംസാരിക്കാനുള്ളത്. അമ്പതുകളുടെ മദ്ധ്യകാലത്തു് സോവിയററ് യൂണിയനിലോ അല്ലെങ്കിൽ ചൈനയിലോ ആരുംതന്നെ തങ്ങളുടെ നാട്ടിൽ ഒരു പ്രതിവിപ്ലവം നടന്നു എന്ന് മനസ്സിലാക്കാതെ പോയതെങ്ങനെയാണ്? സോഷ്യലിസത്തിനു പകരം മുതലാളിത്തം പുന:സ്ഥാപിക്കപ്പെട്ടെന്ന് മനസ്സിലാക്കാഞ്ഞതെന്തുകൊണ്ടാ

ണ്? 40 വർഷക്കാലം സോവിയററ് യൂണിയൻ അടിസ്ഥാന പരമായി സോഷ്യലിസ്ററായിരുന്നുവെന്ന്, അല്ലെങ്കിൽ ഏററവും കുറഞ്ഞതു് തൊഴിലാളിവർഗമായ രുന്നു അധികാരത്തിലെന്ന് നാം സമ്മതിക്കുന്നു. അപ്പോരം ആ രാജ്യത്തെ തൊഴിലാളികറംക്ക് *നാൽപ്പത്* വർഷക്കാലത്തെ സോഷ്യലിസ്ററ് വിദ്യാഭ്യാസം ലഭിച്ചിരുന്നു എന്നു്, മാർക്സിൻേറയും ലെനിൻേറയും പാഠങ്ങരം വൈദഗ്ദ്ധ്യപൂർവ്വം അഭ്യസിച്ചിരുന്നുവെന്നു്, എല്ലാ മണ്ഡലങ്ങളിലും സോഷ്യലിസ്ററ് പരിശീലനം ലഭിച്ചിരുന്നുവെന്നു്, നാം അംഗീകരിക്കുന്നു. എന്നിട്ടും 1955 ലും 56 ലും തെററായ ലൈനിൻെറ വക്താക്കളായ ഒരു ജോടി ആളുകരം അധികാരത്തിലെത്തുകയും മുതലാളിത്തം പുനസ്ഥാപിക്കുകയും ചെയ്യുന്നതു് ആരുടേയും ശ്രദ്ധയിൽപെടുന്നുമില്ല! നിങ്ങരംക്കറിയാമല്ലോ, ഐക്യനാടുകളിൽ, മുതലാളിത്തത്തിൻ കീഴിലാണ് തൊഴിലാളികരം വളർത്തിയെടുക്കപ്പെടുന്നതെങ്കിൽ അവർ ആശയക്കുഴപ്പത്തിൽപ്പെടാം, എന്നാൽ നാല്പതു വർഷങ്ങളായി സോഷ്യലിസത്തിൽ പരിശീലനം ലഭിച്ചതിനുശേഷവും മുതലാളിത്തം പുനഃസ്ഥാപിച്ചതു് ഒരു തൊഴിലാളിയുടേയും ശ്രദ്ധയിൽ പെട്ടില്ലെന്നുവന്നാൽ—തീർച്ചയായും അതു് സംഭാവ്യമല്ല. ഇതു തന്നെയാണ് സോഷ്യലിസത്തെ മറെറല്ലാ ഉൽപ്പാദന സമ്പ്രദായങ്ങളിലുംവച്ച് വിശിഷ്ടമാക്കുന്നതു്. നിങ്ങരം ഒന്നിൽനിന്നും മറെറാന്നിലേക്കു് മാറുമ്പോരം, ജനങ്ങരം ശ്രദ്ധിക്കുക മാത്രമല്ല, അവർ ഇരുവശത്തുംനിന്നു് *പൊരുതുന്നു*. നേതാക്കളുടെ ലൈനുകളാണ് എല്ലാം നിർണയിക്കുന്നതു് എന്ന വീക്ഷണം ഏറെ ആശയവാദപരവും, സ്വേച്ഛാപരവും മാർക്സിസ്റേറതരവുമാണ്.

പൊതുവിൽ മാവോയിസ്റ്റ് സിദ്ധാന്തങ്ങരംക്കും ''മാനേജർമാരുടെ വിപ്ലവ''ത്തെ (Managerial revolutions) കുറിച്ചുള്ള സിദ്ധാന്തങ്ങരംക്കും പൊതുവീക്ഷണങ്ങളുണ്ട്. അതു് യഥാർത്ഥത്തിൽ ''കേന്ദ്രീകരണ സിദ്ധാന്തം'' (convergence theory) വരെയെത്തുന്നു. ബേർലിൻേറയും മീൻസിൻേറയും(Berle and Means) സിദ്ധാന്തമാണതു്. അല്ലെങ്കിൽ ബെല്ലി(Bell)ൻേറയോ, ഗാരംബ്രെയ്ത്തി(Galbraith)ൻേറയാ, സിദ്ധാന്തമാണതു്. അതനുസരിച്ച് മാനേജുമെൻറിൻെറ അധികാരത്തിനാണ് പ്രാമുഖ്യം —അവക്ക് വാർത്താവിതരണത്തിൻേറയും, ഉദ്യോഗസ്ഥമേധാവിത്വത്തിൻേറയും, സംഘടനകളുടേയും നിയന്ത്രണാധികാരങ്ങളുണ്ട്. അധികാരം പിടിച്ചുപററുക അവരെ സംബന്ധിച്ച് എളുപ്പമാണ്.

അവർ അധികാരമോഹികളും സംഘടിപ്പിക്കാനുള്ള കഴിവുള്ളവരുമാണ്. നാസിജർമ്മനിയും, സോവ്യററ്യൂണിയനും, അമേരിക്കയുമെല്ലാം എങ്ങനെയാണ് ഒരേമാതിരിയായിരിക്കുന്നതെന്നതിനെക്കുറിച്ച്—മാനേജർമാരുടെ വിപ്ലവത്തെ സംബന്ധിച്ച് 40കളിലെ ആളുകരം— ബൺഹാം(Burnham)-പുസ്തക

ങ്ങളെഴുതിയിട്ടുണ്ട്. അതെ, ഇതും അതിലേക്കു തന്നെയാണു വരുന്നത്. ലോകത്തിൽ ഒരൊററ സോഷ്യലിസ്റ്റ് രാജ്യംപോലുമില്ലെങ്കിൽ, എല്ലാ സോഷ്യലിസ്റ്റ് വിപ്ലവങ്ങളും പരാജയമടഞ്ഞെങ്കിൽ ഇതു് കേന്ദ്രീകരണ സിദ്ധാന്തത്തിലേക്കെത്തുന്നു. ഓരോ രാജ്യത്തിലും മാനേജർമാർ എല്ലാപ്പോഴും അധികാരം പിടിച്ചുപററുന്നു. ഇതു് പേരിലൊഴികെ മറെറല്ലാ കാര്യത്തിലും കേന്ദ്രീകരണ സിദ്ധാന്തംതന്നെ.

സവിശേഷാധികാരങ്ങളുടെ കാര്യത്തിൽ മുതലാളിത്തരാജ്യങ്ങളിലേതിനോട് *വിദൂരമായിപ്പോലും* താരതമ്യപ്പെട്ടത്താവുന്ന തരത്തിലുള്ള ഒരു ഭരണവർഗം വാസ്തവത്തിൽ നിലനില്ക്കുന്നതായി യാതൊരു തെളിവുമില്ല. എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിടത്തോളം R C P അതംഗീകരിക്കുന്നുണ്ട്. എന്നിട്ട് സോവിയററ്യൂണിയനിലെ മേൽപറയപ്പെട്ടതരം മുതലാളിത്തവർഗത്തിനു് താരതമ്യപ്പെടുത്താവുന്ന വിധത്തിലുള്ള സവിശേഷാധികാരങ്ങളില്ലെന്നു് വാദിക്കുന്നു. അവക്ക് അത്തരം അധികാരങ്ങളില്ലെന്നു് ഉറപ്പിച്ചുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. വാസ്തവത്തിൽ, ഉന്നതനേതാക്കാംക്കു് ഒരു ശരാശരി വിദഗ്ദ്ധ തൊഴിലാളിയുടെ വേതനത്തിൻെറ ഏററവുംകൂടിയതു്, രണ്ടോ, മൂന്നോ, നാലോ ഇരട്ടി വരുമാനമുണ്ടായിരിക്കാം-അതേസമയം അമേരിക്കൻ ഐക്യനാടുകളിലാവട്ടെ അതു് നൂറോ, ഇരുനൂറോ ഇരട്ടിയാണ്. നിങ്ങാം എല്ലാ സാമൂഹ്യപ്രതിഫലവും അതോടൊപ്പം ചേർക്കുന്നു. ശരി, അവക്ക് സ്ഥാപനത്തിൻെറ കാർ ഉപയോഗിക്കാനും 25 ശതമാനം ബോണസ് ലഭിക്കാനും അവകാശമുണ്ടെന്നതു് സത്യമാണ്. പക്ഷെ ശതമാനക്കണക്കിനു നോക്കുമ്പോാം ഒരു തൊഴിലാളിക്കു കിട്ടുന്ന ശമ്പളത്തിനുപുറമെയുള്ള പരിധീയവരുമാനം(Fringe Benefits) സാമൂഹ്യപ്രതിഫലം വളരെ കൂടുതലാണ്. അവർക്കു് മരുന്നുകളും, വിദ്യാഭ്യാസവും, പകൽസമയത്തെ പരിചരണവും, വീടുകളും സൗജന്യമായി കിട്ടുന്നു എന്നു മാത്രമല്ല, അടിസ്ഥാന ഭക്ഷ്യവസ്തുക്കളും, കുട്ടികളുടെ കളിപ്പാട്ടങ്ങാം പോലുള്ള വസ്തുക്കളുമെല്ലാം വമ്പിച്ച ഇളവിനു ലഭ്യമാകുന്ന ഒരു വില സമ്പ്രദായമാണ് സോവ്യററ്യൂണിയനിൽ നിലവിലുള്ളതു്. കാറുകാംക്കും ആഡംബരവസ്തുക്കാംക്കും അങ്ങേയററത്തെ വിലയാണവിടെ. ഒരു സോവ്യററ് സ്ഥാപനത്തിലെ വിദഗ്ദ്ധതൊഴിലാളിയും ഉയന്ന മാനേജരും തമ്മിലുള്ള വരുമാനവ്യത്യാസത്തെക്കുറിച്ച് പഠനം നടത്തിയ ഒരാാം പറഞ്ഞതു് ആ വ്യത്യാസം രണ്ടിനു് ഒന്നു് എന്ന നിലയിലാണെന്നാണ്. എന്നാൽ അതുകൊണ്ട് വാങ്ങാനാവുന്ന സാധനങ്ങളുടെ കാര്യത്തിലാണെങ്കിൽ വെറും 50% മാത്രം കൂടുതൽ സാധനങ്ങളേ ഉയർന്ന വരുമാനക്കാരനു് വാങ്ങാനാവൂ. അപ്പോാം എല്ലാത്തരം അവകാശങ്ങളും പരിധീയ വരുമാനങ്ങളും കണക്കിലെടുക്കുകയാണെങ്കിൽ തൊഴിലാളിവർഗം അവർക്കു കിട്ടുന്ന ശമ്പളത്തിനനുസരിച്ചുണ്ടാവേ

ണ്ടിയിരുന്നതിനേക്കാരം നല്ല നിലയിലാണെന്ന് നിങ്ങരംക്ക മനസ്സിലാകും.

അമേരിക്കൻ ഐക്യനാടുകളിലെ ഉയർന്ന മാനേജർമാരുടെയും ബിസിനസ്സുകാരുടേയും കാര്യമെടുത്താൽ അവരിൽ വെറും 3 ശതമാനം പേർ മാത്രമേ തൊഴിലാളിവർഗ്ഗത്തിൽനിന്നോ, പാവപ്പെട്ട കാർഷികകുടുംബങ്ങളിൽനിന്നോ വന്നവരായിട്ടുള്ള. സോവിയററ്യൂണിയനിലാകട്ടെ അതു് സ്ഥിരമായി 80 ശതമാനമാണ്. അതു് ഗുണപരമായ ഒരു വ്യത്യാസമാണ്- ഉയന്ന മാനേജർമാരിലും ഉയർന്ന കേന്ദ്രകമ്മിററി അംഗങ്ങളിലുംവച്ച് 80 ശതമാനം സാധാരണ വർഗത്തിൽനിന്നുവന്നവരാണ്. അതിനെ അമേരിക്കൻ ഐക്യനാടുകളിലെ മൂന്നു ശതമാനവുമായി ഒന്നു താരതമ്യപ്പെടുത്തിനോക്കു-അതു് ഗുണപരമായി *വ്യത്യസ്തമായ* ഒരു ഉല്പാദന സമ്പ്രദായത്തെ പ്രതിഫലിപ്പിക്കുന്ന ഒരു ഗുണപരമായ വ്യത്യാസമാണ്. വളരെ ചെറുതാണെങ്കിൽപോലും ഒരു ഭരണവർഗം സോവിയററ്യൂണിയനിലുണ്ടായിരുന്നെങ്കിൽ, അവക്ക് അധികാരമുണ്ടായിരുന്നെങ്കിൽ അവർ അങ്ങനെ *പ്രവർത്തിക്കുമായിരുന്നു*. അവർ അതു് കൈമാറുമായിരുന്നു. അവക്ക് അധികാരമുണ്ടെന്നും, പക്ഷേ അവർ അതുപയോഗിക്കുന്നില്ലെന്നും കരുതുന്നതു് ആശയവാദപരമാണ്. അവർ രഹസ്യമായി മാത്രം മുതലാളിത്തപരമാണെന്നും അതുപയോഗിക്കുവാൻ അവക്കു ഭയമുണ്ടെന്നും അല്ലെങ്കിൽ അവരതുപയോഗിക്കുന്നില്ലെന്നും കരുതുന്നതു് അങ്ങനെതന്നെ. അവർ ഒരു ഭരണവർഗമാണെങ്കിൽ അതു് *ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു*. ഒരു ഭരണവർഗം എങ്ങനെയായിരിക്കണമെന്നതിൻെറ ചരിത്രപരമായ മാനദണ്ഡമാണതു്. അവർ ഒരു ഭരണവർഗമാണെങ്കിൽ അവർ അതുപോലെ പ്രവർത്തിക്കണം.

രാഷ്ട്രീയവും സാമൂഹ്യവുമായ സമത്വവാദപ്രവണതകരം സോവിയററ്യൂണിയനിൽ വളരെ ശക്തമാണ്. അതിനെതിരായ പ്രവണതകരം അമ്പതുകളുടെ മദ്ധ്യത്തിൽ സോവിയററ്യൂണിയനിൽ പിൻതിരിപ്പിക്കപ്പെട്ടു. മുതലാളിത്തം പുനഃസ്ഥാപിക്കപ്പെട്ടു എന്നു് അവകാശപ്പെടുന്നതു്, സമത്വത്തിൻെറ കാര്യത്തിൽ സമൂലമായ വർദ്ധനവു് സംഭവിച്ച അതേസമയത്താണ്. സോവിയററ്യൂണിയനിലെ ഏററവും ഉയർന്ന 10 ശതമാനവും, ഏററവും താഴ്ന്ന പത്തുശതമാനവും തമ്മിൽ വരുമാന വിതരണത്തിലുള്ള വ്യത്യാസം പകുതിയായി കുറഞ്ഞ സമയമാണതു്. ഉയർന്ന 10 ശതമാനത്തിൽപെട്ട ആളുകളെക്കുറിച്ച് സംസാരിക്കുമ്പോരം ആരാണവർ എന്നറിയുന്നതു് കൗതുകകരമായിരിക്കും. ഇന്നു് സോവിയററു യൂണിയനിലെ ഉയർന്ന 10 ശതമാനം ആളുകളിൽ ഭൂരിപക്ഷവും വിദഗ്ദ്ധ തൊഴിലാളികളാണ്. അമേരിക്കൻ ഐക്യനാടുകളിലെ ഉന്നതരായ 10 ശതമാനംപേരിൽ അധികമൊന്നും വിദഗ്ദ്ധതൊഴിലാളികളെ കണ്ടെത്താൻ നിങ്ങരംക്കു കഴിയില്ല. എന്നാൽ R. C. P പറയുന്നതു് ശരിതന്നെ

യാണ്. അമേരിക്കയിലേയോ, സ്വീഡനിലേയോ ഉന്നതരായ 10 ശതമാനം പേരല്ല ഇവിടെ സുപ്രധാനകാര്യം. ഉന്നതതലത്തിലെ 10 ശതമാനത്തെമാത്രം നോക്കുകയാണെങ്കിൽ സ്വീഡനും സോവിയററ് യൂണിയനെപ്പോലെയാണെന്ന് തോന്നിയേക്കാം. തൊഴിലാളിവർഗവുമായി ബന്ധപ്പെടുത്തുമ്പോൾ അത്യുന്നതമായ സാമ്പത്തികനിലകൾ എങ്ങനെയിരിക്കുന്നു എന്നതാണ് സുപ്രധാനമായ കാര്യം. രണ്ടു വർഷംമുമ്പുവരെ വളരെയേറെ ഉയർന്ന മാനേജർമാരുടെ ശമ്പളങ്ങളും എല്ലാ ഉന്നതവേതനങ്ങളും ഇരുപതുവർഷക്കാലത്തേക്ക് സോവിയററ്യൂണിയനിൽ മരവിപ്പിച്ചിരിക്കുകയായിരുന്നു. അതേസമയം തൊഴിലാളിവർഗത്തിൻെറ വേതനമാകട്ടെ നേരെ ഇരട്ടിയായി. അപ്പോൾ മുതലാളിത്തശക്തികൾ എന്ന് ആരോപിക്കപ്പെടുന്നവരും തൊഴിലാളികളും തമ്മിലുള്ള വിടവിനെക്കുറിച്ചു പറയുകയാണെങ്കിൽ അതു് പുരോഗമനപരമായവിധത്തിൽ ചുരുങ്ങുകയാണ് ചെയ്തതു്. അതേസമയം അവിടെ മുതലാളിത്തപുനസ്ഥാനം നടന്നെന്ന് ആരോപിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ ഏതെങ്കിലും തരം മുതലാളിത്തം അവിടെ പുനഃസ്ഥാപിക്കപ്പെട്ടന്നതിനു് യാതൊരു തെളിവുമില്ല.

ഇപ്പോൾ RCP പിൻവാങ്ങിയിരിക്കുന്നു. 1975 ഓട്ടുകൂടി തയ്യാറാക്കപ്പെട്ട ചുവപ്പുരേഖക Red papers 7) ളിൽ നിന്ന് ഞാനൊരു വാചകം ഉദ്ധരിക്കട്ടെ. അന്ന് RCP പറഞ്ഞു, ''ഇന്നു് സോവിയററ് യൂണിയനിലെ സമ്പദ്വിതരണം കൂടുതൽ അസമമായി വന്നിരിക്കുന്നു. ഭരണവർഗ്ഗം എല്ലാ അർത്ഥത്തിലും സവിശേഷാധികാരങ്ങളുള്ള ഒരു വിശിഷ്ട വിഭാഗമായിരിക്കുന്നു. വരുമാനത്തിൻെറ കാര്യത്തിൽ വികസിച്ചുവന്നുകൊണ്ടിരിക്കുന്ന വിടവിനോടൊപ്പം സാമൂഹ്യസേവനത്തിലുള്ള വെട്ടിക്കുറക്കലും വർദ്ധിച്ചുവരുന്നു'' RCP ഇന്നു് അതിനെക്കുറിച്ച് വാദിക്കുന്നില്ല. അതു് ശരിയല്ലെന്നതിനു് അസംഖ്യം തെളിവുകളുണ്ടു്. അതിനുപകരം ഇന്ന് പറയുന്നതു് സോവിയററ് യൂണിയനിൽ അതിൻെറ രക്ഷയ്ക്കുവേണ്ടി സമാഹരണം നടത്തുന്നു എന്നതാണ്. അതായതു് സോവിയററ് യൂണിയനിൽ ഒരു തരം ''അഭിവൃദ്ധി പ്രാപിച്ച'' മുതലാളിത്തമാണുള്ളതെന്നും അവർ ആഡംബരങ്ങൾക്കുവേണ്ടി വളരെയൊന്നും ചെലവഴിക്കുന്നില്ലെന്നും അതിനെ കൈമാററം ചെയ്യാൻ ആഗ്രഹിക്കുന്നില്ലെന്നും, അതേ സമയം തങ്ങളുടെ താല്പര്യാനുസരണം മിച്ചമൂല്യത്തെ അനിവാര്യമായും ഉപയോഗിക്കുന്നു എന്നുമെല്ലാം വാദിക്കപ്പെടുന്നു. അതായതു് മൃതമായ അദ്ധ്വാനം ജീവത്തായ അദ്ധ്വാനത്തിനുമേൽ ആധിപത്യം പുലർത്തുന്നു എന്നു്. ഹൃദയമില്ലാത്ത സമാഹരണം നടക്കുന്നു എന്ന്- M-C-M' പ്രക്രിയ നിലനിൽക്കുന്നു എന്നു്. കൊള്ളാം; പക്ഷേ അതു് സത്യമല്ല. സോവിയററ് യൂണിയനിലെ ഉല്പാദനം പ്രാഥമികമായും ഉപയോഗ്യതാമൂല്യത്തെ അടിസ്ഥാനപ്പെടുത്തിയാണു് നടക്കുന്നതു്. തൊഴിലാ

ളിവർഗ്ഗത്തിൻെറ ഉപയോഗ്യതാമൂല്യത്തിന് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള ഉല്പാദനത്തിലാണ് ഉല്പാദനപ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നത്. പദ്ധതിയുടെ കാര്യത്തിലാണെങ്കിൽ നേതൃത്വസ്ഥാനത്തു വരുന്ന കേന്ദ്രപദ്ധതി രാഷ്ട്രീയലക്ഷ്യങ്ങളുമായി ഇണക്കിച്ചേർക്കുന്നു. അതു് ലാഭത്തെ പരമാവധിയാക്കുന്നതിനു വേണ്ടിയല്ല. സമാഹരണത്തിനുവേണ്ടിയുള്ള സമാഹരണവും അവിടെയില്ല. ഇതിൻെറ അർത്ഥം നേതൃത്വസ്ഥാനത്തിരിക്കുന്നതു് തൊഴിലാളിവർഗ്ഗരാഷ്ട്രീയമാണെന്നാണ്.

സോഷ്യലിസ്ററ് സമാഹരണം എങ്ങനെയിരിക്കുമെന്നതിനെക്കുറിച്ച് ഒരു ലഘുചിത്രം നൽകാൻ ശ്രമിക്കാം. അതേസമയം മുതലാളിത്തപരമായ സമാഹരണം എങ്ങനെയിരിക്കും? രണ്ടുതരം സമാഹരണം എങ്ങനെയിരിക്കും? രണ്ടുതരം സമാഹരണങ്ങളുടേയും ഒരു മാതൃക നമുക്കു പരിശോധിക്കാം. പാശ്ചാത്യരാജ്യങ്ങളിലെ മുതലാളിത്തത്തേയും, മാർക്സിസ്ററ്–ലെനിനിസ്ററുകൾ, സോഷ്യലിസ്ററ് സമാഹരണം എന്നു കരുതുന്നതിനേയും തമ്മിൽ നമുക്കൊന്നു താരതമ്യപ്പെടുത്തിനോക്കാം. നിങ്ങൾ പണത്തിൽനിന്നു തുടങ്ങുന്നു. അതുപയോഗിച്ച് ഒരു പ്രത്യേക ചരക്കുവാങ്ങുന്നു. അതായതു് അദ്ധ്വാനശക്തി. നിങ്ങൾക്കു് അതിൻെറ ഉല്പന്നം വില്ക്കാം. അതിൽനിന്നു് ലാഭമുണ്ടാക്കാം. M–C–M എന്ന ഈ പ്രക്രിയയാണ് മുതലാളിത്തസമാഹരണത്തിൻെറ അന്തഃസത്തയും ഇവിടത്തെ അടിത്തട്ടിലെ രേഖയും. അതേസമയം സോഷ്യലിസ്ററ് സമാഹരണത്തിൻെറ അടിസ്ഥാനമാനദണ്ഡം അതു് തൊഴിലാളിവർഗത്തെ സേവിക്കാൻവേണ്ടി സംഘടിപ്പിക്കപ്പെട്ട ഒരു പദ്ധതിയാൽ നയിക്കപ്പെടുന്നു എന്നതാണ്.

എന്താണ് ഇവയുടെ പ്രത്യേകതകൾ? സാധാരണഗതിയിൽ മുതലാളിത്തസമാഹരണം തൊഴിലിൻെറ കരുതൽസേനയുടെ ഉപയോഗത്തെ സൂചിപ്പിക്കുന്നു: അതിലൂടെ ചൂഷണം ഉറപ്പുവരുത്തുന്നു; മിച്ചമൂല്യമുണ്ടെന്നു് ഉറപ്പുവരുത്തുന്നു. സോഷ്യലിസത്തിൻകീഴിലാണെങ്കിൽ കരുതൽസേനയില്ല. കഴിഞ്ഞ ദിവസം ആരോ ഒരാൾ സ്വിററ്സർലൻറിൽ കരുതൽ തൊഴിൽസേനയില്ലെന്നു് അവകാശപ്പെട്ടുകണ്ടു......അതേ സമയം ഒരു ഏകീകൃത ലോകമുതലാളിത്തവിപണിയുണ്ടെന്നു് ആളുകൾ അവകാശപ്പെടുന്നു. ഞാനുദ്ദേശിക്കുന്നതു്, അടുത്തകാലം വരെ സ്വിററ്സർലൻറിലെ 26% തൊഴിലാളികളും പോർത്തുഗീസുകാരും, ഇററലിക്കാരും, തുർക്കികളുമായിരുന്നു എന്നാണ്. നിങ്ങളൊരു സ്വിസ്സ് പൗരനാണെങ്കിൽ നിങ്ങളുടെ തൊഴിലില്ലായ്മയുടെ നിരക്കു് ഒരു ശതമാനത്തിൽ താഴെയാണെന്നതു് സത്യമായിരിക്കാം. പക്ഷേ ഒരുകാര്യം നിങ്ങൾ വിശ്വസിക്കണം. സ്വിററ്സർലൻറിലെ കരുതൽ തൊഴിൽസേനയിൽപെട്ടവർക്കു് അവിടെ പൗരാവകാശങ്ങളില്ല. ലോകത്തിൻെറ ആ ഭാഗം ഒരു ഏകീകൃത തൊഴിൽവിപണിയാണ്. 10 വർഷംമുമ്പ് ഫ്രാൻസി

ലെ തൊഴിലില്ലായ്മ നിരക്ക് 2% ആയിരുന്നപ്പോഠം, അവിട ത്തെ തൊഴിലില്ലാത്തവർ, തൊഴിലിൻെറ കരുതൽസേന അംജീരിയയിലായിരുന്നു. മുതലാളിത്തത്തിന് വമ്പിച്ച ഒരു തൊഴിൽ സേനയെ കരുതൽസേനയായി ആവശ്യമുണ്ട്. യൂറോപ്പിൻെറ തെക്കുഭാഗത്തും ആഫ്രിക്കയുടെ വടക്കുമായാണ് പൊതുവിപണി അതു് കണ്ടെത്തിയതു്. അത്തരമൊരു വമ്പിച്ച കരുതൽ സേനയില്ലാതെ അതിനു ലാഭമുണ്ടാക്കുക സാദ്ധ്യമായിരുന്നില്ല. സ്വിററ്സർലൻറിലെ തൊഴിലില്ലായ്മാനിരക്കിനേക്കാഠം നന്നായി നാം ഇതറിയണം. ലോകവിപണിയെ സംബന്ധിച്ച് അതിനേക്കാളേറെ നമുക്കറിയാം.

മുതലാളിത്തസമാഹരണത്തെ സംബന്ധിച്ച രണ്ടാമത്തെ കാര്യം ഉടമകഠംക്കു, മാനേജരന്മാക്കും തൊഴിലാളികളെ ഭീഷണിപ്പെടുത്താനും ഫാക്ടറികഠം അടച്ചിടാനും, ഫാക്ടറികളെ ഒരിടത്തുനിന്നും, മറെറാരിടത്തേക്കു മാററാനും കഴിയും. അതേസമയം സോഷ്യലിസ്ററ് സമാഹരണത്തിൻകീഴിൽ സാധാരണഗതിയിൽ ലാഭംവർധിപ്പിക്കാനായി അത്തരത്തിൽ ചെയ്യാൻ അവക്കു കഴിയില്ല. മൂന്നാമതായി മുതലാളിത്തസമാഹരണത്തെ നയിക്കുന്നതു് ഒരേയൊരു കാര്യമാണ് വർദ്ധിച്ചലാഭംമാത്രം. അതേ സമയം സോഷ്യലിസ്ററ് സമാഹരണത്തെ നയിക്കുന്നതു് ഒരു പദ്ധതിയാണ്; തൊഴിലാളിവർഗത്തെ സേവിക്കുന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ടിട്ടുള്ള ഒരു കേന്ദ്രപദ്ധതി.

നാലാമതായി, മുതലാളിത്തസമാഹരണത്തിൽ ഒരു പങ്ക് ലക്ഷ്യമാകുന്നതു് ആഡംബരവസ്തുക്കളുടെ നിർമ്മിതിയാണ്— അതിനെയാണ് മൂന്നാം ഉല്പാദന മേഖല എന്ന് മാർക്സ് വിളിച്ചതു്. മുതലാളിത്ത ഉപഭോഗവസ്തുക്കളുടെ ഉല്പാദനമാണതു്. അപ്പോഠം ഒന്നാം ഉല്പാദനമേഖലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പാദനോപകരണങ്ങളിൽ നല്ലൊരു പങ്കിനെ നയിക്കുന്നതു് മൂന്നാം ഉല്പാദനമേഖലയുടെ ആവശ്യങ്ങളാണ്, ഉല്പന്നത്തിൽ വലിയൊരു പങ്ക് ആഡംബരവസ്തുക്കളായിരിക്കും. പിന്നെ ഉപയോഗശൂന്യമായവയും. ഒരു വലിയ പങ്കുവരെ മുതലാളിമാർ മൂലധനം സമാഹരിക്കുന്നതു് മൂലധനസമാഹരണത്തിനുവേണ്ടിയാണ്. അപ്പോഠം മുതലാളിത്തസമാഹരണം ഭാഗികമായി ലക്ഷ്യം വയ്ക്കുന്നതു് മുതലാളിമാരുടെ ആഡംബര ഉപഭോഗത്തെയും ഭാഗികമായി നിക്ഷേപത്തിനു വേണ്ടിയുള്ള നിരുപയോഗ സാധനങ്ങളേയുമാണ്. നേരെ മറിച്ച് സോഷ്യലിസ്റ്റ് സമാഹരണം തൊഴിലാളിവർഗ്ഗത്തിന് ഉപയോഗമൂല്യമുള്ള വസ്തുക്കളുടെ ഉല്പാദനവുമായി ഇണക്കിച്ചേർക്കപ്പെടുന്നു.

പാശ്ചാത്യരാജ്യങ്ങളിലെ മുതലാളിത്തസമാഹരണം ആസൂത്രിതമല്ല; നിശ്ചയമായും ആസൂത്രിതമല്ല. അതു് സമാഹരണത്തിനുവേണ്ടിയുള്ള സമാഹരണവും ലാഭത്തിനുവേണ്ടിയുള്ള സമാഹരണവുമാണ്. വിലകളെ നിയന്ത്രിക്കുന്നതാകട്ടെ മൂല്യനിയമവുമാണ്. (Law of value) ചിലപ്പോഠം അല്പസ്വല്പം പരി

ഷ്ക്കാരങ്ങളുണ്ടായേക്കാമെന്നുമാത്രം. നേരെ മറിച്ച് സോഷ്യലിസ്റ്റ് സമാഹരണം അന്തിമമായും രാഷ്ട്രീയമാനദണ്ഡങ്ങളനുസരിച്ച് ആസൂത്രിതമാണ്. ഒരു യഥാർത്ഥ സോഷ്യലിസ്റ്റ് സമൂഹത്തിൽ അത്തരം രാഷ്ട്രീയമാനദണ്ഡങ്ങളുടെ കൂട്ടത്തിൽ തൊഴിൽ വിഭജനത്തെ ക്രമികമായി ഇല്ലായ്മ ചെയ്യുക, സമത്വത്തെ ക്രമികമായി വികസിപ്പിക്കുക, വർദ്ധിച്ച സാമൂഹിക ഉപഭോഗം പ്രാപ്തമാക്കുക, പണത്തിൻെറയല്ലാതെ ആവശ്യത്തിനനുസരിച്ച് കൂടുതൽ കൂടുതൽ സാധനങ്ങൾ വിതരണം ചെയ്യുന്ന രീതിയുണ്ടാക്കുക, തൊഴിലാളികൾക്ക് മികച്ച ജീവിതനിലവാരവും വിദ്യാഭ്യാസവും നൽകുക എന്നിവ ഉള്ളടങ്ങിയിരിക്കുന്നു. അപ്പോൾ വീണ്ടും മൊത്തത്തിൽ വ്യത്യസ്തമായ ഒന്നാണ് നമുക്ക് കിട്ടുന്നത്, സാധാരണഗതിയിൽ മുതലാളിത്തസമാഹരണത്തിലും വ്യാപാരപരിവൃത്തികളും ചില വൈരുദ്ധ്യങ്ങളും അടങ്ങിയിരിക്കും. ഈ വൈരുദ്ധ്യങ്ങൾക്ക് ചില ആന്തരിക യുക്തികളും, കണ്ടെത്തൽ യുക്തികളും, നിക്ഷേപയുക്തികളുമുണ്ടാകും. ഒരു യഥാർത്ഥ സോഷ്യലിസ്റ്റ് സമൂഹത്തിൽ അത്തരം യുക്തികളൊന്നും നിങ്ങൾ പ്രതീക്ഷിക്കില്ല. ഏതുതരം പാശ്ചാത്യ മുതലാളിത്തസമാഹരണത്തിൻെറ മാനദണ്ഡത്തേക്കാളുമേറെ സോവിയററ്യൂണിയൻ ബന്ധപ്പെട്ടിരിക്കുന്നത് സോഷ്യലിസ്ററ് സമാഹരണ മാനദണ്ഡത്തോടാണെന്ന് ഞാൻ കരുതുന്നു. ഇവിടെയും നമുക്ക് മുമ്പിലുള്ളത് മററൊരു അതെ / അല്ല വാദഗതിയാണ്. സോവിയററ് യൂണിയനിൽ തൊഴിലില്ലായ്മ ഉണ്ടായിരുന്നെങ്കിൽ, അവിടെ ആഡംബരവസ്തുക്കൾ ഉല്പാദിപ്പിച്ചെങ്കിൽ അവർ പറയും. ''ഹ ഹ''...പക്ഷേ അതിനുപകരം ഇവിടെയുള്ളത് യഥാർത്ഥത്തിൽ ക്ലാസ്സിക്കൽ സോഷ്യലിസ്റ്റ് സമാഹരണത്തിൻെറ എല്ലാ സവിശേഷതകളുമുള്ള ഒരു പുതിയ തരം മുതലാളിത്തമാണ്. ഇവിടെ എനിക്ക പറയുവാനുള്ളത് ഇതാണ്. ഒരു വസ്തുവിന് കാപ്പിയുടെ രുചിയാണുള്ളതെങ്കിൽ കാപ്പിയുടെ മണമാണുള്ളതെങ്കിൽ അത് കാപ്പിയാവാനാണ് സാദ്ധ്യത അല്ലാതെ ഒരു പുതിയതരം ചായയായിരിക്കാനല്ല.

സോവിയററ് യൂണിയനിലെ ആസൂത്രണവും സാമ്പത്തികസംഘടനകളും ലക്ഷ്യമാക്കുന്നത്, തൊഴിലാളിവർഗത്തിന് ആവശ്യമുള്ള ഉപഭോഗവസ്തുക്കളുടെ ഉല്പാദനവും കൃത്യമായി നിർവ്വചിക്കപ്പെട്ട രാഷ്ട്രീയലക്ഷ്യങ്ങളുടെ മുന്നേററവുമാണെന്ന് ഉറപ്പിച്ച പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അല്ലാതെ ലാഭകരമാകാവുന്ന നിരുപയോഗവസ്തുക്കളുടെയോ മൂന്നാം ഉല്പാദനമേഖലയിലെ വസ്തുക്കളുടെയോ ആഡംബരവസ്തുക്കളുടെയോ ഉൽപ്പാദനമല്ല. ഇതിൻെറ തെളിവെന്ന നിലക്ക് ഞാൻ ശക്തമായ രണ്ടുദാഹരണങ്ങൾ പറയാം. സോവിയററ് യൂണിയനിലെ വേതനത്തിൻെറ ശതമാനം അല്ലെങ്കിൽ തൊഴിലാളിവർഗത്തിൻെറ ഉപഭോഗം; അതായത് ആവശ്യാധിഷ്ഠിതമായ കൂട്ടായ

ഉപഭോഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഭൗതികപ്രചോദനങ്ങളുടേയോ അല്ലെങ്കിൽ തൊഴിലിൻെറയോ ശതമാനം കുറഞ്ഞുകൊണ്ടിരിക്കുകയുമാണ്. '40കളിൽ ഒരു തൊഴിലാളിയുടെ ഉപഭോഗത്തിൻെറ 22% ആയിരുന്നു സാമൂഹ്യഉപഭോഗം. അതായതു് സൗജന്യവിദ്യാഭ്യാസം, സൗജന്യ ആരോഗ്യരക്ഷ, ഇളവനുസരിച്ചുള്ള പകൽ പരിചരണം എന്നിവ. ഇന്നു് അതു് മൊത്തം ഉപഭോഗത്തിൻെറ മൂന്നിലൊരു ഭാഗത്തേക്കാളധികമാണ്. അതായതു് ഒരു ശരാശരി തൊഴിലാളിക്കു് ഏതാണ്ടു് 35 ശതമാനം. നിങ്ങൾ താഴ്ന്ന വരുമാനക്കാരനായ തൊഴിലാളിയാണെങ്കിൽ അതു് 50 ശതമാനത്തിലേറെയാണ്. ഇതു് കെട്ടിടങ്ങളുടെ വാടക അതിൻെറ അററകുററപ്പണികളുടെ മൂന്നിലൊന്നു മാത്രമാക്കി ചുരുക്കുന്നു. കൂടുതൽ കൂടുതൽ ഇളവുകളും അവർക്കു ലഭിക്കുന്നു.

ഇപ്പോൾ മറെറാരു കൗതുകകരമായ വസ്തുതയുണ്ടു്. വിവിധയിനം ഇളവുകൾ വർദ്ധിപ്പിക്കാനുള്ള ശക്തമായ പ്രവണതയാണിതു്; 50കളുടെ മദ്ധ്യം*മുതൽ*, സാമൂഹ്യഉപഭോഗത്തെ ലക്ഷ്യംവച്ചുകൊണ്ടു് ആവശ്യമനുസരിച്ചുള്ള വസ്തുക്കളുടെ വിതരണത്തെ വർദ്ധിപ്പിക്കാനുള്ള പ്രവണതയും ശക്തമായിട്ടുണ്ടു്. ഉദാഹരണത്തിനു് ഇന്നത്തെ സോവിയററു് യൂണിയനിൽ മൊത്തം ബഡ്ജററിൻെറ *9 ശതമാനം* ചെലവഴിക്കപ്പെടുന്നതു് മാംസത്തിൻേറയും ഡയറിഉല്പന്നങ്ങളുടേയും വിലയിലെ ഇളവിനുവേണ്ടിയാണ്, 1965–ൽ അങ്ങനെയൊന്നു് ഉണ്ടായിരുന്നതേയില്ല.

അതായതു് മാംസത്തിൻേറയും ഡയറിഉല്പന്നങ്ങളുടേയും കാര്യത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഇളവിൽ തികച്ചും സമൂലമായ വർദ്ധനവുണ്ടായിട്ടുണ്ട്. മുതലാളിത്തവർഗം എന്നു് ആരോപിക്കപ്പെടുന്നവർക്കും അത്രക്കു് മാംസവും പാലും മാത്രമേ ഉപയോഗിക്കാനാവൂ. അതിൻെറ ഉല്പാദനത്തിലെ വമ്പിച്ച പങ്കും തൊഴിലാളിവർഗത്തിനു് ഇളവായി (subsidy) ലഭിക്കുന്നു. ഇതാകട്ടെ വർദ്ധിച്ചുവരികയുമാണ്. വാസ്തവത്തിൽ സോവ്യററു് യൂണിയനിലെ മാംസത്തിൻേറയും ക്ഷീരോല്പന്നങ്ങളുടേയും ചില്ലറ വിൽപ്പനവിലയിൽ 48 ശതമാനവും ഇത്തരത്തിലുള്ള സബ്സിഡിയാണ്. അവർ ഭക്ഷണവും മാംസവും ഒരു കൂട്ടുകൃഷിക്കളത്തിൽ നിന്നു് റാത്തലിനു് 2. 50 ഡോളർ വില കൊടുത്തുവാങ്ങുന്നു. അതു് സ്റ്റോറുകളിൽ വില്ക്കുന്നതാകട്ടെ 1. 25 ഡോളറിനും. കൃത്യം പകുതി വിലമാത്രം. ലോകത്തിൽ ഒരു മുതലാളിത്ത സംവിധാനവും അത്തരത്തിൽ പ്രവത്തിക്കുന്നില്ല. ഒരു മുതലാളിത്തരാജ്യത്തിൽ സാധനങ്ങൾ കുറഞ്ഞ വിലക്കുവാങ്ങുകയും കൂടിയ വിലക്കു് വില്ക്കുകയുംചെയ്യുന്നു. അതാണ് ലാഭം. സോവ്യററ്യൂണിയനിലാകട്ടെ അവർ മാംസവും ക്ഷീരോൽപ്പന്നങ്ങളും വാങ്ങുന്നതു് വിൽപ്പനവിലയുടെ ഇരട്ടികൊടുത്തിട്ടാണ്. ആ വ്യത്യാസമാകട്ടെ വർദ്ധിക്കുകയുമാണ്, സോവ്യ

ററ് യൂണിയൻെറ മൊത്തം വാർഷിക ബഡ്ജററിൻെറ 9% വരെ എത്തിയിരിക്കുന്നു അത്. അവർ കാർഷികോൽപ്പന്നങ്ങൾക്ക് ഇളവനുവദിക്കുമ്പോൾ കൂടുതൽ ഉൽപ്പാദിപ്പിക്കാൻവേണ്ടി കർഷകർക്ക് ഇളവനുവദിക്കുകയാണ് ചെയ്യുന്നത്. അപ്പോൾ അവർക്ക് അത് കുറഞ്ഞവിലക്ക് കടകളിൽ വില്ക്കാനാവും. അതുകൊണ്ടാണ് അവർ ധാന്യം ഇറക്കുമതിചെയ്യുന്നത്— കഴിഞ്ഞ 20 വർഷത്തിൽ അവർ ധാന്യോൽപ്പാദനം *ഇരട്ടിയാക്കി*. അവർ ധാന്യം ഇറക്കുമതിചെയ്യുന്നത് മൃഗങ്ങളുടെ ഭക്ഷണത്തിനുവേണ്ടിയാണ്. കാരണം നമ്മളാഗ്രഹിച്ചാലുമില്ലെങ്കിലും സോവ്യററ് തൊഴിലാളിവർഗം ഇറച്ചി ഇഷ്ടപ്പെടുന്നവരാണ്. നമ്മളിൽ ചിലർ സസ്യഭുക്കുകളാവാം. ഇവിടെ സോഷ്യലിസം നടപ്പിൽ വന്നാൽ നാം മാംസ ഉപഭോഗം വർദ്ധിപ്പിക്കില്ലായിരിക്കാം സോവിയററ് തൊഴിലാളികളുടെ മാംസ ഉപഭോഗം അമേരിക്കയിലെഉപഭോഗത്തിൻെറ 70% ആണ്. അത് വർദ്ധിക്കുകയുമാണ്. നിങ്ങൾക്ക് വേണമെങ്കിൽ അവിടെ പോയി അവരോട് തർക്കിക്കാം. പക്ഷേ ഒരു ശരാശരി തൊഴിലാളി മാംസം ഇഷ്ടപ്പെടുന്നു. അതാണ് തൊഴിലാളിവർഗരാഷ്ട്രീയമാണ് നേതൃത്വത്തിലെന്നു പറഞ്ഞത്; നമ്മൾ സസ്യഭുക്കുകളായാലുമല്ലെങ്കിലും അതങ്ങനെതന്നെയാണ്.

എന്നാൽ അതേക്കുറിച്ച് ധാരാളം കാര്യങ്ങളുണ്ട്. സാമൂഹ്യ ഉപഭോഗം, വർദ്ധിച്ചുവരുന്ന വിദ്യാഭ്യാസം—അത് ശീതീകരണ യന്ത്രത്തിലെ വെറും പാലിൻെറ പ്രശ്നം മാത്രമല്ല. പക്ഷേ തൊഴിലാളികൾ അതാഗ്രഹിക്കുന്നുവെങ്കിൽ, അത് കൂടുതൽ വലിയൊരു ചിത്രത്തിൻെറ ഭാഗമാണ്. സോഷ്യലിസ്റ്റ് സമാഹരണംകൊണ്ടർത്ഥമാക്കുന്നത് അതിൻെറ ഉൽപ്പാദനത്തിൻെറ വലിയപങ്ക് തൊഴിലാളിവർഗത്തെ സേവിക്കാനുദ്ദേശിച്ചുകൊണ്ടുള്ളതാണ് എന്നാണ്. അതിൻെറ മുഖ്യപങ്ക് ഒരു കമ്മ്യൂണിസ്റ്റ് ഭാവിയെ വികസിപ്പിക്കാനുദ്ദേശിച്ചുകൊണ്ടുള്ളതാണ് എന്നാണ്. ഇതു രണ്ടുമാണ് സോവ്യററ് യൂണിയനിലെ കാര്യങ്ങളും.

സോവിയററ് യൂണിയനിൽ അദ്ധ്വാനം ഒരു ചരക്കല്ല. തൊഴിലെടുക്കുന്നവർക്കുമേൽ സമ്മർദ്ദം ചെലുത്താൻ തൊഴിലിൻെറ ഒരു കരുതൽസേനയും അവിടെയില്ല. വാസ്തവത്തിൽ സോവിയററ്യൂണിയനിലുള്ളത് തൊഴിലിൻെറ അങ്ങേയററത്തെ കമ്മിയാണ്. അതിനെക്കുറിച്ച് പഠനം നടത്തിയിട്ടുള്ള പാശ്ചാത്യരെല്ലാംതന്നെ-എല്ലാ രാഷ്ട്രീയ നയതന്ത്ര സമ്മേളന റിപ്പോർട്ടുകളും, എല്ലാ സോവിയറേറാളജിസ്റ്റുകളും- സമ്മതിക്കുന്ന ഒരു കാര്യമുണ്ട്. അതായത് പാശ്ചാത്യ സമ്പദ്‌വ്യവസ്ഥകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ നേർവിപരീതപ്രശ്നമാണ് സോവിയററ്യൂണിയൻ അഭിമുഖീകരിക്കുന്നതെന്ന്. അദ്ധ്വാനശക്തിയുടെ കമ്മിയാണത്. അല്ലാതെ ആധിക്യമല്ല. ഇപ്പോൾ R C P പറയുന്നു അവിടെ തൊഴിൽ വിപണിയുടെ ഒരുതരം നിഴലുണ്ടെ

ന്ന്. ഞാനുദ്ദേശിച്ചതു് അവിടെ കാര്യമായ തൊഴിലില്ലായ്മ യില്ലെന്നു് അവർ സമ്മതിക്കുന്നു എന്നാണു്. പക്ഷെ അവർ പറയുന്നു അവിടത്തെ ആസൂത്രണം ഒരുതരം തൊഴിൽവിപണിയായി പ്രവർത്തിക്കുന്നു എന്നു്. കൊള്ളാം; അതങ്ങനെയാണെങ്കിൽ ഒരു തൊഴിൽവിപണിയെപ്പോലെ അതു് *പെരുമാറേണ്ട*താണല്ലോ. അതു് രണ്ടാം ലോകയുദ്ധത്തിലോ നാസിജർമ്മനിയിലോ സാദ്ധ്യമായിരുന്നു. അവിടെ തൊഴിൽരഹിതർ ഇല്ലായിരുന്നെങ്കിൽപോലും മുതലാളിമാർ ശരിയായ അവസ്ഥയിലായിരുന്നെങ്കിൽ അവർക്കു് ഒരു തൊഴിൽവിപണിയെപ്പോലെ പെരുമാറുന്ന സമ്പദ്‌വ്യവസ്ഥ സംഘടിപ്പിക്കാൻ കഴിയുമായിരുന്നു. എന്നാൽ സോവിയററ്‌യൂണിയൻെറ തൊഴിൽവിപണി നാസിജർമ്മനിയുടേതുപോലെ പ്രവർത്തിക്കുന്നു എന്നു കാണിക്കേണ്ടതുണ്ടു്, അവർക്കു്. എന്നാൽ വസ്തുത അങ്ങനെയല്ല. സോവിയററുയൂണിയൻെറ സമ്പദ്‌വ്യവസ്ഥ അവിടെ ഒരു തൊഴിൽ വിപണിയുടെ സാന്നിദ്ധ്യമുള്ളതുപോലെ പെരുമാറുന്നില്ല. വേതനം നിർണ്ണയിക്കുന്നതു് കേന്ദ്രപദ്ധതിയനുസരിച്ചാണു്. അതുകൊണ്ടു് രാജ്യത്തിൻെറ എല്ലാഭാഗത്തും ഒരേ തൊഴിലിനു് ഒരേ വേതനമാണു്. ഭൂമിശാസ്ത്രപരമായി അഭികാമ്യമല്ലാത്ത പ്രദേശങ്ങളിൽമാത്രം അതല്പം കൂടുതലാണു്. തൊഴിലാളികളുടെ അവസ്ഥ തുടർച്ചയായി പുരോഗമിക്കുന്നു. വേതനനിരക്കു് പഴയതിൽനിന്നു വ്യത്യസ്തമാണു്. സോവിയററ്‌യൂണിയനിലെ കൽക്കരിഖനിവേലക്കാരാണു് എഞ്ചിനീയർമാരേക്കാരം വേതനം പററുന്നതു്. അതുകൊണ്ടു് പാശ്ചാത്യരാജ്യങ്ങളിലെ വിതരണത്തിനു സമാനമായ ഒരു വിതരണം നിങ്ങരംക്കു് സോവിയററ് യൂണിയനിൽ കാണാനാവില്ല. ഏററവും അധികം ശമ്പളം ലഭിക്കുന്നതു് ഉന്നതരായ കലാകാരന്മാക്കാണു്. കേന്ദ്രകമ്മിററി അംഗങ്ങളേക്കാളും, ഉയർന്ന മാനേജർമാരേക്കാളും വേതനം ലഭിക്കുന്നതവക്കാണു്. മാനേജർമാരും തൊഴിലാളികളും തമ്മിലുള്ള വ്യത്യാസം ഗുണപരമായി വളരെ കുറവാണു്. ഏതെങ്കിലും മുതലാളിത്ത സമ്പദ്‌വ്യവസ്ഥയിൽ നിങ്ങരംക്കു ലഭിക്കുന്ന വികസിച്ചുവരുന്ന വേതന വ്യത്യാസം സോവിയററ് യൂണിയനിൽ ലഭ്യമല്ല. തൊഴിലാളികളുടെ കുടിയേറിപാർപ്പിൻെറ രീതിയും നേരെ തിരിച്ചാണു് അവിടെ. ദരിദ്രവും ഗ്രാമണീവുമായ മേഖലകളിൽനിന്നു് വ്യവസായവത്കൃത മേഖലകളിലേക്കു് ജനങ്ങരം കുടിയേറിപാർക്കുക എന്നതാണു് ഒരു മുതലാളിത്ത രാജ്യത്തിലെ സാധാരണ കുടിയേററരീതി. അമേരിക്കയിൽ ഏറെക്കാലത്തേക്കു് കറുത്തവർഗക്കാരും പാവപ്പെട്ട വെളുത്തവരും തെക്കുഭാഗത്തുനിന്നും ചിക്കാഗോവിലേക്കു് കുടിയേറി. മെക്സിക്കോയിൽ നിന്നും ചിക്കാഗോവിലേക്കു് കുടിയേറി. ഇന്നു് മെക്സിക്കോയിൽനിന്നും ജനങ്ങരം അമേരിക്കയിലേക്കു കുടിയേറുന്നു അല്ലെങ്കിൽ യൂറോപ്പിലാണെങ്കിൽ അവർ ജമൈക്കയിൽനിന്നും ഇംഗ്ലണ്ടിലേക്കും, അരംജീരിയയിൽനിന്നും ഫ്രാൻ

സിലേക്കും കുടിയേറുന്നു. എന്നാൽ സോവിയററ്യൂണിയനി ലെ കാര്യം അതല്ല. കുടിയേററരീതി നേരെ തിരിച്ചാണ്. ദരി ദ്രമേഖലകളെ യൂറോപ്യൻ നിലവാരത്തിനൊപ്പമെത്തിക്കാ നായി അവർ അവിടെ വൻതോതിൽ മൂലധനം നിക്ഷേപിക്കു ന്നു. അതുകൊണ്ട് തൊഴിലാളികളുടെ കുടിയേററം നേരെ തി രിച്ചാകുന്നു.

അദ്ധ്വാനശേഷി ഒരു ചരക്കായി കണക്കാക്കുക എന്നതി നേക്കാൾ തൊഴിലാളികൾക്ക് അവരുടെ തൊഴിലിൽ നിര വധി അവകാശങ്ങളുണ്ട്. മുതലാളിത്ത സമ്പദ്‌വ്യവസ്ഥകളിലു ള്ളതിനേക്കാളേറെ ഗുണകരമായ പങ്കാളിത്തം തൊഴിലാളി കൾക്കുണ്ട്. മാത്രമല്ല 1957 മുതൽ തൊഴിലാളികളുടെ പങ്കാ ളിത്തം ഗണ്യമായി വർദ്ധിപ്പിക്കുകയും പിന്നീടും വികസിക്കു കയും ചെയ്തിട്ടുണ്ട്. തൊഴിലാളികളുടെ പൊതുയോഗങ്ങൾ ചി ട്ടയായി നടക്കുന്നുണ്ട്. പാശ്ചാത്യനിരീക്ഷകർക്കും, സോവി യററ്‌വിരുദ്ധ നിരീക്ഷകർക്കും അതിൽ പങ്കെടുക്കാം. അത്തരം യോഗങ്ങളിൽ പങ്കെടുത്തു്, മാനേജർമാത്രം എത്രത്തോളം ഭയ പ്പെടുന്നുണ്ട് എന്ന് അവർ കണ്ടിട്ടുണ്ട്. 1957—ൽ തെരഞ്ഞെടു ക്കപ്പെട്ട സ്ഥിരമായ ഉൽപ്പാദന കോൺഫറൻസുകൾ നിലവിൽ വന്നു. സ്ഥാപനങ്ങളെ സംബന്ധിച്ച തീരുമാനങ്ങളെടുക്കുന്ന തിലും, തൊഴിൽ വിതരണം നടത്തുന്നതിലും കരടുപദ്ധതികൾ തയ്യാറാക്കുന്നതിലുമെല്ലാം അവർ പങ്കെടുക്കുന്നു. സോവിയററ് യൂണിയനിലെ ഫാക്ടറികളിലെ ഏററവും ശക്തമായ തൊഴി ലാളിവർഗ്ഗഉപകരണം കമ്മ്യൂണിസ്റ്റ്‌പാർട്ടിയുടെ ഓരോ സ്ഥാ പനങ്ങളിലേയും ശാഖകളാണ്. സോവിയററ് യൂണിയനിലെ നഗരപ്രദേശങ്ങളിൽ കഴിഞ്ഞ 29 വർഷങ്ങളായി കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്ക് റിക്രൂട്ടു ചെയ്യപ്പെടുന്നവരിൽ ഏതാണ്ട് 70 ശതമാനവും വ്യവസായത്തൊഴിലാളികളാണ്. അതായതു് ഒരു ഫാക്ടറിയിൽ—അതിൽ എത്ര സെല്ലുകളോ, ബ്രാഞ്ചുകളോ ഉണ്ട് എന്നതു് പ്രശ്നമല്ല. അവിടത്തെ തൊഴിലാളിവർഗ്ഗ ത്തിൽ 80-90 ശതമാനവും ഈ സെല്ലുകളിലുണ്ട്— അവർ മാ നേജർമാരെ മൊത്തത്തിൽതന്നെ സംഖ്യാപരമായി പിൻത ള്ളുന്നു.

ഇപ്പോൾ ഒരു സ്ഥാപനത്തിലെ പുസ്തകങ്ങൾ പരിശോ ധിക്കാനും രാഷ്ട്രീയമായി മാനേജ്മെൻറിൻെറ മേൽനോട്ടംവ ഹിക്കാനും പാർട്ടിക്ക് യഥാർത്ഥ അധികാരമുണ്ട്. ഒരു സ്ഥാ പനത്തിലെ മുഖ്യമായും തൊഴിലാളിവർഗ്ഗത്തിനു പ്രാമുഖ്യമുള്ള പാർട്ടിക്ക് അവിടത്തെ നിയമനത്തിൽപോലും നിയന്ത്രണങ്ങ ളുണ്ട്. അവിടത്തെ തരംതിരിക്കൽരീതികളെ ചിലർ പൂർണ്ണ മായി വളച്ചൊടിക്കാറുണ്ട്. നിങ്ങൾ പാർട്ടിയുടെ ഒരു നേതാ വാണെങ്കിൽ നിങ്ങൾക്ക് സവിശേഷാധികാരമുള്ള ഒരു ഉയന്ന ജോലി ലഭിക്കുമെന്ന് അവർ പറയുന്നു. 1930കളുടെ ആദ്യ ത്തിലാണ് തരംതിരിക്കൽരീതി (Nomenklatura) ആദ്യമായി

പ്രയോഗത്തിലാക്കുന്നതു്. അതിനു മുമ്പു് സോവിയററു് യൂണിയനിലെ മിക്കവാറുമെല്ലാ വിദഗ്ധൻമാരും കമ്മ്യൂണിസ്റ്റ്കാരല്ലായിരുന്നു. അവരെല്ലാം സാറിസ്റ്റ്കാലത്തിൻെറ സ്വാധീനമുണ്ടായിരുന്നവരായിരുന്നു. അതുകൊണ്ടു് തൊഴിലാളികൾക്കു് എപ്പോഴും അവരുടെമേൽ ഒരു കണ്ണുണ്ടായിരുന്നു. 1930കളിൽ എന്താണു് സംഭവിച്ചതു്? മാനേജുമെൻറു് ജോലികളും എഞ്ചിനീയറിംഗ്ജോലികളും ഏറെറടുക്കാൻ കഴിവുള്ള തൊഴിലാളിവർഗ്ഗബുദ്ധിജീവികളുടെ ഒരു പുതിയ തലമുറ വളർന്നുവന്നു. തൊഴിലാളിവർഗ്ഗത്തിൻെറ മക്കൾ തൊഴിലാളിവർഗ്ഗത്തോടു് വിശ്വസ്തത പുലർത്തുമെന്നതു് ഉറപ്പുവരുത്തുന്നതിനുള്ള മാനദണ്ഡം കമ്മ്യൂണിസ്റ്റുകാരെ നാം ഉയർന്ന പദവികളിലേക്കു് ഉയർത്തുമെന്നതാണു്. ഇപ്പോൾമുതൽ നിങ്ങൾ ഒരു പാർട്ടി അംഗമായിരിക്കണം. അപ്പോൾ തൊഴിലാളിവർഗത്തിനു് സെല്ലുകളിൽ വച്ചു് നിങ്ങളെ നിരീക്ഷിക്കാനാവും, അതാണു് തരംതിരിക്കൽ രീതി എന്നതുകൊണ്ടു് അർത്ഥമാക്കുന്നതു്. സോവിയററു്യൂണിയനിലെ രണ്ടു ദശലക്ഷം പദവികളിൽ കമ്മ്യൂണിസ്റ്റ്പാർട്ടിയംഗങ്ങളെക്കൊണ്ടു് നികത്തണമായിരുന്നു. അല്ലെങ്കിൽ ചുരുങ്ങിയതു് പ്രാദേശിക കമ്മ്യൂണിസ്റ്റ്പാർട്ടിയാൽ അംഗീകരിക്കപ്പെട്ടവരെങ്കിലും വേണമായിരുന്നു, അതാണു് രാഷ്ട്രീയമായ മാർഗനിർദ്ദേശം. 1930കളിൽ ഇങ്ങനെയാണു് കാര്യങ്ങൾ നീങ്ങിയിരുന്നതെന്നു് നാം അംഗീകരിക്കണം. അങ്ങനെ മാനേജർമാരെ ശരിയായ പാതയിൽ നിർത്തുന്നതിൽ പാർട്ടി വളരെ ശക്തവുമാണു്.

കുറെ വർഷങ്ങൾക്കുമുമ്പു് സോവിയററു് യൂണിയനിലെ പത്രങ്ങളിൽ ഒരു ദേശീയ ചർച്ച നടന്നിരുന്നു. മാനേജർമാരെ തെരഞ്ഞെടുക്കുന്നതു് ഒരു ഫാക്ടറിയിലെ മുഴുവൻ തൊഴിലാളികളുമായിരിക്കണമോ? അതോ ആ ഫാക്ടറിയിലെ ഇരുപത്തഞ്ചോ മുപ്പത്തഞ്ചോ ശതമാനം വരുന്ന കമ്മ്യൂണിസ്ററു് പാർട്ടി അംഗങ്ങളായ തൊഴിലാളികളുടെ അംഗീകാരത്തോടെ മാത്രം മതിയോ എന്നതായിരുന്നു ചർച്ചാവിഷയം. ഇരുഭാഗത്തേയും വാദങ്ങൾ വളരെ രൂക്ഷമായിരുന്നു. അവസാനം കമ്മ്യൂണിസ്ററു് പാർട്ടി അംഗങ്ങളുടേയും തൊഴിലാളികളുടേയും അംഗീകാരത്തോടെ മാനേജർമാരെ തെരഞ്ഞെടുക്കുന്ന രീതി തുടരുന്നതായിരിക്കും നല്ലതെന്നു് തീരുമാനിക്കപ്പെട്ടു. സോവിയററു് ഫാക്ടറികളിൽ യുവകമ്മ്യൂണിസ്ററു് ലീഗിൻേറയും, ട്രേഡ്യൂണിയൻേറയും പാർട്ടിയുടേയും പ്രതിനിധികളടങ്ങുന്ന ഒരു സാക്ഷ്യപ്പെടുത്തൽ സമിതിയുണ്ടു്. ആ സമിതി മാനേജർമാരുടെ പ്രവർത്തനങ്ങളെ സൂക്ഷ്മമായി വിലയിരുത്തുന്നു. അവർക്കു് മാനേജർമാരെ നീക്കംചെയ്യാനും അധികാരമുണ്ടു്. യൂണിയനുകൾ വളരെ സജീവമാണു്. അവർ ഓരോ വർഷവും കൂട്ടായ വിലപേശൽ കരാറുകളിൽ ഒപ്പുവയ്ക്കുന്നു. ഏതെങ്കിലും കാര്യത്തിൽ ഒത്തുതീർപ്പില്ലാതെവന്നാൽ അവർ ട്രേഡ്യൂണിയൻ കമ്മിററിക്കു് പരാതിപ്പെടുന്നു. അവി

ടെയും കാര്യങ്ങറം വഴിമുട്ടിനില്ക്കുകയാണെങ്കിൽ അവർ ലേബർ കോടതികളെ സമീപിക്കുന്നു. ചുരുങ്ങിയതു് പകുതി പ്രാവശ്യമെങ്കിലും തൊഴിലാളികളാണ് വിജയിക്കാറുള്ളതു്.

തൊഴിൽ സ്ഥലത്തു് തൊഴിലാളികറംക്കു് ഗുണപരമായി കൂടുതൽ പങ്കാളിത്തമുണ്ടു്. മുതലാളിത്ത രാജ്യങ്ങളിൽ കേന്ദ്ര ആസൂത്രണം വഴി തൊഴിലാളികറംക്ക ലഭിക്കുന്ന പങ്കാളിത്തത്തേക്കാളധികമാണതു്. വാസ്തവത്തിൽ അതു് പങ്കാളിത്തമല്ല *അധികാര*മാണ്. പങ്കാളിത്തത്തിൻെറ ഈ ഉയർന്ന നിരക്കിനെ ഒരു തൊഴിൽ രഹിത കരുതൽ സേനയില്ല എന്ന വസ്തുതയുമായും സമയക്കുറവുമൂലം എനിക്കിവിടെ ചർച്ചചെയ്യാനാവാത്ത മറെറല്ലാ രാഷ്ട്രീയ സംവിധാനങ്ങളുമായും കൂടി ഒരുമിപ്പിച്ചു ചേർക്കണം. പക്ഷേ ഞാൻ നേരത്തെ വരച്ചുകാണിച്ചതുപോലെ സോവിയററ് യൂണിയനിൽ അദ്ധ്വാനശക്തി വിദൂരമായി പോലും ഒരു ചരക്കിനോടു് സാമ്യം പുലർത്തുന്നില്ല. അവിടെ M-C-M ഇല്ല. മൂലധന സമാഹരണമില്ല, ലാഭത്തിനുവേണ്ടി ലാഭം സംഭരിക്കാൻ അദ്ധ്വാനശക്തിയെ വിലകൊടുത്തുവാങ്ങുന്ന രീതി അവിടെയില്ല.

സോവിയററ് യൂണിയൻെറ സമ്പദ്‌വ്യവസ്ഥയുടെ ഒരു നല്ല ഭാഗത്തെ നിർണ്ണയിക്കുന്നതു് ലോകവിപണിയിലെ അതിൻെറ പങ്കാളിത്തമാണെന്നു് ആരോപിക്കപ്പെടുന്നു. ഒരു രാജ്യം ലോകമുതലാളിത്ത സമ്പദ്‌വ്യവസ്ഥയുമായി വ്യാപാരത്തിലേർപ്പെടുകയോ, അതിൽ പങ്കാളിയാവുകയോ ചെയ്യുന്നിടത്തോളംകാലം ആ രാജ്യത്തു് യഥാർത്ഥ സോഷ്യലിസം ഉണ്ടാവുക സാദ്ധ്യമല്ലെന്നതുപോലുള്ള ഒരു വാദഗതിയാണതെന്നു തോന്നുന്നു. അതു് അസംബന്ധമാണ്. ലോകമുതലാളിത്ത വിപണിയിൽ സോവിയററ് യൂണിയനുള്ള പങ്കാളിത്തം വളരെ നാമമാത്രമാണ്. ഏതെങ്കിലും ആന്തരിക പ്രക്രിയകളുമായുള്ള അതിൻെറ ബന്ധം വളരെ ചെറുതാണ്. അതിൻെറ ആന്തരിക പ്രക്രിയകറം ഒരു തരത്തിലും ലോകമുതലാളിത്തവിപണിയുടെ ഒരു ഉൽപ്പന്നമല്ല. പാശ്ചാത്യരാജ്യങ്ങളുമായുള്ള അതിൻെറ വ്യാപാരം അതിൻെറ മൊത്തം ഭൗതികോൽപ്പാദനത്തിൻെറ രണ്ടു ശതമാനം മാത്രമേയുള്ളു. അതുവളരെ നേരിയ അളവു് മാത്രമാണതാനും. കഴിഞ്ഞ 50 വർഷമായി സോവിയററ് സമ്പദ്‌വ്യവസ്ഥ സംഘടിപ്പിക്കപ്പെട്ടിരിക്കുന്നതു് വ്യക്തമായും സ്വാശ്രയത്വത്തിനുവേണ്ടിയാണ്. ലോകവിപണിയിൽ അതു് നിർവ്വഹിക്കുന്നതു് സ്വർണ്ണഖനനമാണ്. ഇവിടെ ചരക്കുൽപ്പാദനമുണ്ടെന്നു് ഞാൻ സമ്മതിക്കാം. പക്ഷേ അതു് വികസിതമായ പുനരുൽപ്പാദനമല്ല മറിച്ചു് ലളിതമായ ചരക്കുൽപ്പാദനമാണ്. അവർക്കു് സ്വർണ്ണംകൊണ്ടു് യാതൊരുപയോഗവുമില്ല (തോമസ് മൂർ നിർദ്ദേശിച്ചതുപോലെ അവർക്കു് സ്വർണ്ണംകൊണ്ടു് കക്കൂസിലെ ഇരിപ്പിടമുണ്ടാക്കാം.) അതുകൊണ്ടു് അവരതു് പാശ്ചാത്യർക്കു് വില്ക്കുന്നു. എന്നിട്ടു് മൃഗങ്ങറംക്കു് നൽകാനുള്ള ധാന്യം ഇറക്കുമതി

ചെയ്യുന്നു. അതിലൂടെ തങ്ങളുടെ മാംസോൽപ്പാദനം വർദ്ധിപ്പിക്കുന്നു. അല്ലെങ്കിൽ അവർ പ്രാഥമികമായി ഇറക്കുമതിചെയ്യാൻ ശ്രമിക്കുന്ന മൂന്നുതരം സാങ്കേതികവിദ്യകളുണ്ട്. തടിയറപ്പുമില്ലുകളുടേയും, രാസവ്യവസായശാലകളുടേയും, പെട്രോളിയം ശുദ്ധീകരണ ഉപകരണങ്ങളുടേയും സാങ്കേതികവിദ്യയാണത്. പാശ്ചാത്യരാജ്യങ്ങളിലുള്ള എല്ലാ കാര്യങ്ങളും വീണ്ടും കണ്ടുപിടിക്കുന്നതിനേക്കാൾ എളുപ്പമായി അവർ ഒരു സോഷ്യലിസ്റ്റ് രാജ്യത്ത് ഉപയോഗശൂന്യമായ സ്വർണ്ണത്തെപ്പോലുള്ള വസ്തുക്കൾ കയററുമതി ചെയ്യുന്നു, അല്ലെങ്കിൽ തങ്ങളുടെ അധികം ഉല്പാദിപ്പിച്ച പെട്രോളിയം കയററുമതി ചെയ്യുന്നു; എന്നിട്ട് തൊഴിലാളിവർഗത്തിൻെറ ജീവിതനിലവാരം ഉയർത്തുന്നതിനാവശ്യമായ സാധനങ്ങൾ വാങ്ങുന്നു. തങ്ങളുടെ വികസനത്തിനാവശ്യമായ കാര്യങ്ങൾ ത്വരിതപ്പെടുത്തുന്നു. പക്ഷേ അതും വളരെ ചുരുങ്ങിയ അളവിലേ ഉള്ളു. അവർക്ക് വളരെ നന്നായി ജീവിക്കാം. കഴിഞ്ഞ ഇരുപതോ മററോ കൊല്ലങ്ങൾകൊണ്ട് അവർ അവരുടെ ഗോതമ്പുൽപ്പാദനം ഇരട്ടിയാക്കി. അവർക്ക് വേണമെങ്കിൽ തങ്ങളുടെ സ്വന്തമായി സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കാം. അതായത് ലോകവിപണിയുമായി യഥാർത്ഥത്തിൽ ഐക്യം പ്രാപിച്ചതിൻേറതായ യാതൊരടയാളവുമില്ല.

ആസൂത്രണമാണ് കാര്യങ്ങളെ നിയന്ത്രിക്കുന്നത്. സോവിയററ് യൂണിയനിലെ ആഭ്യന്തര വിലകളും ലോക നിലവാരത്തിലെ വിലകളും തമ്മിൽ യാതൊരു ബന്ധവുമില്ല. ഇങ്ങനെയാണ് വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്: ഓരോ വർഷത്തേയും പദ്ധതികൾ പറയുന്നു. നമുക്ക് ഇത്രക്ക് ഭക്ഷ്യധാന്യം ഇറക്കുമതി ചെയ്യണമെങ്കിൽ അത്രയും സാധനങ്ങൾ വില്ക്കേണ്ടിയിരിക്കുന്നു. അതായത് സോവിയററുയൂണിയനിൽ കയററുമതി യഥാർത്ഥത്തിൽ സംഘടിപ്പിക്കപ്പെട്ടിരിക്കുന്നത് ഇറക്കുമതിക്കുവേണ്ടിയാണ്. അതേസമയം ഏതൊരു മുതലാളിത്തരാജ്യത്തും കാര്യങ്ങൾ നേരെ തിരിച്ചാണ്. ഒരു മുതലാളിത്തരാജ്യത്ത് വ്യാപാരത്തിൻെറ പുരോഗമനാത്മകതുലനനില എന്താണ്? ഇറക്കുമതി ചെയ്യുന്നതിലധികം കയററുമതി ചെയ്യുക. അവർ കയററുമതി ചെയ്യാൻ ഇഷ്ടപ്പെടുന്നു. ഇറക്കുമതി ഇഷ്ടപ്പെടുന്നതേയില്ല. അതാണ് വ്യാപാരത്തിൻെറ ''പുരോഗമനാത്മക'' തുലനനില എന്ന പേരിൽ നടപ്പാക്കുന്ന നേരെ എതിരായ യുക്തി. അപ്പോൾ ബന്ധങ്ങൾ തികച്ചും നാമമാത്രമാണ്. ഈ വാദത്തെ ലിയോൺ ട്രോട്സ്കിയുടെ വാദമുഖത്തിൽ നിന്നും വേർതിരിച്ചുകാണാൻ എനിക്കു വളരെ ബുദ്ധിമുട്ടുണ്ട്, സോവിയററുയൂണിയൻ ഒരു മുതലാളിത്തലോകത്തിലാണു നിലനിൽക്കുന്നത് എന്നതുകൊണ്ട് ഒരു രാജ്യത്തിൽ മാത്രമായി സോഷ്യലിസം നിലനിൽക്കുക സാദ്ധ്യമല്ലെന്നാണ് ട്രോട്സ്കി പറഞ്ഞത്. ആ വാദം തെററാണെന്ന് വളരെ വളരെമുമ്പ്

തെളിയിക്കപ്പെട്ടുവെന്നാണ് ഞാൻ കരുതുന്നത്. ഇപ്പോഴം അതു വീണ്ടും ഉയർത്തുന്നതു് തികച്ചും വില കുറഞ്ഞതാണ്.

ഇന്നു് മുതലാളിത്തം എന്നു വെച്ചാൽ സാമ്രാജ്യത്വമാണ്. സാമ്രാജ്യത്വം എന്നുവെച്ചാലാകട്ടെ മൂലധനത്തിൻെറ കയററുമതിയാൽ നയിക്കപ്പെടുക എന്നാണ്. സോവിയററ് യൂണിയന് അല്പവികസിതമായ രാജ്യങ്ങളിൽ നിക്ഷേപങ്ങളുണ്ടെന്നുള്ളതു് സത്യമാണെന്നു് ഞാൻ ഏററുപറയുന്നു. അമേരിക്കൻ കോൺഗ്രസ്സിൻെറ അതിഗാഢമായ പഠനമനുസരിച്ച് 1979ൽ അതിന് അല്പവികസിതരാജ്യങ്ങളിൽ 18 ദശലക്ഷം ഡോളറിൻെറ നിക്ഷേപമുണ്ടായിരുന്നു. ഇതിൽ മിക്കവാറും വ്യാപാരത്തെ സുഗമമാക്കുന്ന കാര്യങ്ങളിലാണ്; ഉദാഹരണത്തിന്ന് ഒരു ചെറിയ പരസ്യസ്ഥാപനമോ അല്ലെങ്കിൽ അതുപോലെ സോവിയററ് വ്യാപാരത്തിനു സഹായകമാകുന്നതരം സംവിധാനങ്ങളിലോ ആണ് നിക്ഷേപിക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ യു. എസ്. കോൺഗ്രസ്സിൻെറ സംയുക്തസാമ്പത്തികകമ്മീഷൻ പറയുന്നതനുസരിച്ച് പ്രകൃതിവിഭവഖനനത്തിൻെറ മണ്ഡലത്തിൽ സോവിയററ് യൂണിയന് ആറു നിക്ഷേപങ്ങളുണ്ട്. ആറെണ്ണം ഹ! ഹ! ഇതാ സോഷ്യൽ സാമ്രാജ്യത്വത്തിന് തെളിവുകൾ കിട്ടിയിരിക്കുന്നു. ഏതൊക്കെയാണ് ഈ ആറെണ്ണം? ആറ് മത്സ്യസംസ്കരണപ്ലാൻറുകൾ, അരദശലക്ഷം ഡോളർ ചെലവു വരുന്നവ. അതാതു രാഷ്ട്രങ്ങളുമായി പകുതി-പകുതി വ്യവസ്ഥയിലാണ് ഇവ സ്ഥാപിച്ചിരിക്കുന്നതു്. സോവിയററ് മത്സ്യബന്ധനസംഘം അവരുടെ മത്സ്യം അവിടെ എത്തിക്കുകയും അതവിടെ സംസ്കരിക്കപ്പെടുകയും അതിൽ പകുതി ആ പ്രാദേശികരാഷ്ട്രത്തിനു നൽകുകയും ചെയ്യുന്നു. അതാണ് മററു രാജ്യങ്ങളിൽ പ്രകൃതിവിഭവഖനനത്തിലെ സോവിയററ് രീതി. കൊള്ളാം മററു രാജ്യങ്ങളിലെ അമേരിക്കൻ നിക്ഷേപം സോവിയററ് നിക്ഷേപത്തിൻെറ 3000 ഇരട്ടിവലുതാണ്. അതു് ഗുണപരമായി വ്യത്യസ്തമാണ്. അമേരിക്കക്ക് അതിൻെറ ബഹുദേശീയസംഘങ്ങളെ സ്വന്തമാക്കുകയും നിയന്ത്രിക്കുകയും വേണം. അതിൻെറ നിക്ഷേപങ്ങളിൽ ഈ നിയന്ത്രണസ്വാധീനം ഉണ്ടതാനും. സ്വന്തം മത്സ്യബന്ധനസംഘങ്ങൾ പിടിച്ച മത്സ്യം സംസ്കരിക്കുന്നതിനുവേണ്ടി ഒരു സംസ്കരണകേന്ദ്രം സ്ഥാപിക്കുന്നതിൽ അമേരിക്കക്ക് യാതൊരു താൽപര്യവുമില്ല. നിങ്ങൾക്കെന്നെ വിശ്വസിക്കാം.

അല്പവികസിതരാജ്യങ്ങളിലൊന്നിലും സോവിയററ് യൂണിയന് യഥാർത്ഥനിക്ഷേപങ്ങളില്ലാത്തതുകൊണ്ട് ആ രാജ്യങ്ങളിൽ സ്വകാര്യസ്വത്തു് നിലനിർത്തണമെന്നു യാതൊരു താല്പര്യവും സോവിയററ് യൂണിയനില്ല അതാണ് എല്ലാ പാശ്ചാത്യ സാമ്രാജ്യത്വരാജ്യങ്ങളിലുംനിന്നു് അതിനെ വ്യത്യസ്തമാക്കുന്നതു് പാശ്ചാത്യസാമ്രാജ്യത്വങ്ങൾക്കാവട്ടെ മുതലാളിത്തപരവും വലതുപക്ഷക്കാരുമായ ഭരണകൂടങ്ങളെ ആ രാജ്യങ്ങളിൽ നിലനിർത്ത

ണമെന്ന് മുഖ്യമായ താല്പര്യമുണ്ടുതാനും. അപ്പോഠം ചില ആള്ക്കാം പറയുന്നു;'ഏയ്, എന്നാൽ സോവിയററ് വിദേശസഹായം ഇന്ത്യയിൽവ്യവസായങ്ങഠം സ്ഥാപിക്കുകയും അതിൽനിന്ന് ഉല്പന്നങ്ങളെടുക്കുകയും ചെയ്യുന്നുണ്ട്. അത് ഏതൊരു അമേരിക്കൻ സ്ഥാപനത്തേയുംപോലെ തന്നെയാണ്.' ശരി നമുക്ക പരിശോധിക്കാം സോവിയററ് യൂണിയൻ നൽകുന്ന കടം വായ്പകളിൽ അവക്ക ലഭിക്കുന്ന പലിശ 2.5 ശതമാനമാണ്. അതാകട്ടെ സോവിയററ് സഹായത്തോടെ നിർമ്മിച്ച ഉരുക്കുമില്ലിൽ നിന്നുമുള്ള ഇൽപന്നങ്ങളായി കൊടുത്തുതീർത്താലും മതി. അപ്പോഠം സോവിയററ് സഹായത്തിൻെറ വിലയെന്തുമാത്രമുണ്ട്? ഇതേക്കുറിച്ച് പഠിച്ചിട്ടുള്ള ആളുകഠം പറയുന്നതനുസരിച്ച് സോവിയററ് യൂണിയൻ സ്വന്തം രാജ്യത്താണ് ഈ മിൽ സ്ഥാപിച്ചിരുന്നതെങ്കിൽ അതവരുടെ മൊത്തം ഉൽപാദനത്തെ 15% കണ്ട് വർധിപ്പിക്കുമായിരുന്നു. എന്നാൽ അവർ അത് ഇന്ത്യയിൽ സ്ഥാപിക്കുകയും 2.5 ശതമാനം പലിശമാത്രം വാങ്ങുകയും ചെയ്യുമ്പോഠം അവക്ക് നഷ്ടപ്പെടുന്നത് 12.5 ശതമാനമാണ്. ഇന്ന് ഇന്ത്യയിലേതുപോലുള്ള മററുതരം രാജ്യത്തോ ഇതിനെക്കുറിച്ചറിവുള്ളവർ പറയുന്നത് ഇത്തരം സഹായം— ഇവിടെ യഥാർത്ഥ പണം (Hard Currency) ഉപയോഗിക്കേണ്ടിവരുന്നില്ല, അത് പൊതുമേഖലയും വികസനപ്രവർത്തനങ്ങളും കെട്ടിപ്പടുക്കാൻ ആദായകരമാണെന്നാണ്. ഇതിന് ഏതെങ്കിലും സാമ്രാജ്യത്വവുമായി യാതൊരുതരം ബന്ധവുമില്ലെന്ന് അവർ പറയുന്നു. അതു ശരിയുമാണ്. ഈ സ്ഥാപനങ്ങളിൽ സോവിയററുകാക്ക് യാതൊരധികാരവും നിലനിർത്തുന്നില്ല. അവർ പുതിയ ജോലിക്കാരെ പരിശീലിപ്പിക്കുന്നു. അത് ഗുണപരമായിതന്നെ വ്യത്യസ്തമാണ്. ഒരുതരം മൂലധന കയററുമതിയുമായും അതിനു ബന്ധമില്ല. അതൊരു ഇളവാണ്, ഈ രാജ്യങ്ങഠംക്കുള്ള ചില വിദേശസഹായമാണ്.

പാശ്ചാത്യസാമ്രാജ്യത്വ ഭരണങ്ങളിൽ നിന്നു വ്യത്യസ്തമായി ഗുണപരമായി വ്യത്യസ്തമായ ഭരണസംവിധാനങ്ങളേയാണ് സോവ്യററ്യൂണിയൻ പിന്തുണക്കുന്നത്. അവരുടെ സഹായത്തിലേറെയും പോകുന്നത് ലോകത്തിൽ താരതമ്യേന കൂടുതൽ പുരോഗമന സ്വഭാവമുള്ള രാജ്യങ്ങളിലേക്കാണ്. അല്ലെങ്കിൽ പലപ്പോഴും മുതലാളിത്ത ചേരിയിൽ പിളർപ്പുണ്ടാക്കാനാണ് അതു ശ്രമിക്കുന്നത്. 1920 ൽ ലോകത്തിലാദ്യമായി സോവ്യററുയൂണിയനെ അംഗീകരിച്ച രാജ്യം അഫ്ഗാനിസ്ഥാനായിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരാണെങ്കിൽ താൻ ഏതു പിശാചുമായിവരെ കൂട്ടുകൂടുമെന്ന് അന്ന് ലെനിൻ പറഞ്ഞു. ഇതൊരു പഴയ കാര്യമാണ്. 1920 കളിൽ ലെനിനും സ്റ്റാലിനും പരിശീലനം നൽകാനായി ജർമ്മൻ സൈന്യത്തെ സോവിയററ് യൂണിയനിലേക്കു കൊണ്ടുവന്നു. അപ്പോഠം സാമ്രാജ്യത്വചേരിയെ പിളക്ക്ാൻ ലെനിനും സ്ററാലിനും ശ്രമിച്ചു

തിൻേറതായ ഒരു നീണ്ട ചരിത്രമുണ്ട്. അപ്പോഠം ഷാസ്ത്രോ, ഇന്തോനേഷ്യസ്ത്രോ അവർ അല്പസ്വല്പം സഹായങ്ങഠം നൽകി എന്നതു ശരിതന്നെയാണ്. പക്ഷേ അപ്പോഠം സാമ്രാജ്യത്വചേരിയെ പിളക്കാൻ ശ്രമിക്കുന്നതു് ഒരു ന്യായാനുസൃതമായ ലക്ഷ്യമാണോ അല്ലയോ എന്ന പ്രശ്നമാണു വരുന്നതു്. തീർച്ചയായും പാരമ്പര്യം അതുതന്നെയാണ്. സോവിയററ് സഹായത്തിൻെറ വലിയ പങ്കുംലഭിക്കുന്നതു് വിയത്നാം, ക്യൂബ തുടങ്ങിയ പുരോഗമന രാജ്യങ്ങഠക്കാണ്. അതു് സാമ്രാജ്യത്വ സഹായങ്ങളിൽനിന്നു് ഗുണപരമായിതന്നെ വ്യത്യസ്തമാണ്. പിനോഷെ ഫിദെലിനെപ്പോലെയാണോ അല്ലയോ എന്നു സംശയിക്കുന്ന ആരുംതന്നെ വിയത്നാമിലുമില്ല. മാവോയിസ്ററുകഠ മാത്രമേ അവർ തമ്മിൽ വ്യത്യാസമില്ല എന്നു പറയൂ. ഇതു് വളരെ അപഹാസ്യമാണ്. നിങ്ങഠ മേൽപ്പറഞ്ഞരാജ്യങ്ങളിലെ മുതലാളിമാരാണെങ്കിലും തൊഴിലാളികളാണെങ്കിലും ഈ രണ്ടുതരം ഭരണങ്ങളും തമ്മിലുള്ള ഗുണപരമായ വ്യത്യാസം നിങ്ങഠക്കനുഭവപ്പെടും. സോവിയററ്‌യൂണിയനിൽനിന്നു് സഹായം സ്വീകരിക്കുന്നതുകൊണ്ടു മാത്രം ഒരു രാജ്യം മുതലാളിത്തപരമാണെന്നു് വിലയിരുത്താൻ നിങ്ങഠക്കു കഴിയില്ല. അതു് മറെറാരു സംവൃതവാദമാണ്.

ഈ ചർച്ചയിലുടനീളം വ്യാപാരത്തേയോ സഹായത്തേയോ കുറിച്ചു പറയുമ്പോഠം അവർ ഇന്ത്യയെക്കുറിച്ചുപറയുന്നു. സോവ്യററു വ്യാപാരത്തിൽനിന്നു് എന്തു സംഭവിക്കുന്നു എന്നറിയാൻ ഏററവും നല്ല മാതൃകയാണ് ഇന്ത്യ എന്നു തോന്നും ഇതു കേട്ടാൽ. കൊള്ളാം, പക്ഷെ ഒരു പ്രധാനകാര്യം മനസ്സിലാക്കേണ്ടതുണ്ടു്. സോവിയററ് വ്യാപാരത്തിൻെറ ഏതാണ്ട് 1 മുതൽ 2 ശതമാനം മാത്രമേ അതു് ഇന്ത്യയുമായി നടത്തുന്നുള്ളു. പിന്നെ എന്തിനാണിത്രയും വാദകോലാഹലങ്ങഠ? എന്തുകൊണ്ട് അതു് പോളണ്ടിനെക്കുറിച്ചായിക്കൂടാ? എന്തുകൊണ്ട് ക്യൂബയെക്കുറിച്ചായിക്കൂടാ? സോവിയററ് വ്യാപാരത്തിൻെറ അമ്പതു ശതമാനത്തിലേറെയും കിഴക്കൻ യൂറോപ്പുമായാണ്. അതു് സമഭാവനയോടെ നടത്തുന്നതാണെന്നു് ഏവർക്കുമറിയാം. അതുകൊണ്ടാണ് അതേക്കുറിച്ച് ആരും മിണ്ടാത്തതു്. 1956 മുതൽ കിഴക്കൻയൂറോപ്പുമായുള്ള കച്ചവടത്തിൽ സോവിയററുയൂണിയൻ വമ്പിച്ച ഇളവനുവദിക്കുന്നുണ്ടെന്നു് എല്ലാവർക്കുമറിയാം. എല്ലാ അമേരിക്കൻ രാഷ്ട്രീയ നയതന്ത്രപഠനങ്ങളും സോവിയറേറാളജിസ്ററുകളും അംഗീകരിക്കുന്ന ഒരു കാര്യമുണ്ടു്. വൻതോതിലുള്ള ഇളവ് സോവിയററ്‌യൂണിയൻ അനുവദിക്കുന്നുണ്ടെന്നു്. മറേറതുസ്ഥലത്തേക്കാളും കുറഞ്ഞവിലക്കു് സോവിയററുയൂണിയൻ കിഴക്കൻ യൂറോപ്പിലേക്കു് എണ്ണയും ഊർജവും വില്ക്കുന്നുവെന്നു്. പോളണ്ടിനു് പാശ്ചാത്യരാജ്യങ്ങളിൽനിന്നു കിട്ടുന്നതിനേക്കാഠ ഉയർന്നവിലക്കു് അവരുടെ സാധനങ്ങഠ സോവിയററ്‌യൂണിയൻ വാങ്ങുന്നു. അതാണ് സോവിയററ് വ്യാപാരത്തിൻെറ 50

ശതമാനവും. അല്പവികസിതരാജ്യങ്ങളുമായി സോവിയററ് യൂണിയൻ നടത്തുന്ന വ്യാപാരം അതിൻെറ 14% മാത്രമാണ്. അതിൽ ഏറെയും നടക്കുന്നതു് വിയററ്നാമും ക്യൂബയുമായിട്ടാണ്. സോവ്യററ്യൂണിയൻ ക്യൂബയുടെ പഞ്ചസാര വാങ്ങുന്നതു് ലോകനിലവാരത്തിനേക്കാൾ രണ്ടര ഇരട്ടി വിലക്കാണ്. അതിലാർക്കും സംശയമില്ല. അതു് വളരെ കനത്ത ഒരിളവാണ്. മററുള്ളവർ ഇടക്കിടക്കു പറയുന്ന ഇന്ത്യയെ സംബന്ധിച്ചാണെങ്കിൽ അതുമായി സോവിയററ്യൂണിയൻ നടത്തുന്ന വ്യാപാരം വെറും ഒന്നോ രണ്ടോ ശതമാനം മാത്രമാണ്: അവിടെപോലും പാശ്ചാത്യരാജ്യങ്ങളെ അപേക്ഷിച്ച് സോവിയററ് യൂണിയനുമായുള്ള ഇന്ത്യയുടെ വ്യാപാരം കൂടുതൽ അനഭിലഷണീയമാണെന്നതിന് യാതൊരു തെളിവുമില്ല. ഏതെങ്കിലും ചൂഷണം നടക്കുന്നുണ്ടെന്നതിന് യാതൊരു തെളിവുമില്ല. ചിലപ്പോൾ അങ്ങനെവരുത്തിത്തീർക്കാനായി അവർ അനവസരത്തിലെ കാര്യങ്ങൾ പറയുന്നു. ലോകബാങ്കിനോ ഐക്യരാഷ്ട്രസഭക്കോ മററോവേണ്ടി ജോലിചെയ്യു, സോവിയററ്വിരുദ്ധയായ ദത്താറിനുപോലും അത്തരം ചൂഷണത്തിന് തെളിവുകളില്ലെന്ന് സമ്മതിക്കേണ്ടി വന്നു. ഇന്ത്യൻ കമ്മ്യൂണിസ്ററ് പാർട്ടി (എം. എൽ.) ഇന്ത്യയുടെ പ്രധാനപ്പെട്ട 15 കയററുമതി ചരക്കുകളെപററി പഠിച്ചപ്പോൾ സോവിയററ്യൂണിയൻ ലോകനിലവാരത്തിനേക്കാൾ ഉയർന്ന വിലയാണ് നൽകുന്നതെന്ന് ഉറപ്പിച്ചു പറയുകയുണ്ടായി. 15 ൽ 12 ഓ 11ഓ എണ്ണത്തിൻെറ കാര്യത്തിലാണെന്നു തോന്നുന്നു അതു്. അതായതു് ഇന്ത്യയെക്കുറിച്ചുപോലും യാതൊരു തെളിവുകളുമില്ല.

സോവിയററ് യൂണിയനിൽ തൊഴിലാളിവർഗത്തിൻെറ അധികാരം പ്രയോഗിക്കപ്പെടുന്നതിന് ധാരാളം മാർഗങ്ങളുണ്ടെന്ന് ഞാൻ കരുതുന്നു. ചട്ടക്കൂടിനേയും ഉപകരണപരതയേയും സംബന്ധിച്ച പ്രവർത്തനങ്ങളെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞിട്ടുണ്ട്. ഇതിനകത്തു് ഏറെ ആശയക്കുഴപ്പവും, നവീന ഇടതുപക്ഷവാദവും സിൻഡിക്കലിസവും കടന്നുവന്നിട്ടുണ്ടെന്ന് ഞാൻ കരുതുന്നു. അടിസ്ഥാന അധികാരത്തിൻെറ പ്രശ്നത്തെ സംബന്ധിച്ച ദൈനംദിന മാനേജീരിയൽ പ്രവർത്തനത്തിൻെറ നിയന്ത്രണത്തിലാണ് ഈ ആശയക്കുഴപ്പമുള്ളതു്. പാശ്ചാത്യ രാജ്യങ്ങളിലെ മുതലാളിമാർക്ക് മാനേജർമാരെ വാടകക്കെടുക്കാൻ കഴിയുമെങ്കിൽ; ഫോർഡ് മോട്ടോർ കമ്പനിയുടെ അദ്ധ്യക്ഷനായിരുന്ന മക്നാമറയെ ഭരണവർഗത്തിൻെറ ഭാഗമാക്കുമായിരുന്നോ? ഇല്ല, ഫോർഡ് കുടുംബത്തിന് മക്നാമറയെ *വാടക്കെടുക്കാൻ* കഴിയും. അപ്പോൾ അമേരിക്കയിൽ നിങ്ങളൊരു മാനേജരായിരിക്കുന്നതുകൊണ്ട് ഭരണവർഗത്തിൻെറ ഭാഗമാകുന്നില്ല എന്ന കാര്യത്തിൽ യാതൊരു ആശയകുഴപ്പവുമില്ല. അപ്പോൾ തൊഴിലാളിവർഗത്തിന് ഒരു മാനേജരെ വാടകക്കെടുക്കാൻ തീർച്ചയായും കഴിയും. തൊഴിലാളികൾ സ്വയം

മാനേജർമാരാവുകയും അവരുടെ എല്ലാ ജീവിതമണ്ഡലങ്ങളിലും നേരിട്ടുള്ള പങ്കാളിത്തം ഉണ്ടായിരിക്കുകയും ചെയ്യേണ്ടതരത്തിലുള്ള ഒരു സിൻറിക്കലിസ്ററ് മാതൃകയിലോ അരാജകമാതൃകയിലോ ഉള്ള ഒരു സമൂഹമല്ല നമ്മുടേത്. അതു് ഏതാണ്ട് ടോം ഹെയ്ഡൻേറയോ (Tom Hayden) SDS ൻേറയോ അതുപോലുള്ള മററാരുടേയോ ഉദ്ധരണിപോലെയാണ്. നമുക്ക് അതിനേക്കാറം കൂടുതലറിയാം. നാം സംസാരിക്കുന്നത് വർഗാധികാരത്തെക്കുറിച്ചാണ്, അതുകൊണ്ട് സൈദ്ധാന്തികമായി സോഷ്യലിസം വളരെ കേന്ദ്രീകൃതമോ ഏറെക്കുറെ വികേന്ദ്രീകൃതമോ ആകാം. പ്രസക്തമായ ഒരേയൊരു ചോദ്യം ഇതാണ്. തൊഴിലനുസരിച്ച് വിതരണം നടക്കുന്ന, സാമൂഹ്യവത്കൃത സമ്പദ്‌വ്യവസ്ഥയിലുള്ള ഒരു തൊഴിലാളിവർഗ അധികാരമാണോ അതു്? ഇതാണ് പ്രശ്നം.

മാനേജർമാർ മുതലാളിമാരാകാൻ ആഗ്രഹിച്ചേക്കാമെന്നും, അവർ സവിശേഷാധികാരങ്ങറം ആഗ്രഹിച്ചേക്കാമെന്നും, വ്യക്തിപരമായി അവർ ഉൽക്കർഷേച്ഛുക്കളാണെന്നുമുള്ള സിദ്ധാന്തം വാദത്തിനുവേണ്ടി നമുക്കംഗീകരിച്ചുകൊടുക്കാമെന്നുവയ്ക്കുക. അവർ അധികാരദാഹികളാണ്, അവർ ചുററുപാടുമുള്ള ജനങ്ങളെ കീഴൊതുക്കിനിൎത്താനാഗ്രഹിക്കുന്നു, അവർ മുതലാളിമാരാവാൻ രഹസ്യമായി ആഗ്രഹിക്കുന്നു എന്നെല്ലാം സമ്മതിക്കുക. പക്ഷേ യഥാൎത്ഥ ലോകത്തിൽ അതെങ്ങനെയാണു സംഭവിക്കുക. മക്നാമറ ഫോർഡ് മോട്ടോർ കമ്പനിയുടെ തലവനായിരുന്നപ്പോഠം തൻെറ സവിശേഷാധികാരങ്ങറം നിലനിർത്താനും വരുമാനം വർധിപ്പിക്കാനും അദ്ദേഹം ആഗ്രഹിച്ചിരുന്നെങ്കിൽ അതു് എങ്ങനെയാണ് കഴിയുമായിരുന്നതെന്നു് നിങ്ങറംക്കു പറയാമോ? ആ കുത്തകയുടെ ലാഭം, ഫോർഡ് കുടുംബത്തിൻെറ ലാഭം പരമാവധി വർധിപ്പിച്ചുകൊണ്ടേ അതു സാധിക്കുമായിരുന്നുള്ളൂ. കാരണം അതാണ് മുതലാളിത്ത ഉൽപാദനസമ്പ്രദായത്തിൻെറ യുക്തി. അപ്പോഠം ഒരു സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയിൽ മാനേജർമാർ തങ്ങളുടെ ജോലി നിലനിൎത്തണമെന്നാഗ്രഹിച്ചാൽ എന്താണു സംഭവിക്കുക? അതെ, അവർ സോഷ്യലിസ്ററ് ഉൽപാദനസമ്പ്രദായത്തിൻെറ യുക്തിയെ പരമാധി വികസിപ്പിക്കും. സാഹചര്യങ്ങറം നേതാക്കന്മാൎക്ക് ചട്ടക്കൂടുകളുടേതായ പരിമിതികറം കൽപിക്കുന്നു. അപ്പോഠം അവൎക്ക് തങ്ങളുടെ ഉൽക്കർഷേച്ഛകളെ വഴിതിരിച്ചുവിടേണ്ടിവരുന്നു. അപ്പോഠം അവർ രഹസ്യമായി മുതലാളിത്ത ചിന്താഗതിക്കാരാണെങ്കിൽപോലും തങ്ങളുടെ ജോലികറം നിലനിർത്താനായി അവൎക്ക് സോഷ്യലിസ്ററുകളെപ്പോലെ പ്രവർത്തിക്കേണ്ടിവരുന്നു. തീർച്ചയായും എനിക്ക് അതു മതി. മിക്കവാറും തൊഴിലാളികറംക്കും അതു മതിയാകുമെന്ന് ഞാൻ കരുതുന്നു. നേതാക്കറം സോഷ്യലിസ്ററുകളെപ്പോലെ പ്രവൎത്തിക്കുന്നുവെങ്കിൽ, ഒരിക്കൽക്കൂടെ, ഒരു വസ്തുവിന് കാപ്പി

യുടെ ഗന്ധമുള്ളതാണെങ്കിൽ, കാപ്പിയുടെ രുചിയുള്ളതാണെങ്കിൽ, കാപ്പിയെപ്പോലെയാണ് കാണപ്പെടുന്നതെങ്കിൽ, അതു് രഹസ്യമായി ചായയായിരുന്നാലും അതു് കാപ്പിയാകാനാണ് കൂടുതൽ സാദ്ധ്യത. അല്ലാതെ പുതിയൊരുതരം ചായയാവാനല്ല! അതേതെങ്കിലും ഗൂഢോദ്ദേശ്യങ്ങളുടേയോ ലെനിൻെറ പോലുമോ പ്രശ്നമല്ല അവർ എന്തുചെയ്യുന്നു എന്നതാണ് പ്രശ്നം. ഉൽപാദനസമ്പ്രദായത്തിൻെറ യുക്തി എന്താണെന്നതാണ് പ്രശ്നം. എന്താണതിൻെറ ഫലം എന്നതാണ് പ്രശ്നം. ഏതുവർഗമാണ് അധികാരത്തിൽ എന്നതാണ് പ്രശ്നം എല്ലാതെളിവുകളും ശക്തമായി കാണിക്കുന്നതു് ഏതുതരം പുത്തൻ മുതലാളിയേക്കാളും സോവിയററ് യൂണിയനിൽ അധികാരത്തിലുള്ളതു് തൊഴിലാളിവർഗമാണെന്നാണ്.

വിവിധതരം സമ്പ്രദായങ്ങളെക്കുറിച്ച് വിശദീകരിക്കാൻ എനിക്കു സമയമില്ല. ചില കാര്യങ്ങളിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുക മാത്രം ചെയ്യട്ടെ. ഒന്നുകൂടി പറയട്ടെ, സോവിയററ് യൂണിയനിലെ നേതാക്കളിൽ 80 ശതമാനവും തൊഴിലാളി വർഗത്തിൻേറയോ കർഷകരുടേയോ പശ്ചാത്തലത്തിൽനിന്നു വന്നവരാണ്. അതേസമയം അമേരിക്കയിലാകട്ടെ അതു് രണ്ടോ മൂന്നോ ശതമാനം മാത്രമാണ്. രാജ്യത്തെ തൊഴിലാളിവർഗ സ്വാധീനത്തിൻെറ ഒരു ശക്തമായ സമ്പ്രദായമാണതു്. കഴിഞ്ഞ 15 വർഷമായി കമ്മ്യൂണിസ്ററ് പാർട്ടിയിലേക്ക് പുതുതായി റിക്രൂട്ട ചെയ്യപ്പെട്ടിട്ടുള്ളവരിൽ 58 ശതമാനവും തൊഴിലാളി വർഗത്തിൽ നിന്നുള്ളവരാണ്. ഇന്നു് സി. പി. എസ്. യു. മെമ്പർമാരിൽ 45 ശതമാനവും തൊഴിലാളികളാണ്. 1956ൽ അതു് 32 ശതമാനം മാത്രമായിരുന്നു. ഇന്നു് പാർട്ടിയെ സംബന്ധിച്ചേടത്തോളം തൊഴിലാളികൾ അന്നത്തേക്കാളും കൂടുതൽ വലിയ പങ്കുവഹിക്കുന്നു. പ്രാദേശിക സോവിയററുകളുടേയോ സുപ്രീം സോവിയററിൻേറയോ കാര്യമെടുത്താൽ 50കളുടെ മദ്ധ്യകാലത്തു് മൊത്തം പ്രതിനിധികളുടെ 14 ശതമാനം പേർ മുഴുവൻ സമയപ്രവർത്തകരായിരുന്നു. ഞാനുദ്ദേശിച്ചതു്, അവർ ജോലി ചെയ്തിരുന്നു, അവർക്കു ജോലിയുണ്ടായിരുന്നു, അവർ ഹ്രസ്വകാല അവധിയെടുത്തിരുന്നു എന്നാണ്. ഇന്നു് മുഴുവൻ സമയപ്രവർത്തകരുടെ സംഖ്യ 40 ശതമാനമാണ്. കേന്ദ്രകമ്മിററി അംഗങ്ങളിൽ 5 ശതമാനം പേർ മാത്രം ഉരുക്കു ജോലിക്കാരാണെന്നു പറയുന്നതു് ശരിയായിരിക്കയില്ല—അതൊരു നിസ്സാരമായ വാദഗതിയാണ്. നിങ്ങൾക്കെങ്ങനെയാണ് ഒരു രാജ്യത്തിൻെറ നേതാവായിരിക്കുകയും 40 മണിക്കൂർ ഉരുക്കു വ്യവസായശാലയിൽ പണിയെടുക്കുകയും, പിന്നീട് പോയി ഒരു കേന്ദ്രകമ്മിററി അംഗത്തിൻെറ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കാനും കഴിയുക? തീർച്ചയായും നിങ്ങൾക്കു കഴിയില്ല. രണ്ടു മുഴുവൻ സമയ പ്രവൃത്തികൾ ചെയ്യാൻ നിങ്ങൾക്കു കഴിയില്ല. നിങ്ങൾക്കതു കഴിയുമെന്നു കരുതുന്നതു് ശരിയല്ല. അവർ ഏതു വർഗത്തിൽ

നിന്നു വരുന്നു എന്നതാണ് പ്രശ്നം. അവർ ഏതു വർഗത്തെ സേവിക്കുന്നു എന്നതാണ് കൂടുതൽ പ്രധാനപ്പെട്ട പ്രശ്നം. അവക്ക് രാത്രി വന്ന് കേന്ദ്രക്കമ്മിററി ഉത്തരവാദിത്തങ്ങൾക്കുവേണ്ടി പ്രവത്തിയെടുക്കാൻ കഴിയുമോ? അങ്ങനെയാണെങ്കിൽ ഒരു കഴിവുററ രാഷ്ട്രം കെട്ടിപ്പടുക്കാൻ നിങ്ങൾക്കു കഴിയില്ല. ലെനിനും സ്ററാലിനും ഒരു ഫാക്ടറിയിൽ പോയി 40 മണിക്കൂറുകൾ പണിയെടുത്തശേഷമാണോ രാഷ്ട്രീയപ്രവത്തനം നടത്തിയിരുന്നതു്? അവരങ്ങനെ ചെയ്യിരുന്നില്ലെന്നതിന്റെ അടിസ്ഥാനത്തിലാണോ നിങ്ങൾ അവരുടെ രാഷ്ട്രീയലൈനിനെ വിലയിരുത്തുന്നതു്? തീർച്ചയായും അങ്ങനെയല്ലല്ലോ.

സോവിയററ് യൂണിയനിലെ സഹായകപോലീസിന്റേയും ജനകീയമിലീഷ്യയുടേയും പ്രസക്തി കഴിഞ്ഞ 20 വർഷങ്ങളായി ഏറെ വർദ്ധിച്ചിട്ടുണ്ട്. ഇന്ന് മിലീഷ്യയിൽ (Popular militia) ഏതാണ്ട് 6 ദശലക്ഷവും സഹായകപോലീസിൽ 7 ദശലക്ഷവും ജനങ്ങളുണ്ട്. സാമാന്യം ഉയർന്ന നിലവാരത്തിലുള്ള ഒരു പങ്കാളിത്വത്തെ സോവ്യററ്യൂണിയനിലെ എല്ലാവരും ആശ്രയിക്കുന്നു. അപ്പോൾ അവിടെ ഉണ്ടെന്ന് ആരോപിക്കപ്പെടുന്ന മുതലാളിവർഗ്ഗത്തിന് ഏതെങ്കിലും ജനവിരുദ്ധകൃത്യം നിർവ്വഹിക്കേണ്ടതുണ്ടെങ്കിൽ തന്നെ അതിന് വമ്പിച്ച പരിമിതികളെ നേരിടേണ്ടതുണ്ട്. കാരണം അവിടുത്തെ ജനങ്ങൾ ഏറെ വിദ്യാസമ്പന്നരും അവിടുത്തെ തൊഴിലാളി വർഗ്ഗം വളരെ വലുതുമാണ്. അപ്പോൾ 50കൾ വരെയുള്ള 40 കൊല്ലക്കാലത്തെ സോഷ്യലിസ്റ്റ്വിദ്യാഭ്യാസത്തിനുശേഷവും അവിടെ മുതലാളിത്തത്തിന് അധികാരം പിടിച്ചെടുക്കാൻകഴിഞ്ഞുവെന്നുപറഞ്ഞാൽ ഈ ജനങ്ങളേയും തൊഴിലാളികളേയും അവഹേളിക്കുക എന്നാണർത്ഥം. സ്റ്റാലിൻ വിരുദ്ധനീക്കത്തിനെതിരെ ജോർജിയയിൽ നടന്ന ഒന്നുരണ്ടു പ്രകടനങ്ങളൊഴിച്ചാൽ തൊഴിലാളികളുടെ ഭാഗത്തുനിന്നും ഒരു പ്രകടനം പോലുമുണ്ടായില്ല. പിന്നെയല്ലേ സായുധസമരം. തൊഴിലാളികളെ (അതും സോഷ്യലിസ്ററ് വിദ്യാഭ്യാസത്തിലൂടെ വളർന്നുവ.ഒന്നവരെ) എളുപ്പത്തിൽ വഞ്ചിക്കാനാവുമെന്ന വാദം എത്രമാത്രം അപഹാസ്യമാണെന്നാണതു് കാണിക്കുന്നതു്.

അപ്പോൾ സോവിയററ് യൂണിയനിലെ വർദ്ധിച്ചുവരുന്ന സമത്വം ഏറിവരുന്ന പങ്കാളിത്തബോധത്തിന്റെ ശക്തമായ തെളിവാണ്. അതു് ജനകീയമിലീഷ്യയിലോ, സഹായപോലീസിലോ, സുപ്രീം സോവിയററിലോ കമ്മ്യൂണിസ്ററ് പാർട്ടിയിലോ മാത്രമല്ല, മറിച്ച് ലൈനിൽ മുഴുവനും തന്നെ, ജനകീയ കൺട്രോൾ കമ്മീഷനിലും, പാർപ്പിടകേന്ദ്രങ്ങളുടെ നടത്തിപ്പിലും, തൊഴിലാളികൾക്ക് പങ്കാളിത്തമുള്ള എല്ലാ മണ്ഡലങ്ങളിലും 30 വർഷങ്ങൾക്കു മുമ്പുണ്ടായിരുന്നതിനേക്കാളേറെ തൊഴിലാളികളുടെ പങ്കാളിത്തം ഇന്നുണ്ട്. ഈ പങ്കാളിത്തം ഉന്നതവിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ തൊഴിലാ

ളിവർഗ്ഗത്തിനുള്ള പദവിയുടെ സമൂലമായ പുരോഗതിയുമായി ഒരുമിച്ചാണ് നിലകൊള്ളുന്നതു്. ഈ പങ്കാളിത്തം യാഥാർത്ഥ്യമാണെന്നും കൃത്രിമമല്ലെന്നതിനുമുള്ള ശക്തമായ തെളിവാണ് ഈ വസ്തുത. പ്രത്യേകിച്ചും ജനങ്ങളുടെ വിദ്യാഭ്യാസ നിലവാരത്തിന്റെ പശ്ചാത്തലത്തിൽ.

അപ്പോഴാം സോവിയററ് സമൂഹത്തിന്റെ ചലനം അതിന്റെ സാമൂഹ്യമായ ചിട്ടപ്പെടുത്തലിന്റെ ഒരുല്പന്നമാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. അല്ലാതെ അതിന്റെ ഉന്നതരായ അധികാര സ്ഥാനീയരുടെ ഇച്ഛകളോ, അധികാരമോഹമോ അല്ല അതിനു കാരണം. സോഷ്യലിസ്ററ് ഉല്പാദന സമ്പ്രദായമെന്നതു് അതിജീവനശേഷിയുള്ള ഒരു ഉല്പാദന സമ്പ്രദായമാണ്. ഏതൊരു ഉല്പാദന സമ്പ്രദായത്തേയും പോലെ അതിജീവനശേഷിയുള്ള ഒന്നാണ് അതും. ഏതൊരു ഉല്പാദനസമ്പ്രദായത്തേയും അതിന്റെ സ്വന്തം യുക്തി കൊണ്ടാണ് മനസ്സിലാക്കേണ്ടതു്. അതിപ്രധാനമായ ചട്ടക്കൂടിന്റേതായ രണ്ടു കാര്യങ്ങളുണ്ട്. നേതാക്കന്മാർ രഹസ്യമായി മുതലാളിത്ത ചിന്താഗതിക്കാരാണെങ്കിലും ഉള്ളിൽ അധികാര മോഹികളാണെങ്കിലും സ്വന്തം പദവികൾ നിലനിർത്താനായി അവർക്ക് സോഷ്യലിസ്ററുകളെപ്പോലെ പ്രവത്തിക്കേണ്ടതായി വരുന്നു. കാരണം ജനങ്ങളെ പഠിപ്പിച്ചിരിക്കുന്നതു് സോഷ്യലിസ്ററ് ആശയങ്ങളാണ്. അതു് മാദ്ധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്നു. ഒരു കരുതൽ തൊഴിൽ സേനയില്ലാതെ തന്നെ ഉല്പാദനക്ഷമത ഉയർന്ന നിലയിൽ നിർത്തണമെങ്കിൽ അവർക്ക് ജനങ്ങളെ അണിനിരത്തണം. ഗവണ്മെൻറിന്റേയും പാർട്ടിയുടേയും ലക്ഷ്യമെന്ന നിലയിൽ ഏവരും പഠിക്കുന്ന സാമൂഹ്യനീതി അവർക്ക് ലഭ്യമാകേണ്ടതാണ്. അവർക്ക് പങ്കാളിത്തം വർദ്ധിപ്പിക്കണം. സമൂഹത്തിലെ സമത്വം വർദ്ധിപ്പിക്കണം. അല്ലെങ്കിൽ നിങ്ങളൊരു ന്യായാനുസൃതമല്ലാത്ത പ്രതിസന്ധിയെ അഭിമുഖീകരിക്കേണ്ടിവരും. ആത്മവിശ്വാസമില്ലായ്മയെ അഭിമുഖീകരിക്കേണ്ടിവരും. സോഷ്യലിസ്ററുകളെപ്പോലെ പ്രവർത്തിച്ചില്ലെങ്കിൽ രാജ്യം പ്രവർത്തിക്കുകയേയില്ല.

വീണ്ടും അതൊരു സോഷ്യലിസ്ററ് സമൂഹത്തെപ്പോലെയാണ് പ്രവർത്തിക്കുന്നതെങ്കിൽ ......ഭൗതികശാസ്ത്രജ്ഞന്മാർ ചിലപ്പോഴാം ഒരു കറുത്ത പെട്ടിയെക്കുറിച്ച് പറയാറുണ്ട്. അതിനകത്തു് എന്താണെന്ന് നമുക്ക് കൃത്യമായ ധാരണയില്ലെങ്കിൽ അതിൽനിന്നു് പുറത്തുവരുന്ന വസ്തുവിനെ അടിസ്ഥാനപ്പെടുത്തി അകത്തെന്തായിരിക്കുമെന്നതിനെക്കുറിച്ച് നാം ചില അനുമാനങ്ങളുണ്ടാക്കുന്നു. വ്യക്തിപരമായി പറഞ്ഞാൽ അത്തരത്തിൽ കാര്യങ്ങളെ നോക്കിക്കാണാൻ തുടങ്ങിയപ്പോഴാണ് എന്റെ മനസ്സു മാറുകയും അവസാനം ഒരു മാവോയിസ്ററായിരുന്ന ഞാൻ സോവിയററുയൂണിയൻ സോഷ്യലിസ്ററ് രാജ്യ

മാണെന്ന നിഗമനത്തിൽ എത്തിയതും. എന്താണ് സംഭവിക്കു ന്നതെന്നും അതിൻെറ അനന്തരഫലമെന്തെന്നും ശ്രദ്ധിക്കുകയും സോഷ്യലിസ്ററ് സമാഹരണം എങ്ങനെയിരിക്കുമെന്ന് മനസ്സിലാക്കുകയും ചെയ്താൽ അതിൻെറ അടിസ്ഥാനത്തിൽ ആ കറുത്ത പെട്ടി എങ്ങനെയാണ് പെരുമാറുന്നതെന്ന് കണ്ടെത്തുക യും ചെയ്യാം. ഒരു വിദേശനയം എങ്ങനെയായിരിക്കണം? അ തേ, എങ്ങനെയാണോ ഈ കറുത്ത പെട്ടി പ്രവർത്തിക്കുന്ന തായി തോന്നുന്നത് അങ്ങനെയായിരിക്കണം അത്. അവി ടെ കൂടുതൽ കൂടുതൽ സമത്വം ഉണ്ടായിരിക്കുമോ? അവിടെ സാമൂഹ്യവേതനം വർദ്ധിക്കുകയും ഭൗതികപ്രചോദനം കുറയുക യും ചെയ്യുമോ? എല്ലാററിനേയും കുറിച്ച് എനിക്ക് ചിന്തി ക്കാനാവും. അത് സോഷ്യലിസ്ററാണെന്ന് തോന്നിക്കുന്നു. അപ്പോൾ കറുത്ത പെട്ടിയിലെ വസ്തുവിനെക്കുറിച്ചുള്ള ഏററവും സംഭാവ്യമാകാവുന്ന അനുമാനം അത് സോഷ്യലിസമാണെ ന്നാണ്. തൊഴിലാളിവർഗ്ഗ അധികാരത്തിൻെറ സമ്പ്രദായമെ ന്നവകാശപ്പെടുന്ന അവിടുത്തെ പരസ്പരപങ്കാളിത്തം ശരിയാ കാനാണ് സാദ്ധ്യത. അല്ലാതെ ആരുടേയും ശ്രദ്ധയിൽപെടാ തെ രഹസ്യമായി മുതലാളിമാരായിരിക്കുകയും സോഷ്യലി സ്റ്റുകളെപ്പോലെ പെരുമാറുകയും ചെയ്യുന്ന പുതിയ ഒരു തരം മുതലാളിത്തമായിരിക്കാൻ അതിന് യാതൊരു സാദ്ധ്യതയു മില്ല.

അവസാനമായി, സോഷ്യലിസത്തെക്കുറിച്ചുള്ള മാവോ യിസ്റ്റ് നിർവ്വചനങ്ങൾ മാർക്സിസ്ററേതരമാണെന്നും, അവ ആശയവാദപരമാണെന്നും, മാർക്സിസത്തിൻെറ അടിസ്ഥാ നവിഭജനങ്ങളെ അത് സ്വീകരിക്കുന്നില്ലെന്നും, അവയ്ക്ക് മാർ ക്സിനേക്കാളോ ലെനിനെക്കാളോ കൂടുതൽ മൈക്കേൽസ്, മാക്സ്വെബർ തുടങ്ങിയവരുടെ ക്ലാസ്സിക്കൽ യാഥാസ്ഥിതി ക സാമൂഹ്യസിദ്ധാന്തങ്ങളുമായാണ് ബന്ധമുള്ളതെന്നും തെളിയി ച്ചുകഴിഞ്ഞിരിക്കുന്നു എന്നാണ് ഞാൻ കരുതുന്നത്. ഒരു മുത ലാളിത്തപുന:സ്ഥാപനം നടന്നു എന്നു കാണിക്കാൻ അനിവാ ര്യമായും തെളിയിക്കേണ്ട നാലു കാര്യങ്ങളിൽ ഏതെങ്കിലുമൊ ന്ന് തെളിയിക്കാൻ മാവോയിസത്തിനുകഴിഞ്ഞിട്ടില്ല. സോ വിയററ്യൂണിയനിലെ സമാഹരണപ്രക്രിയ മുതലാളിത്തവുമാ യി ഏതെങ്കിലുംതരത്തിൽ സമാനമാണെന്നതിന് വസ്തുനിഷ്ഠമാ യ തെളിവുകൾ വയ്ക്കുന്നതിൽ അത് പരാജയപ്പെട്ടിരിക്കുന്നു. അ വിടെ സമാഹരണത്തിനുവേണ്ടിയുള്ള സമാഹരണമാണു നടക്കു ന്നതെന്നും അദ്ധ്വാനശക്തി ഒരു ചരക്കാണെന്നുമുള്ള വാദങ്ങൾ അടിസ്ഥാനരഹിതമായ ഊഹങ്ങളാണ്. സോവിയററ്യൂണി യനിലെ തൊഴിലാളിവർഗ അധികാരത്തെയോ, സാമ്പത്തിക പ്രക്രിയയെയോ നാം പരിശോധിക്കുകയാണെങ്കിൽ അത് ഒരു സോഷ്യലിസ്ററ് വ്യവസ്ഥയാണെന്ന നിലയിലാണ് പ്രത്തി ക്കുന്നത്. മറിച്ചൊരു നിലപാടിന് യാതൊരു തെളിവുകളുമില്ല.

വാസ്തവത്തിൽ സോവിയററ്യൂണിയനിൽ നിശ്ചയമായും നിലനില്ക്കുന്നതു് തൊഴിലാളിവർഗഅധികാരമാണു്. എന്നുമാത്രമല്ല രാജ്യത്തെ ആ തൊഴിലാളിവർഗസ്ഥാനം പുരോഗതി പ്രാപിച്ചിട്ടുണ്ടു്, ഏതാണ്ടു് ഗുണപരമായിതന്നെ പുരോഗമിച്ചിട്ടുണ്ടു്—മുതലാളിത്തം പുനഃസ്ഥാപിക്കപ്പെട്ടു എന്നു് അവകാശപ്പെടുന്ന കാലയളവിൽ അതിൻെറ ഉല്പാദന സമ്പ്രദായത്തിനു് മാററം സംഭവിച്ചിട്ടില്ല; അതുകൊണ്ടു് ഗുണപരമായിമാറി എന്നു ഞാൻ പറയുന്നില്ല—മാത്രമല്ല സോവിയററ് സാർവ്വദേശീയബന്ധങ്ങൾ സ്വഭാവത്തിൽ നിശ്ചയമായും സോഷ്യലിസ്ററും സാർവ്വദേശീയവുമാണ്.

മാവോയിസ്ററ് വാദമുഖങ്ങളെല്ലാം ഇവിടെ തകർന്നുവീഴുന്നു. സൈദ്ധാന്തികതലത്തിൽ അതു് മാർക്സിസ്ററേതരമാണ്. അതിനു് പ്രത്യക്ഷ തെളിവുകളില്ല. മാത്രമല്ല അതിൽനിറയെ ഇത്തരം വൈരുദ്ധ്യങ്ങളുമാണ്. ഒന്നുകിൽ ആണ് എന്നും അതേസമയം അല്ല എന്നും പറയുന്ന വാദമാണതു്. അല്ലെങ്കിൽ തുടങ്ങിയേടത്തവസാനിക്കുന്ന സംവൃതവാദമാണതു്. മാവോയിസ്ററ്വാദങ്ങൾ അടിസ്ഥാനപരമായിചെയ്യുന്നതു് നമ്മുടെ വിവേചനങ്ങളോട് അഭ്യർത്ഥിക്കുകമാത്രമാണ്. എവിടെനിന്നാണ് നമുക്കീ വിവേചനങ്ങൾ ലഭിച്ചതു്? നമ്മളിലേറെപ്പേരും വളർന്നതു് ഏതെങ്കിലുമൊരു കമ്മ്യൂണിസ്ററുവിരുദ്ധരാജ്യത്താണ്. അവിടെ അമ്മയുടെ മുലപ്പാലിനോടൊപ്പം കമ്മ്യൂണിസ്ററ് വിരുദ്ധവും സോവ്യററ് വിരുദ്ധവുമായ വാദങ്ങളെ ഉൾക്കൊണ്ടു. എല്ലാദിവസവും സോവിയററ്യൂണിയൻ എത്രമാത്രം ചീത്തയും ഭീകരവുമാണെന്നു് വാർത്താമാദ്ധ്യമങ്ങളും ടെലിവിഷനും നമ്മോടുപറയുന്നു. അറുപതുകളുടെ അവസാനത്തിൽ S. D. S ദിനങ്ങളിൽ ഞാനൊരു മാവോയിസ്റ്റായപ്പോൾ സാംസ്കാരികവിപ്ലവത്തെ പിന്താങ്ങുന്നവരിലൊരാളാകാൻ എളുപ്പമായിരുന്നു. കാരണം എനിക്കു് എൻെറ സോവിയററ് വിരോധത്തെ ഒരിക്കലും വെല്ലുവിളിക്കേണ്ടിവന്നിട്ടില്ല. സോവിയററ്യൂണിയനെക്കുറിച്ചു് അവർ പറഞ്ഞതെല്ലാം ശരിയായിരുന്നു. മാവോ സെതുങ്ങാണതു് പറഞ്ഞതു്. ചൈനയിലും S. D. S കൊളംബിയ സമരംപോലെ ഒന്നുണ്ടായിരുന്നു. അതു് അധികാരത്തിനും തൊഴിൽവിഭജനത്തിനും എതിരായിരുന്നു. പ്രൊഫസർമാർ പണിയെടുക്കേണ്ടിയിരുന്നു. ഇക്കാര്യങ്ങളെല്ലാം പറഞ്ഞിരുന്ന വാർത്താമാദ്ധ്യമങ്ങളെ യാതൊരു ബുദ്ധിമുട്ടുമില്ലാതെ, ചോദ്യംചെയ്യാൻ വിസമ്മതിക്കുകയാണ് ഞങ്ങൾ ചെയ്തതു്. കാര്യങ്ങളെ വിമർശനാത്മകമായി വിലയിരുത്തേണ്ട സമയമായിരിക്കുന്നു എന്നു ഞാൻ കരുതുന്നു. സോവിയററ്യൂണിയനെക്കുറിച്ചു് ശ്രദ്ധാപൂർവ്വം പഠിക്കാനും, വാർത്താമാദ്ധ്യമങ്ങളുടെ വിവേചനങ്ങളെ മുഴുവൻ വെല്ലുവിളിക്കാനും, കുത്തകമുതലാളിത്തത്തിലൂടെ നമ്മുടെ തലയിൽ കയറിക്കൂടിയ സങ്കല്പനങ്ങളെ മുഴുവൻ പിഴുതെറി

യാനും സമയമായിരിക്കുന്നു. കുത്തകമുതലാളിത്തം നമ്മുടെ ചിന്തയേയും, മാർക്സിസ്റ്റ് വിഭജനങ്ങളെപ്പോലും മലിനമാക്കിയിരിക്കുന്നു. ഇതു് മാറണം.

എല്ലാ തെളിവുകളും സോവിയററ്യൂണിയൻ ഒരു സ്റേററ്-മുതലാളിത്തരാജ്യമാണെന്ന വാദത്തിനെതിരാണ്. വാസ്തവത്തിൽ, സോവിയററ്യൂണിയനിലെ ബുദ്ധിജീവി വിഭാഗത്തിലോ നാസി കടന്നാക്രമണത്തിലോ, ലോകത്തിലെ ആദ്യത്തെ സോഷ്യലിസ്ററ് രാജ്യമെന്ന നിലയിൽ സോവിയററ്യൂണിയനു നേരിടേണ്ടിവന്ന ബുദ്ധിമുട്ടുകൾ മൂലമോ മറേറതെങ്കിലും പ്രശ്നങ്ങൾ മൂലമോ എത്രമാത്രം വളച്ചൊടിക്കപ്പെട്ടാലും സോവിയററ്യൂണിയൻ സത്തയിൽ ഒരു സോഷ്യലിസ്ററ് രാജ്യവും ലോകവിപ്ലവങ്ങളുടെ ഒരു സുഹൃത്തുമാണ്.

# സോഷ്യൽ സാമ്രാജ്യത്വത്തിൻെറ യാഥാർത്ഥ്യങ്ങളും നിർമ്മമ യഥാതഥ വാദത്തിൻെറ കർക്കശപ്രമാണങ്ങളും തമ്മിൽ: സോവിയററ് മൂലധനരൂപീകരണത്തിൻെറ ബലതന്ത്രം

റെയ്മണ്ട് ലോട്ട

രണ്ടു ചെറുകവിതകൾ വായിച്ചുകൊണ്ട് എനിക്കു പറയാനുള്ള കാര്യങ്ങൾ ഞാൻ പറഞ്ഞുതുടങ്ങട്ടെ. ഈ ചർച്ചയിലെ വിവാദപ്രശ്നത്തെക്കുറിച്ചും സോവിയററ് യൂണിയനിലെ സോഷ്യലിസത്തിൻെറ വ്യതിചലനത്തെക്കുറിച്ചും ചില കാര്യങ്ങൾ ഈ കവിതകളിലുണ്ട്. സോവിയററ് സാഹിത്യത്തെക്കുറിച്ച് അടുത്തകാലത്ത് പുറത്തിറങ്ങിയ ഒരു അവലോകനത്തിൽ വേര ഡൺഹാം (Vera Dunham) സമാഹരിച്ച കവിതകളാണവ. ആദ്യത്തേതു് 1917ൽ വ്ളാദിമിർ കിറില്ലോവ് എഴുതിയ 'നമ്മൾ' എന്ന കവിതയാണ്.

നമ്മരം എണ്ണമില്ലാത്ത, കിടിലംകൊള്ളിക്കുന്ന
തൊഴിൽസേനയാണു്.

നമ്മരം കരയുടേയും കടലിൻേറയും വിസ്തൃതികരം
കീഴടക്കി

നിർമ്മിത സൂര്യന്മാരുടെ വെളിച്ചംകൊണ്ടു് നാം നഗരങ്ങളെ
പ്രകാശമാനമാക്കി

നമ്മുടെ ഉദ്ധ്യതമായ ആത്മാക്കരം വിപ്പവാഗ്നിയാൽ
ജ്വലിക്കുന്നു

ലഹരിപിടിപ്പിക്കുന്ന ആവേശം നമ്മളിൽ
ആത്തലച്ചിരമ്പുന്നു.

''നിങ്ങരം സൗന്ദര്യത്തിൻെറ ഘാതകരാണെന്നു്''
അവർ അട്ടഹസിച്ചോട്ടെ

നമ്മുടെ നാളെകളുടെ സമത്തിൽ നമുക്കു് റാഫേലിനെ
ചുട്ടുകളയാം

കാഴ്ചബംഗ്ലാവുകരം നശിപ്പിക്കാം, കലയുടെ പൂക്കളെ
ചവിട്ടിമെതിക്കാം.

1974 ലെ കവിതയുടെ ദിവസം എന്ന പ്രശസ്തമായ മോസ്കോ സാഹിത്യ സമാഹാരത്തിൽ തൊഴിലാളികളായ കവികളുടെ രചനകരംക്കുവേണ്ടി ഒരു ഭാഗംതന്നെ മാററിവച്ചിരുന്നു. കവിതകരം നിശ്ചയമായും വ്യത്യസ്തത പുലർത്തുന്നവയായിരുന്നു. ഉദാഹരണത്തിനു് ''തൊഴിൽരഹിതനാകുന്നതോർത്തു് ഞാൻ ഭയപ്പെടുന്നു'' എന്ന കവിത.

തൊഴിൽരഹിതനാകുന്നതോത്തു് ഞാൻ ഭയപ്പെടുന്നു.
തുണി മുറിക്കാനോ, തുന്നാനോ,
വൈക്കോൽ അടുക്കിയിടാനോ,
ഒരു ഉളി കൈകാര്യം ചെയ്യാനോ
ലോഹം അടിച്ചുചേർക്കാനോ
എനിക്കറിയില്ല.
എന്തെങ്കിലും ചെയ്യുന്നതു്
എങ്ങനെയാണെന്നറിയില്ല.
അതു് ആത്മാവില്ലാത്തതുപോലെയാണു്.

ഈ കവിത കെട്ടിപ്പടുത്തിരിക്കുന്നതു് ഉമെററ് (എങ്ങിനെയെന്നറിയുക) എന്ന ക്രിയയെ അടിസ്ഥാനപ്പെടുത്തിയാണു്. തൊഴിൽപരമായ മാന്യതയ്ക്കും പാടവത്തിനും വേണ്ടത്ര ഇളവുകരം നൽകുന്ന ഒരു സമൂഹത്തെ സംബന്ധിച്ചാണു് നാം ചർച്ച ചെയ്യുന്നതു്. അതാകട്ടെ ദാരുണമായ ഒരു സാങ്കേതികമേധാവിത്തത്തിലൂടെ (Technocraticism) പദവിക്കുവേണ്ടിയുള്ള തവരയെ വർദ്ധിപ്പിക്കുന്നു. അതുകൊണ്ടു് കവിതയെ സംബന്ധിച്ച എൻെറ അഭിപ്രായം ഏറെ പ്രകടമാണു്. തിരുത്തൽവാദികളെ സംബന്ധിച്ചേടത്തോളം കമ്മ്യൂണിസമെന്നതു് കൂടുതൽ ലഭിക്കാനായി കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതിൻെറ സമരമായി തീർന്നി

രിക്കുന്നു. ഇതു് ഗാഢമായ ഒരു യാഥാസ്ഥിതികസമൂഹമാണ്. ഹൈസ്കൂൾ ക്ലാസ്സുകളിലെ പൗരധർമ്മപാഠം പോലെയാണ് ഇവിടെ മാർക്സിസം സ്വീകരിക്കപ്പെടുന്നതു്. കലാപത്തിൻേറയും ഭാവിക്കുവേണ്ടിയുള്ള ബോധപൂർവ്വമായ സമരത്തിൻേറയും തത്വശാസ്ത്രമെന്നതിൽനിന്നും ഉന്നതപദവിക്കാരുടെ മതം എന്ന നിലയിലേക്ക് അതു് മാററപ്പെട്ടിരിക്കുന്നു നിർമ്മമതം വിലക്ഷണമായ ദേശീയതയുമായി ഇടകലരുന്നു. സ്ഥാപനങ്ങളെ സംബന്ധിച്ച് ഒരു കേന്ദ്രപദ്ധതിപോലുമില്ലാത്ത ഹംഗറിയേയും, വിദേശവ്യാപാരത്തിൽ ഒരു കുത്തക സ്വഭാവമുണ്ടെന്ന നാട്യംപോലും കയ്യൊഴിഞ്ഞ റുമാനിയയേയും എങ്ങനെയാണ് സോഷ്യലിസ്റ്റെന്നു് വിളിക്കാനാവുക? സോവിയററ് ആധിപത്യത്തിലുള്ള കോമിക്കോണിലും (COMECON) വാഴ്സാ സഖ്യത്തിലും വിശ്വസ്തരായ അംഗങ്ങളായിരിക്കുന്നതുകൊണ്ടോ?

മാവോയുടെ വിപ്ലവചൈനക്കും സാംസ്കാരികവിപ്ലവത്തിനും വിരുദ്ധമായ ഒരു സ്ഥാനത്താണ് സോവിയററ് സമൂഹം നിലനില്ക്കുന്നതു്. അവിടെ-വിപ്ലവചൈനയിൽ—സമൂഹത്തിൻെറ ഓരോ മണ്ഡലങ്ങളിലും പരിവർത്തനങ്ങളുണ്ടാക്കിയിരുന്നതു് ബഹുജനമുന്നേററങ്ങളായിരുന്നു: കലയെക്കുറിച്ച് ചർച്ചചെയ്യാനായി കർഷകർ വയലുകളിൽ ഒത്തുകൂടിയിരുന്നു. നിശ്ശബ്ദമായിരുന്ന പരീക്ഷണശാലകളിലേക്കു് കലാപകാരികളായ വിദ്യാർത്ഥികൾ വിപ്ലവരാഷ്ട്രീയം കൊണ്ടുവന്നു: അവിടെ 1968-ൽ അമേരിക്കയിലെ ആഫ്രിക്കക്കാരുടെ കലാപത്തെ പിന്തുണച്ചുകൊണ്ടു് ലക്ഷക്കണക്കിനു് ചൈനീസ് തൊഴിലാളികൾ തെരുവുകളിൽ പ്രകടനങ്ങൾ നടത്തി. ശാസ്ത്രീയസോഷ്യലിസവും കപടസോഷ്യലിസവും തമ്മിലുള്ള അടിസ്ഥാനപരമായ വിഭജനരേഖയെ സംബന്ധിച്ച് മാർക്സ് വിശദീകരിക്കുന്നുണ്ടു്.

''സോഷ്യലിസമെന്നതു് *വിപ്ളവത്തിൻെറ നൈരന്തര്യത്തെക്കുറിച്ചുള്ള പ്രഖ്യാപനമാണ്*, *വർഗപരമായ വിഭജനത്തെ പൊതുവിൽ നശിപ്പിക്കുന്നതിനുള്ള* അനിവാര്യമായ സംക്രമബിന്ദുവെന്ന നിലയ്ക്കുള്ള തൊഴിലാളിവർഗത്തിൻെറ *വർഗാധിപത്യമാണ്*, ഈ വിഭജനത്തിനടിസ്ഥാനമായ എല്ലാ ഉൽപാദനബന്ധങ്ങളുടേയും നാശമാണ്, ഈ ഉൽപാദനബന്ധങ്ങൾക്കനുസൃതമായ എല്ലാ സാമൂഹ്യബന്ധങ്ങളുടേയും നാശമാണ്, ഈ സാമൂഹ്യബന്ധങ്ങളിൽനിന്നുമുടലെടുക്കുന്ന എല്ലാ ആശയങ്ങളേയും വിപ്ലവവല്ക്കരിക്കുകയെന്നാണ്.

ഈ വിഭജനരേഖയുടെ ഏതുവശത്താണ് സോവിയററ് യൂണിയൻെറ സ്ഥാനം?

എന്നിട്ടും സോവിയററ് സോഷ്യൽ സാമ്രാജ്യത്വത്തിൻെറ മാപ്പുസാക്ഷികൾ പ്രസ്താവിക്കുന്നതു് അതാണ് ''യഥാർത്ഥത്തിൽ നിലനില്ക്കുന്ന സോഷ്യലിസ''മെന്നാണ്. സത്യസന്ധരും വിമർശനബുദ്ധിയുള്ളവരുമായ ആളുകൾക്കിടയിൽപോലും

ഇത്തരം വീക്ഷണങ്ങളുണ്ട്. അതിന് വലിയ ഒരളവുവരെ സ്വാധീനവുമുണ്ട്. സോവിയററ് യൂണിയന് എന്തു് കുററങ്ങളുണ്ടായിരുന്നാൽപോലും, സാധാരണഗതിയിൽ മുതലാളിത്തം എന്ന പേരുകൊണ്ട് വിവക്ഷിക്കപ്പെടുന്ന സമൂഹങ്ങളിൽ നിന്ന് അതു് ഗുണപരമായി വ്യത്യസ്തമാണെന്ന് അവർ കരുതുന്നു. എന്തൊക്കെയാണ് ഈ സവിശേഷതകൾ? സ്വകാര്യ ഉടമസ്ഥത വലിയ അളവിൽ അവസാനിച്ചിരിക്കുന്നു. സ്വകാര്യവിപണികളുടെ സ്വയോത്ഭവ പ്രവർത്തനത്തിനുപകരം ഒരു കേന്ദ്രപദ്ധതി നിലവിൽ വന്നിരിക്കുന്നു. ലക്ഷ്യപൂർണ്ണമായ സമ്പാദ്യം എന്നു വിളിക്കുന്നതിന് കൂടുതൽ സൗകര്യങ്ങൾ ലഭിക്കുന്നു. ആസൂത്രകരും അധികാരസ്ഥാനങ്ങളിലുള്ളവരും മററുള്ളവരുടെ സാമ്പത്തിക പ്രവർത്തനങ്ങളെ തടയുന്നില്ല. ബഹുജനസമ്മർദ്ദത്തോടു പ്രതികരിക്കാൻ നിലവിലുള്ള സംവിധാനത്തിൻെറ യുക്തി നേതാക്കൾക്ക് കൂടുതൽ കഴിവുനൽകുന്നു; അതായതു് തങ്ങളുടെ സ്ഥാനം നിലനിർത്തണമെങ്കിൽ അത്തരത്തിൽ പ്രതികരിക്കാതിരിക്കാൻ അവർക്ക് വയ്യ. ഇതിൽനിന്നുണ്ടാകുന്നതു് അങ്ങേയററം രാഷ്ട്രീയവത്ക്കരിച്ച ഒരു ഉൽപാദന സമ്പ്രദായമായിരിക്കും, ഒരുപക്ഷേ അതു് വിപ്ലവപരമായിരിക്കില്ല. എന്നാൽ നിർവ്വചനമനുസരിച്ച് അതിന് മുതലാളിത്തത്തിലേക്ക് തിരിച്ചുപോകാനും കഴിയില്ല.

സോവിയററ് സമൂഹം സോഷ്യലിസത്തെക്കുറിച്ചുള്ള മാർക്സിൻെറ വീക്ഷണങ്ങളുമായി യോജിക്കുന്നവയല്ല. മാത്രമല്ല അതു് മുതലാളിത്തസമൂഹമല്ല എന്നു തെളിയിക്കാനുള്ള ശ്രമങ്ങളിൽനിന്ന് പുറത്തുചാടുന്നതു് മുതലാളിത്തത്തേയും പ്രത്യേകിച്ച് സാമ്രാജ്യത്വത്തേയും അവയെ അതിജീവിക്കാനുള്ള മാർഗങ്ങളേയും കുറിച്ചുള്ള അടിസ്ഥാനപരമായിതന്നെ തെററായ വീക്ഷണങ്ങളാണ്. തിരുത്തൽവാദികളെ സംബന്ധിച്ചിടത്തോളം മുതലാളിത്തം ചില ഘടനാരൂപങ്ങളുമായി ദൃഢമായി കണ്ണിചേർക്കപ്പെട്ടിരിക്കുന്നു. രാജ്യത്തിനകത്തും പുറത്തും നിക്ഷേപങ്ങൾ നടത്തുന്ന സ്വകാര്യ കോർപ്പറേഷനുകൾ, സ്റ്റോക്ക്എക്സ്ചേഞ്ച് തുടങ്ങിയവ അത്തരം രൂപങ്ങളാണ്. അവർ മുതലാളിത്തത്തെ മനസ്സിലാക്കുന്നതു്—പരമ്പരാഗത സമ്പത്തും രാഷ്ട്രീയ രക്ഷാകർത്തൃത്വ സമ്പ്രദായങ്ങളുംപോലുള്ള ചില പ്രയോഗങ്ങളായിട്ടാണ്. ഇതൊന്നും സോവിയററ് യൂണിയനിൽ പ്രത്യക്ഷമായി നിലനില്ക്കുന്നില്ല. പിന്നെന്താണ് ചർച്ചചെയ്യാനുള്ളതു്? അവരുടെ സോഷ്യലിസത്തെക്കുറിച്ചുള്ള സങ്കല്പനം യാന്ത്രികമാണ്. സമൂഹത്തിൻെറ ഉന്നത തലത്തിൽ സ്വകാര്യ ഉടമസ്ഥത അവസാനിപ്പിക്കുകയും കേന്ദ്ര ആസൂത്രണസ്ഥാപനങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നതുവഴി സാമൂഹ്യനേട്ടങ്ങളെ പെരുപ്പിക്കുന്ന ഒരു യന്ത്രത്തെ ചലനക്ഷമമാക്കിയെന്ന് അവർ കരുതുന്നുണ്ടാവാം. വാസ്തവത്തിൽ തിരുത്തൽവാദികളെ സംബന്ധിച്ചിടത്തോളം സ്റ്റേററ് ഉടമസ്ഥത എന്നുവച്ചാൽ ആഡംസ്മി

ത്തിൻെറ ''അദൃശ്യഹസ്ത'' (invisible hand)ത്തിനോട് ഫല ത്തിൽ തുല്യമാണ്. അപ്പോഠ പിന്നെ ചെയ്യാനുള്ളതു് ഈ യന്ത്രത്തെ ഏററവും യുക്തിപരവും സമർത്ഥവുമായ വിധത്തിൽ ഉപയോഗിക്കുക എന്നതു മാത്രമാണ്.

തിരുത്തൽവാദം അധികാരത്തിലേറുന്നതു് ഒരു പുത്തൻ ബൂർഷ്വാസിയുടെ അധികാരാരോഹണത്തിനു തുല്യമാണ്. മുതലാളിത്ത പുനഃസ്ഥാപനപ്രക്രിയയെ സംബന്ധിച്ചുള്ള മാവോയുടെ പ്രധാനമായ ഉഠക്കാഴ്ചകളിലൊന്നാണിതു്. മററു വാക്കുകളിൽ പറഞ്ഞാൽ നയിക്കുന്ന പാർട്ടിയുടെ മൊത്തത്തിലുള്ള ലൈൻ ബൂർഷ്വാവീക്ഷണങ്ങളിലധിഷ്ഠിതമായിക്കഴിഞ്ഞാൽ പാർട്ടിജനങ്ങളെ വിശ്വസിക്കാതിരിക്കാൻ തുടങ്ങുകയും സോഷ്യലിസ്റ്റ് സമൂഹത്തിലെ വ്യത്യാസങ്ങളേയും വൈരുദ്ധ്യങ്ങളേയും അതിജീവിക്കാനുള്ള സമരത്തെ മുന്നോട്ടു നയിക്കാനും ലോകവിപ്ലവത്തെ പ്രോത്സാഹിപ്പിക്കാനും വിസമ്മതിക്കുകയും ചെയ്താൽ അപ്പോഠ മുതലാളിത്തം പുനഃസ്ഥാപിക്കപ്പെടും. ഇതു് ഒരു പിടി ആളുകളുടെ നേതൃത്വത്തിലുള്ള വെറുമൊരു അട്ടിമറിയുടെ പ്രശ്നമല്ല, സോഷ്യലിസ്റ്റ് സമൂഹത്തിലെ തന്നെ ഏററക്കുറച്ചിലുകളിൽനിന്നു് രൂപം കൊള്ളുന്ന ഒരു യഥാർത്ഥ സാമൂഹ്യാടിത്തറ ഈ ശക്തികഠക്കുണ്ടു്. അതു് മറഞ്ഞിരിക്കുന്ന തെററായ ആശയങ്ങളുടെ പ്രശ്നവുമല്ല. മാനസികവും ശാരീരികവുമായ അദ്ധ്വാനങ്ങഠ തമ്മിലും, നഗരവും ഗ്രാമവും തമ്മിലും, കൃഷിയും വ്യവസായവും തമ്മിലുമെല്ലാം ആഴത്തിലുള്ള വ്യത്യാസങ്ങഠ നിലനിൽക്കുന്ന ഒരു സമൂഹമാണ് തൊഴിലാളികഠക്ക് ലഭിക്കുന്നതു്. ബലപ്രയോഗത്തിലൂടെ നിലനിൽക്കുന്ന ഒരു ഭരണകൂടം ആ സമൂഹത്തിനു് പിന്നെയും ആവശ്യമുണ്ടു്. സാമ്രാജ്യത്വം ആധിപത്യമുറപ്പിച്ചിട്ടുള്ള ലോകത്തിൽ സാമൂഹ്യ ഉല്പാദനത്തിൻെറ കാര്യത്തിൽ ചരക്കും പണവും തമ്മിലുള്ള ബന്ധത്തിനു് സുപ്രധാനസ്ഥാനമുള്ള ഒരു സമൂഹമാണതു്. ഉപകരണങ്ങളും പ്രവർത്തന സംവിധാനങ്ങളും കരഗതമായിരിക്കുന്ന അത്തരം സാഹചര്യത്തിൽ ഒരു മുതലാളിത്തസംവിധാനം സജ്ജീകരിക്കുക അത്രയധികം ബുദ്ധിമുട്ടുള്ള കാര്യമൊന്നുമല്ലെന്നു് മാവോ ഊന്നിപ്പറഞ്ഞിരിക്കുന്നു. ചരക്കുല്പാദനം അവസാനിക്കുന്നതുവരെ, ലോകനിലവാരത്തിൽ കമ്മ്യൂണിസം സ്ഥാപിതമാകുന്നതുവരെ ഒരു സോഷ്യലിസ്റ്റു സമൂഹത്തിൽ നിന്നു് രണ്ടു പാതകഠ രൂപമെടുക്കാം, ഒന്നു് മുന്നോട്ടു് കമ്മ്യൂണിസത്തിലേക്കും മറെറാന്നു് പിന്നോട്ടു് മുതലാളിത്തത്തിലേക്കും.

'ഡൂറിങ്ങിനെതിരെ' എന്ന ഗ്രന്ഥത്തിൽ വളരെ പ്രധാനവും പ്രസക്തവുമായ ഒരു ഖണ്ഡികയുണ്ടു്. ''ഉല്പന്നങ്ങളുടെ മൂല്യരൂപം......മുതലാളിത്ത ഉല്പാദനത്തിൻെറ മൊത്തം രൂപത്തേയും, മുതലാളിമാരും കൂലിവേലക്കാരും തമ്മിലുള്ള ശത്രുതയേയും, വ്യവസായത്തിൻെറ കരുതൽസേനയേയും, പ്രതി

സന്ധികളേയും ഭ്രൂണാവസ്ഥയിൽ ഉൾക്കൊള്ളുന്നു''വെന്ന് എംഗൽസ് ചൂണ്ടിക്കാട്ടുന്നു. പണം മുഖാന്തിരമുള്ള കൈമാററം മുതലാളിത്തത്തെ മുളപ്പിക്കുന്ന മണ്ണാണ്. ഉല്പാദകരെ ഉല്പാദനോപാധികളിൽ നിന്ന് വേർപെടുത്താനും അദ്ധ്വാനശക്തിയെ വിൽക്കാനും മൂലധനത്തെ സംഭരിക്കാനുമൊക്കെയുള്ള സാദ്ധ്യതകൾ അതിൽ ഉള്ളടങ്ങിയിരിക്കുന്നു. സോഷ്യലിസത്തിനു കീഴിൽ ചരക്കുവ്യവസ്ഥയും പണം വഴിയായുള്ള കൈമാററവും നിയന്ത്രിച്ചില്ലെങ്കിൽ ഒരു കൂട്ടായ സമ്പദ്‌വ്യവസ്ഥയെ അവ മൂലധനത്തിൻെറ സ്വകാര്യസഞ്ചയങ്ങളുടെ ഒരു സമ്പദ്‌വ്യവസ്ഥയായി അധ:പതിപ്പിക്കും. ക്രൂഷ്ചേവും ബ്രഷ്ണേവും കൊസിജിനും നടപ്പാക്കിയ പരിഷ്ക്കാരങ്ങളെന്നു വിളിക്കുന്ന നടപടികൾ ഈ ഫലമാണുണ്ടാക്കിയത്.

പ്രധാനപ്രശ്നം സമൂഹത്തിലെ ഭരണകൂടത്തെ നിയന്ത്രിക്കുന്നതാര് എന്നതാണ്. ഇക്കാര്യത്തിൽ ഞങ്ങൾക്ക് യോജിപ്പുണ്ടെന്ന് സിമാൻസ്കി പറയുന്നു. അതു് സത്യമാണ്. എന്നാൽ വിപ്ലവകാരികളായ കമ്മ്യൂണിസ്റ്റുകാർ ഭരണകൂടത്തിൻേറയും ഉപരിഘടനയുടേയും പങ്കിന് ഊന്നൽ നൽകുന്നതു് തികച്ചും വ്യത്യസ്തവും വിരുദ്ധവുമായ കാരണങ്ങൾകൊണ്ടാണ്. ഒന്നാമതായി, ഭരണകൂടമെന്നതു് പിടിച്ചുപറിക്കാനും, ഈ വർഗത്തിൻേറയോ ആ വർഗത്തിൻേറയോ താല്പര്യാനുസരണം പ്രവർത്തിക്കുന്നതിനുവേണ്ടി നിർബ്ബന്ധിക്കപ്പെടാവുന്നതും സമ്മർദ്ദം ചെലുത്തപ്പെടാവുന്നതുമായ ഏതെങ്കിലും നിഷ്പക്ഷ ഉപകരണമല്ല. അതു് ഏതെങ്കിലുമൊരു വർഗത്തിൻെറ സർവ്വാധിപത്യമാണ്. ഒരു ബൂർഷ്വാഭരണകൂടത്തെ തൊഴിലാളിവർഗഭരണത്തിനുള്ള ഒരുപകരണമായി പരിണമിപ്പിക്കുക സാദ്ധ്യമല്ല. എന്തെന്നാൽ പരമ്പരാഗതമായ സ്വത്തുടമാബന്ധങ്ങളിലും ആശയങ്ങളിലും വരുത്തുന്ന സമൂലമായ തകർച്ചയെയാണ് തൊഴിലാളിവർഗഭരണം ആശ്രയിക്കുന്നതു്. വിപ്ലവപരമായ മാർക്സിസം-ലെനിനിസത്തെ സംബന്ധിച്ചിടത്തോളം ഒരു സോഷ്യലിസ്റ്റ് സമൂഹത്തിൽ മുൻകൈ പ്രകടിപ്പിക്കുന്നതു് ഭരണകൂടവും ഉപരിഘടനയും മൊത്തത്തിലാണ്. അതായതു് കമ്മ്യൂണിസം നേടുന്നതിന്, വർഗങ്ങളേയും ഭരണകൂടത്തെ തന്നേയും ഇല്ലാതാക്കുന്നതിന് ഉപരിഘടനയെ എല്ലാ മണ്ഡലങ്ങളിലും എല്ലാവശങ്ങളിലും നിശ്ചയമായും വിപ്ലവവത്ക്കരിക്കണം. അങ്ങനെ സോവിയററ് യൂണിയനിലെ മുതലാളിത്ത പുന:സ്ഥാപനപ്രക്രിയയുടെ നിർണ്ണായകബിന്ദു 1956-ൽ നടന്ന ഉപരിഘടനയിലെ പ്രതിവിപ്ലവവും മൊത്തത്തിലുള്ള ബൂർഷ്വാലെനിൻെറ സ്വീകരണവുമായിരുന്നു. മുന്നോട്ടുള്ള മാർഗം, അല്ലെങ്കിൽ ഞാനതിനെ പുറകോട്ടുള്ള മാർഗമെന്നു പറയട്ടെ, അതു് തെരഞ്ഞെടുത്തതും അതിനെ പിന്താങ്ങിയതും പ്രതിവിപ്ലവപരമായ ഒരു ഉപകരണസംവിധാനത്തിൻെറ ശക്തിയായിരുന്നു.

എനിക്കു പറയാനുള്ള കാര്യങ്ങളുടെ കേന്ദ്രബിന്ദു ക്രൂഷ്ചേവിൻെറ ഉയർച്ചയിലേക്കു നയിച്ച രാഷ്ട്രീയസമരങ്ങളോ, ഭരണകൂടത്തിൻേറയും ഉപരിഘടനയുടേയും അതേപടിയുള്ള പങ്കോ അല്ല. ഭരണകൂടമെന്നുപറയുന്നത് സമൂഹത്തിൻെറ ഒരു വസ്തുനിഷ്ഠഘടനയാണ്. അതിൻെറ സ്വഭാവത്തെ നിർണ്ണയിക്കുന്നത് അതിനെ നയിക്കുന്ന വ്യക്തികൾ ഏതു വർഗത്തിൽ ജനിച്ചു എന്നതല്ല. അദ്ധ്വാനത്തിൻെറ നിർദ്ദിഷ്ടമായ സാമൂഹ്യ വിഭജനവും-അതിൻെറ വിപുലനമാണ് ആ ഭരണകൂടം—അതിന് ആത്യന്തികമായി സേവിക്കുകയും പുനരുൽപാദിപ്പിക്കുകയും ചെയ്യേണ്ട ഉൽപാദനബന്ധങ്ങളുമാണ് അതു് നിർണ്ണയിക്കുന്നതു്. അടിത്തട്ടിൽ കിടക്കുന്ന ഈ ഉൽപാദനബന്ധങ്ങളിൽ ഊന്നാനാണ് ഞാൻ ആഗ്രഹിക്കുന്നതു്. പ്രത്യേകിച്ചു പറഞ്ഞാൽ മൂല്യത്തിൻെറ നിയമത്തെക്കുറിച്ച് എംഗൽസ് പറഞ്ഞതെന്താണോ അതു് പ്രയോഗിക്കാനാണ് ഞാനാഗ്രഹിക്കുന്നതു്. ഇതു് അത്രമാത്രം എളുപ്പമായ കാര്യമൊന്നുമല്ല. എന്നാൽ സോവിയററ് സമൂഹത്തിൻെറ യഥാർത്ഥ സ്വഭാവം കണ്ടെത്തുന്നതിനും അതിൻെറ നിഗൂഢമായ പുറന്തോടിനടിയിലേക്ക് തുളച്ചുകയറാനും തിരുത്തൽവാദ ക്ഷമാപണങ്ങളെ പൊളിച്ചുനീക്കാനുമുള്ള ഒരേയൊരു ശാസ്ത്രീയസമീപനം ഇതാണ്.

ചരക്കുല്പാദനത്തിൻെറ ഒരു യുഗത്തിലാണ് നാം ജീവിക്കുന്നതു്. സമൂഹം വർഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്ന ഒരു യുഗത്തിലാണ് നാം ജീവിക്കുന്നതു്. ഒരു സാമൂഹ്യമിച്ചത്തെ ഉല്പാദിപ്പിക്കാനും ഉപയോഗിക്കാനുമായുള്ള ഉല്പാദനോപാധികളുടേയും അദ്ധ്വാനത്തിൻേറയും വിഭജനത്തെ ക്രമീകരിക്കാൻ ചില സംവിധാനങ്ങൾ ആവശ്യമാണ്. തൊഴിലാളിവർഗം ഭരിക്കുമ്പോൾ, ലോകതൊഴിലാളിവർഗവിപ്ലവത്തിൻെറ താൽപര്യത്തിനനുസരിച്ചുള്ള സാമൂഹ്യ അദ്ധ്വാനത്തിൻെറ ആസൂത്രിത വിഭജനവും ബോധപൂർവ്വമായ സംഘടിതത്വവുമാണ് ഉണ്ടായിരിക്കേണ്ടതു്. എന്നാൽ തൊഴിലാളിവർഗം സമൂഹത്തെ ബോധപൂർവ്വം നയിക്കുകയും പരിണമിപ്പിക്കുകയും ചെയ്യുന്നില്ലെങ്കിൽ, ചരക്കുൽപാദനത്തിൻെറ സാദ്ധ്യതകളെ പരിമിതപ്പെടുത്തുന്നില്ലെങ്കിൽ, വർഗസമുദായത്തിലെ വ്യത്യാസങ്ങളെ അവഗണിക്കുന്ന ഒരു രാഷ്ട്രീയലൈനാണ് നേതൃത്വത്തിലെങ്കിൽ, അപ്പോൾ സമൂഹത്തെ നിയന്ത്രിക്കുന്നതു് മറേറതെങ്കിലും സംവിധാനമായിരിക്കും. വിലയുടെ നിയമമാണ് മുതലാളിത്തസമൂഹത്തെ ബന്ധിപ്പിക്കുകയും നയിക്കുകയും ചെയ്യുന്ന ശക്തി. ഏതൊരു മുതലാളിത്തരാജ്യത്തിലേയുംപോലെ തന്നെ സോവിയററ്യൂണിയനിലും പ്രത്യേകം പ്രത്യേകമുള്ളതോ സംഘടിതമോ ആയ മൂലധനമാണ് എന്താണ് നിർമ്മിക്കേണ്ടതെന്നും അതു് എത്രത്തോളം നിർമ്മിക്കണമെന്നും തീരുമാനിക്കുന്നതു്. സാമൂഹ്യവൽകൃതമായ അദ്ധ്വാനത്തിൻെറ ഫലങ്ങളെ നിയന്ത്രിക്കുന്നതും അവർ തന്നെ. സ്വതന്ത്രമായി സംഘടിപ്പിക്കപ്പെട്ട അദ്ധ്വാനപ്രക്രിയ

കൾക്കുമേലും ആധിപത്യം ചെലുത്തുന്നതു് ലാഭത്തിനുവേണ്ടിയുള്ള യത്നമാണ്. എന്നിട്ടും ഓരോ പ്രത്യേക അദ്ധ്വാനപ്രക്രിയയും വസ്തുനിഷ്ഠമായി അത്യധികം പരസ്പരാശ്രിതമായ ഒരു സാമൂഹ്യ അദ്ധ്വാന വിഭജനത്തിൻെറ ഭാഗവുമാണ്.

ഈ ഖണ്ഡങ്ങളെയെല്ലാം ഒരു സാമൂഹ്യമായ അടിസ്ഥാനത്തിൽ ഒന്നായി ഏകോപിപ്പിക്കുന്നതു വിലയുടെ നിയമമാണ്. വിലയുടെ നിയമം എന്നതുകൊണ്ടു് ഞാനുദ്ദേശിക്കുന്നതെന്താണ്? അദ്ധ്വാനശക്തി അടക്കമുള്ള ചരക്കുകൾ കൈമാററം ചെയ്യപ്പെടുന്നതു്, അവയുടെ ഉൽപാദനത്തിനു് സാമൂഹ്യമായി ആവശ്യമുള്ള അദ്ധ്വാനസമയം അനുസരിച്ചാണ്. ലാഭം കിട്ടാനുള്ള സാദ്ധ്യതയനുസരിച്ചു് മൂലധനം വിവിധ മണ്ഡലങ്ങളിലേക്കു് പ്രവഹിക്കുന്നു. ഇതിൻെറ ഫലമായി ലാഭത്തിനു് ഒരു പൊതു നിരക്കു് രൂപപ്പെടുന്നു. ആ നിരക്കു് സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമതക്കും അതിജീവനശേഷിക്കും ഒരു മാതൃക സ്ഥാപിക്കുന്നു. എന്നാൽ ഈ നിയമം ഒരു മുതലാളിത്ത സമൂഹത്തിൽ പ്രവർത്തിക്കുന്നതു് അന്ധവും നശീകരണാത്മകവുമായ രീതിയിലാണ്. മൂലധനത്തിൻെറ ഒററക്കൊററക്കുള്ള ഘടകങ്ങളും സംഘങ്ങളും ഉൽപാദനത്തിൻെറ സാമൂഹ്യ സാഹചര്യങ്ങളെ അനുസരിക്കുന്നു; മൂലധനത്തെ മൊത്തത്തിൽ അനുസരിക്കുന്നു എന്നാൽ ഒരു ഏകീകൃത മൊത്തമായി അവ പ്രവർത്തിക്കുന്നില്ല. മുതലാളിമാരുടെ സർവ്വവിധശ്രമങ്ങളുണ്ടായിട്ടും—പാശ്ചാത്യരാജ്യങ്ങളിലെ കാർട്ടലുകളും; സോവിയററ്ബ്ലോക്കിലെ ആസൂത്രണവും—ഇതു നടക്കുന്നില്ല എന്നതു സത്യമാണ്. നിരന്തരമായ ശല്യപ്പെടുത്തലുകളിലൂടെയും ഇളകിമറിയുന്ന പുനഃസംഘടനയിലൂടെയും മൂലധനം വിതരണം ചെയ്യപ്പെടുകയും ലാഭകരമായ വികാസത്തിനുള്ള സാദ്ധ്യതകൾ സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു. ഇവ വസ്തുനിഷ്ഠപ്രക്രിയകളാണ്. അറുമുഷിപ്പനായ തിരുത്തൽവാദ ഗ്രന്ഥങ്ങളിൽ ഇവയെ യുക്തിക്കനുസൃതമാക്കിയിരിക്കുന്നു. സോവിയററ്യൂണിയനിലെ സാമൂഹ്യഉൽപാദനത്തെ ഭരിക്കുന്ന പ്രക്രിയകൾ ഇവയാണ്.

മുതലാളിത്ത സമൂഹങ്ങളിൽ അദ്ധ്വാനപ്രക്രിയ —ഞാനുദ്ദേശിക്കുന്നതു് പ്രകൃതിയെ ഉപയുക്തമാക്കാനും മാററിത്തീർക്കാനുമായി മനുഷ്യർ നടത്തുന്ന ലക്ഷ്യപൂർണ്ണമായ പ്രവർത്തനത്തെയാണ്— വിലയെ സൃഷ്ടിക്കുന്ന പ്രക്രിയയേക്കാൾ താഴ്ന്നതാണ്. വിലയുടെ അളവുതന്നെ—അതായതു് സാമൂഹ്യമായി ആവശ്യമായ അദ്ധ്വാനസമയം—സ്ഥാപിക്കപ്പെടുന്നതു് ലാഭത്തിനുവേണ്ടിയുള്ള മുതലാളിയുടെ യത്നത്തിൻെറ സന്ദർഭത്തിലും അതിൻെറ അടിസ്ഥാനത്തിലുമാണ്. വിലയുടെ നിയമം കാര്യക്ഷമതയുടെ ഒരു നിഷ്പക്ഷനായ മദ്ധ്യസ്ഥനല്ല ചരക്കുൽപ്പാദനത്തിൻെറ ആവശ്യങ്ങളേയും, സ്വതന്ത്രമായി സംഘടിപ്പിക്കപ്പെട്ട അദ്ധ്വാനപ്രക്രിയകളുടെ ഭിന്നതകളേയും പരസ്പര പ്രവർത്തനങ്ങളേയും അതു് പ്രതിഫലിപ്പിക്കുന്നു. ഒരു യഥാർത്ഥ സോഷ്യലിസ്റ്റ് സമൂ

ഹത്തിൽ, വിലയുടെ സൃഷ്ടിപ്രക്രിയ വസ്തുനിഷ്ഠമായ ഉപയോഗമൂല്യത്തിന്റെ ആസൂത്രിത സൃഷ്ടിക്ക് കീഴ്പെട്ടിരിക്കും. തൊഴിൽസമയം കുറക്കാനുള്ള യത്നങ്ങൾ വിപ്ലവകരമായ തൊഴിലാളി വർഗരാഷ്ട്രീയത്തിനു കീഴ്പെട്ടിരിക്കുകയും അതിനാൽ നയിക്കപ്പെടുകയും ചെയ്യും. തിരുത്തൽവാദികളെ സംബന്ധിച്ചിടത്തോളം വിലയുടെ നിയമം മുതലാളിത്തത്തിന്റെ ഒരു അവശിഷ്ടമോ അതിന്റെ ഉല്പാദകനോ അല്ല. അവർ അതിനെ പ്രവർത്തനക്ഷമതയുടെ അനിവാര്യമായ ഉപകരണവും ഉത്തേജകനമായാണ് കാണുന്നത്. അതിനെ നിയന്ത്രിക്കേണ്ട കാര്യം മാത്രമേയുള്ളവെന്നാണവർ അവകാശപ്പെടുന്നത്. ഈ മിഥ്യാധാരണയെയാണ് മാർക്സ് ചരക്കിനെ സംബന്ധിച്ച ഭക്തിവാദം (Commodity fetishism)എന്നു വിളിച്ചത്. യഥാർത്ഥ സോഷ്യലിസത്തിൻ കീഴിൽ, സാമൂഹ്യാധ്വാനത്തെ കാര്യക്ഷമതയെ സംബന്ധിച്ച ഏതെങ്കിലും വർഗരഹിത സങ്കല്പമനുസരിച്ച് വിഭജിക്കുകയോ സംഘടിപ്പിക്കുകയോ ചെയ്യില്ല. സമൂഹത്തെ കൂട്ടായി പരിണമിപ്പിക്കുകയും നയിക്കുകയും ചെയ്യുക എന്ന നിലപാടിൽ നിന്നുകൊണ്ടാണ് യഥാർത്ഥസോഷ്യലിസത്തിൻകീഴിൽ അതിനെ പ്രഥമവും പ്രധാനവുമായി പ്രയോഗിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടതു്. ഇതാണ് സോഷ്യലിസ്റ്റ്പാത- സമൂഹത്തിന്റേയും ലോകത്തിന്റേയും നിരന്തരവിപ്ലവം. സോവിയററ് യൂണിയൻ ചരിക്കുന്ന പാത ഇതല്ല തന്നെ

എന്താണ് മുതലാളിത്തം? അതു് വിലയുടെ നിയമത്തിന്റെ ആധിപത്യമാണ്. അതു് വിലയുടെ ഒരു വികാസ പ്രക്രിയയാണ്. അതിന്റെ അന്ത്യവും അതിൽ തന്നെ. മുതലാളിമാർ അതിന്റെ വെറും മൂർത്തീകരണം മാത്രമാണ്. ഈ ആധിപത്യമാണ് ഒരു സമൂഹത്തിന്റെ അനിവാര്യമായ മുതലാളിത്തസ്വഭാവത്തെ നിർണ്ണയിക്കുന്നതു്. അല്ലാതെ ചില വില്ലകളും, പബ്ലിക് സ്കൂളുകളും, സമ്പന്നഭവനങ്ങളുംപോലുള്ള ഉപരിപ്ലവസങ്കൽപ്പങ്ങളല്ല. എന്തുകൊണ്ടാണ് എറിട്രിയയിലും അഫ്ഘാനിസ്ഥാനിലും സോവിയററു് യൂണിയൻ അധിനിവേശയുദ്ധങ്ങൾ നടത്തുന്നതെന്നും, എന്തുകൊണ്ടാണ് സോവിയററു് ബ്ലോക്ക് ത്വരിതപ്പെട്ടു വരുന്ന രാഷ്ട്രീയ സാമ്പത്തിക പ്രതിസന്ധികളാൽ ആവേശിതമാകുന്നതെന്നും, യു. എസ്. സാമ്രാജ്യത്വത്തെപ്പോലെ തന്നെ ഒരു ലോകവിഭജനയുദ്ധത്തിനു് സോവിയററ് യൂണിയൻ തയ്യാറാകുന്നതെന്നും മനസ്സിലാക്കണമെങ്കിൽ അതിന്റെ അടിയിലുള്ള ചലനനിയമങ്ങളെ നാം നിശ്ചയമായും മനസ്സിലാക്കിയിരിക്കണം. ഇതാണ് എന്റെ വിഷയം. ഇതിനു് നാലുഭാഗങ്ങളുണ്ടു്. ലാഭം നേതൃത്വത്തിൽ, ആസൂത്രണം, മൂലധനത്തിന്റെ ബഹുത്വം സോവിയററ് സാമൂഹ്യഘടനയുടെ പ്രതിസന്ധിയും സാർവ്വദേശീയ സമ്മർദ്ദവും എന്നിവയാണ്.

## ലാഭം നേതൃത്വത്തിൽ

1965ലെ സാമ്പത്തികപരിഷ്ക്കാരങ്ങറം മുതലാളിത്ത പുന:സ്ഥാപന പ്രക്രിയയിലെ വ്യതിയാനരേഖയായിരുന്നു. അങ്ങേയററം കേന്ദ്രീകൃതമായ ആസൂത്രണത്തിൻേറയും നിയന്ത്രണസംവിധാനത്തിൻേറയും സന്ദർഭത്തിൽ മുതലാളിത്തതത്വങ്ങറം ക്രമബദ്ധമായി നടപ്പാക്കുന്നതിൻെറ—ക്രൂഷ്ചേവ് തുടങ്ങിവരുകയും കേട്ടുപോരുകയും ചെയ്തിരുന്ന ഒന്നിൻെറ—പ്രതിനിധീകരണമായിരുന്നു അതു്, ഇടർച്ച നേരിടുന്ന വളർച്ചയോടും പെരുകിവരുന്ന കാര്യക്ഷമതയില്ലായ്മയോടുമുള്ള ഒരു പ്രതികരണമായിരുന്നു അതു്. വമ്പിച്ച സൈനികവത്ക്കരണത്തിൻെറ ഒരു പരിപാടിയുമായി അതു കണ്ണിചേർക്കുകയും ചെയ്തിരുന്നു. 1956 ൽ തിരുത്തൽവാദികറം അധികാരം പിടിച്ചെടുത്ത നിമിഷത്തിൽ തന്നെ അമേരിക്ക നയിക്കുന്ന സാമ്രാജ്യത്വചേരിയുമായി ഒടുവിൽ തങ്ങറംക്കു് ഏററുമുട്ടേണ്ടിവരുമെന്നു് അവർ മനസ്സിലാക്കിയിരുന്നു. ഇതും ലോകത്തിലെ അവരുടെ യഥാർത്ഥസ്ഥിതിയും മൂലധനത്തിൻെറ ആഭ്യന്തര വിഭജനത്തേയും വിദേശനയത്തേയും സ്വാധീനിച്ചു. ഇക്കാര്യം ഞാൻ പിന്നീടു് വിശദമായി പറയാം, 1965 ലെ പരിഷ്ക്കരണങ്ങളെ സംബന്ധിച്ചുതന്നെ മൂന്നു കാര്യങ്ങറം പരിശോധിക്കേണ്ടതുണ്ടു്; വിജയങ്ങറംക്കോ അല്ലെങ്കിൽ ആസൂത്രണ സൂചകങ്ങറംക്കോ ഇടയിലുള്ള പരസ്പരബന്ധം; വിലകളുടെ പുനർനിർണ്ണയം, മൂലധനചാർജ്ജ് അടിച്ചേല്പിക്കൽ.

എൻെറ നിലപാടുകളെ എതിർക്കുന്ന സിമാൻസ്കി പറയുന്നതു് സോവിയററ്യൂണിയനിലെ നിരവധി ആസൂത്രണ സൂചകങ്ങളിൽ *ഒന്നുമാത്രമാണു്* ലാഭം എന്നാണു്. പക്ഷേ ഏതു മുതലാളിത്തരാജ്യത്തിലും അതു് അങ്ങനെതന്നെയാണു്. ഉദാഹരണമായി പാശ്ചാത്യകുത്തകകറം വെറുതെ ലാഭത്തിനു മാത്രം ശ്രദ്ധ നൽകുന്നു എന്നുപറയുന്നതു് അസംബന്ധമായിരിക്കും. അവരും ഭൗതികസൂചകങ്ങളേയും വിലസൂചകങ്ങളേയും ഉപയോഗിക്കുന്നു. വളർച്ചയെ പ്രവചിക്കാനും, ദീർഘകാലപ്രഭവസ്ഥാനങ്ങളെ ഉറപ്പുവരുത്താനും, ഉൽപാദനത്തിനു മുൻപേതന്നെ ഉൽപന്നത്തെ പ്രതീക്ഷിക്കാനും, ലാഭകരമല്ലാത്ത ഗവേഷണവും വികസനവും നടത്താനുമൊക്കെ അവരും ശ്രമിക്കുന്നു. ഇതിനുംപുറമെ സാമ്രാജ്യത്വഭരണക്കൂടവും യുദ്ധങ്ങളും ക്ഷേമപ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നു. രാഷ്ട്രീയമായ ആവശ്യകതയാണു് അവയുടെ തീരുമാനമെടുക്കുന്നതു്. ഉയന്ന തരത്തിലൊന്നും പ്രതിഫലമുണ്ടാക്കണമെന്നു് നിർബ്ബന്ധമില്ലാത്ത വമ്പിച്ച നികുതിയിളവുകളും പ്രോത്സാഹനവേതനവും നിക്ഷേപപരിപാടികളുമെല്ലാം ഇവരും നടപ്പിലാക്കുന്നുണ്ടു്. അപ്പോറം ലാഭം എന്ന മാനദണ്ഡം സോവിയററ്യൂണിയനിലെ ആസൂ

ന്ത്രണപ്രക്രിയയുടെ *നേതൃത്വസ്ഥാന*ത്താണോ എന്നതാണ് പ്രശ്നം.

സ്ററാലിന്റെ നേതൃത്വത്തിൻകീഴിലെ സോഷ്യലിസ്റ്റ് കാലഘട്ടത്തിൽ, മൊത്തം ഉൽപന്നത്തിന്റേയും ചുരുങ്ങിയ ഉല്പാദനചിലവിന്റേയും അടിസ്ഥാനത്തിലായിരുന്നു സ്ഥാപനങ്ങളെ വിലയിരുത്താറുള്ളത്. ഇവയ്ക്കു പുറമെ മറെറാരു കൂട്ടം സൂചകങ്ങൾകൂടിയുണ്ടായിരിക്കും. 1965 ലെ പരിഷ്ക്കരണത്തോടെ സൂചകങ്ങളുടെ എണ്ണം ചുരുക്കുകയും പുതിയ സൂചകങ്ങൾ നടപ്പിലാവുകയും ചെയ്തു. ഈ പുതിയ പദ്ധതിസൂചകങ്ങളിൽ ഇപ്പോൾ വേതനം, വില്പനവില, മൊത്തം ലാഭം, ലാഭനിരക്ക്, സ്റ്റേററ് ബഡ്ജററിൽനിന്നുള്ള സംഭാവനകൾ, കേന്ദ്രീകൃതനിക്ഷേപങ്ങൾ, നവീനസമ്പ്രദായങ്ങൾ, ഭൗതികവസ്തുക്കൾ ലഭിക്കാനുള്ള സാധ്യതകൾ എന്നിവ ഉൾപ്പെടുന്നു. ഈ പരിഷ്ക്കരണസംവിധാനങ്ങളിൽ തിരുത്തൽവാദികൾ, ലാഭത്തിന്റെ നിർണായകസ്ഥാനം തുറന്നു് അംഗീകരിക്കുന്നു.

1965-ൽ വ്യാവസായികപരിഷ്ക്കരണങ്ങളെ സംബന്ധിച്ചുള്ള തന്റെ പ്രസംഗത്തിൽ, ''സ്ഥാപനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കാൻ ലാഭസൂചകങ്ങളെ കൂടുതൽ നന്നായി ഉപയോഗപ്പെടുത്തണമെന്നു്'' കൊസിജിൻ പറയുകയുണ്ടായി[1]. സോവിയററ്യൂണിയനിലെ ആധികാരിക സമ്പദ്‌വിദഗ്ദ്ധനായ പി. ബുണിച്ച് 1967-ൽ ഇങ്ങനെ എഴുതുകയുണ്ടായി. ഈ പുതിയ സൂചകങ്ങളിൽ, ലാഭസൂചകമാണ്—അതു് വില്പനയുടെ വർധനവിലും ചുരുങ്ങിയ ഉല്പാദനചെലവിലും ഉല്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെ മെച്ചത്തിലും (അതോടൊപ്പം വിലയും വർധിക്കുമല്ലോ) പ്രകടമാവുന്നു—ആത്യന്തികമായ കാര്യക്ഷമതയോടു് കൂടുതൽ അടുത്തുനില്ക്കുന്നതു്[2]. പരമാവധി സാമൂഹ്യനന്മനേടാനുള്ള ഏററവും നല്ല ഉപാധിയാണ് ലാഭമെന്നും,

---

1. അലക്സി കൊസിജിൻ. ''വ്യവസായത്തിന്റെ മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിനേയും, ആസൂത്രണത്തെ പൂർണമാക്കുന്നതിനേയും, വ്യാവസായികഉൽപാദനത്തിൽ സാമ്പത്തികപ്രചോദനങ്ങളെ വർദ്ധിപ്പിക്കുന്നതിനേയും സംബന്ധിച്ച്.'' ഇസ്‌വെസ്റ്റിയ സെപ്റ്റംബർ 28, 1965. കൊസിജിൻ തുടർന്നുപറയുന്നു. ''ഒരു വ്യവസായസ്ഥാപനത്തിലെ ഉല്പാദനപ്രവർത്തനങ്ങളുടെ എല്ലാവശങ്ങളേയും കൂടുതൽ സമ്പൂർണതയോടെ പ്രതിഫലിപ്പിക്കാൻ ഉല്പാദനവിലകളുടെ സൂചകങ്ങളേക്കാൾ ലാഭത്തിനാണ് സാധിക്കുക. ലഭിച്ച ലാഭത്തിന്റെ അളവും വർധനനിരക്കും പരിഗണിക്കുന്നതുമാത്രമല്ല പ്രധാനം. എത്തിച്ചേർന്നിരിക്കുന്ന ലാഭക്ഷമതയുടെ നിലവാരംകൂടി പരിഗണിക്കപ്പെടണം. അതായതു് ഉല്പാദനക്ഷമമായ ഓരോ റൂബിളിൽനിന്നും കിട്ടുന്ന ലാഭത്തിന്റെ അളവു് പരിഗണിക്കപ്പെടണം.

2. പി. ബുണിച്ച് ''Economic Accountability in a Mature Socialist Society'' ''സാമ്പത്തികശാസ്ത്രത്തിന്റെ പ്രശ്നങ്ങളിൽ''നിന്നു്. മെയ് 1978, പേജ്–9

അതിനെ നിയന്ത്രിക്കാമെന്നും ഉള്ള രണ്ടു മിഥ്യാധാരണകളം കൂടിച്ചേരുന്നതു് നാമിവിടെ കാണുന്നു.

തിരുത്തൽവാദികൾ എന്തുതന്നെ പറഞ്ഞാലും, ലാഭസൂചകം-അതു് യഥാർത്ഥവിലബന്ധങ്ങളുമായി പൊരുത്തപ്പെട്ടിരിക്കണം—മൊത്തം സമ്പദ്‌വ്യവസ്ഥയിൽ ആധിപത്യം സ്ഥാപിക്കുകയും മററു ഘടകങ്ങളെ വലയംചെയ്തു് ഉള്ളിലാക്കുകയും ചെയ്യുന്നു. ഒരു പ്രത്യേക ലാഭം നേടാൻ ആവശ്യമായ നിക്ഷേപം നിർണ്ണയിക്കാനല്ലെങ്കിൽ പിന്നെ കേന്ദ്രീകൃത നിക്ഷേപവുമായുള്ള ബന്ധത്തിൽ ലാഭസൂചകത്തിൻെറ പങ്കെന്താണു്? ലാഭസൂചകം വിപണനശ്രമങ്ങളുടേയും വിലചുരുക്കലിൻേറയും ഫലങ്ങളെ ഒരൊററ സൂചകമായി വസ്തുതാപരമായി ഏകോപിപ്പിക്കുന്നു. അതാകട്ടെ വ്യവസായങ്ങളെ തമ്മിൽ താരതമ്യപ്പെടുത്തുന്നതിനുപയോഗിക്കാവുന്ന ഒരു സൂചകമാണു്. സ്ഥാപനങ്ങളുടെ ഫണ്ടിലേക്കുള്ള വിഹിതത്തിൽ പ്രചോദനവേതനവും സാമൂഹ്യ, ഉല്പാദനഫണ്ടുകളിൽനിന്നുള്ള വിഹിതവും ഉൾപ്പെടുന്നു. അതു് നിലനില്ക്കുന്ന ലാഭത്തിൽനിന്നുമാണു് എടുക്കുന്നതു്. വില്പനയുടേയും ലാഭത്തിൻേറയും സൂചകങ്ങളുടെ സംയുക്താടിസ്ഥാനത്തിലുള്ള കാര്യക്ഷമതയനുസരിച്ചാണു് ഈ വിഹിതം നൽകുന്നതു്. 1979-ൽ വ്യവസായസ്ഥാപനങ്ങളുടെ ഫണ്ടിലേക്കുള്ള വിഹിതം നൽകുന്നതിനു് ഒരു മൂല്യനിർണ്ണയനസൂചകംകൂടി നിലവിൽ വന്നു. ഇതു് വ്യവസായത്തിനുപയോഗിക്കുന്ന ഭൗതിക വിഭവങ്ങളോടു് കൂട്ടിച്ചേർത്ത വിലയായിരുന്നു. ഇതും ലാഭസാദ്ധ്യതയിൽനിന്നും രൂപപ്പെട്ടതായിരുന്നു. 1983 മാർച്ചു് മാസത്തെ 'സോഷ്യലിസ്റ്റ് വ്യവസായ'ത്തിലെ ഒരു ലേഖനത്തിൽ ഒരു സോവിയററു് സാമ്പത്തികശാസ്ത്രജ്ഞൻ ഒരു രാസയന്ത്രനിർമ്മാണശാലയിൽ ഈ സൂചകമുണ്ടാക്കിയ ഫലങ്ങളെ സമാഹരിച്ചിട്ടുണ്ടു്. ചെറിയ റിയാക്‌ററുകളുണ്ടാക്കുന്നതു് ലാഭകരമായിരുന്നില്ല. അതു് ഉല്പാദിപ്പിക്കാനുള്ള ലക്ഷ്യത്തിൻെറ 46 ശതമാനം മാത്രമേ ഉൽപാദനം നടന്നുള്ളു. എന്നാൽ ചില റോട്ടറി ഡിവൈസുകളുടെ ഉൽപാദനം അത്യധികം ലാഭകരമായിരുന്നു. അതിൻെറ ഉൽപാദനമാകട്ടെ ലക്ഷ്യത്തെ കവച്ചുവയ്ക്കുകയും ചെയ്തു[3]. 1978-ൽ സോവിയററ്‌യൂണിയനിലെ നിക്ഷേപങ്ങളെല്ലാംതന്നെ സ്ഥാപനനിലവാരത്തിൽ നിലനിർത്തിയിരുന്ന ലാഭത്തിൽനിന്നായിരുന്നു[4]. മററു വാക്കുകളിൽ പറഞ്ഞാൽ ഒരു സ്ഥാപനത്തിലെ ലാഭസാദ്ധ്യതകളും നിക്ഷേപത്തിനുള്ള മാനദണ്ഡങ്ങളും തമ്മിൽ നേരിട്ടുള്ള ഒരു കണ്ണിയുണ്ടു്. വിവിധ

---

3. വി. സെല്യൂനിൻ ''Paradoxes of the New Index''. The current digest of the soviet press. Vol. xxxv. No. II. (ഏപ്രിൽ 13, 1983) പേജ്—10

4. വി.റൂബിൻ, എ. ഖചാടൂറിയൻ. Problems of Economics നവംബർ 1982 പേജ്—8

പരിഷ്ക്കരണങ്ങൾക്ക പിന്നിലുണ്ടായ മൊത്തത്തിലുള്ള സമ്മർദ്ദം ലാഭമുണ്ടാക്കാനുള്ളതായിരുന്നു. വിഭവങ്ങളേയോ സാമൂഹ്യഉൽപന്നത്തേയോ സംബന്ധിച്ചിടത്തോളം *നിർണായകമായ* നിയന്ത്രണം നിലനില്ക്കുന്നതു് കേന്ദ്രനിലവാരങ്ങളിലാണു താനും.

യുക്തിസഹമായ വിലകൾ എന്നു പറയുന്നവയെക്കുറിച്ച് 1956—ൽ മൂർച്ചയേറിയ വിവാദങ്ങൾ പൊട്ടിപ്പുറപ്പെട്ടു. ക്രൂഷ്ചേവ് കെട്ടഴിച്ചുവിട്ട ഈ വിവാദത്തിൽ വിലകളിലെ ''സ്വേച്ഛാപരതക്കും'' ആസൂത്രണത്തിലെ രാഷ്ട്രീയത്തിൽ നിർണ്ണയിക്കപ്പെട്ട മുൻഗണനകൾക്കും, ലാഭത്തിന്റെ കാര്യത്തിലുള്ള വിസ്തൃതമായ ഭേദഗതികൾക്കുമെതിരെ അണിനിരന്നു. മുൻപ് വിലകൾ നിശ്ചയിക്കാറുള്ളതു് വസ്തുക്കളുടെ വിലയും നേരിട്ടുള്ള അദ്ധ്വാനമൂല്യവും ചേർന്നതിനോട്ട് ഇതിന്റെ ഒരു ചെറിയശതമാനം വരുന്ന മീതിച്ചെലവുകളും തേയ്മാനച്ചെലവുകളും കൂട്ടിക്കൊണ്ടായിരുന്നു. വിലകളോടൊപ്പം ലാഭവിഹിതംകൂടി ചേർക്കുന്നതുകൊണ്ടു് ഉണ്ടാകുന്ന പ്രയോജനത്തെക്കുറിച്ചുള്ള ചർച്ചകൾക്കുശേഷം, 1967—ൽ സോവിയററ് വ്യവസായത്തിലെ മൊത്തവിലകൾ പുനർനിർണ്ണയിക്കപ്പെട്ടു. മുഖ്യമായ രണ്ടു മാററങ്ങൾ സംഭവിച്ചു, ഒന്നാമതായി ഉല്പാദനോപാധികളുടെ വിലകൾ അവയുടെ മൂല്യങ്ങളുമായി കൂടുതൽ അടുപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നു, ലാഭസാദ്ധ്യതകളെ വർദ്ധിപ്പിക്കേണ്ടിവന്നതിനെത്തുടർന്നാണു് ഇതു ചെയ്യേണ്ടിവന്നതു്. രണ്ടാമതായി ഇപ്പോൾ മൂലധനത്തിനു് വിലയുണ്ടായി. അതു നേരിട്ടു ബന്ധപ്പെട്ടതുകൂടിയായിരുന്നു. സ്റ്റാലിന്റെ നേതൃത്വത്തിൻകീഴിൽ സോവിയററു് യൂണിയൻ സോഷ്യലിസ്റ്റായിരുന്നപ്പോൾ വ്യവസായസ്ഥാപനങ്ങളിലേക്കുള്ള മൂലധനം കേന്ദ്രസാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നുള്ള ബഡ്ജററി ഗ്രാൻറായിട്ടായിരുന്നു നൽകിയിരുന്നതു്. പുതിയ പരിഷ്ക്കരണത്തെത്തുടർന്നു് ഉപയോഗിക്കപ്പെടുന്ന മൂലധനത്തിനനുസരിച്ചുള്ള ഒരു പ്രതിഫലം വ്യവസായസ്ഥാപനങ്ങൾ ഭരണകൂടത്തിനു നൽകണമെന്നു് വ്യവസ്ഥ ചെയ്യപ്പെട്ടു. ഇതും ഉൽപ്പന്നങ്ങളുടെ വിൽപ്പനവിലയിൽ കൂട്ടിച്ചേർക്കപ്പെട്ടു. പിന്നീടു വിലകൾ കണക്കു കൂട്ടിയപ്പോഴാകട്ടെ ശരിയായ വിലയോടൊപ്പം മൂലധനത്തിന്റെ ഒരു പങ്കുകൂടി വിലയുടെകൂടെ ചേർക്കപ്പെട്ടു. ഇത്തരത്തിലുള്ള അധികവില സംവിധാനമാണു് ഇന്നും നിലനിൽക്കുന്നതു്.

വിലകളുടെ കാര്യത്തിലുണ്ടായ ഈ പരിഷ്ക്കരണം പുതിയവൈരുദ്ധ്യങ്ങൾക്കു വഴിവച്ചു. വിവിധവിഭാഗങ്ങളിലെ ലാഭനിരക്കുകൾ വ്യത്യസ്തങ്ങളായി. മുൻപ്പ് ലാഭകരമല്ലാതിരുന്ന, അതേസമയം സോഷ്യലിസ്റ്റ്‌വ്യവസ്ഥയിൽ തൊഴിലാളികൾക്കു് ഉപയോഗപ്രദമായ വ്യവസായങ്ങൾ ഇപ്പോൾ വിലയുടെ അടിസ്ഥാനത്തിലാണു് പരിഗണിക്കപ്പെടുന്നതു് എന്നതുകൊണ്ടു്, സംതുലനാവസ്ഥയിലുള്ള ഒരു പുനരുൽപ്പാദനം

ഉറപ്പു വരുത്തുന്നതിനാണ് ഇതു ചെയ്യുന്നത്. ഇത് അവരുടെ പാപ്പരത്തത്തെയാണ് കാണിക്കുന്നത്. എന്നിട്ടും സോവിയററ് സമ്പദ്‌വ്യവസ്ഥയിൽ അങ്ങേയററത്തെ അസന്തുലിതാവസ്ഥ നിലനിൽക്കുന്നു. അതേസമയം സമ്പദ്‌വ്യവസ്ഥ ഒരിക്കൽ ലാഭനഷ്ടാടിസ്ഥാനത്തിലായിക്കഴിഞ്ഞാൽ കേന്ദ്രീകൃതവിലനിർണ്ണയനം കുഴപ്പത്തിലാവുന്നു, വിലകാംക്ക് മേൽക്കോയ്മ ലഭിക്കുന്ന ഒരു അവസ്ഥയുടെ അപഹാസ്യതകളാണിവ. സോവിയററ് സോഷ്യൽ സാമ്രാജ്യത്വത്തിൻെറ മാപ്പുസാക്ഷികാം അവിടത്തെ വ്യാപാരബന്ധങ്ങാംക്കുമേലുള്ള നിയന്ത്രണത്തെക്കുറിച്ച് വായിട്ടലക്കുന്നു. താഴ്ന്ന നിലവാരങ്ങളിൽനിന്ന് മുകളിലേക്ക് വാത്തകാം അത്ഭുതകരമായ തരത്തിൽ ഒഴുകുന്നതിനെക്കുറിച്ച് അവർ വാചാലരാകുന്നു. അത് ആസൂത്രണവിഭാഗംവരെ ഉയർന്നുചെല്ലുന്നു. അവിടെനിന്ന് അതു് താഴെ സ്ഥാപനങ്ങാംവരെ ചെന്നെത്തുന്നു. എന്നാൽ വ്യവസായസ്ഥാപനങ്ങളാകട്ടെ തങ്ങളുടെ ഉൽപ്പാദനചെലവിൻെറ കണക്ക് ഊതിവീർപ്പിക്കുന്നു. അതിലൂടെ അവസാനവിലയും പ്രവർത്തനലാഭവും വർദ്ധിപ്പിക്കുന്നു. യു. എസ്. എസ്. ആറിലെ വിലകളുടെ കാര്യം നിർണ്ണയിക്കുന്ന കമ്മററിയുടെ ഡെപ്യൂട്ടിചെയർമാൻെറ കണക്കുകൂട്ടലനുസരിച്ച് ഈ വിലകാം ഏതാണ്ട് 20 ശതമാനത്തിലേറെ വർദ്ധിപ്പിക്കപ്പെടുന്നുണ്ട്. നിശ്ചിതവിലകളുടെ സാഹചര്യത്തിൽ ഇതു് ഒരുതരം വിലപേശൽതന്നെയാണ്.

ഉപകരണങ്ങളുടേയും ഉല്പാദനക്ഷമമായ മൂലധനത്തിൻെറ മററുഘടകങ്ങളുടേയും വാടക എന്ന നിലയിലുള്ള ഒരു മതിപ്പു തുകയാണ് മൂലധനവിഹിതം. ഇതു് ഫൈനാൻഷ്യൽ അക്കൗണ്ടിംഗിൻെറ വെറും സാങ്കേതികസത്യം മാത്രമല്ല. ഒരു സ്റ്റേററ് മുതലാളിത്തം മിച്ചമൂല്യത്തെ ചൂഷണം ചെയ്യുന്നതിൻെറ ഒരു പ്രത്യേകരൂപമാണതു്. ഒരു വ്യവസായസ്ഥാപനം ഒരു നിർദ്ദിഷ്ടഅളവ് സ്ഥിരപ്രവർത്തനമൂലധനത്തെ നിയന്ത്രിക്കുന്നു. അതിൽനിന്നും അതിൻെറ സ്വന്തം ചെലവുകാം നിർവ്വഹിക്കുകയും മററു സ്ഥിരം അടവുകളും സ്റ്റേററിൻെറ ബഡ്ജററിലേക്കുള്ള മൂലധനവിഹിതവും അടക്കുകയും ചെയ്യുന്നു. ഭരണകൂടം നൽകുന്ന ഈ മൂലധനത്തിൻെറ അളവ് ഈ മൂലധനത്തിൻെറ ചെലവും അതിൽനിന്നുണ്ടാകുന്ന ഫലങ്ങളും തമ്മിലുള്ള ബന്ധത്തെ ആസ്പദിച്ചാണിരിക്കുന്നതു്. ഈ ഫലങ്ങളിൽ ആ വ്യവസായത്തിൽ നിന്നുണ്ടാകുന്ന ധനപരമായ വരുമാനങ്ങളുടെ നിരക്കും മൊത്തം നിക്ഷേപം തിരിച്ചുകിട്ടാൻ വേണ്ടസമയവും ഉാംപ്പെടുന്നു. സർക്കാരിലേക്കടക്കുന്ന മൂലധനവിഹിതത്തിൻെറ അളവ് ആ സ്ഥാപനത്തിൻെറ ഫലപ്രാപ്തിയെ സംബന്ധിച്ച ഏററവും ചുരുങ്ങിയ വ്യവസ്ഥകളിലൊന്നാവുന്നു. തീർച്ചയായും ഒരു യഥാർത്ഥ സോഷ്യലിസ്റ്റ് സ്ഥാപനം മൂല്യത്തേയും ഫലപ്രാപ്തിയേയും കണക്കിലെടുക്കേണ്ടതാണ്.

വിപ്ലവചൈനയിൽ ഗ്രാമീണഫാക്ടറികഠം വളരെ കാര്യക്ഷമ മായിത്തന്നെ നടത്തേണ്ടതുണ്ടായിരുന്നു. എന്നാൽ വ്യവസായ ങ്ങളെ ഗ്രാമങ്ങളിൽ സ്ഥാപിക്കുക എന്ന തീരുമാനം അടി സ്ഥാനപരമായിതന്നെ ഒരു രാഷ്ട്രീയതീരുമാനമായിരുന്നു. ഈ ഫാക്ടറികളിലെ തൊഴിലാളികളുടെ മുഖ്യ താല്പര്യം രാ ഷ്ട്രീയവുമായിരുന്നു. ഇവിടെ സോവിയററ് യൂണിയനിലാക ട്ടെ അതിൽനിന്നു് അടിസ്ഥാനപരമായിതന്നെ വിഭിന്നമായ കാര്യങ്ങളാണുള്ളതു്. വിലയെ സംബന്ധിച്ച നിയമം സാമൂ ഹ്യ ഉല്പാദനത്തിൻെറ നേതൃസ്ഥാനത്തു വന്നിരിക്കുന്നു. സോ ഷ്യൽ സാമ്രാജ്യത്വത്തിൻെറ മാപ്പുസാക്ഷികഠം പറയുന്നതു് അ വിടെ ഉല്പാദനോപാധികഠംക്കു് ഒരു വിപണിയില്ലെന്നാ ണു്. ഇന്നു് സ്ഥാപനങ്ങഠംക്കിടയിലുള്ള സ്വതന്ത്രവ്യാപാരം സോവിയററ്യൂണിയനിൽ പ്രാധാന്യം നേടിക്കൊണ്ടിരിക്കുക യാണു്. പക്ഷേ അതു് ഒരു അത്യാവശ്യപ്രശ്നമല്ല. മൂലധനത്തെ ഒരു ചരക്കായി കാണാൻ അതു് ഒരു ചന്തയിൽ കൊണ്ടുപോ യി വിൽപ്പനക്കു വയ്ക്കണമെന്നില്ല. ഒരു പ്രത്യേക അളവു് ലാ ഭം പരിഗണിച്ചുകൊണ്ടു് ഏതെങ്കിലും പ്രത്യേകയൂണിററിനു് മൂലധനം നിഷേധിക്കുന്നുവെങ്കിൽ അതും ഒരു തരം കച്ചവടം തന്നെയാണു്. എന്നാൽ എല്ലാ മുതലാളിത്തസമൂഹങ്ങളിലേ യും പോലെതന്നെ റഷ്യയിൽ അദ്ധ്വാനശക്തിയും വിപണനം ചെയ്യപ്പെടുന്നുണ്ടു്.

സോവിയററ് സമൂഹം നിലനിൽക്കുന്നതു് കോസ്റ്റ്-അക്കൗ ണ്ടിംഗിനേയും (Cost accounting) ഭൗതിക പ്രചോദനസംവി ധാനത്തേയും ആശ്രയിച്ചാണു്. ഒരു പുതിയ ഉല്പാദനസം വിധാനം പ്രവർത്തനം തുടങ്ങുമ്പോഠം നിർമ്മാണസ്ഥാപന ങ്ങഠംക്കു് ലാഭത്തിലൊരു വിഹിതത്തിനുള്ള അർഹത ലഭിക്കു ന്നു. തൊഴിലാളികഠം ബഹുമുഖങ്ങളായ കടമകഠം നിർവഹിക്കു കയും ഒരു ചെറിയ സംഖ്യ ആളുകളെക്കൊണ്ടു തന്നെ ഉൽപ്പാദന ലക്ഷ്യം നേടുകയും ചെയ്താൽ അവർക്കു കിട്ടുന്ന ഏകീകൃതബോ ണസ് ശമ്പളനിരക്കിൻെറ 50% വരെ വരുന്നു. അവർ നിർ വഹിച്ച അദ്ധ്വാനത്തിനുള്ള കൂലിയാണു് ഈ ശമ്പളവും ബോണസും എന്നാണു് തിരുത്തൽവാദികഠം പറയുന്നതു്, അ തു് മൂലധനത്തിൻെറ ഏററവും മികച്ച വാദമാണു്. പക്ഷേ ഒരു സാമൂഹ്യഉൽപ്പാദനത്തിൻെറ കാര്യങ്ങഠം നിർവ്വഹിക്കുന്നതു് വി ലയെ സംബന്ധിച്ച നിയമവും പണമിടപാടുകളുമാണെങ്കിൽ തൊഴിലാളികഠം തങ്ങളെ മർദ്ദിക്കുന്ന ഒരു യന്ത്രത്തിൻെറ പൽ ചക്രങ്ങളാവുകയാണു് ചെയ്യുന്നതു്. നിലനിൽക്കാനാവാത്ത ഒരു കെണിയിൽ കിടന്നുകൊണ്ടു് പാൽക്കട്ടികഠം പുറകെ ഓടുന്ന ചു ണ്ടെലികളുടെ മാതിരിയാകുന്നു അവർ. ഒററവാക്കിൽ പറ ഞ്ഞാൽ അവർ കൂലിയടിമകളാകുന്നു. സോവിയററ് യൂണിയ നിലെ തൊഴിലാളികഠം കൂലി, വേതനങ്ങഠം, ബോണസുകഠം തുടങ്ങിയവയുടെ വലയിൽ കുടുക്കപ്പെട്ടിരിക്കുന്നു. നിശ്ശബ്ദരാ

യി അനുസരിക്കാൻ അതവരെ നിർബ്ബന്ധിക്കുന്നു. അനുവദിക്കപ്പെട്ട വിഹിതം മാത്രം ഉപജീവിച്ചുകൊണ്ട് അവർ നിലനിൽക്കുന്നു. ഉൽപാദനോപാധികളിൽനിന്നും കാലഘട്ടത്തിൻെറ അടിസ്ഥാനപ്രശ്നങ്ങളെ സംബന്ധിച്ച സമരങ്ങളിൽനിന്നും തൊഴിലാളികൾ അകററപ്പെട്ടിരിക്കുന്നു. പക്ഷേ ലാഭത്തെ പരമാവധി വർദ്ധിപ്പിക്കുന്ന പ്രക്രിയയുമായി അവർ ദൃഢമായി കണ്ണിചേർക്കപ്പെട്ടിരിക്കുന്നു. തൊഴിൽ ഗ്രൂപ്പുകൾമുതൽ മുകളിലേക്ക് സമൂഹത്തിൻെറ ലക്ഷ്യം സാമ്പത്തിക ഉത്തരവാദിത്തവും ഭൗതികനേട്ടത്തിനും പദവികൾക്കും വേണ്ട യത്നവുമാണ്.

സോവിയററ് യൂണിയനിലെ കൂലിനിരക്കുകൾ കേന്ദ്ര നിലവാരത്തിലാണ് നിർണ്ണയിക്കുന്നത്. വ്യവസായസ്ഥാപനങ്ങളിലെ വേതനത്തിനുവേണ്ടിയുള്ള മൊത്തം ഫണ്ട് കേന്ദ്രനിലവാരത്തിൽതന്നെയാണ് നിശ്ചയിക്കപ്പെടുന്നത്. എങ്കിലും തൊഴിലാളികൾക്ക് ഇഷ്ടാനുസരണം തൊഴിലന്വേഷിക്കാം. നിയന്ത്രിതമായ ഈ കൂലിനിരക്കുകളുടെ വ്യവസ്ഥ ഒരു പദ്ധതിക്കകത്തുള്ള വിപണിബന്ധങ്ങളുടെ പ്രവർത്തനത്തെയാണ് പ്രതിനിധീകരിക്കുന്നത്. കൂലിവേലയെ സംബന്ധിച്ച ഒരു മുതലാളിത്ത വിഭജനമല്ലാതെ മറെറാന്നുമല്ല അത്. ഇതോടൊപ്പം തൊഴിലാളികളുടെ സഹകരണം ഉറപ്പുവരുത്താനായി ചില പ്രലോഭനങ്ങൾ അവർക്കുമുമ്പിൽ, എഴുതിത്തൂക്കിയിരിക്കുകയും ചെയ്യും. കാര്യങ്ങളെ നടപ്പാക്കികിട്ടുന്നതിനുവേണ്ടി സ്റ്റേററ്മുതലാളിത്തം ഉപയോഗിക്കുന്ന വെറുമൊരുപാധി മാത്രമാണ് കൂലിവ്യവസ്ഥയും ബോണസ്സുമെല്ലാം. തൊഴിലാളികളുടെ ചരിത്രപരമായ താല്പര്യങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത ചില ഉപാധികൾ. അതുപയോഗിച്ചുകൊണ്ടാണ് അവർ തൊഴിലാളികളെക്കൊണ്ട് കാര്യങ്ങൾ ചെയ്യിക്കുന്നത്. സാമ്പത്തികവും രാഷ്ട്രീയവുമായ കാരണങ്ങളാൽ സൈബീരിയൻ മേഖലയിൽ മദ്ധ്യേഷ്യയിൽനിന്നുള്ള മുസ്ലീങ്ങളെ താമസിപ്പിക്കാൻ സോവിയററ് ഭരണവർഗം ആഗ്രഹിക്കുന്നു. ഇതെങ്ങനെയാണ് കഴിയുക? പ്രലോഭനങ്ങളിലൂടെ സൗജന്യയാത്രാചെലവുകൾ, പശുക്കളെ വാങ്ങാനുള്ള കടംവായ്പകൾ, നികുതിയിളവുകൾ, വലിയ വേതനം തുടങ്ങി നിരവധി വാഗ്ദാനങ്ങൾ പരസ്യങ്ങളിലൂടെ നൽകപ്പെടുന്നു. പാശ്ചാത്യരാജ്യങ്ങളിലെന്നപോലെ തന്നെ, ആരാണ് തന്നെ ചൂഷണം ചെയ്യേണ്ടതെന്നും എവിടെവച്ചാണ് ചൂഷണം ചെയ്യേണ്ടതെന്നുമുള്ള കാര്യങ്ങൾ തെരഞ്ഞെടുക്കുന്നിടംവരെയുള്ള സ്വാതന്ത്ര്യം ഇവിടെയുമുണ്ട്. സോവിയററ് ശൈലിയിലുള്ള മറെറാരു ''സോഷ്യലിസ്റ്റ്'' സമൂഹമായ ഹംഗറിയിലെ ഒരു തൊഴിലാളിയായ മിക്ളോസ് ഹരാസ്ടി (Miklo's Haraszti)യുടെ 'തൊഴിലാളി ഭരണത്തിൻകീഴിലെ ഒരു തൊഴിലാളി'(A warker in a warker's state) എന്ന മനോഹരമായ പുസ്തകത്തിലെ ഒരു ഖണ്ഡിക ഞാനുദ്ധരിക്കാം.

കൂലിയടിമത്തത്തെ ഇത്രയും ശക്തമായി വിശദീകരിക്കുന്ന മററു പുസ്തകങ്ങൾ ഏറെയൊന്നും എനിക്കറിയില്ല.'

''മത്സരം എന്ന വസ്തുതയേയും അതിൻെറ അന്തസത്തയേയും ഞങ്ങൾ സ്വീകരിക്കുന്നു. അതുകൊണ്ടുതന്നെ ജീവിതത്തിലും തൊഴിലിലും അതിനുപകരമായി സഹകരണത്തെ സ്ഥാപിച്ചുകൂടേ എന്നോ, നമ്മുടെ ജീവിത സാഹചര്യങ്ങളിൽ മാത്സര്യം എന്തുകൊണ്ട് അഗ്രിമസ്ഥാനത്തെത്തിയെന്നോ ഉള്ള ചോദ്യമുന്നയിക്കാൻ തന്നെ കഴിയുന്നില്ല... എനിക്കു തന്നെ അന്യായങ്ങളെന്ന നിലയിൽ എഴുതാൻ കഴിയുന്നതു് കൂലിവേല, പീസ് റേററ്, വ്യവസ്ഥകൾ, അനുബന്ധവേതനം, രണ്ടു യന്ത്രങ്ങളിൽ ഒരുമിച്ചു ജോലിചെയ്യുന്ന രീതി തുടങ്ങിയവയെക്കുറിച്ചാണ്. എന്നാൽ അവയുടെ സവിശേഷസ്വഭാവങ്ങളിൽ ഊന്നുമ്പോൾ, അവയെല്ലാം പരിഷ്ക്കരിക്കാവുന്ന സന്നിഗ്ദ്ധരൂപങ്ങൾ മാത്രമാണെന്നമിഥ്യാബോധം വച്ചുപുലർത്തുകയാണ് ഞാനെന്നും അതുകൊണ്ടുതന്നെ തെററുകാരനാണെന്നും എനിക്കു തോന്നാറുണ്ട്. എൻെറ മുന്നിലുള്ള ഈ വെള്ളക്കടലാസുവരെ നേരത്തെ ഫാക്ടറിയിൽ വച്ച് തെളിയിക്കപ്പെട്ടതുപോലെ പണത്തിൻെറ അനന്തശക്തിയെ വെളിപ്പെടുത്തുകയാണെന്ന് എനിക്കു തോന്നുന്നു. അതിന് എൻെറ അസ്തിത്വത്തെ ഉറപ്പിക്കുന്നതിനോ, ഭീഷണിപ്പെടുത്തുന്നതിനോ കഴിവുണ്ടെന്നു മാത്രമല്ല, എൻെറ നാവിനെ സെൻസർ ചെയ്യാനും അതു് ശക്തമാണ്. അതെക്കുറിച്ച് സംസാരിക്കാൻ തുടങ്ങുമ്പോൾ, ഏതെങ്കിലും തരത്തിൽ കാര്യങ്ങളെ പ്രകടമാക്കാൻ പോന്ന വാക്കുകൾ കണ്ടെത്താൻ എനിക്കു കഴിയുന്നില്ല. വസ്തുനിഷ്ഠതയുടെ മേഖലയിലൊട്ടാകെ പണം അതിൻെറ കേവലമായ ശക്തി പ്രകടിപ്പിക്കുന്നു. ഇവിടെ ഫാക്ടറിയിലെന്നപോലെ, അതിനെ അവസാനിപ്പിക്കുന്നതിനെക്കുറിച്ച് സ്വപ്നംകാണുന്നവരെ കവിതകളുടെ മണ്ഡലത്തിലേക്ക് നാടുകടത്താനുള്ള ശക്തി അതിനുണ്ട്. അല്ലെങ്കിൽ അതു് ഞങ്ങളുടെ നാവുകളെ അറുത്തുകളയുന്നു.'

ഇങ്ങനെയാണോ കാര്യങ്ങൾ നീങ്ങേണ്ടതു്? തൊഴിലാളികൾക്ക് ഇതു മാത്രമേ കഴിയൂ? ലോകത്തെ തങ്ങളുടെ താല്പര്യത്തിനനുസരിച്ച് മാററിത്തീർക്കാൻ അവർക്കു കഴിയില്ലേ? ഒരു സോഷ്യലിസ്റ്റ് സമൂഹത്തിൽ അത്തരം പരിണാമങ്ങൾ വരുത്തുക എന്നുവച്ചാൽ അതു് സമരങ്ങളുടെ ഒരു പ്രക്രിയയാണ്. ചൈനയിലെ സാംസ്കാരികവിപ്ലവകാലത്ത് പീസ്–റേററുകളും വിവിധതരം ബോണസുകളും നിർത്തലാക്കി. ഏകാംഗ മാനേജ്മെൻറുകൾ വിഭജിച്ചു; ഉൽപാദനക്ഷമമായ അദ്ധ്വാനത്തിൽ കാഡർമാരുടെ പങ്കാളിത്തം വൻതോതിൽ നടപ്പിലാക്കപ്പെട്ടു. വളരെ പ്രധാനപ്പെട്ട മറെറാരുകാര്യം ഈ ഉൽപാദനയൂണിററുകളെല്ലാം രാഷ്ട്രീയസമരത്തിനു വേണ്ടിയുള്ള യൂണിററുകളായി പരിണമിക്കപ്പെട്ടു എന്നതാണ്. തൊഴിലാളികളും ഉൽപാദനോപാധികളും തൊഴിലാളികൾ തമ്മിൽ തമ്മിലും ഉണ്ടായിരുന്ന

ആപേക്ഷികമായ അകൽച്ചയെ ഇല്ലാതാക്കുന്നതിനുവേണ്ടി ഈ യൂണിററുകൾക്കിടക്കുള്ള ബന്ധങ്ങളും വേണ്ടത്ര മാററത്തിനു വിധേയമാക്കി. ഭരണാധികാരത്തിൻേറയും ഭലാകത്തിൻേറയും ചോദ്യങ്ങൾക്കായി തൊഴിലാളികൾ ശിരസ്സുയർത്തി, സോവിയററ്യൂണിയനിൽ അദ്ധ്വാനം കർശനവും പരമ്പരാധിഷ്ഠിതവുമായ അധികാരങ്ങൾക്ക് കീഴ്പ്പെട്ടു. ലാഭത്തിൻെറ ഒരു വിഹിതം എന്ന നിലവരെയെത്തുന്ന അധികവേതനമാണ് പ്രേരണയും നിയന്ത്രണവും ചെലുത്താനുള്ള ശക്തി. ലോകത്തിലെ മർമ്മപ്രധാനമായ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള കലാപങ്ങളും സമരങ്ങളും കൈയൊഴിക്കപ്പെട്ടു. എൻെറ പ്രതിയോഗിയായ സിമാൻസ്കി സോവിയററ് ഫാക്ടറികളിലെ ഉൽപാദന സമിതികളെക്കുറിച്ചു പറയുന്നു. എന്നാൽ തൊഴിലാളികളുടെ പങ്കാളിത്തത്തിനുള്ള ഉദാഹരണങ്ങൾ സ്വീഡനിലെ വോൾവോ വ്യവസായശാലകളിലുണ്ട്. പ്രശ്നം ഇതാണ്. ഒരിക്കൽ സാമൂഹ്യ ഉല്പാദനത്തിനുമുകളിൽ മിച്ചമൂല്യത്തിൻെറ ഉൽപാദനം ആധിപത്യം നേടിയാൽ കൂലിവേല ഒരു ചരക്കായി മാറുന്നു.

തിരുത്തൽവാദികൾ പറയുന്നത് സോവിയററ്യൂണിയനിൽ അദ്ധ്വാനശക്തി ഒരു ചരക്കല്ല എന്നാണ്. ഈ വാദത്തിത്തിന് പിൻബലം നൽകാനായി സോവിയററ്യൂണിയനിൽ തൊഴിലാളികളുടെ കരുതൽസേന നിലനിൽക്കുന്നില്ലെന്ന് അവർ പറയുന്നു. ഇതേക്കുറിച്ച് രണ്ടുകാര്യങ്ങൾ പറയാനുണ്ട്. ഒന്നാമതായി പരസ്പര മത്സരത്തിൻെറ നിർബ്ബന്ധംമൂലം അദ്ധ്വാനപ്രക്രിയക്കുണ്ടാകുന്ന യന്ത്രവൽക്കരണത്തിൽനിന്നാണ് മിച്ച അദ്ധ്വാനം വളർന്നുവരുന്നതെന്നാണ് മാർക്സിൻെറ നിഗമനം. അതായത് മൂലധനത്തിൻെറ സംഭരണത്തിൽ നിന്ന് അദ്ധ്വാനശക്തിയെ ഒരു ചരക്കാക്കിമാററുന്നത് തൊഴിലില്ലായ്മയല്ല. അത് കൂലിയടിമത്വത്തിൻെറ വ്യവസ്ഥയുടെ ഒരു ഭാഗമാണെന്നതുശരിതന്നെ. രണ്ടാമതായി ഉയർന്നുവരുന്ന ജീവിതനിലവാരത്തിൻേറയും നീണ്ടകാലത്തേക്ക് വൻതോതിലുള്ള തൊഴിലില്ലായ്മ ഇല്ലാതിരിക്കുന്നതിൻേറയും കാര്യങ്ങൾ മുതലാളിത്തത്തിൽനിന്നും വ്യത്യസ്തമാണ്. എങ്ങനെയാണ് സാമ്രാജ്യത്വം പ്രവർത്തിക്കുന്നതെന്നതിനെ സംബന്ധിച്ച് ആഴത്തിൽ നിലനില്ക്കുന്ന വളച്ചൊടിക്കലിനെ അത് നിഷേധിക്കുന്നു. ജപ്പാനേയും ജർമ്മനിയേയുംപോലുള്ള രാജ്യങ്ങളിൽ രണ്ടാം ലോകയുദ്ധത്തിനുശേഷമുള്ള കാലയളവിൽ ഉയന്ന വളർച്ചനിരക്കും താഴ്ന്ന തൊഴിലില്ലായ്മനിരക്കും പ്രകടമായിരുന്നു. നിരന്തരമായ സാമ്രാജ്യത്വസംഭരണം ഇതിന് സാദ്ധ്യതനൽകുന്നു. പ്രശ്നം ഇതാണ്. വികസിതരാജ്യങ്ങളെ ഒററക്ക് കണക്കാക്കാൻ പാടില്ല. അവയെ കൂടുതൽ ബൃഹത്തായ ഒരു സാർവ്വദേശീയ വികസനപ്രക്രിയയുടെ ഭാഗമായാണ് കാണേണ്ടത്.

വരുമാനങ്ങളുടെ സമീകരണമാണ് സോഷ്യലിസത്തിൻെറ മാനദണ്ഡമെങ്കിൽ, സോവിയററ്യൂണിയനിലെ അസമ

ത്വം അമേരിക്കയിലേതിനേക്കാരം കുറവാണെന്നുകാണാം. 1976 ലെ സോവിയററ്വേതനത്തിൻേറയും ശമ്പളത്തിൻേറയും അസമത്വം അതേ മാർഗത്തിലൂടെ അളന്നു കണ്ടെത്തിയ ഗ്രേററ് ബ്രിട്ടനിലെ അസമത്വത്തിന് ഏതാണ്ട് ശരിക്കും തുല്യമായിരുന്നു. എന്നാൽ സോവിയററ്യൂണിയനിലെ അദ്ധ്വാന ശക്തിയുടെ കമ്മി 'സോവിയററ് അദ്ധ്വാനവ്യവസ്ഥയെ ഉൽപാദകർക്ക് അങ്ങേയററം ലാഭകരമാക്കിത്തീക്കുന്നു' എന്നു പറയുകവഴി എൻെറ പ്രതിയോഗി പൂച്ചയെ സഞ്ചിയിൽനിന്നും പുറത്തുവിടുന്നു. ഈ ലാഭത്തെ ആർക്കെതിരായിട്ടാണ് അവിടത്തെ തൊഴിലാളിവർഗം പ്രയോഗിക്കുന്നതെന്ന് നമുക്കു ചോദിക്കാം. തങ്ങരംക്കുതന്നെ എതിരായിട്ടോ അതോ ഒരു പുതിയ മുതലാളി വർഗത്തിനെതിരായിട്ടോ? സോവിയററ്യൂണിയനിൽ മുതലാളിത്തമുണ്ടോ എന്നറിയാൻ അവിടത്തെ തത്വദീക്ഷയില്ലാത്ത, ഉന്നതതലത്തിൽ ജീവിക്കുന്ന നേതാക്കളെ നോക്കാൻ എൻെറ പ്രതിയോഗിയോടാവശ്യപ്പെടുന്നു. തുറന്നുപറഞ്ഞാൽ അവരുടെ വ്യക്തിപരമായ ജീവിതശൈലി അപ്രസക്തമാണ്. ചിലർ അതു് നിഷിദ്ധവും വിരസവുമാണെന്നു കരുതിയേക്കാം. സോവിയററ് ഉന്നതന്മാരുടെ സവിശേഷാധികാരങ്ങരം പരിഗണിക്കാവുന്നതാണ്. എങ്കിലും അവ ഒരു വർഗത്തിൻെറ സ്വകാര്യമായ സവിശേഷാധികാരങ്ങളോളം മുഖ്യമായ വ്യക്തിപരമായ സ്വകാര്യാവകാശങ്ങളല്ല. ഒരു ഫാക്ടറി ഡയറക്ടറർക്ക് സ്വന്തമായി ഒരു കാർ ഉണ്ടായിരിക്കണമെന്നില്ല. പക്ഷേ അതിൻെറ ഉപയോഗം അദ്ദേഹത്തിൻെറ ആജ്ഞാനുസരണം മാത്രമേ ആകാവൂ എന്ന് ആ പദവി ഉറപ്പുനൽകുന്നു. മുതലാളിത്തമെന്നതു് അതിൻെറ അന്തസത്തയിൽ റവന്യൂവരുമാനത്തിൻെറ ഉപഭോഗമല്ല. മുതലാളിയുടെ മൂലരൂപം തൻെറ അവസാന നാളുകളിൽ പ്രതനിഷ്ഠനും അജ്ഞേയവാദിയുമായ ഹോവാർഡ് ഹ്യൂഗ്സോ കൊട്ടാരങ്ങളും കലാവസ്തുക്കളും വാങ്ങിസംഭരിക്കുന്ന റോക്ഫെല്ലർമാരോ ആരോ ആകട്ടെ അതൊരു പ്രധാന പ്രശ്നമല്ല.

മൂലധനം എന്നതു് മിച്ചമൂല്യകൈവശപ്പെടുത്തലും അതു് സംഭരിക്കലുമാണ്. ചില പ്രത്യേക വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഉൽപ്പാദനോപാധികളെ പങ്കുവയ്ക്കാനുള്ള അധികാരമാണതു്. അദ്ധ്വാനശക്തിയെ ഒരു ചരക്കാക്കി മാററുന്ന അടിസ്ഥാനപ്രശ്നം മൂലധനബന്ധത്തിൻെറ ആധിപത്യമാണ്. വിലയെ സൃഷ്ടിക്കുന്ന പ്രക്രിയക്ക് അദ്ധ്വാനപ്രക്രിയയെ കീഴ്പെടുത്തലാണതു്. പക്ഷേ ഇതു് ഒരു സമൂഹത്തിൻെറ മൊത്തത്തിലുള്ള പാതയേയും ദിശയേയും സംബന്ധിച്ച പ്രശ്നമാണ്. 1981—ൽ ബോബ് അവാക്യൻ (അമേരിക്കയിലെ വിപ്ലവ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചെയർമാൻ) മൂലധനത്തിൻെറ ഈ നിർവ്വചനം മുന്നോട്ടുവച്ചു.

''മൂലധനം ഒരു സാമൂഹ്യബന്ധവും ഒരു പ്രക്രിയയുമാണ്. അദ്ധ്വാനശക്തിക്കുമേൽ അന്യവും ശത്രുതാപരവുമായ താൽപ്പര്യങ്ങളുടെ അധീശത്വവും അതിൻെറ നിരന്തരവും (വികസിതവുമായ) പുനരുല്പാദനവുമാണ് അതിൻെറ അന്തസത്ത. (തൊഴിലാളികൾക്ക്) അന്യവും അവർക്കു എതിരുമായ ബന്ധങ്ങളെ പുനരുൽപ്പാദിപ്പിക്കാനായി ഒരു വികസിത അടിസ്ഥാനത്തിൽ അദ്ധ്വാനശക്തിയെ നിയന്ത്രിക്കുകയും ഉപയോഗപ്പെടുത്തുകയുമാണ്... ഇതുകൊണ്ടുദ്ദേശിക്കുന്നതു്.''

ഒരു സോഷ്യലിസ്റ്റ്സമൂഹത്തിൽ ഇതിൻെറ പ്രസക്തി എന്താണെന്നു് അവാക്യൻ ചൂണ്ടിക്കാണിക്കുന്നു.

''ഉടമാവകാശം (മുഖ്യമായും) സാമൂഹ്യവൽക്കരിക്കപ്പെട്ടുവെങ്കിൽ, ഒരു ശരിയായ ലൈനാണ് നേതൃസ്ഥാനത്തെങ്കിൽ... അതിൻെറ അർത്ഥം തൊഴിൽവിഭജനവും വിതരണത്തിലുള്ള വ്യത്യാസങ്ങളും പരമാവധി നിയന്ത്രിക്കപ്പെട്ടിരിക്കുന്നു എന്നാണ്... ഈ കാര്യങ്ങളുടെ നാശത്തിലേക്കാണ് പ്രവർത്തനങ്ങൾ നീങ്ങുന്നതെങ്കിൽ, തൊഴിലാളിവർഗ്ഗത്തിൻെറ അദ്ധ്വാനശക്തിക്കു മുകളിൽ അതിനെ എതിർക്കുന്ന ഒരു ശക്തി, അതിനു് അന്യമായ ഒരു ശക്തി, അടിസ്ഥാനപരമായ അർത്ഥത്തിൽ എങ്ങനെയാണ് ആധിപത്യം നേടുക?

അപ്പോൾ അവാക്യൻ ശരിയായി ചൂണ്ടിക്കാണിക്കുന്ന പ്രധാന പ്രശ്നം അദ്ധ്വാനം എന്തിലേക്കു പ്രയോഗിക്കുന്നുവെന്നും അതു് എന്തിനുവേണ്ടി പ്രവർത്തിക്കുന്നു എന്നതുമാണ്. ചാൾസ് ബെത്തൽഹെയിമിൻെറ അനുയായികൾ തെററായി ധരിക്കുന്നതുപോലെ, മുഖ്യമായും ഫാക്ടറിയിൽ എന്തു നടക്കുന്നുവെന്നോ, ഉൽപ്പാദനത്തിൽ തൊഴിലാളികളുടെ നിയന്ത്രണം എത്രത്തോളമുണ്ടെന്നോ ഒക്കെയുള്ള ഒരു ചോദ്യമല്ല അതു്. ഒരു സമൂഹത്തിൽ മൊത്തത്തിൽ എന്തു നടക്കുന്നു എന്ന പ്രശ്നമാണതുന്നയിക്കുന്നതു്.

ലാഭമാണ് ആധിപത്യത്തിൽ എന്നതിനെ സംബന്ധിച്ചുള്ള എൻെറ പ്രധാന വാദങ്ങളെ ഞാൻ സമാഹരിക്കട്ടെ. സോവിയററു യൂണിയനിലെ വിവിധ തൊഴിൽ പ്രക്രിയകളെ ഏകോപിപ്പിക്കുന്ന സാമൂഹ്യകണ്ണി, മിച്ചമൂല്യമടക്കമുള്ള വിലയെ സംബന്ധിച്ച നിയമമാണ്. അതായതു് ലാഭമാണ് ഉൽപ്പാദനത്തിൻെറ മുഖ്യപ്രേരകശക്തി. സാമൂഹ്യഅദ്ധ്വാനത്തെ വിഭജിച്ചിരിക്കുന്നതു് വിലവികസനത്തിൻെറ ആവശ്യങ്ങൾക്കനുസൃതമായാണ്; വേതനത്തിൻെറ സ്വഭാവവും ലക്ഷ്യവും നിർണ്ണയിക്കുന്നതു് അതാണ്. ഓരോ യൂണിററിൻേറയും ലക്ഷ്യം ലാഭമാണ്. അവയെ അളക്കാനുള്ള വ്യവസ്ഥകളും വിഭാഗങ്ങളും ഈ യൂണിററുകളുടെ പ്രതിപ്രവർത്തനത്തിൽ നിന്നാണുണ്ടാകുന്നതു്.

സോഷ്യലിസ്ററായിരിക്കണമെങ്കിൽ, ഒരു രാജ്യത്തു് ചരക്ക്—പണം ബന്ധങ്ങൾ നിയന്ത്രിക്കപ്പെട്ടിരിക്കണം. സോവി

യററ് യൂണിയനിൽ മുതലാളിത്ത ചരക്കുൽപ്പാദനത്തിനനുസൃതമായാണ് അവ വികസിക്കുന്നത്. സോവിയററ് യൂണിയനിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മിച്ചം—അവിടത്തെ പാഠപുസ്തകങ്ങളനുസരിച്ച് ദേശീയ അററാദായം എന്നാണതിനെ വിളിക്കുന്നത്—മിച്ച മൂല്യത്തിൻെറ രൂപം കൈവരിക്കുന്നു. മൂലധനം സ്വയം വികസിക്കുന്ന വിലയെപ്പോലെയാണ വർത്തിക്കുന്നത്.

അപ്പോരം കാര്യക്ഷമതയുടെ ഏററവും പ്രയോജനകരമായ അളവുകോൽ ലാഭമാണോ എന്ന് ആരെങ്കിലും ചോദിച്ചാൽ, അത് മറെറാരു ചർച്ചയ്ക്കുള്ള വിഷയമാണ്.

## ആസൂത്രണം

ഇനി നമുക്ക് ആസൂത്രണത്തിൻെറ പ്രശ്നം പരിശോധിക്കാം. ഞാൻ നേരത്തെ പറഞ്ഞ കാര്യങ്ങളുടെ പശ്ചാത്തലത്തിൽ സുപ്രധാനമായ ഒരു ചോദ്യം അവശേഷിക്കുന്നു. എന്താണ് ആസൂത്രണത്തെ നയിക്കുന്നത്? ലാഭമോ തൊഴിലാളിവർഗത്തിൻെറ വിപ്ലവതാല്പര്യങ്ങളോ? അവിടത്തെ ആസൂത്രണം മുതലാളിത്തത്തിനും വിപണിബന്ധങ്ങളുടെ ആധിപത്യത്തിനുമെതിരാണെന്ന് വിശ്വസിപ്പിക്കാനാണ് സോഷ്യൽസാമ്രാജ്യത്വത്തിൻെറ മാപ്പുസാക്ഷികരം ശ്രമിക്കുന്നത്. വിപണിബന്ധങ്ങരംക്ക് കോർപ്പറേഷനുകരം തമ്മിലുള്ള മത്സരത്തിൻെറ രൂപത്തിൽ മാത്രമേ നിലനില്ക്കാനാവൂ എന്നാണ് തിരുത്തൽവാദികരം അവകാശപ്പെടുന്നത്. മത്സരമെന്നത് അടിസ്ഥാനപരമായി വിപണികരംക്കുവേണ്ടിയുള്ള ഒരു സമരമാണെന്നുവരെ അവർ പറയുന്നു. എന്നാൽ വിപണിബന്ധങ്ങളെന്നു പറയുന്നതെന്താണ്? മുതലാളിത്തപരമാകണമെങ്കിൽ അതിന് പ്രത്യേക മത്സരരൂപങ്ങളോ വിപണികൈമാററങ്ങളോ ആവശ്യമാണോ? വിപണിയിൽ വിവിധ പേരുകളുള്ള ഉല്പന്നങ്ങളുണ്ടെങ്കിൽ മാത്രമേ അതു സാദ്ധ്യമാവുള്ളു എന്നുണ്ടോ? ഇല്ല; വെവ്വേറെയുള്ളതും അതേസമയം പരസ്പരാശ്രിതവുമായ ചരക്കുല്പാദകരുടെ നിലനിൽപ്പിനെ അടിസ്ഥാനപ്പെടുത്തിയുള്ള കൈമാററബന്ധങ്ങളാണവ. പണം നേരിട്ട് കൈമാററം ചെയ്യപ്പെടാത്തയിടങ്ങളിലും ഈ വിപണിബന്ധങ്ങരംക്ക നിലനില്ക്കാനും പ്രവർത്തിക്കാനും കഴിയും. ഒരു ബാങ്കിൽ അമൂർത്തമായ അക്കങ്ങളിൽ ആസ്തിബാദ്ധ്യതകരം രേഖപ്പെടുത്തുന്നതുപോലെ. സാമ്രാജ്യത്വത്തിനുകീഴിൽ മൂലധനത്തിൻെറ വൻഘടകങ്ങളിൽ വിപണിബന്ധങ്ങരം കൂടുതലായി ആന്തരവത്ക്കരിക്കപ്പെടുന്നു. അത്തരം ഘടകങ്ങരംക്കിടയിലും ഭരണകൂടത്തിനുള്ളിൽ തന്നെയും ഇത് സംഭവിക്കുന്നു. ഉദാഹരണത്തിന് ഒരു ബഹുരാഷ്ട്ര കോർപ്പറേഷൻെറ കേന്ദ്രഓഫീസ് അതിൻെറ കീഴ്ഘടകങ്ങരം തമ്മിൽ വിപണനം സംഘടിപ്പിക്കുന്നു. ഏതെങ്കിലും ഘടകവസ്തുക്കരംക്കുവേണ്ടി വിദേശരാജ്യത്തെ കീഴ്ഘടകങ്ങളിൽ നിന്ന് ഈടാക്കുന്ന വില ആ കോർപ്പറേഷനകത്തെ

ആസൂത്രിത വിലയോളം വരുന്നു. മൂലധനത്തിന്റെ ഭീമമായ കേന്ദ്രീകരണത്തിൽനിന്നും മൊത്തം ദേശീയ മൂലധനത്തിന്റെ പൊതുആവശ്യങ്ങളിൽ നിന്നുമാണ് ഈ പ്രതിഭാസങ്ങളുണ്ടാവുന്നത്. സോവിയററ് യൂണിയനിൽ വ്യാപാരബന്ധങ്ങൾ പ്രവർത്തിക്കുന്നത്, ഉടമാവകാശത്തെ സംബന്ധിച്ച രേഖകൾ ഔപചാരികമായി കൈമാററം ചെയ്യപ്പെടാത്ത ഒരു പരിതഃസ്ഥിതിയിലാണ്. എങ്കിലും അവിടെ ഉൽപ്പാദകഘടകങ്ങളും നിയന്ത്രണകേന്ദ്രങ്ങളും പരസ്പരം ചരക്കുകൾ കൈമാറുന്നുണ്ട്. ഒരു ക്ലാസ്സിക്കൽ വിപണിയെ നോക്കാനാണ് തിരുത്തൽവാദികൾ നമ്മോടാവശ്യപ്പെടുന്നത്. സോവിയററ് യൂണിയനിലാകട്ടെ, വിപണി നിലനിൽക്കുന്നത് മുഖ്യമായ ആസൂത്രണത്തിനുള്ളിലും അതിലൂടെയുമാണ്.

തീർച്ചയായും ഇപ്പോൾ സോവിയററുകൾക്ക് ആസൂത്രണത്തിൽ കുത്തകയില്ല. നമുക്ക് GMനെ പരിശോധിക്കാം. അതു വിഭവങ്ങൾ പങ്കുവയ്ക്കുന്നതിലും, കീഴ്ഘടകങ്ങൾക്കു വേണ്ടിയുള്ള മുഖ്യനിക്ഷേപങ്ങളെ ആസൂത്രണം ചെയ്യുന്നതിലും മുൻഗണനകൾ സ്ഥാപിക്കുന്നു. ഓരോ ഘടകവും ഒരു കാലയളവിൽ സമ്പാദിച്ചിരിക്കേണ്ട പണത്തിന്റെ ലക്ഷ്യവും അതുതന്നെ ആസൂത്രണം ചെയ്യുന്നു. കാർട്ടലുകളും സംയുക്ത സ്ഥാപനങ്ങളും വിവിധ കോർപ്പറേഷനുകളെ പരസ്പരം കണ്ണിചേർക്കുന്നു. എണ്ണകമ്പനികൾ വില നിശ്ചയിക്കുമ്പോഴും, സ്റ്റീൽ കമ്പനികൾ ഇരുമ്പയിർ ലഭിക്കുന്ന പ്രദേശങ്ങളെ ചൂഷണംചെയ്യാനായി കൂട്ടത്തോടെ ഇറങ്ങിപ്പുറപ്പെടുമ്പോഴും നമുക്കിതു കാണാവുന്നതാണ്. ദേശസാല്ക്കരണവും ഭരണകൂടതലത്തിലുള്ള ആസൂത്രണവും കുത്തകമുതലാളിത്തത്തിന്റെ അത്യാവശ്യ സവിശേഷതകളാണ്. ഫ്രാൻസിൽ, പരസ്പരം മത്സരിക്കുന്ന വ്യവസായങ്ങളിൽ 25 ശതമാനവും പൊതുമേഖലയിലാണ്. അവിടത്തെ കടം വായ്പകളിൽ 95 ശതമാനവും ചെയ്യുന്നത് സർക്കാർ ഉടമയിലുള്ള ബാങ്കുകളാണ്. വിവിധ വ്യാവസായികശാഖകൾക്കുവേണ്ട പൊതുനിക്ഷേപ ആവശ്യം സർക്കാർ പദ്ധതിതന്നെ സൂചിപ്പിക്കുന്നു.

ഞാൻ പറഞ്ഞു വരുന്ന കാര്യം ഇതാണ്. ഏതു രൂപത്തിൽ നിലനിന്നാലും മുതലാളിത്തത്തിന് ആസൂത്രണത്തിന്റേയും സംഘടനയുടേയും ഘടകങ്ങളുണ്ട്. ഉൽപാദനത്തിന്റെ സാമൂഹ്യവൽക്കരണം ഇതിനെ അനിവാര്യമാക്കിത്തീർക്കുന്നു. അതിനെ സാദ്ധ്യമാക്കുന്നതോ സ്വകാര്യഉപഭോഗത്തിന്റെ അടിസ്ഥാനത്തിലും. പക്ഷേ ഇതിന്റെയെല്ലാം അടിയിൽ കിടക്കുന്നതും ഇതിന് നിർബന്ധിക്കുകയും ചെയ്യുന്നത് മിച്ചമൂല്യത്തിനുവേണ്ടിയുള്ള സമരമാണ്. സ്വതന്ത്രമൂലധനങ്ങളുടെ അരാജകവാദപരമായ പരസ്പരപ്രവർത്തനമാണ്. സാമ്രാജ്യത്വകാലഘട്ടത്തിൽ സംഘടിതത്വവും അരാജകത്വവും മൂർച്ഛിക്കുന്നു. ആസൂത്രണവും പരസ്പരമത്സരവും പരസ്പരം ഒഴിവാക്കാവുന്നതല്ല; മറിച്ച് വിപരീതങ്ങളുടെ ഐക്യമാണ്. മുതലാളിത്തത്തെ സവി

ശേഷമാക്കുന്ന ഘടകം ആസൂത്രണത്തിൻെറ അഭാവമല്ല, മറിച്ച് മിച്ചമൂല്യത്തിനുവേണ്ടിയുള്ള സമരമാണ്. ഉല്പാദനവും വിപണനവും തമ്മിലുള്ള വൈരുദ്ധ്യം പരിഹരിക്കാനുള്ള ഒരു ശ്രമത്തെയാണ് മുതലാളിത്ത ആസൂത്രണം പ്രതിനിധീകരിക്കുന്നതു്. ഒരു ചരക്കിൻെറ വിൽപ്പനനേരത്തെ ആസൂത്രണം ചെയ്തുകൊണ്ടു് അതിൻെറ വിൽപ്പനയെ സംബന്ധിച്ച അനിശ്ചിതത്വം കുറക്കുന്നതിലൂടെയാണ് ഈ പരിഹാരം അവർ പ്രതീക്ഷിക്കുന്നതു്. താൻ സംഘടിപ്പിക്കുന്ന തൊഴിൽ പ്രക്രിയ തൻെറ ചരക്കുകാം വിററുതീരുന്നതുവരെ സാമൂഹ്യമായി ആവശ്യമാണോ എന്നു് മുതലാളിത്തത്തിൻ കീഴിൽ മുതലാളിക്കു് അറിയില്ല. വീണ്ടും വിഭിന്ന ഉൽപാദന തീരുമാനങ്ങളുടെ അനിശ്ചിതത്വം പരമാവധി കുറക്കാൻ ആസൂത്രണം ശ്രമിക്കുന്നു. മൂലധനമാകട്ടെ തൻെറ സ്വന്തം വൈരുദ്ധ്യങ്ങളെ മറികടക്കാൻ കഠിനാദ്ധ്വാനം ചെയ്യുന്നു. സോവിയററ്യൂണിയനിലെ സാമൂഹ്യാദ്ധ്വാനത്തിൻെറ വിതരണവും വിലകളുടെ കൈമാററവും നടക്കുന്നതു് ഒരു പദ്ധതിയുടെ സന്ദർഭത്തിനുള്ളിലാണ്. ഈ പദ്ധതിയാകട്ടെ പാശ്ചാത്യലോകത്തെ മറേറതു പദ്ധതിയേക്കാളും വളരെയധികം സർവ്വസ്പർശിയാണ്. പക്ഷേ അത്തരം പദ്ധതികാംക്കു് മൂലധനത്തിൻെറ നിയമങ്ങളെ മറികടക്കാൻ കഴിയില്ല. ആ നിയമങ്ങാം പദ്ധതിയിലൂടെ സ്വയം ഉറപ്പിക്കപ്പെടുന്നു. ആത്യന്തികമായി പദ്ധതിയുടെ ലക്ഷ്യങ്ങളെ തീരുമാനിക്കുകയും അവയെ കുറച്ചു കാണുകയും ചെയ്യുന്നു.

സോവിയററ് യൂണിയനിൽ മിച്ചമൂല്യം ഉൽപാദിപ്പിക്കുന്നതു് സ്ഥാപനങ്ങളുടെ തലത്തിലാണ്. എന്നാൽ ഇവയുടെ കേന്ദ്രീകൃതസ്ഥാനമായ സർക്കാരിനു് ഇതു് കൈമാററം ചെയ്യപ്പെടുന്നു. അതു് അവിടെ വെച്ച് മൂലധനമായി മാററപ്പെടുന്നു. സോവിയററ് സാമ്പത്തികവ്യവസ്ഥയെ നയിക്കുന്നതു് ലാഭമാണെന്നു ഞാൻ പറയുമ്പോാം അവിടുത്തെ ആസൂത്രണവകുപ്പു മേധാവികാം ഒരുമിച്ചുകൂടി ഈ ആഴ്ചയിൽ ഏററവും കൂടുതൽ പണം എവിടെനിന്നുണ്ടാക്കാം എന്നു കണ്ടെത്തുകയാണു ചെയ്യുന്നതു്. അതു് അങ്ങേയററത്തെ ലളിതവൽക്കരണമായിരിക്കും. ആദ്യമായി അവിടെ മൂലധനത്തിൻെറ പങ്കുവയ്ക്കലിനെ സംബന്ധിച്ച് സമരങ്ങളുണ്ടു്, ഇക്കാര്യം ഞാൻ പിന്നീടു് വിശദീകരിക്കാം. മുഖ്യമായ പ്രശ്നം ഇതാണ്. അവിടുത്തെ ആസൂത്രണം മുതലാളിത്തത്തിൻെറ വൈരുദ്ധ്യങ്ങളുടെ കേന്ദ്രീകരണമാണ്. വിലയുടെ വികാസത്തിൻേറതായ ചട്ടക്കൂടിൽനിന്നുകൊണ്ടു് സാമൂഹ്യ ഉൽപാദനത്തിൻെറ ആവശ്യങ്ങാം നേടാനാണ് അതു ശ്രമിക്കുന്നതു്. മൂലധനവികാസത്തിൻെറ ചട്ടക്കൂടിൽനിന്നുകൊണ്ടു് ഒരു സാമ്രാജ്യത്വ സാമൂഹ്യരൂപത്തിൻെറ ആകമാനമായ രാഷ്ട്രീയ മുൻഗണനകളെ പരിഹരിക്കാനാണ് അതു ശ്രമിക്കുന്നതു്. ഇതുകൊണ്ടെല്ലാം വൈരുദ്ധ്യങ്ങാം കൂടുതൽ ഉയർന്നതും മൂർച്ഛിച്ചതുമായ തലത്തിലേക്കുയരുന്നു. ഒരു വശത്തു്

മൂലധനത്തിന്റെ വിഭജനം നടക്കുന്നതു് ഫലദായകത്വത്തിന്റെ-ലാഭത്തിന്റെ അടിസ്ഥാനത്തിലാണ്. അതു് നേരത്തെ വിശദീകരിച്ചതാണല്ലോ. മറുവശത്തു് ആ വിഭജനം നടക്കുന്നതു് തന്ത്രപരവും രാഷ്ട്രീയപരവുമായ ആവശ്യകതയുടെ അടിസ്ഥാനത്തിലാണ്. മൂലധനത്തിന്റെ ഈ പ്രയോഗം രണ്ടു നിലപാടുകളിൽനിന്നും അപഗ്രഥിക്കുന്നു. എന്നാൽ ഭൗതികലക്ഷ്യങ്ങളും ലാഭോദ്ദേശ്യവും തമ്മിലും ലാഭത്തിനുവേണ്ടി പരമാവധി പരിശ്രമിക്കുന്ന സ്വതന്ത്രമായി സംഘടിപ്പിക്കപ്പെട്ട അദ്ധ്വാനപ്രക്രിയകൾക്കിടയിലുമുള്ള വൈരുദ്ധ്യങ്ങൾ നിരന്തരമായ ഉരസലുകൾ സൃഷ്ടിക്കുന്നു. ആസൂത്രണത്തിന്റെ വിവിധ ഘടകങ്ങൾ ഒരേ സമയം പല ലക്ഷ്യങ്ങൾക്കും വേണ്ടി പ്രവർത്തിക്കുന്നുണ്ടു്.

അപ്പോൾ ആസൂത്രണമെന്നതു് ഒരു *ചലനാത്മകവൈരുദ്ധ്യ*മാണെന്നു് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഉല്പാദകവസ്തുക്കളുടേയും ഉൽപാദിതവസ്തുക്കളുടേയും ഉപയോഗത്തിലുള്ള സാങ്കേതികത്വം, അതായതു് ഒരു പ്രത്യേകവിഭാഗത്തിൽ ഉപയോഗിക്കപ്പെടുന്നതും ഉൽപാദിപ്പിക്കപ്പെടുന്നതും എന്താണെന്ന പ്രശ്നം, സ്റ്റേററ് ബാങ്കിന്റെ പങ്കാളിത്തം എന്നിവയിൽനിന്നു് മൂലധനത്തിന്റെ അനുപാതം നേരത്തെ കൂട്ടി നിശ്ചയിക്കപ്പെട്ടതായി തോന്നും. പക്ഷേ ഇതെല്ലാം ആത്യന്തികമായി ആശ്രയിച്ചിരിക്കുന്നതും ആവശ്യപ്പെടുന്നതും മിച്ചമൂല്യത്തിന്റെ ഉൽപാദനത്തെയാണ്. ചരക്കുബന്ധങ്ങളുടേയും ഭരണപരമായ ഉത്തരവുകളുടേയും അസ്ഥിരമായ ഒരു സമ്മേളനമാണ് ആസൂത്രണമെന്നു് പ്രസിദ്ധസാമ്പത്തികശാസ്ത്രജ്ഞൻ ബെത്തെൽഹെയിം വിശദീകരിക്കുമ്പോൾ അതു് ശരിയാണെന്നാണ് ഞാൻ കരുതുന്നതു്; വില ആസൂത്രണത്തിനുമുകളിൽ ആധിപത്യം നേടുന്നു. അതു സേവിക്കുന്ന രാഷ്ട്രീയമാകട്ടെ സാമ്രാജ്യത്വവികാസത്തിന്റെ രാഷ്ട്രീയമായിരിക്കും.

നമുക്കു് ഈ പദ്ധതിയെ മറനീക്കി പരിശോധിക്കാം. എല്ലാററിനും അതാതിന്റെ സ്ഥാനം ലഭിക്കുന്ന ഒരു രീതിയനുസരിച്ചാണ് സോവിയററ് ആസൂത്രകർ തങ്ങളുടെ പഞ്ചവത്സരപദ്ധതികൾ രൂപംകൊടുക്കുന്നതെന്നു കരുതുന്നവർക്കു് ദയനീയമാംവിധം തെററുപററിയിരിക്കുന്നു. 1966-70കാലത്തെ പഞ്ചവത്സരപദ്ധതിക്കു് 1967 അവസാനത്തിൽപോലും പൂർണ്ണമായി രൂപം കൊടുത്തിരുന്നില്ല.[5] വാർഷികപദ്ധതികൾ ഏറെ പ്രവർത്തനക്ഷമമാകുന്നുണ്ടു്. പക്ഷേ അതിനു് നിരന്തരമായ പുന:പരിശോധനകളും അഴിച്ചുപണികളും ആവശ്യമായി വരുന്നു, ഉല്പാദനലക്ഷ്യം നേടാനാവശ്യമായ കാര്യങ്ങളിൽ വരുന്ന വീഴ്ചകളുടേയും അപ്രതീക്ഷിതമായ മാററങ്ങളുടേയും വാർത്തകൾ സോ

5. Alec Nove ''The soviet Economic system''. 2nd edition 1980 page. 34

വിയറ്റ്പത്രങ്ങളിൽ നിരവധിയായി കാണാം. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉദ്ദേശിച്ചതിന്റെ ഇരട്ടിയിലധികം സമയമെടുക്കുന്നു. 1978 ൽ മൊത്തം വാർഷിക നിക്ഷേപത്തിന്റെ 85 ശതമാനം പദ്ധതികളും അപൂർണ്ണമായി അവശേഷിക്കുന്നു. അത് മുൻവർഷത്തേക്കാൾ കൂടുതലായിരുന്നു. സ്ഥാപനങ്ങൾ കൗശലങ്ങളും തന്ത്രങ്ങളും പ്രയോഗിച്ചാണ് നേട്ടങ്ങളുണ്ടാക്കുന്നത്. ഓരോ ഫാക്റ്ററിക്കും കമ്പനി ശമ്പളംകൊടുത്ത് നിയമിച്ചിട്ടുള്ള ഒരു ത്വരിതനിർവാഹകനുണ്ടായിരിക്കും. ഒരു ട്രാക്റ്റർ പ്ലാന്റിലേക്കുള്ള ടയറുകൾ കൃത്യസമയത്തെത്തുന്നില്ലെങ്കിൽ അയാൾ കീശയിൽ വേണ്ടത്ര റൂബിളുകളും (റഷ്യൻകറൻസി, സഞ്ചിയിൽ കോഞ്ഞ്യാക്കു(വിദേശമദ്യം) മായി പുറപ്പെടുന്നു. പരസ്യങ്ങളും നിയമവിരുദ്ധമായ ഫാക്റ്ററികളും ഈ കളികളുടെ ഭാഗമാണ്. ലക്ഷ്യം നേടുന്നതിനുവേണ്ടിയുള്ള തിരക്കു പിടിച്ച ശ്രമങ്ങളും പ്രഖ്യാപിതസമയം കഴിഞ്ഞതിനെത്തുടർന്നുള്ള തിരക്കുകളും അവിടെയുണ്ട്. വ്യവസ്ഥകൾ നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. 1983 മാർച്ച് 17-ാം തിയതിയിലെ പ്രവ്ദയിൽ ഒരു ഉല്പാദക സംഘടനാ ഡയറക്റ്ററുടെ പരാതിയുണ്ടായിരുന്നു. ''ഞങ്ങൾ അക്കങ്ങൾക്കും അങ്കനങ്ങൾക്കുമിടക്ക് കുരുക്കപ്പെട്ടിരിക്കയാണ്......... ദൈവത്തോട് എന്താണ് പ്രാർത്ഥിക്കേണ്ടതെന്ന് ഞങ്ങൾക്ക് യാതൊരു രൂപവുമില്ല''. ലാഭദേവത എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് അറിഞ്ഞുകൂടാ എന്ന് നമുക്ക് കൂട്ടിച്ചേർക്കാം. ഇവയെയെല്ലാം ന്യായീകരിക്കാനുള്ള അത്ഭുതകരമായ കഴിവാണ് തിരുത്തൽവാദികൾക്കുള്ളത്. ഉന്നതരായ ആസൂത്രണാധികാരികൾ മൊത്തം ലക്ഷ്യങ്ങളെക്കുറിച്ച് പറയുമ്പോൾ തിരുത്തൽവാദികൾ പറയുന്നു. ''ഹാ! ഹാ! ഇതാണ് സോഷ്യലിസം.'' അതിന്റെ വിപരീതമായ വസ്തുത ചൂണ്ടിക്കാണിക്കുമ്പോൾ, ഇതിന്റെ അരാജക സ്വഭാവംമൂലം ഉല്പാദക യൂണിറ്റുകൾക്ക് വസ്തുതകൾ ലഭിക്കുന്നതിനും സ്വന്തം ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിനുംവേണ്ടി മറ്റു മാർഗങ്ങൾ തേടേണ്ടി വരുമ്പോൾ അവർ പറയുന്നു. ''ഹാ!ഹ! ഇതാണ് ജനാധിപത്യം''. ഇതിന്റെ യഥാർത്ഥ ചിത്രം എന്താണ്? മൂലധനത്തിന്റെ സങ്കീർണ്ണമായ കാലുഷ്യമാണത്.

ഭരണകൂടത്തിന്റെ നേരിട്ടുള്ള ഉടമസ്ഥതയിലായിരിക്കുന്നതുകൊണ്ട് സോവിയറ്റ് യൂണിയനിലെ ഏതൊരു ബിസിനസ്സും തകരാറാവുകയില്ലെന്നാണ് സോഷ്യൽ സാമ്രാജ്യത്വത്തിന്റെ മാപ്പുസാക്ഷികൾ പറയുന്നത്. വാസ്തവത്തിൽ ലയനങ്ങളും കൂടിച്ചേരലുകളും എന്നും നടക്കുന്നുണ്ട്. ഇതിനും പുറമേ മൂലധനത്തിന് പരമാവധി ലാഭമുണ്ടാക്കാവുന്ന വിധത്തിലാണ് ഭരണകൂടത്തിന്റെ ധനകാര്യവകുപ്പുകൾ കടങ്ങൾ വിതരണംചെയ്യുകയും ചില അവസരങ്ങളിൽ റദ്ദാക്കുകയും ചെയ്യുന്നത്. അടുത്തകാലത്ത് പ്രവ്ദയിൽ ഒരു വ്യവസായ സ്ഥാപനത്തിന്റെ ഡയറക്റ്റർ ഇങ്ങനെ എഴുതിയിരുന്നു. ''പരസ്പരമുള്ള കരാറുകളുടെ

അടിസ്ഥാനത്തിലാണ് നമ്മൾ പ്രവർത്തിക്കുന്നത്. ആരുടെയെങ്കിലും കടബാദ്ധ്യത താല്ക്കാലികമായി റദ്ദാക്കിയാൽ അയാൾക്ക് ഞങ്ങൾ പിന്നെ യാതൊരുല്പന്നവും അയക്കേണ്ടതില്ലെന്ന അവസ്ഥയുണ്ടാകുന്നു. പക്ഷേ അപ്പോൾ എങ്ങനെയാണ് ഒരു കക്ഷിക്ക് തൻെറ ബുദ്ധിമുട്ടുകളെ തരണംചെയ്യാനാവുക? ഞങ്ങളുടെ ഉല്പന്നങ്ങൾകൊണ്ട് ഞങ്ങൾ എന്താണുചെയ്യേണ്ടത്?[6] സോവിയററ് യൂണിയനിലെ വിപണിയുടെ അച്ചടക്കത്തെ മാത്രമല്ല; ആസൂത്രണത്തിൻെറ സ്വഭാവത്തെക്കുറിച്ചുകൂടി ഇതു പല കാര്യങ്ങളും വെളിപ്പെടുത്തുന്നു. എല്ലാതരം തീരുമാനങ്ങളും എടുക്കുന്നുണ്ട്, പക്ഷേ സംഭവിക്കുന്നത് മററുചിലതാണ്. ആസൂത്രണസംവിധാനത്തിൻെറ തന്നെ വൈരുദ്ധ്യങ്ങളിൽ നിന്നുണ്ടാകുന്ന മുൻകൂട്ടി കാണാൻ കഴിയാത്ത കാര്യങ്ങളെ പരിഹരിക്കാൻ വേണ്ടി ആസൂത്രകർ മാർഗങ്ങളന്വേഷിക്കുന്നു.

ഏതൊരു യഥാർത്ഥ സോഷ്യലിസ്റ്റ് ആസൂത്രണത്തിനും തുലനാവസ്ഥയും തുലനമില്ലായ്മയും ഉണ്ടാകുമെന്നും ക്രമീകരണവും പുനരപഗ്രഥനവും അതിനാവശ്യമായി വരുമെന്നുമുള്ളത് ചരിത്രപരമായ സത്യമാണ്. പക്ഷെ ഇവിടെ നമുക്കു കാണാവുന്നത് മുതലാളിത്തഉല്പാദനത്തിൻെറ അരാജകാവസ്ഥമൂലം അതിരുകൾ പൊട്ടിത്തകരുന്ന ഒരു ആസൂത്രണമാണ്. അതിനിടെ തിരുത്തൽവാദികൾ പറയുന്നത് സോഷ്യലിസത്തിൻെറ ഏററവും വലിയ ലക്ഷണം സ്ഥായീഭാവമാണെന്നാണ്.

സോവിയററ്യൂണിയനിലെ ആസൂത്രണം നാലുരാഷ്ട്രീയ ലക്ഷ്യങ്ങളെ സേവിക്കുന്നുവെന്ന് ഞാൻ സമ്മതിക്കുന്നു. ഒന്നാമത്ത് ദേശീയമൂലധനത്തിൻെറ താൽപര്യങ്ങളെ സംരക്ഷിക്കുകയും ശാശ്വതീകരിക്കുകയും ചെയ്യുക. രണ്ടാമത്ത് ഭരണകൂട ബൂർഷ്വാസിയുടെ പരസ്പരം ഏററുമുട്ടുന്ന വിഭാഗങ്ങൾക്കിടയിലെ വഴക്കുകൾ ഒത്തുതീർപ്പാക്കുക. മൂന്നാമത്ത് ഭരണവർഗത്തിൻെറ നിയമാനുസാരിത്വം നിലനിർത്തുകയും സാമൂഹ്യവ്യയവും ചില സമത്വവാദപരമായ നടപടികളുംവഴി അൽപം സാമൂഹ്യസമാധാനം നിലനിർത്തുകയും ചെയ്യുക. നാലാമത്ത് ലോകത്തെ പുനർവിഭജനംചെയ്യുന്നതിനായുള്ള ഒരു ലോകയുദ്ധത്തിനാവശ്യമായ വിഭവങ്ങളെ സമാഹരിക്കാനും ഈ പദ്ധതി സഹായിക്കുന്നു. സോവിയററ് ഭരണവർഗത്തിൻെറ പ്രവർത്തനങ്ങൾക്കടിസ്ഥാനമായ ഏററവും അടിസ്ഥാനപരവും തന്ത്രപരവുമായ ആസൂത്രണമാണിത്. അമേരിക്കൻ സാമ്രാജ്യത്വചേരിയുടെ പ്രവർത്തനത്തിനാധാരമായ ആസൂത്രണംതന്നെയാണിത്. നിർവഹണസ്ഥാപനങ്ങളുടെ സംവിധാനത്തിൽ ഏറെക്കുറെ വ്യത്യാസമുണ്ടെന്നുമാത്രം.

---

6. ''Will the net- out put index ever work?'' current digest- page-9.

## മൂലധനത്തിന്റെ ബഹുത്വം

ഇനി നമുക്ക് മൂലധനത്തിന്റെ ബഹുത്വത്തെ പരിശോധിക്കാം. മൂലധനത്തിന് നിലനില്ക്കാൻ കഴിയുന്നതും നിലനിൽക്കേണ്ടതും ഒന്നിലധികം മൂലധനങ്ങളായാണ് എന്ന് മാർക്സ് തന്റെ കുറിപ്പുകളിൽ പറയുന്നുണ്ട്. തിരുത്തൽവാദികളും ട്രോട്സ്കിയിസ്റ്റുകളും ഈ കുറിപ്പുകളിൽനിന്ന് മാർക്സിനെ ഉദ്ധരിക്കുമ്പോൾ തങ്ങളെന്തോ തൊപ്പിയിൽനിന്ന് മുയലിനെ പുറത്തെടുക്കുന്ന സാമർത്ഥ്യമാണ് കാട്ടുന്നതെന്ന് മേനിനടിക്കാറുണ്ട്. അവരുടെ യുക്തിയനുസരിച്ച് സോവിയററ് യൂണിയനിൽ ഭരണം നടത്തുന്നത് ഒരു ഏകകേന്ദ്രീകൃത ഭരണകൂടമായതുകൊണ്ട് അവിടെ മുതലാളിത്തത്തിനു നിലനില്ക്കുക സാദ്ധ്യമല്ല. തീർച്ചയായും ബ്രഷ്നേവ് ആൻറ് സൺസ് മോട്ടോഴ്സും, ആൻഡ്രോപോവ് സേവിംഗ്സ് ആൻറ് ലോൺസ് തുടങ്ങിയ സ്ഥാപനങ്ങൾ അവിടെയുണ്ടായിരുന്നെങ്കിൽ അവിടെ മുതലാളിത്തമുണ്ടെന്ന് അവർ സമ്മതിച്ചിരുന്നേനെ. പക്ഷേ ഇതു കാണിക്കുന്നത് മാർക്സിന്റെ അഭിപ്രായത്തിന്റെ ആഴവും സോവിയററ്യൂണിയന്റെ സ്വഭാവവും അവക്ക് അജ്ഞാതമാണെന്നാണ്. എന്നുമുതലാണ് ഒരു ഭരണകൂടം ഒരു മൂലധനത്തിന് തുല്യമായത്? വർഗവിഭജിതവും ചരക്കുൽപാദനം നടക്കുന്നതുമായ ഒരു സമൂഹത്തിൽ ധനസംഭരണത്തിന്റെ വിവിധ കേന്ദ്രങ്ങളും, വിവിധ ഉൽപാദനശാഖകളും വകുപ്പുകളും, മന്ത്രാലയങ്ങളും, തീരുമാനമെടുക്കാനുള്ള കേന്ദ്രങ്ങളും ഉണ്ടെങ്കിൽ വിവിധ മൂലധന രൂപീകരണങ്ങൾ നിങ്ങൾക്കു കാണാനാകും. തൊഴിലാളിവർഗത്തിന്റെ താൽപര്യങ്ങൾക്കെതിരായ ഒരു രാഷ്ട്രീയലൈൻ നേതൃത്വത്തിലുണ്ടാവുകയും അവക്കുമുകളിൽ തൊഴിലാളിവർഗത്തിന് ബോധപൂർവ്വമായ യാതൊരു നിയന്ത്രണവും ഇല്ലാതിരിക്കുകയും ചെയ്താൽ, മൂലധനരൂപീകരണത്തിന്റെ വിവിധചേരികൾ രൂപമെടുക്കുകയും അവ തമ്മിൽ മത്സരം വളർന്നുവരികയുംചെയ്യും. തിരുത്തൽവാദികൾ വാദിക്കുന്നത് വിലകളും ഉൽപാദനക്വോട്ടായും കേന്ദ്രതലത്തിൽ നിശ്ചയിക്കപ്പെടുന്നതുകൊണ്ട് അത്തരം മത്സരം ഉണ്ടാകുന്നതേയില്ലെന്നാണ്. എന്നാൽ വിലയുടെ മണ്ഡലത്തിൽ മത്സരം നിയന്ത്രിക്കപ്പെട്ടാൽപോലും സോവിയററ്യൂണിയനിലെ ഉൽപാദനസംഘങ്ങളിൽ എന്നും സംഭവിക്കുന്നതുപോലെ സമ്മർദ്ദം ചെലുത്തിയോ സപ്ലൈസാധനങ്ങൾ സംഭരിച്ച് മാററിവച്ചോ, വിലഘടകങ്ങളുടെ വില കുറച്ചുകൊണ്ടും ഉൽപാദനപ്രക്രിയയിൽ സംഘടനാപരവും സാങ്കേതികവുമായ മാററങ്ങൾതന്നെ വരുത്തിക്കൊണ്ടും അതു തുടരുന്നു. കർശനമായ ഭരണനിയന്ത്രണത്തിനുകീഴിൽ നാസിജർമ്മനിയിൽ നടന്നതും ചുരുക്കത്തിൽ ഇതുതന്നെയായിരുന്നു. മൂലധനസംഭരണത്തിന്റെ വെവ്വേറെ കേന്ദ്രങ്ങൾ തമ്മിലുള്ള പരസ്പര പ്രതിപ്രവർത്തനവും മത്സരവും

വഴിയാണ് സോവിയററ് യൂണിയനിൽ വിലകരം രൂപപ്പെട്ട ന്നതു്.

സ്വകാര്യസ്വത്തു് വ്യക്തിപരമായ അവകാശങ്ങളുടേയും സവിശേഷാധികാരങ്ങളുടേയും ഒരു സംവിധാനവുമായി നിർബന്ധമായും കണ്ണിചേർക്കണമെന്നു് തിരുത്തൽവാദികരം നിർബ്ബന്ധം പിടിക്കുന്നു. ഇതുകൊണ്ടു് അവർ അർത്ഥമാക്കുന്നതു് പിന്തുടർച്ചാവകാശങ്ങളും ഉൽപാദനോപാധികളുടെ കൊട്ടക്കൽ വാങ്ങലുംമററുമാണ്. എന്നാൽ പിന്തുടർച്ചാവകാശങ്ങരം ഫ്യൂഡലിസത്തിൻെറ കാലത്തുനിന്നും കൊണ്ടുവരപ്പെട്ടതാണ്. പ്രത്യേകിച്ചും സമ്പത്തിൻെറ ഉല്പാദനത്തിലും വിതരണത്തിലും രക്തബന്ധത്തിനു് സുപ്രധാനമായ പങ്കുണ്ടായിരുന്ന പഴയ സമൂഹത്തിൻെറ അവശിഷ്ടമാണതു്. ജനനത്തിലൂടെയും കുടുംബബന്ധങ്ങളിലൂടെയുമുള്ള പിന്തുടർച്ചാവകാശമാണ് നിർണ്ണായകമെങ്കിൽ, വത്തിക്കാൻെറ സമ്പത്തു് മൂലധനമായി കണക്കാക്കാമോ എന്ന ചോദ്യം ഉയർന്നുവരും. മുതലാളിത്തത്തിനു കീഴിലുള്ള സ്വകാര്യസ്വത്തിൻെറ അന്തഃസത്ത ഉല്പാദനോപാധികരംക്കു മേലുള്ള ബൂർഷ്വാസിയുടെ കുത്തകയും-അതിൻെറ നിയമപരമായ രൂപം ഏതുമാവാം— പരസ്പരം മത്സരിക്കുന്നതും വേറിട്ടു നിൽക്കുന്നതുമായ മൂലധനസംഭരണ കേന്ദ്രങ്ങളുമാണ്.

നമുക്കറിയാവുന്നതുപോലെ മൂലധനം പലപ്പോഴും കൂടുതൽ സാമൂഹ്യവത്കൃതമായ രൂപങ്ങരം കൈവരിക്കുന്നു. ഏതെങ്കിലും ഒരു വലിയ കോർപറേഷനെ—കുത്തകയെ—എടുക്കു. വളരെ അപൂർവ്വമായി മാത്രമേ അതതരമൊന്നു് ഒരൊററ വ്യക്തിയുടെ ഉടമസ്ഥതയിലുള്ളു. ഉൽപ്പാദനകേന്ദ്രങ്ങരം തമ്മിലുള്ള വേറിടൽ മൂലധനസംഭരണത്തിൻെറ സ്വകാര്യകേന്ദ്രങ്ങളുടെ അറയാണ്. എന്നാൽ പാശ്ചാത്യരീതിയിലുള്ളതോ, സോവിയററ് രീതിയിലുള്ളതോ ആയ സാമ്രാജ്യത്വവികാസത്തിൻെറ ഘട്ടത്തിൽ ഇതു് പരിഹരിക്കപ്പെടുന്നു. ആദ്യമായി പ്രത്യേക ഉൽപ്പാദന യൂണിററുകരം വലിയ ഫൈനാൻഷ്യൽ ഗ്രൂപ്പുകളായി ഒന്നുചേരുന്നു. ലാഭം പരമാവധി വർദ്ധിപ്പിക്കുക എന്ന കൂടുതൽ വലിയ ആഗോളകാഴ്ചപ്പാടിൻെറ അടിസ്ഥാനത്തിലാണ് അവ പിന്നീട് പ്രവത്തിക്കുന്നതു്. കൂടുതൽ ഉയർന്നതും സുപ്രധാനവുമായ ഒരു തലത്തിൽ ഈ ഫൈനാൻഷ്യൽ ഗ്രൂപ്പുകരം തമ്മിലുള്ള പരസ്പര പ്രതിപ്രവത്തനങ്ങളിൽ മദ്ധ്യസ്ഥം വഹിക്കുന്നതു് സാമ്രാജ്യത്വഭരണകൂടം തന്നെയാണ്. വാസ്തവത്തിൽ ഒരു സാമ്രാജ്യത്വരാജ്യത്തും ആഭ്യന്തരമത്സരം അന്തർദ്ദേശീയ മത്സരത്തേക്കാരം പ്രധാനമല്ല.

സോവിയററ്മൂലധനമെന്നതു് ലാഭംസംഭരിക്കുന്ന ഒരു വൻസ്ഥാപനമല്ല. അതു് വളരെയേറെ ചെറുമൂലധനങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. എന്നാൽ സോവിയററ്സ്റ്റേററ് മുതലാളിത്തം മുഖ്യമായും ഫാക്ടറി ഡയറക്ടർമാരല്ല. ഈ മൂലധനങ്ങരം ഒരു ഉല്പാദനസംഘടനയോടോ, ഒരു മന്ത്രാലയ

ത്തിനോടോ സാദൃശ്യമുള്ളതാകണമെന്നില്ല. നാം സംസാരിക്കുന്നത് വ്യത്യസ്ത ഫൈനാൻഷ്യൽ ഗ്രൂപ്പുകളെപ്പററിയാണ്. ബെത്തെൽഹെയിമിൻെറ വളരെയേറെ അനുയായികളുടേതിൽ നിന്ന് വ്യത്യസ്തമായ ഒരു സമീപനമാണിത്. അവർ സ്റ്റേററ് ബൂർഷ്വാസിയെ അവിഭാജ്യമായ ഒന്നായി കാണുന്നു. അല്ലെങ്കിൽ സ്ഥാപനങ്ങളുടെ മാനേജർമാരിൽ കേന്ദ്രീകരിക്കുന്നു. സോവിയററ് യൂണിയനിലെ ഫൈനാൻഷ്യൽ ഗ്രൂപ്പുകളുടെ നിയന്ത്രണകേന്ദ്രങ്ങളേയും രൂപങ്ങളേയും തിരിച്ചറിയാൻ ഇനിയും കൂടുതൽ അന്വേഷണങ്ങൾ ആവശ്യമാണ്. ഈ ഗ്രൂപ്പുകളെല്ലാം ഭരണകൂടത്തിൽ ആണ്ടുകിടക്കുന്നു അതുകൊണ്ടുതന്നെ അവയെ കൃത്യമായി വേർപെടുത്തിയെടുക്കുക ബുദ്ധിമുട്ടാണ്. അമേരിക്കയിലെ ഫൈനാൻഷ്യൽ ഗ്രൂപ്പുകൾ എങ്ങനെയാണ് പരസ്പരം പ്രതിപ്രവർത്തിക്കുകയും സഹവർത്തിക്കുകയും ചെയ്യുന്നതെന്ന് സൂക്ഷ്മമായി പറയാൻ ഈ മുറിയിലിരിക്കുന്നവർക്ക് കഴിയില്ലെന്നു ഞാൻ കരുതുന്നു. എങ്കിലും അവയുടെ വസ്തുനിഷ്ഠമായ നിലനിൽപിനേയും പ്രവർത്തനരീതിയേയും സ്ഥാപിക്കാൻ ഈ ഗ്രൂപ്പുകളെ സൂക്ഷ്മമായി പേരുപറഞ്ഞു വിളിക്കേണ്ട ആവശ്യമില്ല. അത്തരം ഫൈനാൻഷ്യൽ ഗ്രൂപ്പുകൾ സങ്കീർണ്ണവും ഇടകലർന്നതുമായ ശൃംഖലകളായി സോവിയററ് യൂണിയനിലും നിലനില്ക്കുന്നുണ്ടെന്നത് വ്യക്തമാണ്. വിഭവങ്ങളോട് അവയ്ക്കുള്ളബന്ധവും അതിനുമേലുള്ള നിയന്ത്രണവും വ്യത്യസ്ത അളവുകളിലായിരിക്കും. അവർക്ക് അവയുടേതായ ഉപപദ്ധതികളും മേഖലാആസ്ഥാനങ്ങളും ഉണ്ടായിരിക്കും. സുപ്രധാന പാർട്ടി, സർക്കാർ, സൈനികബന്ധങ്ങളും പൊതുഅഭിപ്രായരൂപീകരണകേന്ദ്രങ്ങളുമായുള്ള ബന്ധങ്ങളുമുണ്ടായിരിക്കും. നയങ്ങൾ രൂപീകരിക്കപ്പെടുന്നത് താരതമ്യേന വലിയ ഫൈനാൻഷ്യൽ ഗ്രൂപ്പുകൾക്കിടയിലുള്ള പരസ്പര പ്രവർത്തനങ്ങളോ മത്സരങ്ങളോവഴിയായിരിക്കും. ഭരണകൂടവും ആസൂത്രണവും ബൂർഷ്വാവർഗഭരണത്തിനുള്ള ഉപകരണങ്ങളാണ്. അതേസമയം തന്നെ അവ ബൂർഷ്വാസിക്കിടയിലുള്ള മത്സരങ്ങളുടെ രംഗം കൂടിയാണ്, പദ്ധതിയുടെ ആവിഷ്ക്കരണവും പ്രയോഗവും ഒരു സാമ്രാജ്യത്വസന്ധിയോട് താരതമ്യപ്പെടുത്താം. പദ്ധതിയുടെ വ്യവസ്ഥകളെ സംബന്ധിച്ചും അതിനെ പിളർക്കാൻ വേണ്ടിയും സമരങ്ങളും ഉരസലുമുണ്ടാകും.

അനന്തരം സമരങ്ങൾ നിലനിൽക്കുന്നു എന്നു സൂചിപ്പിക്കുന്ന ചില അടയാളങ്ങൾ നമുക്കു കാണാം. ഗ്രേമാർക്കററുകൾ എന്നു പറയുന്ന വിപണികളുടെ പ്രചാരം, ഫാക്ടറിമുറികൾക്കിടയിലുള്ള അനൗപചാരികശൃംഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള അർദ്ധ നിയമാനുസൃതവിപണികൾ; ഉല്പാദനക്ഷമതയെ മറച്ചുവയ്ക്കുന്നതിനെതിരെ സോവിയററ് പത്രങ്ങളിൽ തുടർച്ചയായി പ്രത്യക്ഷപ്പെടുന്ന വിമർശനങ്ങൾ, ഉടമ്പടികൾ നീട്ടിക്കൊണ്ടുപോകലും നടപ്പാക്കാതിരിക്കലും, ഇവയെല്ലാം

ഒരളവുവരെയുള്ള നിസ്സഹകരണത്തേയും സാമ്രാജ്യത്വനിർമ്മാണ ത്തേയുമാണ് കാണിക്കുന്നത്. മന്ത്രാലയങ്ങൾ തമ്മിലുള്ള ഉപ രിപ്ളവബന്ധങ്ങൾ പരിഗണിക്കുമ്പോൾ സാമ്രാജ്യത്വനി ർമ്മാണം കൂടുതൽ വ്യക്തമാവുന്നു. ഉദാഹരണത്തിന് ചില തരം ഉപകരണങ്ങൾ 35 വകുപ്പുകൾക്കു കീഴിലുള്ള 380 ഫാ ക്ടറികളിൽ നിർമ്മിക്കപ്പെടുന്നു എന്ന് അലക് നോവേ റിപ്പോർട്ടു ചെയ്യുന്നു. അവസാനമായി സോവിയററ് ആസൂത്ര കർ സമഗ്രമായ ഒരു 15 വർഷപദ്ധതി അടിയന്തിരമായി പ്ര സിദ്ധീകരിക്കുമെന്ന് 1975 മുതൽ വാഗ്ദാനം ചെയ്യാൻ തുട ങ്ങിയതാണ്. 1982 തുടക്കത്തിൽപോലും പദ്ധതി പുറത്തു വന്നിട്ടില്ല.

## പ്രതിസന്ധിയും സാർവദേശീയ സമ്മർദവും

ഞാൻ വിശദീകരിച്ച ഘടനകളും സംവിധാനങ്ങളും ഒരു *സാമ്രാജ്യത്വ* സാമൂഹ്യരൂപത്തിന്േറതാണ്. എന്നാൽ സാ മ്രാജ്യത്വത്തിന്റെ പ്രശ്നം ഉയർന്നുവരുമ്പോൾ സോവിയററ്യൂ ണിയൻ അങ്ങനെയല്ലെന്നു വരുത്താനായി തിരുത്തൽവാദി കൾ എല്ലാത്തരം ലെനിനിസ്റ്റുവിരുദ്ധവ്യതിയാനങ്ങളേയും ആ ശ്രയിക്കുന്നു. അമേരിക്കയോട്ട് താരതമ്യപ്പെടുത്താവുന്ന വിധ ത്തിൽ സോവിയററ്യൂണിയന് ലോകമാസകലം സൈനിക താവളങ്ങളില്ലെന്ന് അവർ വിളിച്ചുകൂവുന്നു. വിമോചനപ്ര സ്ഥാനങ്ങൾക്ക് സൈനികസഹായം ചെയ്യുന്നുവെന്ന് അവ കാശപ്പെടുന്നു. ചില വികസ്വരരാജ്യങ്ങൾക്ക് സാമ്പത്തിക സ ഹായം ചെയ്യുന്നുവെന്നും അവിടങ്ങളിലെ പൊതുമേഖലയ്ക്ക് സ ഹായം നൽകുന്നുവെന്നും വിയററ്നാമിനേയും ക്യൂബയേയും പോലുള്ള രാജ്യങ്ങളിൽ നഷ്ടം സഹിച്ചുകൊണ്ടുപോലും സമ്പ ത്ത് ഇറക്കുന്നുവെന്നും അവകാശപ്പെടുന്നു. ഞാൻ ഈ വസ്തുത കളെ എതിർക്കാൻ പോകുന്നുണ്ടോ? തീർച്ചയായുമില്ല. സോ വിയററ് യൂണിയൻ സാമ്രാജ്യത്വമാണോ അല്ലയോ എന്ന പ്രശ്നത്തിൽ ഇവ അത്ര പ്രധാനപ്പെട്ടതൊന്നുമല്ല. ഒരു ശ ക്തിക്കെതിരെ മറേറശക്തി ദേശീയവിമോചന സമരങ്ങളെ ഉപയോഗപ്പെടുത്തുന്നതിന്റെ കഥകൾ സാമ്രാജ്യത്വത്തിന്റെ ചരിത്രത്തിൽ ഉടനീളമുണ്ട്. സ്പാനീഷ്-അമേരിക്കൻ യുദ്ധകാ ലത്ത് ഫിലിപ്പൈൻസിൽ അമേരിക്ക ഇതു പ്രയോഗിച്ച താണ്. ഡച്ചുകാരെ പുറത്തുചാടിക്കാനായി ജപ്പാൻകാർ ഇന്തോ നേഷ്യയിൽ സുക്കാർണ്ണോയുടെ സഹകരണം ഉറപ്പുവരുത്തുക യുണ്ടായി. അമേരിക്കക്ക് ഇസ്രയേലിൽ വമ്പിച്ച സാമ്പത്തി കനഷ്ടം സംഭവിക്കുന്നുണ്ട്. എന്നിട്ടും അവർ അവിടെ പണം മുടക്കിക്കൊണ്ടിരിക്കുന്നു. ബ്രസീലിന്റെ പൊതുമേഖലക്ക് അമേരിക്ക ഉദാരമായ സഹായം ചെയ്തിട്ടുണ്ട്. ഒന്നാം ലോക യുദ്ധത്തിനുശേഷം ജർമ്മനിക്ക് കോളണികളൊന്നുമില്ലായിരുന്നു.

ഒന്നും രണ്ടും ലോകയുദ്ധങ്ങൾക്കിടക്കുള്ള കാലത്ത് മൂലധനം കയററുമതിചെയ്യാനുള്ള അവരുടെ സാധ്യതകൾ വലിയൊരളവു തടയപ്പെട്ടിരുന്നു. ആ കാരണമൊന്നുകൊണ്ട് അവർ അന്നത്തെ സാമ്രാജ്യത്വമാതൃകയായ ഗ്രേററ്ബ്രിട്ടനേക്കാൾ സാമ്രാജ്യത്വ സ്വഭാവം കുറഞ്ഞ ഒന്നായിരുന്നോ? തുറന്നുപറഞ്ഞാൽ സോവിയററ് സാമ്രാജ്യത്വത്തിന്റെ മാപ്പുസാക്ഷികൾ ശ്രമിക്കുന്നത് ഭൂഗോളത്തിന്റെ വലിയ കഷണം കൈയിലില്ലെങ്കിൽപോലും, ഒരു സോഷ്യലിസ്റ്റ് മൂടുപടത്തിനുള്ളിൽ പലപ്പോഴും ഫലപ്രദമായിതന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സാമ്രാജ്യത്വശക്തിയെ നല്ലതാക്കികാണിക്കാനാണ്. രണ്ടാം ലോകയുദ്ധത്തിനു തൊട്ടുപുറകെ കൊളോണിയൽ വിരുദ്ധതയുടെ കുടക്കീഴിൽ അമേരിക്കയും പ്രവർത്തിച്ചുപോന്നത് ഏതാണ്ടിതുപോലെതന്നെയായിരുന്നു.

സോവിയററ് സോഷ്യൽ സാമ്രാജ്യത്വത്തിന്റെ സവിശേഷതകളെക്കുറിച്ച് മനസ്സിലാക്കണമെങ്കിൽ നാം അതിന്റെ സോഷ്യലിസ്റ്റ് ഭൂതകാലത്തെ കണക്കിലെടുക്കേണ്ടതുണ്ട്. തിരുത്തൽവാദികൾ ഉപയോഗപ്പെടുത്തുന്ന ഉയർന്നതരം കേന്ദ്രീകരണം, സോഷ്യലിസ്റ്റ് കാലഘട്ടത്തിലെ ചില രൂപങ്ങൾ തുടങ്ങിയ വസ്തുതകളെ മനസ്സിലാക്കേണ്ടതുണ്ട്. തുടക്കം മുതലേതന്നെ മുതലാളിത്ത പുനഃസ്ഥാപനത്തിന്റെ പ്രക്രിയ ഒരു ആഗോള ബലതന്ത്രവുമായി കണ്ണിചേർന്നിരുന്നു. വളരെ സവിശേഷമായ ഒരു സാർവ്വദേശീയ സാഹചര്യത്തിലേക്കാണ് സോവിയററു് യൂണിയൻ ഒരു സാമ്രാജ്യത്വശക്തിയായി വളർന്നുവരുന്നത്. രണ്ടാം ലോകയുദ്ധത്തിന്റെ ഫലങ്ങളിൽനിന്നു രൂപമെടുത്ത ഒരു ആഗോളവിഭജനം ആ സാഹചര്യത്തിൽ പ്രതിഫലിച്ചിരുന്നു. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ആധിപത്യത്തിലുള്ള വിശാലവും ശക്തവുമായ ഒരു സാമ്രാജ്യത്വ ശൃംഖലയെ സോവിയററ് യൂണിയന് അഭിമുഖീകരിക്കേണ്ടിയിരുന്നു. സാർവ്വദേശീയ സാഹചര്യത്തിന്റെ സവിശേഷമായ രൂപവും, ലോകമൂലധനത്തിന്റെ ഘടനയും അതിന്റെ ആഭ്യന്തരനയങ്ങളിലും, സാർവ്വദേശീയ തന്ത്രത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന പ്രവാഹങ്ങളിലും ആഘാതമുണ്ടാക്കി. ഈ സാർവ്വദേശീയ ചലനത്തിന്റെ അടിസ്ഥാനപരമായ ഒരു പ്രകടനം സോവിയററ് സാമ്പത്തിക വ്യവസ്ഥയുടെ വൻതോതിലുള്ള സൈനികവൽക്കരണമായിരുന്നു. വലയംചെയ്യപ്പെട്ടിരിക്കുന്ന ഒരു സോഷ്യലിസ്റ്റ് രാജ്യത്തിന്റെ സൈനിക ക്ഷമതയുടേയോ, കഴിവുകളുടേയോ വിമോചനമൊന്നുമായിരുന്നില്ല ഇത്. ലോകത്തിലെ ഗുണപരമായി തന്നെ വ്യത്യസ്തമായ മറെറാരു തരം സൈനികശക്തിയുടെ പ്രകടിതരൂപമായിരുന്നു ഇത്. എതിരാളിയായ അമേരിക്കൻ സാമ്രാജ്യത്വവുമായി ആത്യന്തികവും നിർണ്ണായകവുമായ ഒരേററുമുട്ടലിന് ഉതകത്തക്കവിധമുള്ള ഒരു സൈനികശക്തിയായിരുന്നു അത്. ഈ സൈനികവൽക്കരണം സോവിയററ് സമ്പദ്‌വ്യവസ്ഥ

യിൽ വമ്പിച്ച ക്ലേശങ്ങൾക്കും ക്രമഭംഗങ്ങൾക്കും വഴിവച്ചു. അതേസമയംതന്നെ തിരുത്തൽവാദികൾ അധികാരം പിടിച്ചെടുത്തപ്പോൾ പുറത്തു് ''മൂന്നാംലോക''ത്തിലേക്കു് അതു ശക്തമായി ബഹിർഗമിക്കുകയും ചെയ്തു.

സോവിയററു് യൂണിയനുവേണ്ടി വാദിക്കുന്നവർ വിഭവങ്ങളുടെ കാര്യത്തിൽ സോവിയററു്യൂണിയനുള്ള സ്വയം പര്യാപ്തതയെക്കുറിച്ചു് വലിയവായിൽ സംസാരിക്കുന്നു. പ്രത്യേകിച്ചും വിഭവസമൃദ്ധമായ മറേറ വൻശക്തിയായ അമേരിക്കയെ പരിഗണിക്കുമ്പോൾ, എന്തുകൊണ്ടാണിതു് സാമ്രാജ്യത്വ വികാസത്തിനെതിരെ നിലകൊള്ളുന്നതെന്നു പറയേണ്ടതു് എൻെറ ലക്ഷ്യത്തിൽപെടുന്നില്ല. പക്ഷേ അലക്സി കൊസിജിൻ ഇതേക്കുറിച്ചു് രസകരമായ ചിലതു പറഞ്ഞിട്ടുണ്ടു്:

> വ്യവസായത്തിൻെറ പ്രതിനിധികൾ പലപ്പോഴും കരുതുന്നതു് വിദേശവാണിജ്യം രണ്ടാം സ്ഥാനത്തു നില്ക്കേണ്ട എന്തോ ആണെന്നാണു് അങ്ങേയററം തെററായ ഈ വീക്ഷണം മാറേറണ്ടതുതന്നെയാണു്. വ്യവസായവും വിദേശവാണിജ്യവും തമ്മിലുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്തണം. സോഷ്യലിസ്റ്റ രാജ്യങ്ങൾക്കും വികസ്വരരാജ്യങ്ങൾക്കുമിടയിൽ ദൃഢമായ ഒരു തൊഴിൽ വിഭജനത്തിൻെറ പ്രാധാന്യം നിശ്ചയമായും ഊന്നൽ അർഹിക്കുന്നു.

സാർവ്വദേശീയമായ തൊഴിൽ വിഭജനമെന്നു് പൊങ്ങച്ചം പറയുന്ന ഇതു് താരതമ്യനേട്ടങ്ങളെ സംബന്ധിച്ച റിക്കാർഡിയൻ സിദ്ധാന്തങ്ങളുടെ തേച്ചുമിനുക്കപ്പെട്ട ഒരു പുത്തൻപതിപ്പല്ലാതെ മറെറാന്നുമല്ല. ''നിങ്ങൾക്കു് നന്നായി ചെയ്യാനാവുന്നതു് നിങ്ങൾ ചെയ്യുക; ഞങ്ങൾക്കു് നന്നായി ചെയ്യാനാവുന്നതു് ഞങ്ങൾ ചെയ്യുക. നമുക്കു് ഇരുകൂട്ടർക്കും പുരോഗതി പ്രാപിക്കാം.'' 1978 ൽ സോവിയററു്യൂണിയനിലെ എല്ലാ വിദേശവാണിജ്യ സംഘടനകളും ലാഭനഷ്ടാടിസ്ഥാനത്തിലുള്ള ഒരു കോസ്റ്റു് അക്കൗണ്ടിംഗ് നടത്തുകയുണ്ടായി. ഓരോ സാമ്രാജ്യത്വസമ്പദ് വ്യവസ്ഥയിലും നിക്ഷേപം, വ്യാപാരം, സഹായം എന്നിവയുടെ പ്രശ്നങ്ങൾ ഉയർന്നുവരുന്നതു് അളവുപരം എന്നതിനേക്കാൾ ഗുണപരമായ ഒരു പ്രശ്നമായാണു്. ഇതുകൊണ്ടു് ഞാനുദ്ദേശിക്കുന്നതു് വിദേശവ്യാപാരത്തിൻേറയും മററും നിർണ്ണായകപങ്കാളിത്തമാണു്. പ്രത്യേകിച്ചും മൊത്തം മൂലധനത്തിൻെറ ലാഭകരമായ പുനരുല്പാദനത്തിനു് ''മൂന്നാംലോക''ത്തിലെ നിക്ഷേപങ്ങൾക്കുള്ള നിർണ്ണായക സ്ഥാനത്തെയാണു്. എങ്കിലും കൊസിജിൻെറ പ്രസ്താവന പറയുന്നതുപോലെ ഇത്തരം കാര്യങ്ങളുടെ അളവുപരമായ സാദ്ധ്യതയും സോവിയററു്യൂണിയൻ ചെറുതായല്ല കാണുന്നതു്. വാസ്തവത്തിൽ 1982 ലെ സോവിയററു് വ്യാപാരത്തിൻെറ വിററുവരവു്—ഇതിൽ മററു കോമിക്കോൺ (Comecon) രാജ്യങ്ങളും, വികസിതപാശ്ചാത്യരാജ്യങ്ങളും,

''മൂന്നാംലോകരാജ്യങ്ങളും'' തമ്മിലുള്ള വ്യാപാരവും ഉൾപ്പെട്ട ന്നു-മൊത്തം സോവിയററ് ദേശീയവരുമാനത്തിൻെറ 24 ശതമാനമായിരുന്നു[7].

സോവിയററ് മൂലധന കയററുമതിയെക്കുറിച്ച് വിപുലമായ രേഖകൾ വിശദീകരിക്കാൻ ഇവിടെ സൗകര്യമില്ല. ഞാൻ ഊന്നാൻ ഉദ്ദേശിക്കുന്നത് മൂലധനക്കയററുമതി ഏതെങ്കിലുമൊരു പ്രത്യേകരൂപം തന്നെ—ഒരു ''മൂന്നാംലോക'' രാജ്യത്ത് ശാഖകളുള്ള ബഹുരാഷ്ട്ര കുത്തകയെപ്പോലെ—കൈവരിക്കണമെന്നില്ല. ചേസ് മൻഹാട്ടൻ എന്ന കുത്തക കടംവായ്പകൾ വഴിയാണ് മൂലധനം കയററുമതി ചെയ്യുന്നത്. മററു കുത്തകകൾ ഇതു ചെയ്യുന്നത് മാനേജ്മെൻറ് ഉടമ്പടികൾ മുഖേനയാണ്. മുഖ്യമായും രാഷ്ട്രീയകാരണങ്ങളാൽ ''മൂന്നാം ലോകരാജ്യങ്ങളിൽ'' വ്യാവസായികസഹകരണ കരാറുകളിലാണ് സോവിയററുയൂണിയൻ ഏർപ്പെടുന്നത്. അവർ നേരിട്ടുള്ള ഉടമസ്ഥന്മാരാകണമെന്നില്ല, പക്ഷേ വ്യാപാര സഹായ കരാറുകളിലൂടെ ഉല്പാദനത്തിൻെറ ഒരു പങ്ക് നേടുന്നതുവഴി അവർ ഈ പ്രശ്നം പരിഹരിക്കുന്നു ഈ ചരക്കു കച്ചവടത്തിലൂടെയും കടംവായ്പകളിലൂടെയും ഈ രാജ്യങ്ങളിലേക്കു് മൂലധനം യഥാർത്ഥത്തിൽ കയററുമതി ചെയ്യുകയും മിച്ചമൂല്യം ഉൽപാദിപ്പിക്കുകയും പിഴിഞ്ഞെടുക്കുകയും ചെയ്യുന്നു, തങ്ങളുടെ കടം വായ്പകൾക്ക് കുറഞ്ഞ പലിശനിരക്കേ ഉള്ളുവെന്ന് തിരുത്തൽവാദികൾ ബഹളം വയ്ക്കുന്നു. എന്നാൽ സോവിയററ് കടംവായ്പകൾ രണ്ടു ചരടുകളുള്ളവയാണ്. ഈ കടംവായ്പ ഏതൊരാവശ്യത്തിനാണോ ചെലവിടുന്നത് ആ പദ്ധതി സോവിയററ് യൂണിയൻ അംഗീകരിച്ചിരിക്കണം. ഇതു ചെലവാക്കേണ്ടതു് യു. എസ്. എസ്. ആറിൽനിന്നു് സാധനങ്ങൾ വാങ്ങുന്നതിനായിരിക്കണം. ഈ രാജ്യങ്ങളെ ഇപ്രകാരം കരാറുകളിൽ കുടുക്കിയും അവരുടെ ചരക്കുകൾ കുറഞ്ഞ വിലക്കു് വിൽക്കാൻ നിർബ്ബന്ധിച്ചുകൊണ്ടും സോവിയററ് ഉപകരണങ്ങൾ ലോകവിപണിയിലേതിനേക്കാൾ ഉയർന്നവിലയ്ക്കു് വിററുകൊണ്ടുമെല്ലാം സോഷ്യൽ സാമ്രാജ്യത്വം വൻലാഭം കൈക്കലാക്കുന്നു.

തങ്ങളുടെ രാജ്യാന്തര സാമ്പത്തികപ്രവർത്തനത്തിൽനിന്നു് സോവിയററ്യൂണിയൻ സുപ്രധാനമായ ലാഭമുണ്ടാക്കുന്നു. അതുവഴി തന്ത്രപ്രധാനമായ അസംസ്കൃതവസ്തുക്കൾ സമ്പാദിക്കുന്നു. ഉദാഹരണത്തിനു് സോവിയററ്യൂണിയൻ മൊറോക്കോയുമായി 30 വർഷക്കാലത്തേക്കുള്ള ഒരു കരാറിൽ ഏർപ്പെട്ടിരിക്കുകയാണ്. തെക്കൻ മൊറോക്കോയിലെ ഫോസ്ഫേററു നിക്ഷേപങ്ങളുടെ വികസനത്തിനുവേണ്ടി 2 ബില്ല്യൺ (2000

---

7. ''The report on 1982 plan fulfillment'' The current digest of the soviet press, vol xxxv No. 4. (February 23, 1983) page. 14.

കോടി) ഡോളറിൻെറ സോവിയററ് വായ്പയാണ് ഇതുപ്രകാരം മൊറേക്കോയ്ക്ക് കിട്ടുക. അതിൻെറ വാർഷികോൽപാദനം 10 ദശലക്ഷം ടണ്ണായിരിക്കും. അതിലേറെയും സോവിയററ് യൂണിയനിലേക്ക് കയററുമതിചെയ്യും. കടംവായ്പ തിരിച്ചടക്കുന്നതിനും മററു് സോവിയററ് സാധനങ്ങൾ കൈമാററവ്യവസ്ഥയിൽ വാങ്ങുന്നതിനും വേണ്ടിയാണിതു്. ''മൂന്നാംലോക'' രാജ്യങ്ങളിൽനിന്നും അർധ–വ്യാവസായിക ഉൽപന്നങ്ങളും ഇപ്രകാരം സോവിയററ്‌യൂണിയൻ സമ്പാദിക്കുന്നു. തങ്ങളുടെ വ്യാവസായിക ഉപകരണങ്ങൾക്കുള്ള വിപണിയും ഇതോടൊപ്പം ഉറപ്പാക്കുന്നു. മററു വിപണികളിൽ ഉപയോഗപ്പെടുത്താവുന്ന കറൻസിയും ഇത്തരം ഇടപാടുകളിൽനിന്നുണ്ടാകുന്നു. ''മൂന്നാംലോകരാജ്യങ്ങളിൽ സോവിയററ്‌യൂണിയൻ ചെയ്യുന്ന നിക്ഷേപങ്ങളും, നൽകുന്ന സഹായങ്ങളും, നടത്തുന്ന വാണിജ്യവുമെല്ലാം അവക്ക്ണ്ടാക്കിക്കൊടുക്കുന്ന നേട്ടമെന്തെന്ന് മൊത്തത്തിലറിയാൻ ഈ രാജ്യങ്ങളുമായുള്ള അവരുടെ അടവുശിഷ്ടം (Balance of Paymet) നോക്കിയാൽ മതി. 1960-ൽ ''മൂന്നാംലോക''വുമായുള്ള സോവിയററ് യൂണിയൻെറ അടവുശിഷ്ടം 229 ദശശക്ഷം ഡോളർ ന്യൂനമായിരുന്നു. (—vc 229 million) 1977–ൽ അതു് 3000 കോടി ഡോളർ അധികമായിരുന്നു. (tvc 3 billion) പ്രശ്നം ഇതാണ്. ഇത്തരം വിവിധ സാമ്പത്തികരൂപങ്ങളിലൂടെ സോവിയററ്‌യൂണിയൻ ''മൂന്നാംലോക''വുമായി ആശ്രിതത്വത്തിൻേറയും ചൂഷണത്തിൻേറയും അടിസ്ഥാനത്തിലുള്ള ഒരു ഉൽപാദനബന്ധം രൂപപ്പെടുത്തിയിരിക്കുന്നു. വ്യവസായവൽക്കരണത്തിനു കാരണമാകുമെന്നതുകൊണ്ട് ''മൂന്നാംലോക''രാജ്യങ്ങളിൽ സാമ്രാജ്യത്വനിക്ഷേപങ്ങൾ നടത്തുന്നതു് ഒരു നല്ല കാര്യമാണെന്ന് ആരെങ്കിലും വാദിക്കുന്നുണ്ടെങ്കിൽ ഇതും അങ്ങനെതന്നെയാണ്. പക്ഷേ അതു് മറെറാരു ചർച്ചക്കുള്ള വിഷയമാണ്.

സോവിയററ്‌യൂണിയൻ ഒരു സാമ്രാജ്യത്വശൃംഖലയെ നയിക്കുന്നു. കിഴക്കൻ യൂറോപ്പിലെ മററു സാമ്രാജ്യത്വ മുതലാളിത്തരാജ്യങ്ങളും ഈ ശൃംഖലയിൽ ഉൾപ്പെടുന്നു. സാമ്പത്തികവും സൈനികവുമായ പരസ്പരബന്ധങ്ങളാൽ ഈ രാജ്യങ്ങളെല്ലാം ഗാഢമായി നിബന്ധിക്കപ്പെട്ടിരിക്കുന്നു. ''മൂന്നാംലോക''ത്തിലെ കക്ഷിരാജ്യങ്ങളും നിക്ഷേപമണ്ഡലങ്ങളും അതിലുൾപ്പെടുന്നു. അമേരിക്കൻ ചേരിയെപ്പോലെതന്നെ സോവിയററ് ചേരിയിലെ രാജ്യങ്ങളും പരസ്പരാശ്രിതവും പരസ്പരം നിബന്ധിതവുമാണ്. എന്നാൽ അവ സ്വയം ഉൾക്കൊള്ളുന്നവയല്ല. അവയുടെ സാമ്പത്തികപ്രതിപ്രവർത്തനങ്ങളും രാഷ്ട്രീയമാത്സര്യവും ഇന്ത്യയേയും പോളണ്ടിനേയുംപോലുള്ള രാജ്യങ്ങളിൽ കാണാം. സാർവ്വദേശീയമാത്സര്യത്തിൻെറ കൂടുതൽ വലിയ ചതുരംഗപ്പലകയുടെ ഭാഗമാണ് അവയും. എന്നാൽ സോവിയററ്‌യൂണിയൻ ഒരു പ്രത്യേകപ്രശ്നത്തെ അഭിമുഖീ

കരിക്കുന്നുണ്ട്. ''മൂന്നാംലോക''ത്തിലെ പല രാജ്യങ്ങളിലേക്കും യു. എസ്. ചെലവിൽ കടന്നുകയറാൻ സോവിയററ് യൂണിയനു കഴിഞ്ഞിട്ടുണ്ടെങ്കിൽപോലും, അമേരിക്കൻ ചേരിയെ അപേക്ഷിച്ച് സോവിയററ് ചേരിക്കുള്ള സാമ്പത്തിക ക്ഷീണംമൂലം പലരാജ്യങ്ങളേയും അമേരിക്കൻ ഭ്രമണപഥത്തിൽനിന്നു് നിഷ്ണായകമായി അടർത്തിമാററാൻ അവർക്കു കഴിഞ്ഞിട്ടില്ല—ഈജിപ്റ്റിൻെറ കാര്യത്തിൽ സംഭവിച്ചതു് ഇതാണു്. വാസ്തവത്തിൽ സോവിയററ്യൂണിയൻ നേട്ടങ്ങളുണ്ടാക്കുന്നതു്, അഭൂതപൂർവ്വമായ ലോകസാമ്പത്തികകുഴപ്പത്തിൻെറ കാലത്തു് കുറെക്കാലത്തെ ആശ്രിതത്വപരവും വഴിതെററിക്കപ്പെട്ടതുമായ സാമ്പത്തികവികാസം നടന്നിട്ടുള്ള രാജ്യങ്ങളിലാണു്. ഇത്തരം രാജ്യങ്ങൾക്കു് ചില സഹായപദ്ധതികൾ നൽകാൻ അവർക്കു കഴിയുന്നു. പക്ഷേ ഈ പദ്ധതികളും വമ്പിച്ച സൈനികസഹായവുമല്ലാതെ മറെറാന്നും നൽകാൻ അവർക്കു കഴിയുന്നില്ല. സോവിയററ്-സാർവ്വദേശീയ സാമ്പത്തിക രാഷ്ട്രീയതന്ത്രത്തിൽ അതു് തീർച്ചയായും ഒരു പ്രമുഖ സ്ഥാനം വഹിക്കുന്നുണ്ട്. സോവിയററ്യൂണിയനു് ഒരു സാമ്രാജ്യമുണ്ട്. പക്ഷേ വിപുലവും നീണ്ടുനില്ക്കുന്നതുമായ മൂലധനസംഭരണത്തെ ത്വരിപ്പിക്കാൻ ആ സാമ്രാജ്യത്തിനു് കഴിയുന്നില്ല.

സാർവ്വദേശീയവത്ക്കരിക്കപ്പെട്ട ഒരു ഉൽപാദനസമ്പ്രദായത്തിൻെറ സമ്മർദ്ദത്തിനു് സോവിയററ്യൂണിയൻ വിധേയമായിരിക്കുന്നു. മൂലധനത്തെ പുറത്തേക്കു വലിക്കുന്ന ശക്തികൾ നിലനിൽക്കുന്നുണ്ട്, എന്നിട്ടും അത്തരം പുറം പ്രവാഹങ്ങളുടെ വ്യാപ്തിയോ മൂലധനത്തിൻെറ അത്തരം സാർവ്വദേശീയ സംവിധാനമോ ഒരു വികസനപ്രക്രിയയെ സഹായിക്കാൻ ഇന്നത്തെ ലോകവിഭജനവും ലോകമൂലധനത്തിൻെറ ഘടനയും അനുവദിക്കുന്നില്ല. സോവിയററ് ചേരിയ്ക്കകത്തു് സവിശേഷമായ ഒരു ബലതന്ത്രപ്രതിസന്ധിയുണ്ട്. നേരെ വിപരീതദിശയിൽ തിരിയുന്ന ഒരു അദ്ധ്വാന വിഭജനം, കൃഷിയിലുള്ള ചരിത്രപരമായ വൈഷമ്യങ്ങൾ, സൈനിക ചെലവുകൾ സൃഷ്ടിക്കുന്ന പ്രകമ്പനങ്ങൾ, വൈപുല്യമാർന്ന ബാദ്ധ്യതകളുടെ അററകുററങ്ങൾ തീക്കൽ ഇവയെല്ലാം അതിൽ ഉൾപ്പെടുന്നു. സംവിധാനപരമായ പ്രതിസന്ധിയുടെ സുവ്യക്തമായ പ്രകടിതരൂപങ്ങൾ സോവിയററ് യൂണിയനിൽ തന്നെയുണ്ട്. സന്ദിഗ്ദ്ധതകളും മാന്ദ്യവും തീവ്രമാകുന്ന അസന്തുലിതാവസ്ഥകളും പ്രതിഫലിപ്പിക്കുന്നതു് മൊത്തം മൂലധനത്തിൻെറ അസമമായ പുനരുൽപാദനത്തെയാണു്. വൻതോതിൽ മൂലധനം ഇറക്കിയിട്ടുപോലും കാർഷികമേഖലയിൽ വിശാലാടിസ്ഥാനത്തിലുള്ള തകർച്ചയാണു് കാണുന്നതു്. സോവിയററ്യൂണിയനിലെ മൂലധനരൂപീകരണത്തിൻേറയും ദേശീയവരുമാനത്തിൻേറയും വളർച്ചയുടേയും നിരക്കു് മന്ദഗതിയിലായിക്കൊണ്ടിരിക്കുന്നു. വാസ്തവ

ത്തിൽ 1976-80 കാലയളവിൽ ലക്ഷ്യമിട്ടിരുന്ന വളർച്ച ഒരു പഞ്ചവത്സരപദ്ധതിയെ സംബന്ധിച്ചിടത്തോളം ഏററവും ചെറിയ ലക്ഷ്യമായിരുന്നു. അവ പോലും നേടിയെടുക്കാൻ കഴിഞ്ഞതുമില്ല.[8] അടിസ്ഥാന വ്യവസായങ്ങളിലെ ആധുനികവത്ക്കരണം പുറകിലാണ്. എന്നിട്ടും പുതിയ പഞ്ചവൽസര പദ്ധതിയിൽ കുറഞ്ഞ നിക്ഷേപനിരക്ക മാത്രമാണുള്ളത്. അദ്ധ്വാനത്തിൻെറ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ ആന്ദ്രോപ്പോവ് ഒരു സുപ്രധാന പ്രചാരണം ആരംഭിച്ചിരിക്കുകയാണ്. ഇതെല്ലാം ഒരുമിച്ചെടുത്താൽ താഴ്ന്നുകൊണ്ടിരിക്കുന്ന ലാഭനിരക്കിൻെറ ലക്ഷണങ്ങളാണിവയെന്നു കാണാം.

അടിമുടിയുള്ള ആസൂത്രണമുണ്ടായിട്ടും സോവിയററ് സമ്പദ്‌വ്യവസ്ഥ അടിസ്ഥാനപരമായി അനാസൂത്രിതമാണ്. ഈ വിഷമതകരം നയവൈകല്യങ്ങളുടേയോ, അത്യാസക്തിയുള്ള ആസൂത്രകരുടേയോ, അമൂർത്തമായ ശേഷിയില്ലായ്മയുടേയോ ഫലങ്ങളല്ല. മുതലാളിത്ത ഉല്പാദനസമ്പ്രദായത്തിലെ അരാജകത്വവും സംഘടിതത്വവും തമ്മിലുള്ള വൈരുദ്ധ്യത്തിൽ നിന്നാണതുണ്ടാവുന്നത്. സോവിയററ് ചേരിയിലെ പ്രതിസന്ധി പാശ്ചാത്യലോകത്തിലെ കൂടുതൽ അഗാധവും ത്വരിതവുമായിക്കൊണ്ടിരിക്കുന്ന പ്രതിസന്ധിയുമായി പ്രതിപ്രവർത്തിക്കുന്നു. ഒരു പുതിയ അടിത്തറയിൽ വികസിക്കാനുള്ള കഴിവില്ലാത്തതുകൊണ്ട്, സോവിയററ് ചേരിയിലെ മൂലധനഘടന അതിന്മേൽതന്നെ കൂടുതൽ ശക്തമായി സമ്മർദ്ദം ചെലുത്തുകയും അതിൻെറ വൈരുദ്ധ്യങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ലോകത്തിൻെറ നിലവിലുള്ള വിഭജനപരിധികൾക്കകത്തുനിന്നുകൊണ്ട് സ്വന്തം ചേരിയിലെ പ്രതിസന്ധിക്കു പരിഹാരം കാണാൻ സോവിയററ് യൂണിയനു കഴിയില്ലെന്നതാണ് സത്യം. അതുകൊണ്ട് പുതിയതും അനുകൂല സ്വഭാവമുള്ളതുമായ ഒരു ലോകവിഭജനം അവക്ക് അത്യാവശ്യമായിരിക്കുന്നു. പക്ഷേ അമേരിക്കൻ സാമ്രാജ്യത്വത്തെക്കൊണ്ട് അത്തരമൊരു പുതുവിഭജനത്തിന് സമ്മതം മൂളിക്കാനും അവക്കാവില്ല. ഇതാണ് അവർ അഭിമുഖീകരിക്കുന്ന സമ്മർദ്ദം. അമേരിക്കൻചേരി അഭിമുഖീകരിക്കുന്ന അതേ പ്രശ്നംതന്നെയാണിത്. അതുകൊണ്ടുതന്നെ രണ്ടു സാമ്രാജ്യത്വചേരികളും യുദ്ധത്തിനു തയ്യാറെടുക്കുമ്പോഴും തന്നെ തങ്ങളുടെ സമാധാന പ്രചരണയന്ത്രങ്ങളെ ശക്തമായി പ്രവർത്തിപ്പിക്കുന്നു.

അവസാനമായി ചില ചോദ്യങ്ങൾ ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കോസ്റ്റ് അക്കൗണ്ടിംഗ്(cost accounting) ബിസിനസ്സ് സ്യൂട്ട് (business-suit), പ്രതിസന്ധികളും ബാ

8 Abram Bergson, "Soviet Economic Slowdown and the 1981-85 Plan" Problems of Communism, May / June Page 24-37.

ധിച്ച ഒരു സമ്പദ്വ്യവസ്ഥ സോഷ്യലിസത്തിൻേറതാണോ മറേറതെങ്കിലും ഉല്പാദനവ്യവസ്ഥയുടേതാണോ? സാർവ്വദേശീയ അദ്ധ്വാനവിഭജനത്തെ സംബന്ധിച്ചുള്ള ഷോവിനിസ്റ്റ് (സങ്കുചിത ദേശീയപരമായ) പ്രഖ്യാപനവും, അഫ്ഘാനിസ്ഥാന്റെ മേലുള്ള ബലാത്സംഗവും തൊഴിലാളിവർഗ സാർവ്വദേശീയതയാണോ മറേറതെങ്കിലും സിദ്ധാന്തവും പ്രയോഗവുമാണോ? മടുപ്പുളവാക്കുന്നതും നിന്ദാർഹവുമായ ഈ സാമൂഹ്യവ്യവസ്ഥ കമ്മ്യൂണാർഡുകളുടേയും ബോൾഷെവിക്കുകളുടേയും, സ്വർഗങ്ങളെ കൊടുങ്കാററായി കടന്നാക്രമിക്കുന്ന കലാപകാരികളുടേയും വിപ്ലവാവേശവുമായി ഒത്തുപോകുന്നതാണോ? അതോ പാരമ്പര്യത്തിൻേറയും മർദ്ദനത്തിൻേറയും ജഡഭാരവുമായി ഒത്തുപോകുന്നതോ? സോവിയററ് യൂണിയൻ സോഷ്യലിസ്റ്റോ സോഷ്യൽ സാമ്രാജ്യത്വമോ? ലോകവ്യാപകമായ ഒരു തൊഴിലാളിവർഗ്ഗവിപ്ലവം എത്രമാത്രം വിമോചകമാണോ അത്രയുംതന്നെ പീഡകവും വെല്ലുവിളികൾ നിറഞ്ഞതുമാണെന്ന് മനസ്സിലാക്കുന്നവർ ഈ ചോദ്യങ്ങൾ ഉറക്കെ ചോദിക്കാൻ ബാദ്ധ്യസ്ഥരാണ്.

# എതിർവാദമുഖങ്ങൾ

ആൽബർട്ട് സീമാൻസ്കി

ഞാൻ ഉന്നയിച്ച നാലു പ്രശ്നങ്ങളെ ഗൗരപൂർവ്വം വെല്ലുവിളിക്കുന്ന യാതൊന്നുംതന്നെ ഇവ:ടെ ഉയൻ്റവന്നില്ലെന്നതാണ് വാസ്തവം. സോവിയററ് സമ്പദ്‌വ്യവസ്ഥയിൽ ആധിപത്യം ചെലുത്തുന്നത് ലാഭമാണ് എന്ന് ആവത്തിച്ച് ഊന്നിപ്പറഞ്ഞതൊഴികെ മറെറാന്നുംതന്നെ ഉന്നയിക്കപ്പെട്ടതായി തോന്നുന്നില്ല. സോവിയററ്‌യൂണിയനിൽ സ്വവിശേഷാധികാരങ്ങളുള്ള ഒരു ഭരണവർഗമുണ്ടോ എന്ന പ്രശ്നത്തിന് ഉയൻ്റതലത്തിൽപെട്ട മാനേജർമാക്ക് അല്ലെങ്കിൽ സാധരണ മാനേജർമാർക്ക് സ്ഥാപനങ്ങളുടെ കാറുകഠ ഉപയോഗിക്കാം എന്നതൊഴികെ മറെറാന്നും മറുപടിയായി ഉന്നയിച്ചുകണ്ടില്ല. എന്നാൽ അമേരിക്കയിൽ എല്ലാ ഡോക്ടർമാക്കും വക്കീലന്മാക്കും തൊഴിലാളിവർഗത്തിൽപെട്ട മിക്കവൊറുമെല്ലാവർക്കും കാറുകഠ സ്വന്തമായുണ്ടെന്ന് എല്ലാവർക്കുമറിയാം. സവിശേഷാധികാരങ്ങളുള്ള ഒരു ഭരണവർഗം നിലനില്ക്കുന്നുണ്ടെന്നതിന് ഇതൊരു തെളിവല്ല. ഈ കാര്യങ്ങളിൽ 50 കളുടെ മദ്ധ്യത്തിനുമുമ്പും പിമ്പും തമ്മിൽ ഗുണപരമായ വ്യത്യാസങ്ങഠ നിലനിന്നിരുന്നുവോ എന്നൊരു ചോദ്യ

മുണ്ടായിരുന്നു. എന്നാൽ കാര്യങ്ങൾ ഗുണപരമായി വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് കാണിക്കാനുള്ള യാതൊരു തെളിവും എടുത്തുകാട്ടുകയുണ്ടായില്ല. അവിടത്തെ ഉൽപാദനത്തെ സംബന്ധിച്ചപതിനഞ്ചുസൂചകങ്ങളിൽ ഒന്ന് ലാഭമാണെന്നും 1965-ൽ മററൊരു ഉപസൂചകംകൂടി സ്വീകരിക്കപ്പെട്ടെന്നും, മൂലധനത്തിന്മേൽ ഒരു പലിശകൂടി ചുമത്തപ്പെട്ടിട്ടുണ്ടെന്നും പറഞ്ഞതൊഴിച്ചാൽ മററൊന്നും ഉയർത്തപ്പെടുകയുണ്ടായില്ല. സോവ്യററ് സമ്പദ്‌വ്യവസ്ഥയുടെ കാര്യക്ഷമത വർദ്ധിക്കാനുള്ള അക്കൗണ്ടിംഗ് സംവിധാനങ്ങളാണ് ഇവ.

സാമ്രാജ്യത്വത്തിന്റെ പ്രശ്നത്തെക്കുറിച്ചു പറയുമ്പോൾ ആർ. സി. പി. യെ എനിക്ക് ഒരുകാര്യം ഓർമ്മിപ്പിക്കുവാനുണ്ട്. സാമ്രാജ്യത്വത്തിന്റെ യുക്തി എന്നു പറഞ്ഞാൽ അതു മൂലധനത്തിന്റെ കയററുമതിയുടെ യുക്തിയാണ്, സോവിയററ് യൂണിയൻ മൂലധനം കയററുമതി ചെയ്യുന്നു എന്നതിന് യാതൊരു തെളിവും ഞാൻ കേട്ടില്ല. അതിനുപകരം, ദേശീയ വിമോചനപ്രസ്ഥാനങ്ങളെ മുതലാളിത്തരാജ്യങ്ങൾ പിന്തുണച്ചതിന്റെ ഒരു നീണ്ടചരിത്രമുണ്ടെന്ന് പറഞ്ഞിരിക്കുന്നു. രണ്ടാംലോകമഹായുദ്ധകാലത്ത് ജപ്പാൻകാർ യൂറോപ്യൻവിരുദ്ധസാമ്രാജ്യത്വപ്രസ്ഥാനങ്ങളെയാണ് പിന്തുണച്ചിരുന്നത്. അമേരിക്ക ക്യൂബയുടെ സ്വാതന്ത്ര്യത്തെ പിന്തുണച്ചിരുന്നു എന്നു പറഞ്ഞാൽ അതിൽ എത്രകണ്ട് ശരിയുണ്ടെന്ന് പറയേണ്ടതില്ലല്ലോ. ഇന്തോനേഷ്യയിൽനിന്ന് ഡച്ചുകാരെ പുറത്താക്കി അവിടെ സ്ഥാനമുറപ്പിക്കാൻ ജപ്പാൻകാർ ആഗ്രഹിച്ചു, അവർ അതു് ചെയ്യുകയും ചെയ്തു. അവരുടെ മൂലധനം ഇന്തോനേഷ്യയിലും ചൈനയിലുമെത്തി; സോവിയററ്‌യൂണിയൻ ചെയ്യുന്നതു് ഇതിൽനിന്നും ഗുണപരമായി വ്യത്യസ്തമായ കാര്യമാണ്. സോവിയററ് യൂണിയൻ വിമോചനപ്രസ്ഥാനങ്ങളെ പിന്താങ്ങുന്നു. എന്നാൽ അവർ ആ രാജ്യങ്ങളിലേക്ക് മൂലധനം കയററുമതി ചെയ്യുന്നില്ല. അവർ അവിടെനിന്നും പണമുണ്ടാക്കുന്നില്ല. മറിച്ച് അവിടെ അവർക്ക് ഗണ്യമായ സാമ്പത്തിക നഷ്ടമാണു സംഭവിക്കുന്നതു്. അവരുടെ സ്വന്തം സാമ്പത്തികഭാഷയിൽ പറഞ്ഞാൽ സോവിയററ് യൂണിയൻ എന്തൊക്കെയാണു ചെയ്തിട്ടുള്ളതു്? ക്യൂബക്കും കിഴക്കൻ യൂറോപ്പിനും പിന്തുണ കൊടുത്തതുകൊണ്ട് അവർക്കു എന്തുമാത്രമാണ് നഷ്ടപ്പെട്ടിട്ടുള്ളതു്? ഇവിടെ *ഗുണപരമായ* ഒരു വ്യത്യാസമുണ്ട്. സോവിയററ് യൂണിയൻ മൂലധനം കയററി അയക്കുന്നില്ല. ആ കാര്യത്തിനുവേണ്ടി അവർ വിമോചനപ്രസ്ഥാനങ്ങളെ പിന്തുണക്കുന്നില്ല. അവർ വിമോചനപ്രസ്ഥാനങ്ങളെ പിന്തുണക്കുന്നതു് തൊഴിലാളിവർഗസാർവ്വദേശീയതയുടെ അടിസ്ഥാനത്തിലാണ്. മുതലാളിത്തരാജ്യങ്ങൾ അങ്ങനെ ചെയ്യുന്നുണ്ടെങ്കിൽ സാമ്രാജ്യത്വമാത്സര്യമാണ്അതിനടിസ്ഥാനം. സോവിയററ് വൈദേശികബന്ധങ്ങൾക്ക് സാമ്രാജ്യത്വ

ത്തിൻെറ യുക്തിയുമായി എന്തെങ്കിലും ബന്ധമുണ്ടെന്നതിന് യാതൊരു തെളിവുമില്ല.

തൊഴിൽ ഒരു ചരക്കാണെന്നു പറയുമ്പോഠം തൊഴിലാളികഠംക്കു തങ്ങളുടെ തൊഴിലുകഠം മാററാമെന്നും, വാസ്തവത്തിൽ സോവിയററ് യൂണിയനിൽ ഒരു വേതനവ്യവസ്ഥയുണ്ടെന്നും അതുകൊണ്ട് കൂടുതൽ ഉയർന്ന വേതനമുള്ള ജോലികഠംക്കു വേണ്ടി തൊഴിലാളികഠം ചിലപ്പോഴെല്ലാം തൊഴിൽ മാറുന്നുണ്ടെന്നും ഇവിടെ പറഞ്ഞുകേട്ടു. അദ്ധ്വാനശക്തി ഒരു ചരക്കാക്കപ്പെട്ടിട്ടുണ്ടെന്നതിന് ഇതൊരുതെളിവല്ല. M-C-M' എന്ന യുക്തി അവിടെ പ്രയോഗത്തിലുണ്ടെന്നും, പണവുമായി വരുന്ന ഒരാഠംക്ക് അതു പെരുപ്പിക്കുന്നതിനുവേണ്ടി അദ്ധ്വാനശക്തിയെ വിലകൊടുത്തുവാങ്ങാമെന്നും തെളിയിക്കാൻ ഇതുകൊണ്ടാകുന്നില്ല. 1955 നു മുമ്പുണ്ടായിരുന്ന കാര്യങ്ങഠംതന്നെയാണതു്. 1930കളിൽതന്നെ തൊഴിലാളികഠംക്കു് തങ്ങളുടെ തൊഴിൽമാറാമായിരുന്നു. അന്നുതന്നെ അവിടെ വേതനത്തിൻെറ കാര്യത്തിലുള്ള അന്തരം നിലനിന്നിരുന്നു, തൊഴിൽ ഒരു ചരക്കാണോ എന്ന ചോദ്യത്തിന് വേണ്ടത്ര ഗൗരവപൂർണ്ണമായ ഒരു മറുപടിയല്ല ഇതു്. മാർക്സിസ്റ്റുകാർ *എന്നും* വാദിച്ചുകൊണ്ടിരുന്നതു് സോഷ്യലിസം എന്നുവച്ചാൽ ഓരോരുത്തർക്കും അവരുടെ അദ്ധ്വാനത്തിനനുസരിച്ചു് എന്നാണു്. ഇപ്പോഴാകട്ടെ സോഷ്യലിസത്തിൻെറ മാനദണ്ഡങ്ങളും ഒരു ചരക്കെന്ന നിലയിൽ അദ്ധ്വാനത്തിൻെറ മാനദണ്ഡങ്ങളും തമ്മിൽ മൊത്തത്തിൽ ഒരു ആശയക്കുഴപ്പമാണുള്ളതു്.

എന്താണു് സോഷ്യലിസം എന്നതിനെക്കുറിച്ചുള്ള ഒരു നിർവ്വചനത്തിൻെറ കാര്യമല്ലെങ്കിൽ പോലും ആർ. സി. പി. വളരെ നല്ല ഒരു ചോദ്യം ഉന്നയിക്കുന്നുണ്ടെന്നു് ഞാൻ കരുതുന്നു. ഒരു സോഷ്യലിസ്റ്റ് രാജ്യത്തിൽ ഒരാഠം ഭൗതികപ്രചോദനത്തിനുവേണ്ടിയാണു നീങ്ങുന്നതെന്നു് ഒരാഠം പ്രതീക്ഷിക്കും. ഓരോരുത്തർക്കും അവരുടെ അദ്ധ്വാനമനുസരിച്ചു് എന്ന സോഷ്യലിസ്റ്റ് തത്വത്തിൽനിന്നു് അവർ അകന്നുപോകുന്നു. ഒരാഠം ബൂർഷ്വാ അവകാശങ്ങളിൽനിന്നു് അകന്നുപോകുന്നു. 50 കളുടെ മദ്ധ്യത്തിനും 70 കളുടെ മദ്ധ്യത്തിനുമിടക്കു് തൊഴിലാളികഠംക്കും മാനേജർമാർക്കും അല്ലെങ്കിൽ കേന്ദ്രക്കമ്മിററി അംഗങ്ങഠംക്കും ഇടയ്ക്കുള്ള വിടവു് ചുരുക്കിക്കൊണ്ടു് അവരുടെ വേതനങ്ങങ്ങളും ആനുകൂല്യങ്ങളും തമ്മിലുള്ള വ്യത്യാസം പകുതിയിലധികം കണ്ടു് കുറച്ചുകൊണ്ടു് സോവിയററ് യൂണിയനിൽ നടപ്പിലാക്കിയ കാര്യങ്ങഠം ഇതായിരുന്നു എന്നാണെനിക്കു തോന്നുന്നതു്. സാമൂഹ്യവേതനം 20 മുതൽ 35% വരെ വർദ്ധിപ്പിച്ചുകൊണ്ടും ഭക്ഷണവിലയിൽ വമ്പിച്ച ഇളവുകഠം അനുവദിച്ചുകൊണ്ടും നടത്തിയ ഈ പ്രസ്ഥാനം വ്യക്തമായും അസമത്വത്തിനെ അകററുന്ന ഒന്നായിരുന്നു. ഒരു സമൂഹത്തിനെ അതിൻെറ ചലനത്തിൻെറ അടിസ്ഥാനത്തിൽ വിലയിരുത്തുന്ന

വെങ്കിൽ നാം പ്രതീക്ഷിക്കുന്ന ആവശ്യത്തിന്റെ അടിസ്ഥാന ത്തിൽ വിതരണം നടത്തുന്ന അസമത്വത്തിനെതിരായ ഒരു പ്ര സ്ഥാനമാണത്.

ഏഷ്യക്കാരെ കുറിച്ച് നിങ്ങൾ ഉയർത്തികൊണ്ടുവന്ന കാര്യങ്ങൾ വളരെ കൗതുകകരമാണ്. കസാക്കിസ്ഥാനിൽ നിന്ന് ആളുകളെ പ്രകൃതിവിഭവസമൃദ്ധമായ സൈബീരിയയിലേക്ക് നീക്കാൻ ശ്രമിക്കുന്നുവെന്നത് സത്യമാണ്. എന്നാൽ അത് വേണ്ടത്ര വിജയകരമായിട്ടില്ലെന്നതും ശരി തന്നെ. ഇതുകൊണ്ട് അവർ മുതലാളിത്തശക്തികളാണെന്ന് പറയുന്നതു ശരിയല്ല. കാരണം മുതലാളിത്തശക്തികളായിരുന്നുവെങ്കിൽ അവർ വിജയിക്കുമായിരുന്നു. ആംജീരിയക്കാരെ ഫ്രാൻസിലേക്ക് കൊണ്ടുവരാൻ ഫ്രഞ്ചുകാർക്ക് യാതൊരു വിഷമവുമുണ്ടായിരുന്നില്ല. ജമൈക്കക്കാരെ ഇംഗ്ലണ്ടിലേക്ക് നീക്കാൻ ഇംഗ്ലീഷുകാർക്കും പ്രശ്നങ്ങൾ യാതൊന്നുമുണ്ടായിരുന്നില്ല. കറുത്ത വർഗ്ഗക്കാരായ ജനങ്ങളെ ചിക്കാഗോയിലേക്ക് ഒന്നിച്ചുകൊണ്ടുവരാൻ അമേരിക്കൻ മുതലാളിത്തശക്തികൾക്ക് ഏതെങ്കിലും തടസ്സങ്ങൾ നേരിടേണ്ടിവന്നിട്ടില്ല. എന്നാൽ ഏഷ്യക്കാരായ ജനങ്ങളെ മദ്ധ്യേഷ്യയിൽനിന്നു പുറത്തുകൊണ്ടുവരുക എന്നത് ഏതാണ്ട് അസാദ്ധ്യമായാണ് സോവിയററ് യൂണിയന് അനുഭവപ്പെടുന്നത്. എന്തുകൊണ്ടാണിത്? കാരണം സോവിയററ് യൂണിയനിലെ വേതനനിരക്ക് സാർവ്വത്രികമാണ്. മദ്ധ്യേഷ്യയിൽ തൊഴിലില്ലായ്മയില്ല. പിന്നെ അവിടത്തുകാർ തങ്ങളുടെ സംസ്കാരവും രാജ്യവുമുപേക്ഷിച്ച് മററു സ്ഥലങ്ങളിലേയ്ക്ക് നീങ്ങേണ്ട കാര്യമെന്താണ്. ഒരു മുതലാളിത്ത വ്യവസ്ഥിതിയിലേതുപോലെ അവർ പട്ടിണി കിടക്കുന്നില്ല. സോവിയററ് യൂണിയൻ മുതലാളിത്തരാജ്യമല്ലെന്നും സോഷ്യലിസ്റ്റാണെന്നുമുള്ളതിന് ശക്തമായ തെളിവാണിത്.

മററു പല രാജ്യങ്ങളിലും തൊഴിലില്ലായ്മ നിലവിലില്ലെന്ന് നിങ്ങൾ പരാമർശിക്കുകയുണ്ടായി. ജർമ്മനിയിൽ തൊഴിൽരഹിതരില്ലെന്ന് പറഞ്ഞത് ശരിയല്ല. ജർമ്മനിയിലെ തൊഴിലില്ലാത്തവർ തുർക്കിയിലും പോർത്തുഗലിലുമാണ്. മേഖലയിലെ പൊതുവിപണിക്ക് ഒരു ഏകീകൃത തൊഴിൽവിപണി കൂടിയുണ്ട്. മുതലാളിത്തരാജ്യങ്ങൾക്ക് ഒരു കരുതൽസേനയോ, നാസിജർമ്മനിയെപ്പോലെ ഒരു ഭരണസംവിധാനമോ ആവശ്യമുണ്ട്. അത് ഒരു യഥാർത്ഥ കരുതൽ സൈന്യമായി പ്രവർത്തിക്കുന്നു. അത്തരമൊരു കരുതൽസേന സോവിയററ് യൂണിയനിലുണ്ടെന്നു കാണിക്കുന്ന യാതൊരു തെളിവുമില്ല. സോവിയററ് യൂണിയനിലെ ഏററവും ഉയർന്ന പത്തു ശതമാനം പേർ ഏററവും താഴ്ന്നവരേക്കാൾ മൂന്നിരട്ടി മാത്രമെ സമ്പാദ്യമുണ്ടാക്കുന്നുള്ളു എന്നതുകൊണ്ടാണ് അവിടെ സോഷ്യലിസമായിരിക്കുന്നതെന്ന് ആരും അവകാശപ്പെടുന്നില്ല. നാം സംസാരിക്കുന്നതു മുതലാളിത്തവർഗമെന്ന് ആരോപിക്കപ്പെടുന്നവരെക്കുറി

ച്ചാണ്. അവർ ആരെയാണ് മുതലാളിത്തവർഗം എന്നുപറയു ന്നതിനെക്കുറിച്ച് എനിക്കു കൃത്യമായ ധാരണ ലഭിച്ചിട്ടില്ല. അതു് കേന്ദ്രകമ്മിററി അംഗങ്ങളാണോ? അതു് സാധാരണ മാനേജർമാരും ഉയർന്നതലത്തിലുള്ള മാനേജർമാരുമാണോ? അപ്പോൾ ഉന്നതവിഭാഗത്തിലുള്ളവരെന്ന് ആരോപിക്കപ്പെടുന്നവരെ നമുക്കൊന്നു താരതമ്യപ്പെടുത്തി നോക്കാം. അമേരിക്കയിലുള്ള സമ്പന്ന കുത്തകകളായ റോക്ഫെല്ലർമാരേയും, മെല്ലോൺമാരേയും, ഡുപോണ്ടുമാരെയും പരിശോധിച്ചാൽ ഒരു ശരാശരി തൊഴിലാളിയുടെ വേതനത്തേക്കാൾ നൂറുകണക്കിനുമടങ്ങായിരിക്കും ഇവരുടെ വരുമാനം. സോവിയററ്യൂണിയനിലാകട്ടെ ഈ വ്യത്യാസം $2\frac{1}{2}$ $3\frac{1}{2}$ മടങ്ങുമാത്രമായിരിക്കും. അതാകട്ടെ ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുകയുമാണ്. അതാണ് ഇരു രാജ്യങ്ങളും തമ്മിലുള്ള താരതമ്യം. എന്നെ വിശ്വസിക്കു; അത്തരമൊന്നല്ല സ്വീഡനിലുള്ളതു്. വോാംവോ ഉടമകളായ നോബൽ കുടുംബക്കാർതന്നെ ഓരോ വർഷവും 1000 മടങ്ങ് കൂടുതൽ സമ്പാദിക്കുന്നു; ഏതാണ്ട് 500 മടങ്ങെങ്കിലും സമ്പാദിക്കാനുള്ള സാദ്ധ്യതയുണ്ട്. അവർ അതു് വീണ്ടും നിക്ഷേപിക്കാൻ തയ്യാറുള്ളിടത്തോളംകാലം അതേറെയും നികുതിയില്ലാത്തതു കൂടിയാണ്. എന്നുമാത്രമല്ല എല്ലാത്തരംഭൗതികപ്രചോദനവും അവക്കുകിട്ടുന്നു. അതു് സോവിയററ് യൂണിയനിലെ ഏതൊന്നിനേക്കാളും ഗുണപരമായി വ്യത്യസ്തമാണ്. സോഷ്യലിസ്റ്റായിരിക്കാൻ അദ്ധ്വാനത്തിൻെറ അടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ട വിതരണം തന്നെ നിർബ്ബന്ധമായി പിൻതുടരണമെന്നു തോന്നുന്നു. ഇതാണ് സോവിയററ് യൂണിയനിൽ സംഭവിക്കുന്നതു്. സാമൂഹ്യവേതനത്തിലും സമത്വത്തിലുമുണ്ടാകുന്ന വികാസം ഇതിൻെറ വ്യക്തമായ തെളിവാണ്.

ഏറെയും ചർച്ച നടന്നതു് ലാഭത്തെക്കുറിച്ചാണ്. ലാഭമാണ് നേതൃത്വസ്ഥാനത്തു് എന്ന് സ്ഥാപിക്കാൻപോന്ന യഥാർത്ഥതെളിവുകളൊന്നും ഞാനവിടെ കണ്ടില്ല-സോവിയററ്യൂണിയനിൽ അടിസ്ഥാന ഭക്ഷ്യപദാർത്ഥങ്ങളിൽ വമ്പിച്ച ഇളവനുവദിക്കുന്നുണ്ടെന്നതിന് ഞാൻ തെളിവുകൾ മുന്നോട്ടുവച്ചിരുന്നു. ഇപ്പോൾ ലാഭമാണ് നേതൃത്വസ്ഥാനത്തു് എന്നു കാണിക്കാൻ യാതൊരു തെളിവുമില്ല. കുട്ടികളുടെ കളിപ്പാട്ടങ്ങൾക്കും വിലയിളവുണ്ട്, സംരക്ഷണച്ചെലവുകളുടെ മൂന്നിലൊന്നുമാത്രമേ അവിടെ വാടകയുള്ള കർഷകർക്കു് കടകളിൽനിന്നു് അവർ വില്ക്കുന്നതിൻെറ ഇരട്ടി സാധനങ്ങൾ കിട്ടുന്നുണ്ട്. ഒരു മുതലാളിത്ത സംവിധാനത്തിൻകീഴിൽ ഇത്തരത്തിൽ സംഭവിക്കുക സാദ്ധ്യമല്ല.

പാശ്ചാത്യമുതലാളിമാർ എല്ലായ്പ്പോഴും നിക്ഷേപിക്കുന്നതു് ലാഭത്തിനുവേണ്ടിയല്ലെന്നും ഇവിടെ പറയുകയുണ്ടായി. ഉദാഹരണത്തിന് അമേരിക്കൻസൈന്യം അത്രയ്ക്കു് ലാഭകരമല്ലത്രേ!

നിങ്ങഠം കട്ടിക്കളി കളിക്കുകയാണോ? ജനറൽ ഡൈനാമിക് സിനേക്കാളും ട്രൈഡൻറ് അന്തർവാഹിനികളേക്കാളും, സൈനികസാധനങ്ങളേക്കാളും ലാഭകരമായി എന്താണുള്ളത്? കുത്തകകഠം സൈനികവ്യവസായത്തിൽനിന്നു് വൻലാഭമുണ്ടാക്കുന്നുണ്ട്. അവർ നിങ്ങഠംക്കും എനിക്കും തൊഴിലാളിവർഗത്തിൽ പെട്ട ജനങ്ങഠംക്കുംമേൽ നികുതി ചുമത്തുന്നു. ആ പണം കുത്തകകളിൽതന്നെ അവസാനിക്കുകയും ചെയ്യുന്നു. മുതലാളിത്തശക്തികഠം ലാഭകരമല്ലാത്ത യാതൊന്നും ചെയ്യുന്നില്ല. വേണ്ടത്ര പ്രവർത്തനക്ഷമതയില്ലാത്ത ചില കാര്യങ്ങഠം അവർ ചെയ്തുവെന്നു വരാം. പക്ഷേ അവർ അങ്ങനെ ചെയ്യുമ്പോഠം അതിൻെറ ചെലവു വഹിക്കുന്നതു് മററാരുമല്ല നികുതികളാണ്. സൈനികചെലവുകളുടെ യുക്തി പരിശോധിക്കുകയാണെങ്കിൽ സോവിയററ്യൂണിയനിൽ അതു തികച്ചും വ്യത്യസ്തമാണ്. കാരണം അതു് എല്ലാവർക്കും തൊഴിലുള്ള, തൊഴിലുള്ള കാര്യത്തിൽ കമ്മിയുള്ള ഒരു സമ്പദ്‌വ്യവസ്ഥയാണ്. അവിടെ വിഭവങ്ങഠം ഭക്ഷണത്തിൻേറയും പാർപ്പിടത്തിൻേറയും മണ്ഡലങ്ങളിൽനിന്നു് സൈനികമണ്ഡലത്തെ നീക്കം ചെയ്യേണ്ടതു് ആവശ്യമായിവരുന്നു. റൊണാഠംഡ് റീഗനും അമേരിക്കൻ മുതലാളിവർഗത്തിനും ഇതു നന്നായി അറിയാം. സോവിയററ്യൂണിയൻെറ സൈനികച്ചെലവ് വർദ്ധിപ്പിക്കാൻ നിർബ്ബന്ധം ചെലുത്തിക്കൊണ്ടു് അവർ സോവിയററ്യൂണിയനെ ഞെരുക്കാൻ ശ്രമിക്കുന്നു. സി. ഐ. എ ഇതേക്കുറിച്ച് ഏറെ ബോധാവന്മാരാണ്. അതുകൊണ്ടുതന്നെയാണ് സോവിയററ്യൂണിയനിൽ സാമ്പത്തിക അട്ടിമറിയുണ്ടാവുന്നതു്. അതുകൊണ്ടു് അമേരിക്കയിലെ സൈനിക ചെലവുവർദ്ധിക്കുമ്പോഠം അവിടത്തെ മുതലാളിവർഗത്തിനു് വമ്പിച്ച ലാഭമുണ്ടാവുന്നു. അതേസമയം അതു് സോവിയററ് യൂണിയനെ വാസ്തവത്തിൽ പരിക്കേല്പിക്കുന്നു. എന്തുകൊണ്ടെന്നാൽ അപ്പോഠം അവക്ക് ഉപഭോഗനിലവാരം വർദ്ധിപ്പിക്കുന്ന പ്രവർത്തനത്തിൽനിന്നു് തങ്ങളുടെ വിഭവങ്ങളെ പിൻവലിപ്പിക്കേണ്ടിവരുന്നു. സി. ഐ. എ ഇതു മനസ്സിലാക്കുന്നുണ്ട്. എന്നിട്ടും ആർ. സി. പി. ഇതെന്തുകൊണ്ടു് മനസ്സിലാക്കുന്നില്ലെന്നു് എനിക്കു മനസ്സിലാവുന്നില്ല.

സോവിയററ് യൂണിയനിലെ മൂലധനനിക്ഷേപത്തെ നിർണ്ണയിക്കുന്നതു് ലാഭത്തെ സംബന്ധിച്ച മാനദണ്ഡമനുസരിച്ചല്ല. നേരത്തെ നിക്ഷേപം നടത്തിയിട്ടുള്ളതും വേതനം വളരെ ചുരുങ്ങിയിരിക്കുന്നതുമായ ഇടങ്ങളിലാണ് മുതലാളിത്തശക്തികഠം പുതിയ നിക്ഷേപങ്ങഠം കെട്ടിയുയർത്തുന്നതു്. എന്നാൽ സോവിയററ് യൂണിയനിലോ? മദ്ധേഷ്യയിലും മോസ്കോയിലും, ലെനിൻഗ്രാഡിലുമെല്ലാം വേതനം ഒന്നുതന്നെയാണ്. പക്ഷേ മദ്ധ്യേഷ്യയിൽ വേണ്ടത്ര സാമർത്ഥ്യമുള്ളവരില്ല. അതുകൊണ്ടു് അവിടെ ഒരു ഫാക്ടറി ആരംഭിക്കുമ്പോഠം അവർ പുതിയ തൊഴിൽസേനയെ പരിശീലിപ്പിച്ചെടുക്കുന്നു.

അതുകൊണ്ടാണ് മദ്ധ്യേഷ്യയിൽ ഒരു ഫാക്ടറി പണിതുയർത്തുന്നതിന് മോസ്കോയിലേതിനേക്കാൾ ചെലവേറിയിരിക്കുന്നത്. വേതനം മെക്സിക്കോയിലേതുമാതിരിയായിരുന്നെങ്കിൽ, അല്ലെങ്കിൽ 25 ശതമാനം വേതനമേ നൽകിയിരുന്നുള്ളവെങ്കിൽ അതു ലാഭകരമാണെന്നു നിങ്ങൾക്ക പറയാമായിരുന്നു. എന്നാൽ മദ്ധ്യേഷ്യയിലേക്ക മാറുന്നതുകൊണ്ട് വേതനത്തിൽ യാതൊരു കുറവുമുണ്ടാകുന്നില്ല. ലാഭത്തിന്റെ ഭാഷയിൽ പറഞ്ഞാൽ വ്യവസായശാലകൾ പണിതുയർത്തുന്നതുവഴി അവർക്ക നഷ്ടമാണുണ്ടാവുന്നത്. എന്നാൽ അവർ വ്യവസായശാലകൾ നിർമ്മിക്കുന്നതു് രാഷ്ട്രീയമായ കാരണങ്ങളാലാണ്. സാർചക്രവർത്തിയുടെ കാലത്തുനിന്നും തുടർന്നുപോന്ന അസമത്വങ്ങൾ കുറക്കുന്നതിനും. പ്രതിശീർഷവരുമാനത്തിന്റെ നിലവാരം, വിദ്യാഭ്യാസം, മററുകാര്യങ്ങൾ തുടങ്ങിയവ എല്ലാ റിപ്പബ്ളിക്കുകളിലും തുല്യമാക്കാനും 1920കൾ മുതൽ ദീർഘകാലമായി സോവിയററ് യൂണിയൻ പ്രതിജ്ഞാബദ്ധമാണ്. അതുകൊണ്ടാണ് അങ്ങേയററം പ്രവർത്തനക്ഷമത കുറവും ലാഭമില്ലാത്തതാണെങ്കിൽപോലും അവർ ഇപ്പോഴും മദ്ധ്യേഷ്യയിൽ ഫാക്ടറികൾ സ്ഥാപിക്കുന്നതു്. അതുകൊണ്ടാണ് മദ്ധ്യേഷ്യയിൽ താരതമ്യേന അദ്ധ്വാനകമ്മി അനുഭവപ്പെടുന്നതു്. അവിടെ സൈബീരിയായിലേക്ക് കുടിയേറാൻ ആളെ കിട്ടുന്നില്ലെങ്കിൽ അതു് ഒരു സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയായതുകൊണ്ടാണ്. അവിടെ അദ്ധ്വാനശക്തി ഒരു ചരക്കല്ല.

വീണ്ടും പ്രസക്തമായ ചോദ്യം ആസൂത്രണത്തിന്റേതല്ല, ആസൂത്രണം ഏതുവർഗത്തിനുവേണ്ടി എന്നതാണ്. സ്റ്റേററ്മുതലാളിത്തം ആകമാനം ആസൂത്രിതമായിരിക്കാനുള്ള സാദ്ധ്യതയുണ്ട്. അതിൽ എനിക്ക് എന്റേതായ സംശയങ്ങളുമുണ്ട്. പക്ഷേ യഥാർത്ഥ ചോദ്യം ഇതാണ്. സോഷ്യലിസ്റ്റ്സമ്പദ് വ്യവസ്ഥയിൽ ആസൂത്രണം തൊഴിലാളിവർഗത്തിന്റെ താല്പര്യത്തിനു വേണ്ടിയാണോ, പുതിയ മുതലാളിത്തം എന്നു് ആരോപിക്കപ്പെടുന്ന വർഗത്തിന് അവരുടെ താല്പര്യമനുസരിച്ച് സംഭരണം നടത്താൻ വേണ്ടിയുള്ളതല്ലെന്നുണ്ടോ? അവർ പഞ്ചവത്സരപദ്ധതികൾ പൂർത്തീകരിക്കുന്നില്ലേ എന്നതു് ഒരു ചോദ്യമേയല്ല. ഗോതമ്പുവിളവ് അടുത്ത പ്രാവശ്യം എന്തായിത്തീരുമെന്നു് കൃത്യമായി പ്രവചിക്കാൻ അവർക്കെങ്ങനെയാണു കഴിയുക? അവക്കുചെയ്യാവുന്നതു് അതെക്കുറിച്ച് ഏകദേശമായി നിർണ്ണയിക്കുക എന്നതാണ്. കാലാവസ്ഥ മോശമായാൽ ഒരു പക്ഷേ പദ്ധതി പൂർത്തീകരിക്കപ്പെട്ടില്ലെന്നുവരാം. അതുകൊണ്ട് രാജ്യം മുതലാളിത്തപരമാകുമോ? അല്ല, ഇതു് ലാഭമാണോ നേതൃത്വത്തിൽ എന്ന പ്രശ്നമല്ല. ലാഭം ഒരു രണ്ടാംനിര സൂചകമെന്നതിനേക്കാൾ മറെറന്തെങ്കിലുമാണെന്നു കാണിക്കാൻ യാതൊരു തെളിവുമില്ല.

ഞാൻ ലീബെർമാൻ പറഞ്ഞ ചില കാര്യങ്ങൾ ഉദ്ധരിക്കാം. 1965 ലെ കൊസിജിൻ പരിഷ്ക്കരണത്തിന്റെ കാലത്തു് ലാഭത്തെ നേതൃത്വസ്ഥാനത്തുവച്ചുന്നു എന്നു് ഇന്നു് ആരോപിക്കപ്പെടുന്ന സിദ്ധാന്തത്തിന്റെ രൂപരേഖ തയ്യാറാക്കിയ സോവിയററ് സാമ്പത്തികശാസ്ത്രജ്ഞനാണദ്ദേഹം. അതേക്കുറിച്ചു് അദ്ദേഹം പറഞ്ഞതു് ഇതാണു്. കേന്ദ്രീകൃത ആസൂത്രണത്തിന്റെ എല്ലാ ' അടിസ്ഥാനഉത്തോലകങ്ങളും—വിലകൾ, ഫൈനാൻസുകൾ, ബഡ്ജററ് അക്കൗണ്ടിംഗുകൾ, വൻമൂലധന നിക്ഷേപങ്ങൾ, എല്ലാത്തരത്തിലുമുള്ള വിലകൾ, തൊഴിൽ, ഉല്പാദനമണ്ഡലത്തിലെ നിരക്കുകളുടേയും അനുപാതങ്ങളുടേയും പ്രമുഖ ദേശീയ സൂചകങ്ങൾ തുടങ്ങി എല്ലാം-തീരുമാനിക്കപ്പെടുന്നതു് കേന്ദ്രത്തിലായിരിക്കും.'' മററുവാക്കുകളിൽ പറഞ്ഞാൽ നിക്ഷേപങ്ങളേയോ, വേതനത്തേയോ, വിലകളേയോ, തീരുമാനിക്കുന്നതു് ലാഭമല്ല. ബോണസിന്റെ വളരെ ചെറിയൊരു ശതമാനംമാത്രമേ ലാഭത്തിനനുസരിച്ചു് നിർണയിക്കപ്പെടുന്നുള്ളു. ലീബെർമാൻ നിർദ്ദേശങ്ങളിൽ ഒരു തരത്തിലും ലാഭത്തിനു് നേതൃസ്ഥാനമില്ലായിരുന്നു. മാത്രമല്ല 1965—ൽ ഈ നിർദ്ദേശങ്ങൾ സ്വീകരിക്കപ്പെടുകപോലും ചെയ്തിരുന്നില്ല. അതിനേക്കാൾ നേർത്ത ഒന്നായിരുന്നു അവർ സ്വീകരിച്ചിരുന്നതു്. കേന്ദ്രതലത്തിൽ ആസൂത്രണംചെയ്യപ്പെട്ട ലക്ഷ്യങ്ങളെ അവർ 25-ൽ നിന്നു് 15% ആയി കുറച്ചു, അവയിൽ ഉൽപാദിപ്പിക്കപ്പെടുന്നതു് പ്രാഥമികമായ ഉല്പന്നങ്ങളായിരുന്നു. ഇതേസംബന്ധിച്ചുള്ള കൊസിജിന്റെ ഏതെങ്കിലും വാക്കുകൾ ഉദ്ധരിക്കണമെന്നു് ഞാൻ കരുതുന്നില്ല. ലാഭമെന്നതു് എല്ലായ്പ്പോഴും തന്നെ കണക്കുകൾ സൂക്ഷിക്കുന്നതിനുള്ള ഒരു ഉപാധിമാത്രമായിരുന്നു. ഒരു മുതലാളിത്ത സമൂഹത്തിലെന്നപോലെ ഇവിടെ അതു് നിക്ഷേപങ്ങളോ, വേതനങ്ങളോ, വിലകളോ തീരുമാനിക്കാനുള്ള മാനദണ്ഡമല്ല. രാഷ്ട്രീയകാരണങ്ങളുള്ളതുകൊണ്ടു് ഇതെല്ലാം ആസൂത്രണംചെയ്യപ്പെടുന്നതു് കേന്ദ്രതലത്തിലാണു്. തൊഴിലാളിവർഗത്തിനു് നേട്ടമുണ്ടാക്കുന്നതെന്താണെന്നും, അതിനേക്കാൾ നിർണായകമായി സമൂഹത്തെ മാററിത്തീർക്കുന്നതെന്താണെന്നുമുള്ള അടിസ്ഥാനത്തിലാണു് ഈ ആസൂത്രണങ്ങൾ നടക്കുന്നതു്. അപ്പോൾ നാം സംസാരിച്ചുകൊണ്ടിരുന്നതു് തൊഴിൽവിഭജനത്തേയും, തൊഴിലാളിവർഗത്തിന്റെ വിദ്യാഭ്യാസത്തേയും, ആവശ്യാധിഷ്ഠിതമായി വിതരണംചെയ്യപ്പെടുന്ന സാധനങ്ങളുടെ വികാസത്തേയും കുറിച്ചാണു്. ഇവയെല്ലാംതന്നെ ആസൂത്രണത്തിന്റെ അത്യാവശ്യഘടകങ്ങളാണു്.

സോവിയററ്യൂണിയനിലെ ബാങ്കുകൾ പദ്ധതിയെ നടപ്പാക്കാനുള്ള സംവിധാനങ്ങളെന്ന നിലയിൽ തീർച്ചയായും കടബാദ്ധ്യതകളെ ഉപയോഗപ്പെടുത്തുന്നുണ്ടു്. എന്നാൽ അവ ഒരു മൂലധനചാർജ്ജ് ഈടാക്കുന്നുവെന്നോ പദ്ധതിനിർവ്വഹണം ഉറപ്പുവരുത്താനുള്ള ഒരു സംവിധാനമായി പലിശയെ ഉപയോ

ഗപ്പെടുത്തുന്നവെന്നോ പറയുന്നതു് ലാഭമാണു് നേതൃസ്ഥാനത്തു് എന്നുപറയുന്നവരുടെ ഒരു വിലാപം മാത്രമാണു്. നമുക്കു് ഇതിനമപ്പുറത്തേക്കു്, അടിസ്ഥാന പ്രശ്നത്തിലേക്കു് തിരികെ പോകണം. Red papers 7ൽ നിന്നു് ആർ. സി. പി. ഇതു മനസ്സിലാക്കിയിട്ടുണ്ടാകുമെന്നു് ഞാൻ വിശ്വസിക്കുന്നു. പ്രശ്നം ഇതാണു്. സോവിയററ് യൂണിയനിലെ ഭരണക്കൂടാധികാരം ഏതു വർഗ്ഗത്തിനാണു്? ആസൂത്രണത്തെ ഉറപ്പു വരുത്താൻ അവർ ഏതു സംവിധാനം ഉപയോഗപ്പെടുത്തുന്നു എന്നതല്ല പ്രശ്നം. ആസൂത്രണമാണു് യഥാർത്ഥത്തിൽ ഭരണം നടത്തുന്നതെന്ന കാര്യത്തിൽ നാം തമ്മിൽ അഭിപ്രായവ്യത്യാസമില്ലെന്നു് ഞാൻ കരുതുന്നു. Red papers 7 അത്തരമൊരു നിഗമനത്തിലാണെത്തുന്നതു്. അപ്പോഴ് യഥാർത്ഥ പ്രശ്നം ഇതാണു്. ആരാണു് ആസൂത്രണത്തെ നിയന്ത്രിക്കുന്നതു്? എന്തിനുവേണ്ടിയാണു് ആസൂത്രണം? ആസൂത്രണത്തെ നയിക്കുന്ന രാഷ്ട്രീയലൈൻ എന്താണു്? ലാഭമല്ല സോവിയററ് സമ്പദ്‌വ്യവസ്ഥയുടെ നേതൃസ്ഥാനത്തുള്ളതു്. അതിനു യാതൊരു തെളിവുമില്ല. അമേരിക്കൻ സർക്കാരിനും സി. ഐ. എ. ക്കും വേണ്ടി പ്രവർത്തിക്കുന്നവരടക്കം എല്ലാ കമ്മ്യൂണിസ്റ്റുവിരുദ്ധർക്കുമിടയിൽ സാർവ്വത്രികമായ ഒരു അഭിപ്രായഐക്യം മാത്രമേ ഇക്കാര്യത്തിലുള്ളു. സോവിയററ് യൂണിയനെ നയിക്കുന്നതു് വിലയേയും വിപണിയേയും സംബന്ധിച്ച നിയമമാണെന്നു് ഗൗരവപൂർവ്വം ആരോപിക്കാനും ആർക്കുമാവില്ല. അവിടെ നടക്കുന്നതിനെയെല്ലാം നിയന്ത്രിക്കുന്നതു് വിപണിയാണെന്നതിനു് വിശ്വസനീയമായ യാതൊരടിസ്ഥാനവുമില്ല. ഭരണക്കൂടത്തെ നിയന്ത്രിക്കുന്നതാരാണെന്നതാണു് പ്രസക്തമായ വാദം. എന്നാൽ ഒന്നാമതായി മുതലാളിത്തവർഗ്ഗത്തെപ്പോലെ യാതൊന്നും അവിടെയില്ല. രണ്ടാമതായി സോവിയററ്‌യൂണിയനിൽ തൊഴിലാളിവർഗ്ഗഅധികാരം യാഥാർത്ഥ്യമാകുന്നതിനു് ഉപകരണപരവും ഘടനാപരവുമായി അസംഖ്യം മാർഗ്ഗങ്ങളുണ്ടു്.

# എതിർവാദമുഖങ്ങൾ

## റെയ്മണ്ട് ലോട്ട

ഞാൻ പറഞ്ഞതിനെതിരെ ഉന്നയിക്കപ്പെട്ടിരിക്കുന്നവയിൽ ചില കാര്യങ്ങളെക്കുറിച്ച് സംസാരിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഒന്ന്: ലാഭം നേതൃത്വസ്ഥാനത്ത് എന്ന പ്രശ്നം. അദ്ദേഹം പറയുന്ന കാര്യം വളരെ കൗതുകകരമായിരിക്കുന്നു. എന്താണദ്ദേഹം പറയുന്നത്: ''നോക്കൂ, അടിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംവിധാനങ്ങളെന്താണെന്നൊന്നുമല്ല യഥാർത്ഥപ്രശ്നം.ഏതുവർഗമാണ് ഭരിക്കുന്നത് എന്നതാണ്പ്രധാനം''. ഞാൻ എന്റെ വാദമുഖങ്ങൾ അവതരിപ്പിക്കാൻ തുടങ്ങിയപ്പോൾ തന്നെ കൃത്യമായി എടുത്തുപറഞ്ഞിരുന്ന കാര്യമാണിത്. രാഷ്ട്രീയലൈനും ഉപരിഘടനയുമാണ് നിർണ്ണായകം. സമൂഹത്തെ പുനരുല്പാദിപ്പിക്കുന്നതിലും മാററിത്തീർക്കുന്നതിലും അവ സജീവമായ പങ്കു വഹിക്കുന്നു. എന്നാൽ ഈ ലൈനും ഉപരിഘടനയും ചില പ്രത്യേക ഭൗതിക യാഥാർത്ഥ്യങ്ങൾക്കനുസൃതമായിട്ടുള്ളതും അവയെ ബലപ്പെടുത്തുന്നതുമാണ്. എന്റെ പ്രതിയോഗി പറയുന്നതെന്താണ്? കൊള്ളാം നമുക്ക് അടിത്തറയെ സംബന്ധിച്ചുള്ള കാര്യങ്ങളൊക്കെ മാററിവയ്ക്കാം. എന്നിട്ട് തൊഴിലാളി

കാം ഏർപ്പെട്ടിരിക്കുന്നു എന്നു തോന്നുന്ന ഈ ഹൃദ്യവും, തെര ഞ്ഞെടുപ്പുസംബന്ധവും, ബൂർഷ്വാ ജനാധിപത്യപരവുമായ രൂ പങ്ങളെക്കുറിച്ചു സംസാരിക്കാം. ഫാക്ടറി നിലവാരത്തിലും മററും അവരുടെ പങ്കാളിത്തം നിലനിൽക്കുന്ന അത്തരം കാര്യങ്ങ ളിൽ അവർ പങ്കെടുക്കുന്നിടത്തോളം ഉല്പാദനത്തെ നയിക്കാൻ ഏതു മാർഗമാണ്— ലാഭമാണോ മറേറതെങ്കിലും സൂചകമാ ണോ-ഉപയോഗിക്കപ്പെടുന്നതെന്ന് വ്യക്തമാവുമല്ലോ. ചില തൊഴിലാളികാം ചില നിലവാരങ്ങളിൽ ചില തീരുമാനങ്ങാം എടുക്കുന്നുണ്ടല്ലോ. അപ്പോാം പിന്നെ ആരാണ് ഭരിക്കുന്നതെ ന്ന് വ്യക്തമാണല്ലോ ''ഉല്പാദനസമ്പ്രദായത്തിൻെറ ചാലക ശക്തി എന്താണെന്ന് പരിശോധിക്കാനുള്ള ഒരു ശ്രമമാണ് ഞാൻ നടത്തിയതു്. അതു് മൂലധനത്തിൻെറ നിയമമാണെന്നും ലാഭത്തിൻെറ നേതൃത്വസ്ഥാനമാണെന്നും വ്യക്തമാവുകയുമു ണ്ടായി.

ഇനി ലാഭക്ഷമതയെ സംബന്ധിച്ചുള്ള പ്രശ്നത്തിന് 1969 ലെ നിക്ഷേപ വിഭജനത്തിനുള്ള സോവിയററ് മാതൃകാരീതിശാ സ്ത്രത്തിൻെറ (Soviet Standard Methodology) സംഗ്രഹ ത്തിൽനിന്ന് ചില ഭാഗങ്ങാം ഉദ്ധരിക്കാം. അതു് വിശദീകരി ക്കുന്നു; ''കേന്ദ്ര ബഡ്ജററ് ഫണ്ടുകാം വഴിയുള്ളതടക്കം എല്ലാ നിക്ഷേപങ്ങളും നിർണ്ണയിക്കപ്പെടുന്നതു് ഒരു മേഖലയിലെ നി ക്ഷേപങ്ങളിൽനിന്നുള്ള ദേശീയവരുമാനത്തിൻെറ വിഭജനവ്യ തിയാനം അനുസരിച്ചാണ്.'' മററു വാക്കുകളിൽ പറഞ്ഞാൽ വിവിധ മേഖലകാംക്കുള്ളിലും മേഖലകാം തമ്മിൽ തമ്മിലും എങ്ങനെയാണ് നിക്ഷേപങ്ങാം നടത്തുന്നതെന്ന് ഇതു് വിശദീക രിക്കുന്നു. അവയിൽനിന്നുണ്ടാകുന്ന ആദായവും ആ മേഖലകളി ലെ നിക്ഷേപവും തമ്മിൽ ഒരു ബന്ധമുണ്ടെന്നുകൂടി ഈ വാചക ങ്ങാം വിശദമാക്കുന്നു. അപ്പോാം ഏററവും ചുരുങ്ങിയതു് ലാഭം നേതൃത്വസ്ഥാനത്തു് എന്ന പ്രശ്നത്തേയും അതുകൊണ്ടർത്ഥമാക്കുന്ന വസ്തുതയേയും നാം അതിസൂക്ഷ്മമായി പരിശോധിക്കേണ്ടതു ണ്ടെന്ന് ഇതു് വ്യക്തമാക്കുന്നു.

അപ്പോാം അതു് കൂലിവേലയുടെ പ്രശ്നവുമായി വളരെ പ്രത്യക്ഷമായി ബന്ധപ്പെട്ടിരിക്കുന്നു. നാം സാസാരിക്കുന്നതു് കൂലിവേലയുടെ അസ്തിത്വം മുതലാളിത്തമാണെന്നോ, കൂലിവേ ലയെക്കുറിച്ചോ അല്ല. നാം *മുതലാളിത്തപരമായ* കൂലിവേ ലയെക്കുറിച്ചാണ് സംസാരിക്കുന്നതു്. സോഷ്യലിസത്തിൻ കീഴിലും നിർവ്വഹിക്കപ്പെടുന്ന അദ്ധ്വാനത്തിന് വേതനം നൽ കപ്പെടും. എന്നാൽ കൂലിവേലയെ മുതലാളിത്തപരമാക്കുന്നതു് അദ്ധ്വാനപ്രക്രിയയെ വിലയെ സൃഷ്ടിക്കുന്ന പ്രക്രിയയ്ക്കു് കീ ഴ്പെടുത്തുമ്പോഴാണ്. ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥയിലും കൈമാററമൂല്യവും ഉപയോഗമൂല്യവും നിലനില്ക്കുന്നുണ്ട്. ഏതാണ് സുപ്രധാനം എന്നതാണ് പ്രശ്നം. തൊഴിലിൻെറ വിഭജനത്തെ നിർണ്ണയിക്കുന്ന രാഷ്ട്രീയമെന്താണ്? ഏതു വർഗ

ത്തിൻെറ താൽപര്യമനുസരിച്ചാണ് അതു നടക്കുന്നതു്? സമൂഹത്തിൻെറ അടിത്തട്ടിൽ വർത്തിക്കുന്ന ഏതു ബന്ധങ്ങളുടെ അടിസ്ഥാനത്തിലാണ് അതു വാസ്തവത്തിൽ നിർണ്ണയിക്കപ്പെടുന്നതു്? തൊഴിലാളി അവൻെറ അല്ലെങ്കിൽ അവളുടെ അദ്ധ്വാനശേഷിയെ നിലനിൽപിനുവേണ്ടി ഒരു അന്യശക്തിക്കു വില്ക്കേണ്ടിവരുന്ന വസ്തുതയാണ് കൂലിവേലയെ മുതലാളിത്തപരമാക്കുന്നതു്. തൊഴിലാളികൾ മുകളിൽ ആധിപത്യം ചെലുത്തുകയും അവനെ അല്ലെങ്കിൽ അവളെ മർദ്ദിക്കുകയും ചെയ്യുന്ന ആ അന്യശക്തിക്കു് അദ്ധ്വാനം വില്ക്കുമ്പോളാണ് കൂലിവേല മുതലാളിത്തപരമാവുന്നതു്. അപ്പോഴും കൂലിവേല നിലനില്ക്കുന്നതോ, പണം നിലനില്ക്കുന്നതോ ആണ് പ്രശ്നമെന്നു് ഞാൻ പറഞ്ഞതായി ആരും ആരോപിക്കരുതു്. അതെ, മറികടക്കേണ്ട പ്രശ്നങ്ങളാണവ. മറികടക്കേണ്ട വൈരുദ്ധ്യങ്ങളാണവ. എന്നാൽ ഒരു സോഷ്യലിസ്റ്റ് സമൂഹത്തിലെ വിഭജനരേഖ എന്താണ്? ഏതു് ഏതൊന്നിനു കീഴ്പെട്ടിരിക്കുന്നുവെന്നും ആ സമൂഹത്തിൻെറ ചലനം എന്താണെന്നതുമാണ് ആ വിഭജനരേഖ. കൂലിവേലയും, ചെയ്ത ജോലിക്കുള്ള വേതനവും എന്നീ പ്രശ്നങ്ങളെ അതിജീവിക്കുകയും ഇല്ലായ്മചെയ്യുകയും ചെയ്യുന്ന ഒരു ദിശയിലേക്കാണോ ആ സമൂഹത്തിൻെറ നീക്കം? ''ഓരോരുത്തരും അവരുടെ കഴിവനുസരിച്ച്, ഓരോരുത്തർക്കും അവരുടെ ആവശ്യമനുസരിച്ച്'' എന്ന കമ്മ്യൂണിസ്റ്റ്മാതൃകയിലേക്കാണോ ആ സമൂഹം നീങ്ങിക്കൊണ്ടിരിക്കുന്നതു്? ഇതാണ് പ്രശ്നം.

ചെയ്ത ജോലിക്കു് വേതനം നൽകുന്നതിനെക്കുറിച്ചുള്ള സിമാൻസ്കിയുടെ ചപലമായ വാചകമടികൾ, സോഷ്യലിസത്തിൻെറ കാലഘട്ടത്തിലെ വൈരുദ്ധ്യങ്ങളെക്കുറിച്ച് അദ്ദേഹത്തിനുള്ള ധാരണകളുടെ പൊള്ളത്തരം തുറന്നുകാണിക്കുന്നുണ്ട്. കാരണം ജോലിയനുസരിച്ചുള്ള കൂലി മഹത്തായ സോഷ്യലിസ്റ്റ് തത്വമാണെന്നു് മാർക്സ് ചുമ്മാ പറയുകയല്ല ചെയ്യുന്നതു്. ഇതു് ഒരു *പോരായ്മ*യാണെന്നും അതിനെ മറികടക്കേണ്ടതാണെന്നും കൂടി അദ്ദേഹം പറയുന്നുണ്ട്. കൂലി-വേല ബന്ധത്തിൽ അന്തർഹിതമായിരിക്കുന്ന അസമത്വങ്ങളെക്കുറിച്ച് അദ്ദേഹം സംസാരിക്കുന്നു. സിമാൻസ്കി സംസാരിക്കാതിരിക്കുന്നതും അതേക്കുറിച്ചുതന്നെയാണ്. വാസ്തവത്തിൽ ചെയ്ത ജോലിക്കുള്ള വേതനം നൽകുന്ന രീതിയെ വളരെ എളുപ്പത്തിൽ ഒരു ബൂർഷ്വാ ബന്ധമാക്കി മാററിത്തീർക്കാം. മററു വാക്കുകളിൽ പറഞ്ഞാൽ ഓരോരുത്തരിൽനിന്നും അവരുടെ കഴിവനുസരിച്ച് ഓരോരുത്തർക്കും അവരുടെ ജോലിയനുസരിച്ച് എന്ന തത്വത്തെ അല്ലെങ്കിൽ പണിയെടുക്കാത്തവർ ഭക്ഷണം കഴിക്കേണ്ടതില്ല എന്നതിനെ —നേരെ എതിർദിശയിലേക്കു മാററാവുന്നതും ഒരു ബൂർഷ്വാ ഉള്ളടക്കംനൽകി മുതലാളിത്തത്തെ സേവിക്കാൻ ഉപയോഗപ്പെടുത്താവുന്നതുമാണ്. അതായതു് ഇതിനെ മുതലാളിത്തത്തിൻെറ വിശ്വാസപ്രമാണമാക്കിത്തീർക്കാവുന്നതാണ് എനി

ക്കവേണ്ടി പണിയെടുക്കു അല്ലെങ്കിൽ പട്ടിണി കിടക്കു. സോവിയററ് യൂണിയനിലെ അവസ്ഥ ഇതാണെന്നാണ് ഞാൻ പറഞ്ഞത്.

അടുത്തതായി ഞാൻ പറഞ്ഞതിനെതിരെ ഉന്നയിക്കപ്പെട്ട സാർവ്വദേശീയ കാര്യങ്ങളെക്കുറിച്ച് ചില കാര്യങ്ങൾ പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അദ്ദേഹം കാര്യങ്ങൾ പറയുവാൻ തുടങ്ങിയപ്പോൾ അതു വളരെ കൗതുകകരമാണെന്ന് എനിക്കു തോന്നി. കാരണം രാജ്യങ്ങൾക്കിടയിലുള്ള പരസ്പര ബന്ധത്തിൻെറ മഹത്തായ ഒരു തത്വമെന്ന നിലയിലാണ് അദ്ദേഹം സ്വാതന്ത്ര്യവ്യാപാരത്തെക്കുറിച്ചു സംസാരിച്ചത്. സാമ്രാജ്യത്വയുഗത്തിനുമുമ്പ് ജീവിച്ചിരുന്ന മാർക്സിനെ അദ്ദേഹം ഉദ്ധരിക്കുന്നു. നാം ഉയർത്തിപ്പിടിക്കേണ്ട ഒരു തത്വമാണിതെന്നുകൂടി അദ്ദേഹം പറയുന്നു. അതായത് അധികാരത്തിലിരിക്കുന്ന തൊഴിലാളിവർഗം സ്വാതന്ത്ര്യവ്യാപാരത്തെ ഒരു കൊള്ളാവുന്ന തത്വമായി ഉയർത്തിപ്പിടിക്കണമെന്നാണദ്ദേഹം പറയുന്നത്. സാർവ്വദേശീയബന്ധങ്ങളുടെ മണ്ഡലത്തിൽ ബൂർഷ്വാ അവകാശങ്ങളെ ഉന്നതസ്ഥാനത്തു പ്രതിഷ്ഠിക്കുന്നതിൻെറ മറെറാരുദാഹരണമാണിത്. കൂലിവേലയെക്കുറിച്ച് സിമാൻസ്കി പറയുന്നു: ''തൊഴിലിനു വേണ്ട വേതനമുണ്ട്, അതു് വളരെ നന്നായിരിക്കുന്നു. അതു നമുക്കു തുടരാം.'' അതിനകത്തുള്ള വൈരുദ്ധ്യത്തെ അദ്ദേഹം കാണുന്നില്ല. അതു് അതിൻെറ നേരെ എതിർ ദിശയിലേക്കു് മാററപ്പെടാവുന്നതാണെന്നും അതിനെ മറികടക്കേണ്ടതാണെന്നും അദ്ദേഹം കാണുന്നില്ല. കൂലിവേലയോടുള്ള ഈ സമീപനരീതിയും സാർവ്വദേശീയ വ്യാപാരബന്ധങ്ങളോടുള്ള-സോഷ്യലിസ്റ്റ്‌രാജ്യങ്ങളും മററുരാജ്യങ്ങളും സ്വാതന്ത്ര്യവ്യാപാരത്തിലേർപ്പെടണമെന്നുള്ള- വീക്ഷണവും തമ്മിൽ വളരെ പ്രധാനപ്പെട്ട ബന്ധമുണ്ടെന്ന് ഞാൻ കരുതുന്നു.

രാഷ്ട്രങ്ങൾ മർദ്ദകർ എന്നും മർദ്ദിതർ എന്നും വിഭജിക്കപ്പെട്ടിരിക്കുന്ന ഒരു സാമ്രാജ്യത്വയുഗത്തിലാണ് നാം ജീവിക്കുന്നത്. നിലവിലുള്ള ലോകവ്യാപാരത്തിൻെറ ഘടന ആ വിഭജനത്തെ കൂടുതൽശക്തമാക്കുന്നു. എങ്കിലും സ്വയം പര്യാപ്തതയെക്കുറിച്ച് വലിയ കാര്യങ്ങൾ പറയുമ്പോൾതന്നെ അന്തർദ്ദേശീയ വാണിജ്യം വളരെ നല്ല കാര്യമായാണ് നാമെല്ലാവരും കേൾക്കുന്നത്. ഒരു സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയുടെ വഴികാട്ടിയായി സ്വയം പര്യാപ്തതയെ സ്ഥാപിക്കുന്ന ഏതെങ്കിലും സോഷ്യലിസ്റ്റ്‌പ്രമാണത്തെക്കുറിച്ച് എനിക്കറിയില്ല. മാവോ തീർച്ചയായും സ്വാശ്രയത്വത്തെക്കുറിച്ച് സംസാരിച്ചിരുന്നു. ഒരു സമ്പദ്‌വ്യവസ്ഥയെ വികസിപ്പിക്കാനും സമൂഹത്തെ മുമ്പോട്ടു നയിക്കാനും ബഹുജനങ്ങളുടെ പ്രയത്നത്തെ ആശ്രയിക്കുക എന്നാണ് അതുകൊണ്ടർത്ഥമാക്കിയത്. എന്നാൽ അതു് സ്വയംപര്യാപ്തതയുടെ തത്വമായിരുന്നില്ല. അതുകൊണ്ടുതന്നെ ഇതിനെ രണ്ടിനേയും കൂട്ടിക്കുഴയ്ക്കാൻ പാടില്ല. ഇതിനിടെ

സാർവ്വദേശീയ വാണിജ്യത്തിൻെറ ഭാഷയിൽ പറഞ്ഞാൽ, സാർവ്വദേശീയബന്ധങ്ങളുടെ മണ്ഡലത്തിലെ ബൂർഷ്വാഅവകാശങ്ങളെ യഥാൎത്ഥത്തിൽ മറികടക്കാൻ, സാമ്രാജ്യത്വത്തിൻെറ കാൽച്ചുവട്ടിൽ അമർന്നുകഴിയുന്ന മർദ്ദിതരാഷ്ട്രങ്ങളുണ്ടെന്ന വസ്തുതയുമായി ഒത്തുപോകാൻവേണ്ടി വിലയുടെ അടിസ്ഥാനത്തിലുള്ള ബന്ധങ്ങളും മൂല്യപരമായ കൈമാററങ്ങളും പരിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. ഈ രാഷ്ട്രങ്ങളും സാമ്രാജ്യത്വവുമായുള്ള ബന്ധം *അസമ*മായിരിക്കുകയും സാർവ്വദേശീയ അദ്ധ്വാനവിഭജനത്തിൽ ഒരു താഴ്ന്ന സ്ഥാനത്തു മാത്രമായിരിക്കുകയും ചെയ്യുന്നതുകൊണ്ട് ''സ്വാതന്ത്ര്യവ്യാപാരം'' നടക്കുമ്പോൾ അവ യഥാർത്ഥത്തിൽ പുറംതള്ളപ്പെട്ടുപോകുന്നു. ബൂർഷ്വാ അവകാശത്തെ ഇത്തരത്തിൽ ഉന്നതസ്ഥാനത്തു പ്രതിഷ്ഠിക്കുന്നതിനെക്കുറിച്ച് പറയാനുള്ള മറെറാരു കാര്യമാണിത്.

സാർവ്വദേശീയ ബന്ധങ്ങളെക്കുറിച്ച് പൊതുവിൽ പറയുമ്പോൾ ഒരു സാമ്രാജ്യത്വശക്തിയെന്ന നിലയിൽ സോവിയററ് യൂണിയൻെറ ലോകത്തിൽ മൊത്തത്തിലുള്ള സ്ഥാനത്തെക്കുറിച്ച് നാം മനസ്സിലാക്കിയിരിക്കണമെന്നാണ് ആദ്യമായി ഞാൻ ഊന്നിപ്പറയാൻ ആഗ്രഹിക്കുന്നത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ലോകത്തിൻെറ വമ്പിച്ചൊരു ഭാഗം അതിൻെറ കയ്യിലില്ലാത്ത സാഹചര്യത്തിൽ അതിന് സൈനികകൗശലങ്ങൾ ഉപയോഗിക്കേണ്ടിവരുന്നു. അതിൻെറ കാപട്യത്തിൻെറ ഭാഷയിൽ ഇളവുകൾ ചെയ്യേണ്ടിവരുന്ന ഇടപാടുകളുടെ സാഹചര്യത്തിൽപോലും അക്കാര്യത്തിന് യഥാർത്ഥസൂചനകളുണ്ട്. പക്ഷേ സുപ്രധാനകാര്യം അവർക്ക് വലുതും ദീർഘകാലത്തേക്കുള്ളതുമായ ഒരു വീക്ഷണമുണ്ടെന്നതാണ്. ഒരു നിക്ഷേപത്തിൽനിന്ന് ഉടനടി ലഭിക്കാനിടയുള്ള നേട്ടങ്ങളെയല്ല മറിച്ച് ഒരു ദീർഘകാലവീക്ഷണത്തെ അടിസ്ഥാനപ്പെടുത്തിയാണ് സോവിയററ് സോഷ്യൽ സാമ്രാജ്യവാദികൾ പ്രവർത്തിക്കുന്നത്. അതാണ് വസ്തുത.

മൂലധന കയററുമതിയെക്കുറിച്ച് സിമാൻസ്കി പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ചാണ് ഇനി പറയാനുള്ളത്, മൂലധനകയററുമതിയെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ അടിസ്ഥാനപരമായ നിർവ്വചനം യാഥാർത്ഥ്യത്തിനു വിരുദ്ധമാണെന്നതാണ് രസകരം. മൂലധനകയററുമതിയെന്നാൽ വിദേശത്ത് നേരിട്ടുള്ള നിക്ഷേപമെന്നാണ്, അതായത് ബഹുരാഷ്ട്രകുത്തകയെന്നാണ് അദ്ദേഹം മനസ്സിലാക്കുന്നത്. സ്വാതന്ത്ര്യവും, ചുരുട്ട ചവക്കുന്ന ഫാക്ടറി ഉടമകളുള്ളതും, ഫൈനാൻസ്മൂലധനത്തിൻെറ അത്യധികം സങ്കീർണ്ണവും നൂലാമാല പിടിച്ചതുമായ ബന്ധങ്ങളെ കൈകാര്യം ചെയ്യാനാവാത്തതുമായ 19—ാം നൂററാണ്ടിലെ മുതലാളിത്തത്തോട് അടിസ്ഥാനപരമായി സാദൃശ്യം പുലർത്തുന്ന ഒരു മുതലാളിത്തത്തെക്കുറിച്ചാണ് തിരുത്തൽവാദികൾ പറയുന്നത്. ഇങ്ങനെ പറഞ്ഞുകൊണ്ട് സോവിയററുയൂണിയനിലെ സാഹച

ര്യത്തെ മെച്ചപ്പെട്ടത്താക്കാണിക്കാനാണ് അവർ ആഗ്രഹിക്കു ന്നതു്. അതനുസരിച്ച് സാർവ്വദേശീയബന്ധങ്ങളിലേക്കു വരു മ്പോരം നാം ഫ്രഞ്ച് *കൊളോണോ* അമേരിക്കൻ ശൈലിയി ലുള്ള ബഹുരാഷ്ട്രകുത്തകകളേയോ കാണേണ്ടിയിരിക്കുന്നു. വാസ്ത വത്തിൽ മൂലധനകയററുമതി ആ രൂപം തന്നെ കൈവരിക്കണ മെന്നില്ല. ഉദാഹരണത്തിന് സാമ്രാജ്യത്വത്തിൻെറ ചരിത്ര ത്തിൽ വായ്പാമൂലധനവും സർക്കാർതലത്തിലുള്ള നിക്ഷേപങ്ങ ളും വളരെ പ്രധാനമായിരുന്നു, (നൂററാണ്ടിൻെറ തുടക്കത്തിൽ)

ബഹുരാഷ്ട്ര കമ്പനിയായ ഒരു യുണൈററഡ് ഫ്രൂട്ട് കമ്പനി യേയോ, (United Fruit Company) ഒരു അനകോണ്ടയേയോ [Anaconda) തിരിച്ചറിയുക വളരെ എളുപ്പമാണ്. എന്നാൽ പ്രകടമായി ദേശസാല്ക്കരിക്കപ്പെട്ടതും അതേസമയം അന്തർദേശീ യ വായ്പാ ഏജൻസികളുമായി ബന്ധമുള്ളതുമായ മെക്സിക്കോ യിലെ ഒരു വ്യവസായത്തെ മനസ്സിലാക്കുക എന്നതു് കൂടുതൽ സങ്കീർണ്ണമാണ്. വാസ്തവത്തിൽ സാമ്രാജ്യത്വശക്തികരം രാജ്യ ങ്ങളെ വിപണന സംവിധാനങ്ങളുടെമേലുള്ള നിയന്ത്രണങ്ങരം, വായ്പാവിതരണങ്ങരം തുടങ്ങിയ പരോക്ഷമാർഗങ്ങളിലൂടെ നി യന്ത്രിക്കുന്നു. മൂലധനകയററുമതിയെ ഉല്പാദനക്ഷമവും നേരിട്ടു ള്ളതുമായ നിക്ഷേപം മാത്രമായികാണുന്നതു് തെററിദ്ധാരണാജ നകമാണ്. ഇക്കാര്യത്തെ കുറെക്കൂടി വ്യക്തമാക്കുന്ന ചില കണ ക്കുകരം പരിശോധിക്കാം. 1960 ൽ തെക്കൻ കൊറിയയിലെ വിദേശമൂലധന നിക്ഷേപത്തിൻെറ 82 ശതമാനവും നേരിട്ടുള്ള നിക്ഷേപമായിരുന്നു. 18 ശതമാനം വായ്പാമൂലധനത്തിൻെറ രൂ പത്തിലായിരുന്നു. 1975 ൽ ഈ കണക്കുകരം നേർവിപരീതമാ യി. തെക്കൻകൊറിയയിലെ പാശ്ചാത്യനിക്ഷേപങ്ങളിൽ 82 ശതമാനവും വായ്പകളിലൂടെയുള്ള നിക്ഷേപമായി. 18 ശതമാന മാണ് ബഹുരാഷ്ട്ര കുത്തകസ്ഥാപനങ്ങളുടെ ശാഖകരംപോലുള്ള നേരിട്ടുള്ള നിക്ഷേപം. അതുകൊണ്ടു് മൂലധനകയററുമതിയെ നാം കുറെക്കൂടി ശ്രദ്ധാപൂർവ്വം പരിശോധിക്കണം. മൂല്യത്തെ ഉല്പാദിപ്പിക്കാനുള്ള മൂല്യത്തിൻെറ കയററുമതിയാണതു്. അതി ന് ഏതുതരം സംവിധാനത്തിലൂടെയും തുടരാനാവും. ഞാൻ പറ ഞ്ഞതുപോലെ സോവിയററ്യൂണിയൻെറ രീതിയും ഇതിൽ പെടുന്നു.

സോവിയററ് സഹായം പാശ്ചാത്യ ശക്തികളുടെ സഹാ യത്തിൽനിന്നു ഗുണപരമായി വ്യത്യസ്തമാണെങ്കിൽ എന്താണ് യഥാർത്ഥത്തിൽ സംഭവിക്കുന്നതെന്നു് നമുക്കു പരിശോധിക്കാം. ശരി സോവിയററ് സഹായം സാധനങ്ങളുടെ കൈമാററത്തി ലൂടെ കൊടുത്തുതീർക്കാൻ കഴിയും. മററുവാക്കുകളിൽ പറ ഞ്ഞാൽ ഒരു ഫാക്ടറി നിർമ്മിക്കാൻ സോവിയററ് യൂണിയൻ പണം കടം തന്നു സഹായിക്കും. അപ്പോരം അതിൽനിന്നുണ്ടാ കുന്ന ഉല്പന്നത്തിലൊരുഭാഗം സോവിയററ് യൂണിയനിലേയ്ക്കു ചെല്ലും. എന്നാൽ അത്തരം ബന്ധത്തിൻെറ ഫലമെന്താണ്?

അതു് ഈ രാജ്യത്തെ സോവിയററ് യൂണിയനുമായി ഒരു ദീർഘകാലാടിസ്ഥാനത്തിൽ ബന്ധിപ്പിക്കുന്നു. ഇതു് ഒരു വിദേശ ശക്തി അനുവദിച്ച ഇളവിൻെറ നിർവഹണ തുല്യാങ്കം (functional equivalent) മാണു്. ആ ഉല്പന്നത്തിൻെറ ഒരു പ്രത്യേക അളവ് സോവിയററ് യൂണിയനുവേണ്ടി മാററിവച്ചിരിക്കുന്നു. അപ്പോഠം കടം പണമായി കൊടുത്തുവീട്ടുന്നതും സാധനങ്ങളായി കൊടുത്തുവീട്ടുന്നതും തമ്മിൽ എന്താണു വ്യത്യാസം? അടിസ്ഥാനപരമായി യാതൊരു വ്യത്യാസവുമില്ല. രണ്ടു സന്ദർഭങ്ങളിലും ''മൂന്നാം ലോക'' രാജ്യങ്ങളിൽ മൂല്യം ഉല്പാദിപ്പിക്കപ്പെടുകയും സാമ്രാജ്യത്വരാജ്യമായ സോവിയററ് യൂണിയനിലേയ്ക്കു് അതു് കയററിഅയയ്ക്കുകയും ചെയ്യുന്നു. അതു് മറെറാരു രൂപത്തിലാണെന്നുമാത്രം. പക്ഷേ അതും ഊററിയെടുക്കപ്പെടുന്ന മൂല്യംതന്നെയാണു്. ഒരു ചരക്കിൻെറ രൂപത്തിലുള്ള മൂല്യമാണെന്നു മാത്രം.

കടം വായ്പകളും സാധനങ്ങളുടെ വിലനിർണയനവുംവഴി സോവിയററ് യൂണിയൻ എങ്ങനെയാണു് അമിതലാഭമുണ്ടാക്കുന്നതെന്നു് ഞാൻ വളരെ ചുരുക്കി പറഞ്ഞിരുന്നു. അതായതു് അസംസ്കൃതസാധനങ്ങഠം കുറഞ്ഞവിലക്കു വാങ്ങുകയും വ്യവസായ ഉപകരണങ്ങഠം വൻവിലയ്ക്കു വില്ക്കുകയും ചെയ്തുകൊണ്ടു് അവർ വൻലാഭമുണ്ടാക്കുന്നു. അത്യധികം പ്രകടമെന്നു കരുതുന്ന ഇറാക്കിൻെറ ഉദാഹരണം ഞാനിവിടെ പറയാം. ഇറാക്കിൻെറ എണ്ണഖനനത്തിനും ശുദ്ധീകരണത്തിനുമുള്ള കഴിവുകഠം വികസിപ്പിക്കാൻ സോവിയററു യൂണിയൻ വിവിധതരം സഹായങ്ങളും കടം വായ്പകളും നൽകി. സോവിയററ് യൂണിയനിലേക്കുള്ള ഇറാക്കിൻെറ കയററുമതിയിൽ 90 ശതമാനവും എണ്ണയാണു്. ഈ എണ്ണയിൽനിന്നാകട്ടെ *ഒരൊററ തുള്ളിപോലും* സോവിയററ് യൂണിയനിൽ ഉപയോഗിക്കുന്നില്ല. സോവിയററ്യൂണിയനിൽ എണ്ണ ആവശ്യത്തിലധികം ഉല്പാദിപ്പിക്കുന്നുണ്ടെന്നും അതുകൊണ്ടു് അവർ എണ്ണ ലോകത്തിൻെറ മററുഭാഗങ്ങളിലേയ്ക്കു് കയററുമതി ചെയ്യുന്നുവെന്നും നേരത്തെ സിമാൻസ്കി പറഞ്ഞു. ഇവിടെയാകട്ടെ വായ്പകളും സഹായങ്ങളുംവഴി അവർ ഇറാക്കുമായി ബന്ധം സ്ഥാപിക്കുന്നു- അതും എണ്ണക്കുവേണ്ടി. ഇതു വളരെ രസകരമാണു്. ഏതാണ്ടു് ഒരുതരം തമാശകളിപോലെ. സോവിയററ് യൂണിയൻ ആ എണ്ണകൊണ്ടു് എന്താണു ചെയ്യുന്നതു്? സോവിയററ് യൂണിയനിൽ അതു് ഉപയോഗപ്പെടുത്തുകയാണോ അവർ ചെയ്യുന്നതു്? അല്ല. തീർച്ചയായുമല്ല. അവർ ആ എണ്ണ മറിച്ചുവില്ക്കുന്നു. മുഖ്യമായും പശ്ചിമയൂറോപ്യൻ വിപണിയിൽ. എന്തുകൊണ്ടാണു് ഒരു സോഷ്യലിസ്റ്റ് സമൂഹം ഇങ്ങനെ ചെയ്യുന്നതെന്നു് ചോദിച്ചേക്കാം. ഇവിടെ എന്താണു് ഉള്ളടങ്ങിയിരിക്കുന്നതു്? 1973 ലെ അറബ്- ഇസ്രയേൽ യുദ്ധകാലത്തു് സോവിയററ് യൂണിയൻ ഇറാക്കിനു നൽകിയ ആയുധങ്ങളുടെ വിലയിൽ ഒരുഭാഗം എന്നനിലയ്ക്കു് 1973-

74 കാലത്തു് ഇറാക്കു് സോവിയററ് യൂണിയനു് എണ്ണ നൽകിയിരുന്നു. സോവിയററ് യൂണിയനാകട്ടെ വാസ്തവത്തിൽ അതിൻെറ മൂന്നിരട്ടി വിലക്കാണു് ആ എണ്ണ പാശ്ചാത്യവിപണിയിൽ വ ററഴിച്ചതു്.

ഇത്തരം ബന്ധങ്ങളെ മനസ്സിലാക്കേണ്ടതും തിരുത്തൽവാദികരം അധികാരം പിടിച്ചെടുത്തപ്പോരം സംഭവിച്ച മാററങ്ങളുമായി അവ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നു പഠിക്കേണ്ടതും വളരെ പ്രധാനമാണു്. ലോകത്തിൻെറ മററുഭാഗങ്ങളുമായുള്ള സോവിയററ് യൂണിയൻെറ ബന്ധത്തെ സംബന്ധിച്ച പറയുമ്പോരം, 1950കളുടെ മദ്ധ്യത്തിൽ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങരംക്കു് ആദായകരമായ വിലനിർണയനത്തിലൂടെ ക്രൂഷ്ചേവ് ആ രാജ്യങ്ങളുമായുള്ള ബന്ധങ്ങരം സമീകരിച്ചപ്പോരംതന്നെ ''മൂന്നാംലോക''ത്തിലേക്കു് വൻതോതിൽ കടന്നുകയറുകയും ചെയ്തു എന്നതു് വളരെ പ്രധാനമാണു്. ''മൂന്നാംലോക''ത്തിലേക്കു് നീണ്ടുകിടന്നിരുന്ന ചില മുതലാളിത്തപരവും സാമ്രാജ്യത്വപരവുമായ പരസ്പരബന്ധങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു് ഒരു ശൃംഖല കെട്ടിപ്പടുക്കാനായിരുന്നു അവർ വാസ്തവത്തിൽ തുടക്കം കുറിച്ചതു്. വിവിധ രാജ്യങ്ങളിൽ നിക്ഷേപങ്ങരം നടത്തുന്നതിനാവശ്യമായ ആന്തരികഘടനയുടെ വികസനം, സോവിയററ് സമ്പദ്‌വ്യവസ്ഥയുടെ വിവിധതരത്തിലുള്ള പുനഃസംഘടിപ്പിക്കൽ, തുടങ്ങിയ വിവിധ ഘട്ടങ്ങളിലൂടെ ആ പ്രക്രിയ മുന്നോട്ടുപോയി. അതേസമയംതന്നെ അമേരിക്കൻ സാമ്രാജ്യത്വത്തെ വിവിധമാർഗങ്ങളിലൂടെ വെല്ലുവിളിക്കാനും അവർ ആരംഭിച്ചുകഴിഞ്ഞിരുന്നു.

ക്രൂഷ്ചേവിൻെറ ഭരണകാലത്തു്, അതു് മുഖ്യമായും അമേരിക്കൻ സാമ്രാജ്യത്വവുമായുള്ള സഹകരണത്തിൻേറയും വഞ്ചനാപരമായ ഗൂഢാലോചനയുടേയും രൂപം കൈവരിച്ചു. അമേരിക്കയെ പൂർണമായി വെല്ലുവിളിക്കാൻ വേണ്ട സൈനികവും സാമ്പത്തികവുമായ കരുതൽശക്തി സംഭരിച്ചു കഴിഞ്ഞിട്ടില്ലാത്ത ആ സമയത്തു് അവരുമായി ഒരു സംഘട്ടനത്തിനുള്ള പ്രകോപനം സൃഷ്ടിക്കുന്നതു് അപകടകരമാവുമെന്നു് അവർ ഭയപ്പെട്ടിരുന്നു. എന്നാൽ രണ്ടുകാര്യങ്ങരം ഒരേസമയം തന്നെ സംഭവിച്ചു. കിഴക്കൻ യൂറോപ്പുമായുള്ള ബന്ധങ്ങരം മാററത്തിനു വിധേയമാവുകയായിരുന്നു. ശാഖോപശാഖകളോടു കൂടിയ ഒരു സാമ്രാജ്യത്വശൃംഖലയുടെ വിപുലീകരണത്തിൻെറ ഭാഗമായിരുന്നു അതു്. (പാശ്ചാത്യരാജ്യങ്ങളുമായുള്ള വ്യാപാരബന്ധത്തിലുണ്ടായ വർദ്ധനവും ഇതിൻെറ ഭാഗമായിരുന്നു.) ''മൂന്നാംലോക''ത്തിലേക്കുള്ള കടന്നുകയററവും ഇതേസമയത്തു തന്നെയായിരുന്നു. ഇതു സംഭവിച്ചുകൊണ്ടിരുന്ന അതേ കാലത്തുതന്നെ, 1960ൽ ഐക്യരാഷ്ട്രസഭയിൽ ക്രൂഷ്ചേവ് ചെയ്ത പ്രസംഗവും ശ്രദ്ധാർഹമായിരുന്നു. കൊളോണിയലിസത്തിൻെറ യുഗം അവസാനിച്ചുവെന്നും ഇനി സോവിയററ് യൂണിയൻ ''മൂന്നാം ലോക''രാജ്യ

ങ്ങളെ സഹായിക്കാനായി അവയിലേക്ക് പ്രവേശിക്കുകയാണെന്നും ആ പ്രസംഗത്തിൽ ക്രൂഷ്ചേവ് പറഞ്ഞു. മററു രാജ്യങ്ങളുമായുള്ള സാമ്പത്തികബന്ധങ്ങളിൽ വേണ്ടത്ര ''വിശാല''വും വേണ്ടത്ര ''സാർവദേശീയ''വുമായ ഒരു വീക്ഷണമില്ലാത്തതിനാണ് തിരുത്തൽവാദികൾ സ്റ്റാലിനെ വാസ്തവത്തിൽ ആക്രമിച്ചതെന്നുള്ളത് അർത്ഥഗർഭമാണ്. അതുകൊണ്ട് ഇന്നു സംഭവിക്കുന്ന അതിപ്രധാനമായ മാററങ്ങൾ സോവിയററ് യൂണിയനും മററു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിൽ സംഭവിച്ച ഗുണപരമായ മാററങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്.

## ഉപസംഹാരം

**റെയ്മണ്ട് ലോട്ട**

ഉന്നയിക്കപ്പെട്ട ചോദ്യങ്ങളിൽ ചിലതിനു് ചുരുക്കത്തിൽ മറുപടി പറയാനും അവശേഷിക്കുന്ന സമയം കൊണ്ടു് വിഷയത്തെ ഉപസംഹരിച്ചുകൊണ്ടുള്ള ചില അഭിപ്രായങ്ങൾ പറയാനും ഞാൻ ശ്രമിക്കാം. ഒന്നാമതായി സാമൂഹ്യമിച്ചവും മിച്ചമൂല്യവും തമ്മിലുള്ള വ്യത്യാസമെന്താണെന്നു് ആരോ ചോദിച്ചിരുന്നു. വളരെ സങ്കീർണ്ണമായ ഈ പ്രശ്നം കൂടുതൽ സമയമെടുത്തു് ആഴത്തിൽ പരിശോധിക്കേണ്ടതാണു്. ഒരു സമൂഹത്തിന്റെ മിച്ചോല്പന്നം ഒരു പ്രത്യേകപ്രക്രിയയുടെ മൂർത്തീകരണമാണെങ്കിൽ അതാണു് മിച്ചമൂല്യത്തിന്റെ യാഥാർത്ഥ്യവൽക്കരണം. ആ പ്രക്രിയ മൂല്യത്തിന്റെ അതിൽതന്നെ അവസാനിക്കുന്ന വികാസമാണു്. ഈ പ്രശ്നത്തോടുള്ള സമീപനരീതി ഇതാണെന്നു് ഞാൻ കരുതുന്നു. മൂലധനചംക്രമണത്തിന്റെ (Circuit of Capital) ആരംഭബിന്ദുവിലും അവസാനബിന്ദുവിലും അതിനു് യഥാർത്ഥത്തിലുള്ള അനന്തരഫലങ്ങളുണ്ടു്. ഉല്പാദനോപാധികളും അദ്ധ്വാനവും പരസ്പരം ഒന്നുചേരുന്നതു് മൂലധനത്തിന്റെ സ്വാത്മവികാസത്തെ സേവിക്കുമ്പോൾ മാത്രമാണു്. മററു

വാക്കുകളിൽ പറഞ്ഞാൽ മൂലധനവികാസപ്രക്രിയയുടെ ഘടകങ്ങളായിത്തീരാൻ ഉൽപാദനപ്രക്രിയയുടെ ഘടകങ്ങളെല്ലാം ആദ്യമായി മൂലധനമായി മാററപ്പെടണം. മൂലധനങ്ങൾ തമ്മിൽ തമ്മിലും മൂലധനവും അദ്ധ്വാനവും തമ്മിലുമുള്ള കൈമാററങ്ങളിലൂടെയാണ് അതു് പരസ്പരമിണക്കുന്നതു്. മിച്ചോൽപന്നം സമൂഹത്തിൽ തുടർന്നുകൊണ്ടിരിക്കുന്ന ഒരു വസ്തുനിഷ്ഠപ്രക്രിയയായി രൂപമെടുക്കുന്നു. സോവിയററ് യൂണിയനിലെ മിച്ചോൽപന്നം ദേശീയ അററാദായമെന്ന നിലയിൽ സാമ്പത്തികമായി പ്രകാശിപ്പിക്കപ്പെടുന്നു. എന്നാൽ യഥാർത്ഥത്തിൽ പ്രകാശിപ്പിക്കപ്പെടുന്നതു് മിച്ചമൂല്യമാണ്. സമൂഹത്തിൻെറ മൊത്തം ബലതന്ത്രം നിക്ഷേപതീരുമാനങ്ങളും ഉൽപ്പാദനോപാധികളും അദ്ധ്വാനശക്തിയും തമ്മിലുള്ള കൂടിച്ചേരലുമാണ്. അവയെ നിർണ്ണയിക്കുന്നതു് മൂല്യത്തിൻെറ നിയമ (Law of value)മാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇതു് ഉപയോഗമൂല്യത്തിൻെറ ആസൂത്രിതസൃഷ്ടിയോ ലോകമെമ്പാടും ഉൽപാദനപ്രക്രിയയിൽ ആധിപത്യം ചെലുത്തുന്ന തൊഴിലാളിവർഗവിപ്ലവത്തിൻെറ ലക്ഷ്യങ്ങളെ സേവിക്കാനുള്ള തൊഴിലിൻെറ ബോധപൂർവ്വമായ വിഭജനമോ അല്ല. രണ്ടു ബലതന്ത്രങ്ങളും ഒരേ ഭൗതികവസ്തുവിൽ തന്നെയാണ് ഫലങ്ങളുണ്ടാക്കുന്നതെങ്കിലും അതിൽനിന്നു് തികച്ചും വ്യത്യസ്തമായ മററെന്തോ ആണതു്.

മനസ്സിലാക്കേണ്ട സുപ്രധാനപ്രശ്നം ഇതാണ്. എല്ലാ സമൂഹങ്ങളിലും മിച്ചത്തിൻെറ ഉല്പാദനത്തെ ക്രമീകരിക്കാൻ ചില സംവിധാനങ്ങൾ ആവശ്യമാണ്. എന്നാൽ ഒരു സോഷ്യലിസ്റ്റ് സമൂഹത്തിൽ, സ്വയം തന്നിൽതന്നെ ഒടുങ്ങുന്ന ഒരു മിച്ചത്തിൻെറ വെറും ഉല്പാദനം ഒരു പ്രധാനപ്രശ്നമാവുമ്പോൾ, അതു് ഏററവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിൻെറ പ്രശ്നം ഒരിക്കൽ ഉയർന്നുവന്നാൽ, സാമൂഹ്യാദ്ധ്വാനത്തിൻെറ ബോധപൂർവ്വമായ സംഘടിതത്വവും വിഭജനവും മറെറന്തിനെങ്കിലും വഴിമാറിക്കൊടുക്കുന്നു. മിച്ചമൂല്യത്തിൻെറ മൂർത്തീകരണമായ ഒരു മിച്ചത്തിൻേറയും ഒരു സോഷ്യലിസ്റ്റ് സമൂഹത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന മിച്ചോല്പന്നത്തിൻേറയും ഇടക്കുള്ള അപഗ്രഥനവ്യത്യാസത്തിൻെറ ആരംഭബിന്ദുവാണതെന്നു ഞാൻ കരുതുന്നു. ഈ മിച്ചോൽപാദനം ഒരു വ്യത്യസ്തബലതന്ത്രത്തിൻെറ ഉൽപ്പന്നമാണ്. അതിൽതന്നെ ഒടുങ്ങുന്ന മൂല്യത്തിൻെറ വികാസത്തിനുമേൽ അദ്ധ്വാനപ്രക്രിയക്കുള്ള ആധിപത്യമാണതു്.

ലെനിൻേറയും സ്റ്റാലിൻേറയും നയങ്ങളെ സംബന്ധിച്ച് നിരവധി ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അഞ്ചുമിനിട്ടുകൊണ്ട് ഇവയെല്ലാം പരിശോധിക്കുക എന്നതു് ബുദ്ധിമുട്ടാണ്, ഈ പ്രശ്നങ്ങളെ വിശദമായി പരിശോധിക്കുന്ന സർഗസ്വഭാവമുള്ള ചില രേഖകൾ പഠിക്കുന്നതിനു് ഞാൻ ശക്തമായി ശുപാർശ ചെയ്യുകമാത്രം ചെയ്യുന്നു. അമേരിക്കയിലെ വിപ്ലവ കമ്മ്യൂണിസ്റ്റ് പാർട്ടി (R. C. P.) ചെയർമാൻ ബോബ് അവാ

ക്യൻ എഴുതിയ ''ലോകത്തെ കീഴ്പ്പെടുത്തുകയോ? സാർവ്വദേശീയതൊഴിലാളിവർഗം നിശ്ചയമായും അതു ചെയ്യണം. അതു സംഭവിക്കുകയും ചെയ്യും'' എന്ന രേഖയാണ് ഞാനുദ്ദേശിച്ചത്. (Conquer The World? The International Prolitariet Must and Will) എങ്കിലും ഉന്നയിക്കപ്പെട്ട ചില പ്രത്യേക പ്രശ്നങ്ങളെക്കുറിച്ചു പറയാം. ഒന്നാമതായി ആരോ ഒരാൾ ചോദിച്ചു; ടെയ്ലർ സംവിധാനത്തെ ലെനിൻ പുരോഗമനപരമായി ഉയർത്തിപ്പിടിച്ചതിനോട് ഞാൻ യോജിക്കുന്നോ എന്ന്! അതു് തെറ്റാണെന്ന് ഞാൻ കരുതുന്നുണ്ടോ എന്ന്. അതെ, ഞാൻ അങ്ങനെ കരുതുന്നു. ചാർളി ചാപ്ലിന്റെ 'മോഡേൺ ടൈംസ്' എന്ന സിനിമ ഈ ടെയ്ലർ സംവിധാനത്തെ പ്രതിനിധീകരിക്കുന്നുണ്ട്. അതിൽ ജീവത്തായ അദ്ധ്വാനത്തിനു മുകളിൽ ജഡമായ അദ്ധ്വാനം ആധിപത്യം സ്ഥാപിക്കുന്നു. മനുഷ്യനെ യന്ത്രത്തിനു കീഴ്പെടുത്തുന്നു. വൻതോതിലുള്ള ഉൽപ്പാദനവുമായി ബന്ധപ്പെടുത്തിയാണ് ടെയ്ലർസംവിധാനം രൂപപ്പെട്ടത്. വിലയുടെ ഫലദായകത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് അദ്ധ്വാനപ്രക്രിയ സംഘടിപ്പിക്കപ്പെടുന്നത്. അദ്ധ്വാനപ്രക്രിയെതന്നെ അതിന്റെ ഏററവും ചെറിയ ഘടകമായി വിഭജിക്കപ്പെട്ടിരിക്കുന്നു. അവസാനം ജഡമായ അദ്ധ്വാനം ജീവത്തായ അദ്ധ്വാനത്തിനുമേൽ ആധിപത്യം സ്ഥാപിക്കുന്നു. മുൻപു് യാതൊരു അനുഭവങ്ങളുമില്ലാത്ത ഒരു സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥകെട്ടിപ്പടുക്കുന്ന ഒരവസ്ഥയിലായിരുന്നു ലെനിൻ. ചോദ്യകർത്താവ് ചോദിക്കുന്നു. ''എന്തുകൊണ്ടാണ് നമ്മൾ ലെനിന്റെ അഭിപ്രായത്തോടു വിയോജിക്കുന്നത്?'' അല്ലെങ്കിൽ എങ്ങനെയാണ് നമുക്കു വിയോജിക്കാൻകഴിയുന്നത്? എന്നാൽ ഇന്നേവരേക്കുമുള്ള അനുഭവം കാണിച്ചുതരുന്നത് ടെയ്ലർസംവിധാനമില്ലാതെതന്നെ ഉല്പാദനം സംഘടിപ്പിക്കാനുള്ള മററു മാർഗങ്ങളുമുണ്ടെന്നാണ്. അതുകൊണ്ട് ഇന്നും ഉയർത്തിപ്പിടിക്കാവുന്ന ഒന്നല്ല അതു്. അതു് ബുദ്ധിപരമായ ഒരു പ്രശ്നമല്ല. ചൈനയിലെ സാംസ്കാരികവിപ്ലവത്തിലൂടെ നേടിയ യഥാർത്ഥവും വസ്തുനിഷ്ഠവുമായ അനുഭവവും അതിൽനിന്നു് രൂപപ്പെട്ട ധാരണകളും ഇന്നുണ്ട്. സാംസ്കാരികവിപ്ലവകാലത്ത് കൂടുതൽ വിശാലമായ ഒരു വീക്ഷണത്തിന്റെ ഭാഗമെന്ന നിലയിൽ ഉല്പാദനപ്രക്രിയയെ മുന്നോട്ടു നയിക്കുന്നതിന് മുഖ്യഉപാധിയായി സ്വീകരിക്കപ്പെട്ടത് ബഹുജനങ്ങളുടെ ബോധപൂർവ്വമായ മുൻകൈയായിരുന്നു. തൊഴിലാളിവർഗത്തിന്റെ സാർവ്വദേശീയമോചനത്തിന്റെ നിലപാടിൽ നിന്നുകൊണ്ട് തൊഴിലാളിവർഗവിപ്ലവത്തെ വീക്ഷിക്കുക എന്നതായിരുന്നു അതിന്റെ അടിസ്ഥാനനിലപാട്.

സ്റ്റാലിന്റെ നയങ്ങളെക്കുറിച്ച് നിരവധി ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഇതിലേക്ക് ആഴത്തിൽ കടക്കുക എന്ന

1103

ത്ത് വളരെ ബുദ്ധിമുട്ടാണ്. എന്നാൽ 'ലോകത്തെ കീഴ്പെടുത്തു കയോ...' എന്ന രേഖയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ കൈകാര്യം ചെയ്യപ്പെടേണ്ട ചില യഥാർത്ഥവൈരുദ്ധ്യങ്ങൾ സോവിയററ്യൂണിയനിലുണ്ടായിരുന്നു. ലെനിൻ ഒരേസമയം തന്നെ ഒരു രാജ്യത്ത് സോഷ്യലിസം കെട്ടിപ്പടുക്കേണ്ടതിന്റെ മുഴുവൻ പ്രശ്നത്തേയും, ലോകവിപ്ലവത്തെ ഉത്തേജിപ്പിക്കുന്നതി ന്റെയും പ്രശ്നങ്ങൾ കൈകാര്യം ചെയ്യുകയായിരുന്നു. അപ്പോൾ തന്നെ സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ എങ്ങനെ യഥാർത്ഥ ത്തിൽ കെട്ടിപ്പടുക്കാം എന്ന പ്രശ്നവുമുണ്ടായിരുന്നു. 'ലോകത്തെ കീഴ്പ്പെടുത്തുകയോ...'' എന്നരേഖയിൽ അതെപ്പററി പറഞ്ഞി രിക്കുന്നത് വളരെ പ്രധാനമാണെന്ന് ഞാൻ കരുതുന്നു. സോഷ്യ ലിസം എന്നാൽ വ്യവസായവൽക്കരണപ്രക്രിയയും കൃഷിക്കു മേൽ വ്യവസായത്തിന്റെ ആധിപത്യവും തമ്മിലുള്ള ഒന്നിനൊ ന്ന് എന്ന തരത്തിലുള്ള ഒരു ബന്ധമായി നിർവ്വചിക്കാനുള്ള പ്രവ ണത ലെനിനിൽതന്നെ ഉണ്ടായിരുന്നു എന്നാണ് ആ രേഖ പറ യുന്നത്. യഥാർത്ഥത്തിൽ വിപ്ലവം ശൈശവാവസ്ഥയിൽത ന്നെയായിരുന്നുവെന്ന സൂചനയാണ് അത്തരം കാര്യങ്ങൾ നൽ കുന്നത്. സോഷ്യലിസം എങ്ങനെ കെട്ടിപ്പടുക്കാമെന്നും, സോ ഷ്യലിസ്റ്റ്ഭരണകൂടത്തെ പ്രതിരോധിക്കുന്നതും ലോകവിപ്ലവ ത്തെ വളർത്തുന്നതും തമ്മിലുള്ള ബന്ധത്തെ എങ്ങനെ കൈകാ ര്യം ചെയ്യാമെന്നതും ലെനിന്റെ മരണത്തിനുശേഷം സ്റ്റാലിനും തൊഴിലാളിവർഗവും അഭിമുഖീകരിച്ച വസ്തുനിഷ്ഠവൈരുദ്ധ്യ ങ്ങളായിരുന്നു. ഈ വൈരുദ്ധ്യങ്ങളെ ശരിയായ രീതിയിൽ കൈ കാര്യംചെയ്യാൻ സ്റ്റാലിനു കഴിഞ്ഞില്ലെന്നുതന്നെ പറയേണ്ടിയി രിക്കുന്നു. പ്രത്യേകിച്ചും സോഷ്യലിസത്തെ പ്രതിരോധിക്കുന്ന തും ലോകവിപ്ലവത്തെ മുന്നോട്ട് നയിക്കുന്നതും തമ്മിലുള്ള ബ ന്ധത്തെ കൈകാര്യം ചെയ്യാൻ.

''സോഷ്യലിസത്തെ സംരക്ഷിക്കുക'' എന്ന നിലപാടി ൽനിന്നുകൊണ്ട് എല്ലാ കാര്യങ്ങളേയും സമീപിക്കുക എന്ന ഒരു പ്രവണത സ്റ്റാലിന്റെ ഭാഗത്തുണ്ടായിരുന്നു. സാഹചര്യങ്ങൾ പുരോഗമിച്ചതോടെ അതു കൂടുതൽ വൃത്തികെട്ട പതനത്തിലെ ത്തിച്ചേർന്നു. ഞാൻ നേരത്തെ പറഞ്ഞ രേഖയിൽ ഈ കാര്യം കൂടുതൽ ആഴത്തിൽ പരിശോധിച്ചിട്ടുണ്ട്. സോഷ്യലിസ്റ്റ്ഭര ണകൂടത്തിന്റെ പ്രതിരോധത്തിൽ വസ്തുനിഷ്ഠമായ കടമകൾ ഉൾ പ്പെടുകയും, യഥാർത്ഥമായ ആവശ്യങ്ങൾ അതുമായി ബന്ധപ്പെട്ടി ട്ടുണ്ടെങ്കിൽപോലും സോഷ്യലിസ്റ്റ്ഭരണകൂടത്തിന്റെ സംരക്ഷ ണത്തേക്കാളും പ്രാമുഖ്യം ലഭിക്കേണ്ടത് ലോകവിപ്ലവത്തിന്റെ താല്പര്യങ്ങൾക്കുതന്നെയാണ്. സ്റ്റാലിൻ ഈ വൈരുദ്ധ്യത്തെ ശരിയായി കൈകാര്യം ചെയ്തില്ലെന്നുമാത്രമല്ല, ലെനിനെ സം ബന്ധിച്ച് ഞാൻ നേരത്തെ പറഞ്ഞ രണ്ടുകാര്യങ്ങളെ പെരുപ്പി ച്ചുകാണുകയും ചെയ്തു. അതായത് ''സോഷ്യലിസത്തെ ഒരു കോ ട്ടകെട്ടി സംരക്ഷിക്കുക'' എന്നു മാത്രമല്ല, അതിനേക്കാളേറെ വി

കസിതരാജ്യങ്ങളെ ''എത്തിപ്പിടിക്കുകയും മറികടക്കുകയും'' ചെയ്യുന്നതാണ് സുരക്ഷിതത്വത്തിൻെറ ഉറപ്പ് എന്ന അടിസ്ഥാനത്തിൽ ഉൽപാദനശക്തികളുടെ വികാസമാണ് സോഷ്യലിസം എന്ന ധാരണയിലെത്തുകയും ചെയ്തു.

ഈ ധാരണ കുറെ നയങ്ങറംക്കും പരിപാടികറംക്കും വഴിവെച്ചു. ഉന്നതവിഭാഗങ്ങളെ കോഴകൊടുത്തു വശത്താക്കൽ, തൊഴിലാളികളെ ഉത്തേജിപ്പിക്കാനായി ഭൗതികപ്രചോദനങ്ങളെ ആശ്രയിക്കൽ, വിദ്യാഭ്യാസ സംവിധാനത്തിൽ മാററങ്ങറം വരുത്തൽ; ഇതെല്ലാം സോഷ്യലിസ്റ്റ് ഭരണകൂടത്തെ സംരക്ഷിക്കുന്നതിനു വേണ്ടിയായിരുന്നു. അവർക്കെല്ലാം വളരെ നിഷേധാത്മകമായ അനന്തരഫലങ്ങളുമുണ്ടായി. ബഹുജനങ്ങളെ അണിനിരത്തലും വിപ്ലവരാഷ്ട്രീയവുമെല്ലാം ആ സമീപനത്തിനും ധാരണകറംക്കും കീഴ്പെട്ടുപോയി. രണ്ടാം ലോകയുദ്ധം കഴിഞ്ഞപ്പോറം സോവിയററ് യൂണിയനിലെ തൊഴിലാളിവർഗം ഒരു ക്ഷീണിതമാക്കപ്പെട്ട അവസ്ഥയിലായിരുന്നുവെന്ന് പറയേണ്ടിയിരിക്കുന്നു. ''ലോകത്തെ കീഴ്പെടുത്തുകയോ?...'' എന്ന രേഖയിൽ പറഞ്ഞിരിക്കുന്നതു മാതിരി രണ്ടാം ലോകയുദ്ധത്തിനു ശേഷമുണ്ടായ അടിയന്തിരസാഹചര്യം ഒന്നുകിൽ മുതലാളിത്തത്തിലേക്കോ അല്ലെങ്കിൽ സോഷ്യലിസത്തിലേക്കോ നയിക്കപ്പെടാവുന്ന വിധത്തിൽ അത്രമാത്രം സന്ദിഗ്ദ്ധമായിരുന്നു. യഥാർത്ഥത്തിൽ ആവശ്യമായിരുന്നതു് ഒരു സാംസ്കാരികവിപ്ലവമായിരുന്നു.

സ്റ്റാലിൻ യഥാർത്ഥത്തിൽ സോഷ്യലിസത്തെ സുരക്ഷിതമാക്കാനുള്ള ശ്രമത്തിലായിരുന്നു. പക്ഷേ അതിനുപയോഗിച്ച ഉപാധികളും രീതികളുമാകട്ടെ വമ്പിച്ച ബഹുജനവിഭാഗങ്ങളെ നിരായുധീകരിക്കുന്ന ഫലങ്ങളാണ് വാസ്തവത്തിൽ ഉളവാക്കിയതു്. ഇതായിരുന്നു ആ സാഹചര്യത്തിൻെറ വൈരുദ്ധ്യാത്മകത. പാർട്ടിയുടേയും സർക്കാരിൻേറയും ഉന്നതതലങ്ങളിൽ രൂപമെടുത്ത ബൂർഷ്വാശക്തികറം സുപ്രധാനമായ, സ്ഥാനങ്ങളിലായിരുന്നു. 'സോഷ്യലിസത്തെ സംരക്ഷിക്കുന്ന'തുമായി ബന്ധപ്പെട്ട രാഷ്ട്രീയമായ തളർച്ചയുടേയും അണിചേരായ്മയുടേയുമായ ഒരു കാലഘട്ടവും യുദ്ധവും സൃഷ്ടിച്ച ക്രമരാഹിത്യത്തിൽ നിന്നു് രക്ഷപ്പെട്ടുവന്ന ഈ ഉന്നതവിഭാഗത്തിനു് ഒരു ബൂർഷ്വാ ഉപജാപകസംഘത്തിൻെറ ഭരണത്തെ സുദൃഢീകരിക്കാൻ കഴിഞ്ഞു. ഏതായാലും സോവിയററ് സോഷ്യലിസ്റ്റ് ഭരണകൂടത്തെ പ്രതിരോധിക്കാനും ലോകത്തിനും ലോകവിപ്ലവത്തിനും നേരെ ക്രിയാത്മകമായ വീക്ഷണം പുലർത്താനും ശ്രമിക്കുകയായിരുന്നു സ്റ്റാലിൻ എന്നതു് തർക്കമില്ലാത്ത കാര്യമാണ്. എന്നാൽ ക്രൂഷ്ചേവിൻെറ നേതൃത്വത്തിൽ അധികാരത്തിൽ വന്നവർക്കോ ഇന്നു് അധികാരത്തിലിരിക്കുന്ന തിരുത്തൽവാദികറംക്കോ യാതൊരു നാട്യവുമില്ലായിരുന്നു; അവിടെ ഏതെങ്കിലും പ്രതിജ്ഞാബദ്ധതയോ, സോഷ്യലിസത്തോട്ട് സാദൃശ്യമുള്ള അവ്യക്തമായ

എന്തെങ്കിലും പോലുമോ ഉണ്ടായിരുന്നില്ല. ഇവിടെ ഉള്ളടങ്ങിയിരിക്കുന്നതു് സാമ്രാജ്യത്വമാണു്; സാമ്രാജ്യത്വ ശൃംഖലയുടെ വിപുലനവും വികാസവുമാണു്, ഭൗതികാടിത്തറയിലെ യഥാർത്ഥമായ മാററമാണു്, ഈ രാഷ്ട്രീയ ഉപജാപകസംഘത്തിനും അതിൻെറ രാഷ്ട്രീയപരിപാടിക്കും അനുസൃതമായ വിലയുടെ സൃഷ്ടിപ്രക്രിയയുടെ ആധിപത്യമാണു്. സോഷ്യലിസ്റ്റ് ഉല്പാദന ബന്ധങ്ങളോടുകൂടിയതും, ക്ഷീണിതവും വൈരുദ്ധ്യങ്ങൾ നിറഞ്ഞതുമെങ്കിലും അത്തരമൊരു സമൂഹത്തിൻെറ സവിശേഷസ്വഭാവങ്ങളും ഘടനകളും അവിടെയുണ്ടായിരുന്നു. സ്റ്റാലിൻ എന്താണു ചെയ്യാൻ ശ്രമിച്ചിരുന്നതെന്നതിൻെറ പ്രതിഫലനങ്ങൾ ഇവയിൽ കാണാം. എങ്കിലും ഉപരിഘടനയിലെ ഘടകങ്ങളിൽ പലതും ബൂർഷ്വാശക്തികളുടെ ദൃഢഹസ്തങ്ങളിലായിരുന്നു. എങ്കിലും ആ കാലത്തു് മൊത്തത്തിൽ നേതൃത്വത്തിലുണ്ടായിരുന്നതു് ഒരു തൊഴിലാളിവർഗലൈനാണു്.

''ലോകത്തെ കീഴ്പ്പെടുത്തുകയോ'' എന്ന രേഖ വായിക്കണമെന്നു് ഞാൻ നിങ്ങളോടു് അഭ്യർത്ഥിക്കുന്നു, അതിൽ സ്റ്റാലിനു നേരെ ശക്തമായ ആക്രമണങ്ങളുണ്ടു്. മററു വാക്കുകളിൽ പറഞ്ഞാൽ തിരുത്തൽവാദികൾ അധികാരത്തിൽ വന്നപ്പോൾ നേരത്തെ പറഞ്ഞ ''സോഷ്യലിസത്തെ സംരക്ഷിക്കുക'' ''എത്തിപ്പിടിക്കുകയും മറികടക്കുകയും ചെയ്യുക'' എന്നീ ധാരണകളുടെ അടിസ്ഥാനത്തിൽ രൂപം നൽകപ്പെട്ട നയങ്ങളേയും സംവിധാനങ്ങളേയും ഉപയോഗപ്പെടുത്താൻ അവർക്കു കഴിഞ്ഞു. പക്ഷേ അതു മൊത്തത്തിൽ ഒരു പുതിയ അടിത്തറക്കു മുകളിലായിരുന്നു. മൊത്തത്തിൽ തന്നെ ഒരു പുതിയ ചട്ടക്കൂടിനകത്തായിരുന്നു, ഒരു പുതിയ സാമ്രാജ്യത്വബൂർഷ്വാസിയുടെ താൽപര്യങ്ങളുടെ വികാസവും സംരക്ഷണവുമായിരുന്നു അതു്. ഉൽപാദനപ്രക്രിയ തന്നെ സംഘടിപ്പിക്കാനുള്ള ഉപകരണങ്ങളും അളക്കാനുള്ള മാനദണ്ഡങ്ങളും മാററിമറിക്കപ്പെട്ടു. വിലയുടെ നിയമം എന്നുപറഞ്ഞപ്പോൾ ഞാൻ മനസ്സിലാക്കിയതു് അതാണു്.

സമയം വളരെ പരിമിതമാണെങ്കിൽപോലും സിമാൻസ്കി ഉയർത്തിയ ചില കാര്യങ്ങളെ സംബന്ധിച്ച് ചിലതു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. വിപ്ലവത്തിൻെറ പ്രക്രിയയെ മനസ്സിലാക്കുന്നതിനു് അതു് സഹായകമാവുമെന്നു് ഞാൻ കരുതുന്നു. ഒരു സമൂഹത്തിൽ ആധിപത്യത്തിലിരിക്കുന്ന പ്രവർത്തനലൈനും ഉല്പാദനാടിത്തറയുടെ യഥാർത്ഥസ്വഭാവവും എന്തായിരുന്നാൽ പോലും അതൊരു പ്രശ്നമേയല്ല എന്നാണു് അദ്ദേഹം ധരിച്ചിരിക്കുന്നതെന്നു തോന്നുന്നു. സാമൂഹ്യക്ഷേമത്തിനു വേണ്ടിയുള്ള ഏതെങ്കിലും വ്യവസ്ഥകൾ ഉന്നയിക്കപ്പെടുന്നിടത്തോളം കാലം—തൻെറ സംസാരത്തിനിടയ്ക്കു് ഒരിടത്തു് സോവിയററ് സമൂഹത്തിലെ ഭരിക്കുന്ന സിദ്ധാന്തം സാമൂഹ്യനീതിയാണെന്നും, അതിനു് വിപ്ലവവുമായോ, സമൂഹത്തിലെ വിഭജനങ്ങളെയോ

വ്യത്യാസങ്ങളേയോ മറികടക്കുന്നതുമായോ, ലോകവിപ്ലവത്തെ പ്രചോദിപ്പിക്കുന്നതുമായോ യാതൊരു ബന്ധവുമില്ലെന്ന് അദ്ദേഹം നിർവ്വചിക്കുകയുണ്ടായി—കാര്യങ്ങൾ ശരിയായ പാതയിലാണെന്ന് അദ്ദേഹം കരുതുന്നു. സോഷ്യലിസത്തെ സംബന്ധിച്ച ഈ കാഴ്ചപ്പാട്, ബൂർഷ്വാ ജനാധിപത്യത്തിൻെറ പുരോഗതിയുടെ ഒരു നൈരന്തര്യത്തെ, ജനാധിപത്യത്തിൻേറയും സാമ്പത്തിക നീതിയുടേയും എങ്ങനെയെങ്കിലുമുള്ള ഒരു ചേരുവയെ സോഷ്യലിസമായി കാണുന്ന കാഴ്ചപ്പാടാണ്. അതിൻെറ അടിയിൽ കിടക്കുന്നത് വിലയുടെ വിഭാഗങ്ങളാണെന്നിരുന്നാലും അതിൻെറ വിപണി സോഷ്യലിസമോ മറെറന്തെങ്കിലുമോ ആണെങ്കിൽപോലും അതൊരു പ്രശ്നമായി അവർ കണക്കാക്കുന്നില്ല. ജനാധിപത്യത്തിൻേറയും, തൊഴിലാളികളുടെ പങ്കാളിത്തത്തിൻേറയും, ചില സാമൂഹ്യക്ഷേമവ്യവസ്ഥകളുടേയും ഒരു വിലക്ഷണ മിശ്രിതമുണ്ടെങ്കിൽ നാം ശരിയായ പാതയിലാണ് എന്നാണ് അവർ കരുതുന്നത്,

സിമാൻസ്കിയുടെ സമീപനത്തിലുള്ള സുപ്രധാനമായ പ്രശ്നം സോഷ്യലിസത്തിനെതിരെ മുതലാളിത്തം എന്ന രീതിയിൽ കാര്യം ഒരിക്കലും ഉന്നയിക്കപ്പെടാതിരിക്കുന്നതാണെന്നു തോന്നുന്നു. അപ്പോൾ നമുക്കു കിട്ടുന്നത് ''ശിരച്ഛേദം ചെയ്യപ്പെട്ട ഒരു മുതലാളിത്ത''മാണ്. മററുവാക്കുകളിൽ പറഞ്ഞാൽ വൃത്തികെട്ട മുതലാളിമാർ തലപ്പത്തില്ലാത്ത ഒരുതരം മുതലാളിത്തമാണിത്. റോക്ക്ഫെല്ലർമാരുടെ മാതിരി ദുരമൂത്തവരെ നിങ്ങൾ ചിത്രത്തിൽനിന്ന് അടിച്ചു തെറിപ്പിച്ചിരിക്കുന്നു. പിന്നീട് നിങ്ങൾ ചെയ്യുന്നതെന്താണ്? പ്രവർത്തനക്ഷമതയിൽ ഊന്നൽ കൊടുക്കുന്നു. രാഷ്ട്ര-ഭരണകൂടത്തിൻെറ നിലപാടിൽ നിന്നുകൊണ്ട് ഭൗതിക സമൃദ്ധി വികസിപ്പിക്കാൻ കഴിയാവുന്ന മാർഗങ്ങൾ ഉപയോഗിക്കുന്നു. പിന്നീട് നിങ്ങൾ മററു ചിലതിലേക്കു നീങ്ങുന്നു. സമൂഹം സംഘടിപ്പിക്കപ്പെടുന്നത് എല്ലാതരത്തിലുംപെട്ട ഭൗതിക പ്രചോദനങ്ങളേയും പ്രലോഭനങ്ങളേയും കേന്ദ്രമാക്കിക്കൊണ്ടാണ്. കാരണം എന്തുപറഞ്ഞാലും, സിമാൻസ്കി പറഞ്ഞതുപോലെ ജനങ്ങൾക്ക് ഇറച്ചിവേണം; അത് അവർക്കു കിട്ടുകയും ചെയ്യുന്നു. മററുവാക്കുകളിൽ പറഞ്ഞാൽ ബഹുജനങ്ങൾ ഉപഭോഗത്തിനുമാത്രം കഴിവുള്ളവരാണ്; ഉപഭോഗാവശ്യങ്ങളെ മാററാൻമാത്രം കഴിവുള്ളവരാണ്, അവർ വോട്ടു ചെയ്യുന്നത് വായകൊണ്ടാണ്. അദ്ദേഹം പറഞ്ഞതനുസരിച്ച് അതിന് സോഷ്യലിസത്തിൻെറ മണമാണുള്ളത്. എന്നാൽ അദ്ദേഹം വിവരിക്കുന്നതിൽനിന്ന് എനിക്കു തോന്നുന്നത് അതിൻെറ മണം കൃത്യമായും മുതലാളിത്തത്തിൻെറ മണമാണെന്നാണ്.

അദ്ദേഹത്തിൻെറ വിശകലനത്തിൻെറ മറേറ വശം ''ഘടനാപരമായ ഉറപ്പുകളുടെ'' സംവിധാനമാണ്. മുതലാളിത്ത

ത്തിന് തുളച്ചുകയറാനാവാത്ത ഒരു ഘടനാരൂപം അവിടെയുണ്ട് എന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് ഈ വാദഗതിയും. ഇവിടെ ഊന്നേണ്ടിയിരിക്കുന്ന കാര്യം ഈ രൂപങ്ങളിലേതൊന്നിനേയും ബൂർഷ്വാ സ്ഥാപനങ്ങളാക്കി മാററാൻ കഴിയും എന്നതാണെന്ന് എനിക്കു തോന്നുന്നു. പിന്നെ മറെറാരാശയമുണ്ട്. നിങ്ങൾക്ക് രാഷ്ട്രീയമായി ബുദ്ധിമാനാവാൻ വിപ്ലവപരമായ സിദ്ധാന്തങ്ങളെ ഏററെടുക്കാവുന്ന നേതാക്കളുണ്ടെന്നുള്ള ആശയം (അവർ അങ്ങനെ ബഹുജനങ്ങളുടെ മുകളിൽ പ്രതിഷ്ഠിക്കപ്പെടുന്നു.) ഈ വിപ്ലവസിദ്ധാന്തത്തെ ഏററെടുത്തതുകൊണ്ട് അതു് നടപ്പാക്കുകയല്ലാതെ മററു വഴികൾ അവർക്കില്ല. ബഹുജനങ്ങളെ അവർ ഈ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസം ചെയ്യിക്കുന്നതുകൊണ്ട് തെററായ മാർക്സിസത്തെ ശരിയായ മാർക്സിസത്തിൽ നിന്നും വേർതിരിച്ചറിയാൻ അവർക്കു കഴിയും. ബഹുജനങ്ങൾ സ്വയോത്ഭവപരമായി തന്നെ മാർക്സിസ്റ്റുകളാണെന്നാണ് സങ്കല്പം. അല്ലെങ്കിൽ ഭരണക്കാരായ ഉപജാപകർക്ക് ഏതെങ്കിലും തരത്തിൽ പൊതുജനാഭിപ്രായത്തെ വളർത്തിയെടുക്കേണ്ടതില്ല. ''കമ്മ്യൂണിസ''ത്തെ സംബന്ധിച്ചുള്ള *സ്വന്തം* വീക്ഷണം അവരെ അഭ്യസിപ്പിക്കണമെന്നേയുള്ളു. സിമാൻസ്കിക്കും ലഭിച്ചിട്ടുള്ള വിദ്യാഭ്യാസം അതുതന്നെയാണ്. അതായതു് ജനങ്ങൾ ഇറച്ചി ആഗ്രഹിക്കുന്നുവെങ്കിൽ അവർക്കതു കിട്ടുന്നു എന്ന വിദ്യാഭ്യാസം.

സംഖ്യാപരമായ ഒരു വിശദീകരണമുപയോഗിച്ച് ഒരു നല്ല മാവോയിസ്റ്റ്‌രീതിയിൽ ഈ സമൂഹത്തെ സമാഹരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ''നിന്ദാഗർഭമായ മൂന്നുകാര്യങ്ങൾ'' എന്നാണ് ഞാനതിനെ വിളിക്കുന്നതു്. സോഷ്യലിസത്തെ സംബന്ധിച്ച ഈ വീക്ഷണം ഒന്നാമതായി ''സിനിക്കൽ റിയലിസ''ത്തിൽ, നിന്ദാഗർഭമായ യഥാതഥവാദത്തിൽ അധിഷ്ഠിതമാണ്. ''ബഹുജനങ്ങൾ സ്വർഗ്ഗത്തിൽ പോകാൻ ആഗ്രഹിക്കുന്നില്ല. അവർ ലോകത്തെ മാററിത്തീർക്കാൻ തീർച്ചയായും ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് സാദ്ധ്യമായ കാര്യങ്ങളുമായി നമുക്ക് മുന്നോട്ടു നീങ്ങാം'' അദ്ദേഹം പറയുന്നതനുസരിച്ച് സാമൂഹ്യചെലവിനങ്ങളും മെച്ചപ്പെട്ട പാർപ്പിടസൗകര്യങ്ങളും മററും അടങ്ങിയിട്ടുള്ള ബഡ്ജററ് അതാണ്. ''നമുക്ക് അയാഥാർത്ഥ വാദികളാകാതെയിരിക്കാം''. അപ്പോൾ അതാണ് ''സിനിക്കൽ റിയലിസം''

രണ്ടാമത്തെ കാര്യം ''നിന്ദാഗർഭമായ നിർദ്ദോഷത്വ'' (Cynical naivete) മാണ്. എന്തു്?! നേതാക്കൾ കബളിപ്പിക്കുകയോ? അവരെന്തിനതു ചെയ്യണം? എന്തിനവർ സ്വന്തം കൂട്ടുകാററിൽ പറത്തണം? അതാണു് നിന്ദാർഹമായ നിർദ്ദോഷത്വം'' നേതാക്കൾ തീർച്ചയായും എല്ലാത്തരം ഘടനാപരമായ

ബലപ്രയോഗത്തിനും വിധേയരാണ്. നാം തീർച്ചയായും കാര്യങ്ങളെ തുറന്നുപറയണം. ഘടനാപരമായ അവസാനത്തെ നിർബ്ബന്ധം നാം പോളണ്ടിൽ കണ്ടതുപോലെ സൈനികനിയമമാണ്. അപ്പോറം അത്തരം ഘടനാപരമായ ബലപ്രയോഗത്തെ സംബന്ധിച്ച ഏതു മിഥ്യാധാരണയും പുനഃപരിഗണിക്കണം.

മൂന്നാമത്തെ കാര്യം അതിൻെറ സത്തയിൽ ഒന്നാമത്തേതുമായി ഒത്തുപോകുന്നതാണ്. ''ബഹുജനങ്ങളോടുള്ള നിന്ദാർഹമായ അവഗണന''യാണത്. അതായത് ബഹുജനങ്ങറം മേശപ്പുറത്തെ ഇറച്ചിയാണാവശ്യപ്പെടുന്നത്. ലോകത്തെ പിടിച്ചടക്കാനും പരിണമിപ്പിക്കാനുമുള്ള സമരമല്ല.

ബൂർഷ്വാബന്ധങ്ങളെ അല്പം വ്യത്യാസപ്പെടുത്തുകയും, ഒരു മുതലാളിത്തസമൂഹത്തെ കേന്ദ്ര നിയന്ത്രണത്തിൻകീഴിൽ കൊണ്ടുവരികയും, അനുയോജ്യമായ ആസൂത്രണരീതികറം ഉപയോഗിക്കുകയും ചെയ്യുന്നതല്ലാതെ ഉയർന്ന ഒരു വീക്ഷണംപോലും അവിടെയില്ലെന്ന് ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടെ യഥാർത്ഥത്തിലുള്ളത് അതേ സിദ്ധാന്തവും, അതേ സംസ്കാരവും അതേ രാഷ്ട്രീയസംവിധായവുമാണ്. ബൂർഷ്വാശക്തികളുടെ ഒരു സ്റ്റേററ് കുത്തകക്ക് അനുയോജ്യമായതാണവയെന്നുമാത്രം. സോവിയററ്യൂണിയനിൽ തൊഴിലാളികറക്കുള്ള നേട്ടങ്ങളെ അതൊരു സാമ്രാജ്യത്വ ശക്തിയാണെന്ന വസ്തുതയിൽനിന്ന് വേർപെടുത്തി കാണാനാവില്ലെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ മർദ്ദനവും, വിസ്തൃതവും, വിരസതയുമെല്ലാം ലോകജനതക്കുമേൽ നടത്തുന്ന കൊള്ളയടിക്കുമേലാണ് നിലകൊള്ളുന്നത്.

ഈ പ്രശ്നം എന്തുകൊണ്ടാണ് പ്രാധാന്യമർഹിക്കുന്നതെന്നു പരിശോധിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കട്ടെ. ഒന്നാമതായി സോവിയററ്യൂണിയൻെറ സ്വഭാവത്തെ സംബന്ധിച്ച വ്യക്തത നിർണ്ണായകമാണെന്നു ഞാൻ കരുതുന്നു. സാർവ്വദേശീയ തൊഴിലാളിവർഗത്തിൻെറ അനുഭവങ്ങളിലേറെ സോവിയററ് യൂണിയനിൽ സാന്ദ്രീകൃതമായിരിക്കുന്നു. ഭരണകൂടാധികാരം വിജയകരമായി പിടിച്ചെടുത്ത ആദ്യത്തെ വിപ്ലവം. ഒരു സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ വികസിപ്പിക്കുന്നതിൻെറ ആദ്യാനുഭവങ്ങറം, വിപ്ലവത്തെ വികസിപ്പിക്കുകയും ലോകയുദ്ധത്തെ നേരിടുകയും ചെയ്യുക എന്ന വൈരുദ്ധ്യത്തെ ആദ്യമായി അഭിമുഖീകരിക്കേണ്ടിവന്ന അനുഭവങ്ങറം. തൊഴിലാളിവർഗ വിപ്ലവ പ്രക്രിയ മുതലാളിത്ത പുനസ്ഥാപനംവഴി വഴിതിരിഞ്ഞുപോയതിൻേറയും ആദ്യ സംഭവം ഇതുതന്നെ. ഒരു വിപ്ലവപ്രക്രിയയുടെ ലക്ഷ്യത്തേയും സ്വഭാവത്തേയുംകുറിച്ച് ധാരണയുണ്ടാകേണ്ടത് അത്യാവശ്യമാണെന്ന് ഞാൻ കരുതുന്നു. അതായ

ള് ഒരു വർഗസമൂഹത്തെ യഥാർത്ഥത്തിൽ സംക്രമിപ്പിക്കുന്നതെന്താണെന്ന ധാരണ. അതുകൊണ്ടുതന്നെ ഇതൊരു അക്കാദമിക് പ്രശ്നമാണെന്നും ഞാൻ കരുതുന്നില്ല. ഏതൊന്നിന്റെ നിർവ്വഹണത്തിനുവേണ്ടിയാണോ നാം കിണഞ്ഞുശ്രമിക്കുന്നത് അതുമായി സജീവമായി ബന്ധപ്പെട്ട ഒന്നാണിത്. ലോകതലത്തിൽ വർഗങ്ങളേയും വർഗവ്യത്യാസങ്ങളേയും ഇല്ലായ്മചെയ്യാനുള്ള തൊഴിലാളിവർഗത്തിന്റെ ലക്ഷ്യവുമായി ബന്ധപ്പെട്ടതാണിത്.

രണ്ടാമതായി ലോകത്തിൽ ഇന്നു നാം അഭിമുഖീകരിക്കുന്ന സാഹചര്യവുമായി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോഴം ഈ പ്രശ്നം അങ്ങേയററം പ്രധാനപ്പെട്ടതാണെന്ന് ഞാൻ കരുതുന്നു. രണ്ടു സാമ്രാജ്യത്വചേരികളും പരസ്പരം ഒരേററുമുട്ടലിനു തയ്യാറെടുക്കുന്ന ഒരു സാഹചര്യമാണ് ഇന്നത്തേത്. പ്രാദേശികയുദ്ധങ്ങളും, പുതുതായി വികസിപ്പിച്ചെടുക്കുന്ന ആയുധസംവിധാനങ്ങളും, നിരന്തരമായ സംഘർഷങ്ങളുംവഴി ഇതു പ്രകടമാവുകയും ചെയ്യുന്നു. ഇരുചേരികളും അവരവരുടെ വമ്പിച്ച സാമ്പത്തിക ഉന്നതതലങ്ങൾ സംഘടിപ്പിച്ചതു് നാം പരിഗണിക്കണം. അവർ ഗുരുതരമായ സാമ്പത്തികകുഴപ്പങ്ങളിൽ പെട്ടിരിക്കുന്നു. അങ്ങനെ തങ്ങളുടെ അവസാനത്തെ ഏററുമുട്ടലിനുവേണ്ടി അവർ തങ്ങളുടെ ചേരികളെ തയ്യാറെടുപ്പിച്ചുകൊണ്ടിരിക്കുന്നു. ലോകത്തെ പുനർവിഭജനം ചെയ്യാനാണവരുടെ ശ്രമം.9

എന്നാൽ ഈ രണ്ടു സാമ്രാജ്യശക്തികളേയും ഒരേററുമുട്ടലിലേക്കെത്തിക്കുന്ന ശക്തികൾ ലോകത്തിലെ എല്ലാ വൈരുദ്ധ്യങ്ങളേയും ഉയർത്തിക്കൊണ്ടുവരുന്നു. ലോകമെങ്ങുംതന്നെ വിപ്ലവസമരങ്ങളുടേയും, വിപ്ലവശക്തികളുടെ മുൻകൈയുടേയും ലക്ഷണങ്ങൾ വർദ്ധിച്ചുവരികയാണ്. ലോകസാമ്രാജ്യത്വവ്യവസ്ഥിതിയിലെ വൈരുദ്ധ്യങ്ങൾ ഒരു പതനത്തിലേക്ക് അടുക്കുകയാണ്. സാമ്രാജ്യത്വശക്തികളെ ഒരു യുദ്ധത്തിലേക്കു നയിക്കുന്ന അതേശക്തികൾതന്നെ തൊഴിലാളിവർഗത്തിന് ലോകതലത്തിൽതന്നെ ഒരു നിർണ്ണായകമുന്നേററം നടത്താവുന്ന വിധത്തിൽ അഭൂതപൂർവ്വമായ അവസരങ്ങൾ തുറന്നുകൊടുക്കുകകൂടി ചെയ്യുന്നു, താരതമ്യേന സമാധാനപരവും ശാന്തവുമായ കാലഘട്ടങ്ങളെ അപേക്ഷിച്ച് അത്യധികം നേട്ടങ്ങളുണ്ടാക്കാവുന്ന ഒരു കാലഘട്ടമാണിത്. വിപ്ലവമുന്നേററത്തിന് പരമാവധിസാദ്ധ്യതകളുള്ള ഒരു കാലഘട്ടമാണിത്. ഈ കാലഘട്ടത്തിൽ ലോകതലത്തിൽതന്നെ നമ്മുടെ വർഗത്തിന് പരമാവധി നേട്ടങ്ങളുണ്ടാക്കാനാണ് നാം ആഗ്രഹിക്കുന്നതെങ്കിൽ സോവിയററ് യൂണിയൻേറയും വിപ്ലവപ്രക്രിയയുടേയും സ്വഭാവത്തെ സംബന്ധിച്ചുള്ള ധാരണ അത്യാവശ്യമാണ്.

അവസാനമായി, തൊഴിലാളിവർഗവിപ്ളവത്തെ സംബന്ധിച്ചുള്ള നമ്മുടെ വീക്ഷണം ഏതെങ്കിലും ജഡസമാനമായ അക്കാദമിക്പ്രശ്നമല്ല. സോവിയററ്യൂണിയന്റെ ചരിത്രപരമായ അനുഭവങ്ങളേയും ലോകതലത്തിലെ വികസ്വര സാഹചര്യങ്ങളേയും നാം എങ്ങനെ അപഗ്രഥിക്കുന്നുവെന്നത് നാം നടത്തുന്ന സമരവുമായി സജീവമായി ബന്ധപ്പെട്ടിരിക്കുന്നു. എററവും രൂക്ഷവും, നിർണ്ണായകവും, ബോധപൂർവ്വവുമായ പോരാട്ടത്തിലൂടെ കമ്മ്യൂണിസം നേടിയെടുക്കുന്നതുവഴി മാത്രമേ മനുഷ്യവർഗത്തിന് സ്വന്തംഭാവിയിലേക്ക് മുന്നേറാനാവൂ.

---

9. 1983–ലെ വസന്തകാലത്ത് നടത്താൻ നിശ്ചയിച്ചിരുന്ന കോമിക്കോൺ (Comecon) ഉന്നതതലം അതിനകത്തുള്ള പരസ്പര മത്സരങ്ങൾക്ക് പരിഹാരം കണ്ടെത്താനാവാത്തതുകൊണ്ട് റദ്ദാക്കുകയുണ്ടായി.

## ഉപസംഹാരം

### ആൽബർട്ട് സീമാൻസ്കി

കാപ്പി മണക്കുന്നതിനെക്കുറിച്ച് ഞാൻ പറഞ്ഞ അഭിപ്രായത്തെ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആൻ ലാൻഡേഴ്സിനെ ക്ലാക്ക് കിസ്സിംഗർ ഉദ്ധരിച്ചപ്പോൾ അതിനെ മറുവാക്കുകളിൽ പറയുകയായിരുന്നു ഞാൻ. ഈ കോൺഫറൻസിനുവേണ്ടി ഒരു മുഴുവൻ കൊല്ലത്തെ വമ്പിച്ച സമയവും ഊർജ്ജവും അദ്ദേഹം ചെലവഴിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ ജോലിക്ക് നാം നന്ദിപറയേണ്ടതുണ്ട്.

കുറെ ചോദ്യങ്ങൾക്ക് മറുപടി പറയാൻ ഞാൻ ശ്രമിക്കാം. പക്ഷേ മുഴുവൻ ചോദ്യങ്ങൾക്കും മറുപടി പറയാൻ സമയമില്ല. എഴുപതുകളുടെ ആദ്യത്തിനുമുമ്പ് എന്തുകൊണ്ടാണ് സോവിയററ് യൂണിയൻ വിമോചനപ്രസ്ഥാനങ്ങൾക്ക് വേണ്ടത്ര പിന്തുണ കൊടുക്കാതിരുന്നത് എന്ന് ഒരാൾ ചോദിച്ചു. അവർ ഒരു അണുയുദ്ധത്തെ തെററായി ഭയപ്പെട്ടിരുന്നുവെന്നു തോന്നുന്നു. വിയററ്നാമിൻെറ കാര്യത്തിലുള്ള അവരുടെ നിലപാടിലെ അടിസ്ഥാനപരമായ മാററം ഇതായിരുന്നു. പ്രത്യേകിച്ചും 1975 ലെ സംഭവങ്ങളിൽ. സോവിയററ് യൂണിയനെക്കുറിച്ചുള്ള എൻെറ ചിന്താഗതി മാററുന്നതിൽ അത് വളരെ നിർണായകമായിരുന്നു.

അവരുടെ പൊതുവായ മാററവും ലോകവിപ്ലവപ്രസ്ഥാനങ്ങൾക്ക് 70കളുടെ അവസാന പകുതിയിൽ അവർ നൽകാൻ തുടങ്ങിയക്രിയാത്മകമായ പിന്തുണയുമാണ് അമേരിക്ക അവരെ ഞെരുക്കാനുള്ള യഥാർത്ഥ കാരണം. അവർ അതിൽ നിന്നുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുകയും ചെയ്യുന്നുണ്ട്. 1950 കളിലേയും 60 കളിലേയും സോവിയററ് യൂണിയനെക്കുറിച്ച് നിങ്ങൾക്ക് പറയാവുന്ന ഏററവും മോശമായ കാര്യം അവർ വിപ്ലവത്തിനു നൽകിയിരുന്ന പിന്തുണ അപര്യാപ്തമായിരുന്നുവെന്നാണ്. 1970 കളുടെ ആദ്യത്തിൽ ചൈന ലോകവിപ്ലവത്തെ *ഒററികൊടുത്തു.* അതു് ഗുണപരമായി കൂടുതൽ മോശപ്പെട്ട ഒരു പ്രതിഭാസമായിരുന്നു. അതു് മാവോ സെതുങ്ങ് ജീവിച്ചിരുന്നപ്പോഴായിരുന്നു.

മദ്ധ്യഅമേരിക്കയിൽ വൻശക്തികൾക്കിടയിലുള്ള മത്സരമാണ് നടക്കുന്നതെന്നു പറയുന്നതു് ശുദ്ധമായ വൃത്തികേടാണ്. എൽസാൽവദോറിലോ, ഗ്വാട്ടിമാലായിലോ സോവിയററ് യൂണിയനുണ്ടെന്നു പറയാവുന്ന ഒരേയൊരു, അല്ലെങ്കിൽ ഏററവും നല്ല, അല്ലെങ്കിൽ ഏററവും വലിയ നിക്ഷേപം, തലസ്ഥാനത്തെ സി. പി. ബുക്സ്റ്റോറിനു നൽകിയ രഹസ്യമായ ഇളവാണ്. എൽസാൽവദോറിലും ഗ്വാട്ടിമാലായിലും നടക്കുന്നതു് വർഗസമരമാണ്. ചരിത്രത്തിലെ ഏററവും ദുഷ്ടരായ രണ്ടു ഭരണവർഗങ്ങൾ ഏററവും ദുഷ്ടരായ സാമ്രാജ്യത്വത്തിൻെറ പിന്തുണയോടുകൂടി ആ രാജ്യങ്ങളിലെ ജനങ്ങൾക്കെതിരെ നടത്തുന്ന ആക്രമണങ്ങളാണിവിടെ നടക്കുന്നതു്.

ടാൻസാനിയ-സാംബിയ റെയിൽവേയെക്കുറിച്ച് ചില കാര്യങ്ങൾ. ആർ. സി. പി.യുടെ മറെറാരു പുസ്തകത്തിൽ സോവിയററ് യൂണിയൻ ഇന്ത്യയിൽ നടത്തിയ വികസന പ്രവർത്തനങ്ങളെ സാമ്രാജ്യത്വ ചൂഷണമായി ചിത്രീകരിച്ചിട്ടുണ്ട്. അതേ ന്യായീകരണരീതി സ്വീകരിക്കുകയാണെങ്കിൽ സാംബിയയ്ക്കും സമുദ്രത്തിനുമിടയിൽ ചൈന ഒരു റെയിൽപാത നിർമ്മിച്ചതുവഴി രാജ്യങ്ങളിലെ വാണിജ്യവും വിനിമയവും വികസിച്ചിട്ടുണ്ട്. സാംബിയയോ, ടാൻസാനിയയോ ഒരു സോഷ്യലിസ്ററ് രാജ്യമാണെന്നു വാദിക്കാൻ എനിക്കോ ആർ. സി. പി.ക്കോ കഴിയില്ല. അപ്പോൾ ഒരു റെയിൽവേ നിർമ്മിച്ചുകൊടുക്കുന്നതിനേക്കാൾ നന്നായി എങ്ങനെയാണ് മുതലാളിത്തത്തിൻെറ വളർച്ചയ്ക്ക് സഹായം നൽകാനാവുക? അപ്പോൾ ഒരു റെയിൽവേ നിർമ്മിക്കാൻ സഹായം നൽകിയതുവഴി ചൈന തീർച്ചയായും ഒരു സാമ്രാജ്യത്വരാജ്യമായി മാറി. പക്ഷേ ആ വാദമുഖം അങ്ങേയററം ഹീനമാണ്. ചൈനീസ് വിദേശസഹായം സോവിയററ് സഹായത്തേക്കാൾ അല്പം മെച്ചപ്പെട്ടതായിരുന്നുവെന്നു് ഞാൻ കരുതുന്നു. ചൈനീസ് സാങ്കേതികവിദഗ്ദ്ധന്മാർ അവിടെ പോവുകയും അവിടത്തെ ജനങ്ങളുടെ അതേ നിലവാരത്തിൽ ജീവിക്കുകയും ചെയ്തു. സോവിയററുകാർ അതു ചെയ്തില്ല. എന്നാൽ ജനങ്ങൾ അതേ നി

ലവാരത്തിൽത്തന്നെയാണോ അല്ലയോ ജീവിക്കുന്നതെന്ന് നോക്കി ഒരു രാജ്യത്തെ സാമ്രാജ്യത്വമെന്നോ അല്ലെന്നോ വിലയിരുത്താൻ നിങ്ങൾക്ക് കഴിയില്ല. അതു് കൂടുതൽ നന്നായിരുന്നുവെന്ന് നിങ്ങൾക്ക് പറയാം. പക്ഷേ ഗുണപരമായി അവ രണ്ടും ഒന്നുതന്നെയാണ്. അതിലൊന്നും തന്നെ സോഷ്യൽ സാമ്രാജ്യത്വത്തിനുദാഹരണമല്ല.

ആഫ്രിക്കയുടെ കൊമ്പിനെക്കുറിച്ച് (The Horn of Africa) ആഫ്രിക്കയുടെ ഈ ഭാഗത്ത് സോമാലിലാൻറ്, എറിട്രിയ, എത്യോപിയ, തെക്കൻ യമൻ എന്നിവ ഉൾക്കൊള്ളുന്ന ഒരു ഫെഡറേഷൻ ഉണ്ടാകണമെന്നാണ് സോവിയററ്യൂണിയൻെറ നിലപാട്. എത്യോപിയക്കാർ എറിട്രിയക്ക് സ്വയം ഭരണാവകാശം വാഗ്ദാനം ചെയ്തിരിക്കുന്നു. എത്യോപിയൻ വിപ്ലവത്തിനുമുൻപ് എറിട്രിയൻ ജനകീയ വിമോചനമുന്നണിക്ക്-അതൊരു വിപ്ലവ മാർക്സിസ്റ്റ് സംഘടനയാണെന്ന് ഞാൻ വിചാരിക്കുന്നു-ആയുധങ്ങളും പരിശീലനവും ലഭിച്ചിരുന്നതു് സോവിയററുയൂണിയനിൽനിന്നും ക്യൂബയിൽനിന്നുമായിരുന്നു. എറിട്രിയക്കാരും എത്യോപിയക്കാരും തമ്മിലുള്ള പോരാട്ടത്തിൽ സോവിയററ്യൂണിയൻ എന്തെങ്കിലും തരത്തിൽ ഇടപെടേണ്ടതുണ്ടെന്ന് വ്യക്തിപരമായി ഞാൻ വിശ്വസിക്കുന്നില്ല. എൻെറ അറിവിൽ പെട്ടിടത്തോളം ക്യൂബക്കാർ ആ തത്വമനുസരിച്ചാണ് ജീവിക്കുന്നതു്. അതു് വിപ്ലവകാരികൾക്കിടയിലുള്ള ഒരു വിവാദമാണ്. അല്ലാതെ സാമ്രാജ്യത്വത്തിനുള്ള ഉദാഹരണമല്ല.

സോവിയററു് യൂണിയൻ കമ്മ്യൂണിസത്തിലേക്കാണോ നീങ്ങുന്നതു്? അതാണ് പ്രശ്നം. കമ്മ്യൂണിസമെന്നാൽ തൊഴിലനുസരിച്ചല്ലാതെ ആവശ്യമനുസരിച്ചുള്ള വർദ്ധിച്ച വിതരണമാണെങ്കിൽ ഫാക്ടറികളിലും പരിസരങ്ങളിലും മററുമുള്ള ജീവിതത്തിൻെറ ദൈനംദിനപ്രശ്നങ്ങളിൽ സ്വയം സന്നദ്ധതയുടേയും ഭാഗഭാഗിത്വത്തിൻേറയും അടിസ്ഥാനത്തിലുള്ള ശമ്പളം കൊടുത്തുകൊണ്ടുള്ള ഉദ്യോഗസ്ഥന്മാരിലൂടെയല്ലാത്ത വർദ്ധിച്ചുവരുന്ന പങ്കാളിത്തമാണെങ്കിൽ സോവിയററ് യൂണിയൻ ആ ദിശയിലാണു നീങ്ങിക്കൊണ്ടിരിക്കുന്നതു്. അവർക്ക് ഈ ലക്ഷ്യം നേടാനാവുമോ എന്നതു് മറെറാരു പ്രശ്നമാണ്. എന്നാൽ അവർ മുതലാളിത്തത്തിലേക്കല്ല നീങ്ങുന്നതെന്ന് ഉറപ്പാണ്.

സോവിയററ്യൂണിയനിൽ അദ്ധ്വാനശക്തി ഒരു ചരക്കാണെന്നു പറഞ്ഞതിനെപ്പററി ഒന്നുരണ്ടു പ്രശ്നങ്ങളുണ്ട്. ''എനിക്കുവേണ്ടി പണിയെടുക്കൂ, അല്ലെങ്കിൽ പട്ടിണി കിടക്കൂ'' എന്നതാണ് സോവിയററ്യൂണിയനിലെ തൊഴിലാളിവർഗത്തിൻെറ അവസ്ഥയെന്ന് എനിക്കു മുൻപ് സംസാരിച്ചയാൾ പറഞ്ഞു. അതു് ഒരു പരിപൂർണ്ണ അസംബന്ധമാണ്. സോവിയററുയൂണിയനിൽ തൊഴിലാളികൾ അങ്ങേയററം കുറവാണുള്ളതു്, അവിടെ അടിസ്ഥാനപരമായി തന്നെ തൊഴിലാളി

കളെ ശാസിക്കാനോ അവരോട് ഇഷ്ടാനുസരണം പെരുമററാനോ ആവില്ല. ഒന്നമില്ലെങ്കിൽപോലും അവിടുത്തെ തൊഴിലാളികാംക്ക് മേൽപറഞ്ഞ അവസ്ഥയില്ലെന്നുള്ളതു് ഉറപ്പാണ്. അവർക്ക് അതുപോലെയുള്ള ഒരു നൂറുജോലികാം വേറെകിട്ടും. ഒരു മാനേജർക്കും അവരെ ശാസിക്കാനാവില്ല. ഇതു മാത്രമല്ല, ഭക്ഷണത്തിന്റേയും വാടകയുടേയും കാര്യത്തിൽ അവിടെ അനുവദിക്കപ്പെടുന്ന ഇളവുകാം വർദ്ധിച്ചുവരികയാണ്. അതായതു് ഒരു തരത്തിൽ പറഞ്ഞാൽ യാതൊരു ചെലവുമില്ലാതെതന്നെ ഒരാാംക്ക് സോവിയററ്യൂണിയനിൽ ജീവിക്കാനാവും.

മൂലധനകയററുമതിയെ സംബന്ധിച്ചാണെങ്കിൽ, സോവിയററ് യൂണിയൻ മൂലധനം കയററുമതി ചെയ്യുന്നതിനെ സംബന്ധിച്ച് യാതൊരു തെളിവും ഞാൻ കേട്ടിട്ടില്ല. ഏററവും കൂടിയാൽ നിങ്ങാംക്കു പറയാവുന്നതു് സോവിയററ് യൂണിയൻ മററു രാജ്യങ്ങളിൽ ഫാക്ടറികാം നിർമ്മിക്കുന്നുവെന്നാണ്. ചൈനക്കാർ റെയിൽവേ നിർമ്മിച്ചതുപോലെ, സോവിയററ് യൂണിയൻ അണക്കെട്ടുകളും ഉരുക്കുമില്ലുകളും നിർമ്മിക്കുന്നു. അവരുടെ വിഭവങ്ങാംക്ക് അവർ ചില പ്രതിഫലവും ആവശ്യപ്പെടുന്നു. അതൊരിക്കലും ചരടുകളുള്ള സഹായമല്ല. അവർ ഭൗതികവസ്തുക്കളും സാങ്കേതികവിദഗ്ദ്ധന്മാരേയും നൽകുന്നു. എന്നിട്ടു പറയുന്നു: അമേരിക്കക്കാർ പറയുന്നതുപോലെ ഞങ്ങാംക്ക് കൃത്യമായ നോട്ടുകളായി ഇതു തിരിച്ചു തരേണ്ട. ഭാഗികമായി തിരികെ ത്തന്നാൽ മതി. അതു് അവക്ക് $12\frac{1}{2}\%$ നഷ്ടമാണ്. ആ വിഭവങ്ങാം അവർ സോവിയററ് യൂണിയനിൽ സൂക്ഷിച്ചിരുന്നുവെങ്കിൽ അതിൽ 15 ശതമാനം വർദ്ധനവുണ്ടാകുമായിരുന്നു. അതിനുപകരം ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിലേക്കു് അവർ സാധനങ്ങളും സാങ്കേതികവിദ്യയും അയയ്ക്കുന്നു. അവിടെ ഫാക്ടറികാം നിർമ്മിക്കുന്നു. അവക്ക് വമ്പിച്ച ഇളവുകാം നൽകുന്നു. അതു് സാമ്രാജ്യത്വമല്ല.

എന്റെ നിലപാടന്തൊണെന്നു് ആവത്തിച്ചുപറയാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. സോഷ്യലിസത്തിന്റെ പ്രശ്നം നിർവ്വഹിക്കുന്നതു് ഏതുവർഗമാണ് അധികാരത്തിൽ എന്നതിന്റെ അടിസ്ഥാനത്തിലാണ്. അതൊരു നൈരന്തര്യത്തിന്റേയോ, ക്ഷേമത്തിന്റേയോ, ബൂർഷ്വാ അവകാശങ്ങളുടേയോ, പ്രശ്നമല്ല. ഞാൻ വീണ്ടും വീണ്ടും ആവർത്തിച്ചിട്ടും അതു് മൊത്തത്തിൽ തന്നെ വികൃതമാക്കപ്പെട്ടിട്ടുണ്ട്. സോഷ്യലിസം എന്നാൽ തൊഴിലാളിവർഗ്ഗം അധികാരത്തിൽ എന്നാണ്. സോവിയററ് യൂണിയനിൽ അധികാരത്തിലിരിക്കുന്നതു് തൊഴിലാളി വർഗ്ഗമാണെന്നതിന് അതിശക്തമായ തെളിവുകളുണ്ട്.

സോവിയററ്യൂണിയനിലെ ഉന്നതതലങ്ങളിൽപെട്ടവർ ഒരു ശരാശരി തൊഴിലാളിയേക്കാാം ആറുമുതൽ എട്ടിരട്ടിവരെ അധികവരുമാനമുണ്ടാക്കുന്നുവെന്നു് മാത്യൂസ് പറയുന്നു. ശരി, നമുക്കതു വ്യക്തമാക്കാം. ജനറൽ മോട്ടോഴ്സിന്റെ പ്രസിഡന്റോ

മററു കുത്തകകളോ ഒരു വർഷമുണ്ടാക്കുന്ന സമ്പാദ്യം മൂന്നിനും പത്തിനും ഇടക്കു ദശലക്ഷം ഡോളറാണ്. എന്നാൽ അമേരിക്കയിലെ ഒരു ശരാശരി തൊഴിലാളിയുടെ ശമ്പളമാകട്ടെ ഒരു വർഷം 17000-18000 ഡോളറാണ്. ഇവിടെ ഉന്നതമാനേജർമാർക്ക് തൊഴിലാളികളുടെ വേതനത്തിൻെറ 150 ഇരട്ടിവരെ വരുമാനമുണ്ടാവുന്നു. അപ്പോൾ മാത്യൂസിൻെറ തെററായ കണക്കുകൾക്കു പോലും ഒരു ഗുണപരമായ വ്യത്യാസമുണ്ടെന്നു കാണാം. റോക്ക്ഫെല്ലർമാർ, മെല്ലോൺമാർ തുടങ്ങിയ കുത്തകകളുടെ ഉടമകളെക്കുറിച്ചാണു പറയുന്നതെങ്കിൽ 20 ദശലക്ഷം ഡോളറിൻെറ വാർഷികവരുമാനമുള്ളവരാണവർ. അതായത് തൊഴിലാളിയുടെ വേതനത്തിൻെറ ഒരായിരമിരട്ടി. മാത്യൂസിൻെറ കണക്കുകൾക്കുപോലും ഇതിൽനിന്ന് ഗുണപരമായ വ്യത്യാസമില്ലെന്ന് ആർക്കും പറയാനാവില്ല. ഇടക്കൊന്നുപറയട്ടെ 'സോവിയററ്യൂണിയനിലെ വിശേഷാധികാരങ്ങൾ' എന്ന മാത്യൂസിൻെറ പുസ്തകത്തിൽനിന്ന് ഒരു കണക്കും ഞാൻ ഉദ്ധരിച്ചിട്ടില്ല. നാം സംസാരിക്കുന്നത് സൈബീരിയയിലെ ഏതെങ്കിലും ചെറിയ ഓഫീസർമാരെക്കുറിച്ചല്ല. സോവിയററ്യൂണിയനിലെ 49 ലധികംവരുന്ന ഉന്നതരായ സാമ്പത്തിക കാര്യ മന്ത്രിമാരെക്കുറിച്ചാണ്. അവരുടെ വേതനം 600 റൂബിളായി മരവിപ്പിച്ചിരിക്കുന്നു. ആന്ദ്രോപോവിൻെറ വീടിന് 5½ മുറികളുണ്ടെന്നതും അപ്രധാനമല്ല. ഇതു് ഗുണപരമായ ഒരു വ്യത്യാസമാണ്. അവർക്ക് ഒരു സവിശേഷാധികാരമുണ്ട്. അവർക്ക് സ്ഥാപനങ്ങളുടെ കാറുപയോഗിക്കാം. അവർക്ക് പാശ്ചാത്യനാടുകളിലെ വിസ്സ കിട്ടാനും സാദ്ധ്യതയുണ്ട്. ആ രാജ്യം ഒരു മുതലാളിത്ത രാജ്യമാണെന്നതിന് ഇതൊന്നും തെളിവല്ല.

ഇനി ഞാനിതു് സമാഹരിക്കാം. അർ. സി. പിയുടെ വാദങ്ങൾ മാർക്സിസ്റ്റ് വാദങ്ങളല്ല. നിങ്ങൾ ഒരധികാരസ്ഥാനത്തെത്തിക്കഴിഞ്ഞാൽ ഒരു മുതലാളിയാകാനുള്ള അഭിനിവേശത്തിൻെറ സമ്മർദ്ദത്തിനു് നിങ്ങൾ കീഴടങ്ങുമെന്നാണ് ഒരു വാദം. അതു മാത്രമല്ല, ആ പദവിയിലെത്തിക്കഴിഞ്ഞാൽ മൊത്തം ഉല്പാദനസമ്പ്രദായത്തെ മാററിത്തീർക്കാനുള്ള ഉപാധികൾ അവർക്കു കരഗതമാകുമെന്നു (കാരണം ഒരുപിടി നേതാക്കന്മാരുടെ ലൈൻ തെററാണെന്നു്) കൂടി അവർ വാദിക്കുന്നു. ഈ ആശയങ്ങൾ ബൂർഷ്വാ സാമൂഹ്യസിദ്ധാന്തങ്ങളുടെ ആശയങ്ങളാണ്. മൈക്കേൽസിൻേറയും മാക്സ്‌വെബറുടേയും ആശയങ്ങളാണ്. മാർക്സിസ്റ്റ് വർഗവിശകലനത്തിനോ, ഉല്പാദനസമ്പ്രദായങ്ങളെ സംബന്ധിച്ചുള്ള മാർക്സിസ്റ്റ് അപഗ്രഥനത്തിനോ ഈ ആശയങ്ങളുമായി പൊതുവിൽ യാതൊന്നുമില്ല.

ആരോ മറെറാരു ചോദ്യംകൂടെ ഉന്നയിച്ചിരുന്നു. തൊഴിലാളിവർഗത്തിൽനിന്നു് സോഷ്യലിസം ഇത്രയുമെളുപ്പത്തിൽ എടുത്തുകളയാൻ കഴിയുമെങ്കിൽ, സോവിയററ്യൂണിയനിലെ നാല്പതുവർഷക്കാലത്തെ വിദ്യാഭ്യാസത്തിനുശേഷംപോലും ആ

രാജ്യം മുതലാളിത്തമായി മാറിയതു് തിരിച്ചറിയാൻ അവിടത്തെ തൊഴിലാളികൾക്കു കഴിഞ്ഞില്ലെങ്കിൽ, അതു് അത്ര മാത്രം ലോലവും ദുർബലവുമായ ഒന്നാണെങ്കിൽ, അമേരിക്കയിലോ ലോകത്തിന്റെ മറേറതെങ്കിലും ഭാഗത്തോ സോഷ്യലിസം സ്ഥാപിക്കാൻ കഴിയുമെന്നു് നാം കരുതുന്നതു് എന്തടിസ്ഥാനത്തിലാണു്? സോഷ്യലിസ്റ്റ്വ്യവസ്ഥ പ്രവർത്തനക്ഷമമല്ലെങ്കിൽ നാം വേവലാതിപ്പെടുന്നതെന്തിനാണു്? വാസ്തവത്തിൽ നിങ്ങൾ പറയുന്നതു് അതാണു്. അതുകൊണ്ടുതന്നെ ബൂർഷ്വാസാമൂഹ്യശാസ്ത്രം പറയുന്ന അതേതരം സർവ്വനിഷേധവാദത്തിലേക്കു് നിങ്ങളും നയിക്കപ്പെടുന്നു.

സോവിയററ് യൂണിയനിൽനിന്നു് ഇന്നു് മൂലധനം കയററുമതി ചെയ്യപ്പെടുന്നുണ്ടെന്നുള്ളതിനോ, 1955നു മുമ്പു് ഇല്ലാതിരുന്നതു് അതിനുശേഷം ഉണ്ടായി എന്നുള്ളതിനോ യാതൊരു തെളിവുമില്ല. അദ്ധ്വാനശക്തി ഒരു ചരക്കായിരിക്കുന്നു എന്നതിനും ഞാൻ തെളിവുകളൊന്നും കേട്ടിട്ടില്ല. വികസിതമായ പുനരുൽപ്പാദനത്തിന്റെ, അതായതു് പണം—അദ്ധ്വാനശക്തി—വികസിച്ച പണം (M-C-M) എന്നതിന്റെ യുക്തിയാണ് അവിടെ നിലനില്ക്കുന്നതു് എന്നു കാണിക്കുന്ന യാതൊരു തെളിവും ഞാൻ കേട്ടിട്ടില്ല. ഒരു മുതലാളിത്തഭരണവർഗത്തിന്റെ നിലനിൽപ്പിനെ കാണിക്കുന്നതോ, അതുപോലെ പ്രവർത്തിക്കുന്നതോ ആയ എന്തെങ്കിലും അവിടെ നിലനിൽക്കുന്നുണ്ടെന്നതിനു് യാതൊരു തെളിവും ഞാൻ കേട്ടിട്ടില്ല. ആർ. സി. പി.യും അതു് അംഗീകരിച്ചിട്ടുണ്ടെന്നു തോന്നുന്നു. ലാഭമാണ് ആധിപത്യത്തിൽ എന്നു കാണിക്കുന്ന എന്തെങ്കിലും യഥാർത്ഥതെളിവുകളും ഞാൻ കണ്ടിട്ടില്ല. ഞാൻ കേട്ട തെളിവുകളാവട്ടെ ആവത്തിച്ചാവത്തിച്ചു് ഊന്നിപ്പറയുന്നതു മാത്രമാണു്. ഊന്നിപ്പറയലിനു് ഒരളവുവരെ വിശ്വാസ്യതയുണ്ടു്. കാരണം നാമെല്ലാം ജീവിക്കുന്നതു് ചില മുൻവിധികളുള്ള ലോകത്തിലാണു്. നമ്മൾ അംഗീകരിക്കുന്ന കാര്യം ഒരാൾ സ്ഥാപിക്കുന്നതു കേൾക്കുമ്പോൾ നാം അതിനെ ശ്ലാഘിക്കുന്നു. ഞാൻ കേട്ട തെളിവുകളാകട്ടെ എല്ലാം സംവൃതമായ വാദമുഖങ്ങളാണ്. (Circular Arguement) അതു് 'എ' ആണെങ്കിൽ അതും സോഷ്യൽസാമ്രാജ്യത്വമാണു്. ഇത്തരം വാദമുഖങ്ങളാണ് സംവൃതമെന്നുദ്ദേശിക്കപ്പെട്ടതു്. ഈ കേട്ട തെളിവുകളിലാകട്ടെ യുക്തിപരത വളരെ കുറച്ചുമാത്രമേ കണ്ടുള്ളു. മാർക്സിസം വളരെ കുറച്ചേ കണ്ടുള്ളു. യഥാർത്ഥതെളിവുകളാകട്ടെ അതിനേക്കാൾ കുറവേ കണ്ടുള്ളു.

ഇതു് വളരെ ചെറിയൊരു അവലോകനമാണു്. ആർ. സി. പി. മുഖ്യമായും പറഞ്ഞതു് രണ്ടു കാര്യങ്ങളാണെന്നു് ഞാൻ കരുതുന്നു. ഒന്നാമതു് സോവിയററ് യൂണിയനിൽ മുതലാളിത്തസമാഹരണമാണോ സോഷ്യലിസ്റ്റ്സമാഹരണമാണോ എന്നു്. രണ്ടാമതു് അദ്ധ്വാനശക്തി ഒരു ചരക്കാണോ അല്ലയോ എന്നു്.

ആ തെളിവുകഠം വേണ്ടവിധത്തിൽ അവലോകനം ചെയ്യുവെന്നു് ഞാൻ കരുതുന്നു. സോവിയററ് യൂണിയനിൽ തൊഴിലില്ലാത്തവരുടെ ഒരു കരുതൽസേനയില്ല. അതേസമയം ''മററു'' മുതലാളിത്ത സമൂഹങ്ങളിൽ അതുണ്ടുതാനും. മാനേജർമാർക്കു് തൊഴിലാളികളോട് ആജ്ഞാപിക്കാനോ, ശാസിക്കാനോ അല്ലെങ്കിൽ ഫാക്ടറികളെ മൊത്തത്തിൽ നീക്കംചെയ്യാനോ യഥാർത്ഥത്തിൽ അധികാരമില്ല. അതായത്തു് *ആസൂത്രണമാണ്* ആധിപത്യസ്ഥാനത്തുള്ളത്തു്. ആ ആസൂത്രണമാകട്ടെ തൊഴിലാളിവർഗത്തിന്റെ അടിയന്തിര താല്പര്യങ്ങളനുസരിച്ചാണു് നിർവ്വഹിക്കപ്പെടുന്നത്തു്. അതിന്റെ നേതൃസ്ഥാനത്താകട്ടെ രാഷ്ട്രീയമാണുള്ളത്തു്. മാത്രമല്ല വിദ്യാഭ്യാസത്തിന്റേയും, ജീവിതത്തിന്റെ ഗുണനിലവാരത്തിന്റേയും, സാമൂഹ്യവേതനത്തിന്റെ വർദ്ധനവിന്റേയും, പങ്കാളിത്തത്തിലുള്ള വികാസത്തിന്റേയും കാര്യത്തിലും നേതൃസ്ഥാനത്തുള്ളത്തു് രാഷ്ട്രീയമാണ്. ആ രാഷ്ട്രീയമാകട്ടെ തൊഴിലാളിവർഗ രാഷ്ട്രീയവുമാണ്. ഉല്പാദനം അടിസ്ഥാനപരമായി ഉപയോഗതാമൂല്യത്തിനും സാമൂഹ്യവേതനത്തിന്റെ വികാസത്തിനും വേണ്ടിയാണെന്നു് ഞാൻ കരുതുന്നു. ഉല്പാദനം വാസ്തവത്തിൽ സംഘടിപ്പിക്കപ്പെട്ടിരിക്കുന്നത്തു് തൊഴിലാളിവർഗത്തിനു വേണ്ടിയാണ്. പണം- ചരക്കു്- പണം(M-C-M) എന്ന യുക്തിയാണ് അവിടെ നിലനില്ക്കുന്നതെന്നതിനു് യാതൊരു തെളിവുമില്ല. ആസൂത്രണം പൊതുവിൽ പ്രവർത്തിക്കുന്നതു തന്നെ നിലവിലുള്ള അസമത്വങ്ങളെ കുറച്ചുകൊണ്ടു വരാനാണ്, തൊഴിൽവിഭജനം കുറച്ചുകൊണ്ടു വരാനാണ്, ജീവിതത്തിന്റെ ഗുണവിലവാരം വർദ്ധിപ്പിക്കാനാണ്. വിലകഠം നിശ്ചയിക്കുന്നത്തു് രാഷ്ട്രീയ മാനദണ്ഡങ്ങഠംവെച്ചാണ്. മാത്രമല്ല മാംസത്തിന്റേയും ഡയറി ഉല്പന്നങ്ങളുടേയും കാര്യത്തിൽ കാണാവുന്നതുപോലെ വിലകളിൽ അനുവദിക്കുന്ന ഇളവ് വർദ്ധിച്ചുവരികയുമാണ്. സോവിയററു യൂണിയനിൽ നമുക്കു കാണാവുന്നത്തു് വിലയുടെ നിയമത്തിൽ (Law of value) നിന്നു് പരമാവധി അകന്ന ഒരു രീതിയാണ്. ഒരു സമൂഹത്തിന്റെ ദിശ ഏതാണെന്നു് കണ്ടെത്തേണ്ടതു് അതിപ്രധാനമാണെന്നു് ആർ. സി. പി. പറയുന്നത്തു് വളരെ ശരിയാണ്. ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധിച്ചുവരുന്ന വിതരണത്തിൽനിന്നും, സാമ്പത്തികകാര്യ മന്ത്രിമാർ, കേന്ദ്ര കമ്മററി അംഗങ്ങഠം തുടങ്ങിയ ഉയന്ന വിഭാഗങ്ങഠംക്കും തൊഴിലാളിവർഗത്തിനും ഇടയിലുള്ള സമത്വം വർദ്ധിച്ചുവരുന്നതിൽ നിന്നും സോവിയററ് യൂണിയന്റെ ദിശ മുന്നോട്ട് പുരോഗതിയിലേക്കുള്ളതാണെന്നു് വളരെ വ്യക്തമാണ്.

-

ആരോ ക്യൂബയെക്കുറിച്ചു ചിലതു ചോദിച്ചുവല്ലോ. 1975ൽ ഫിഡൽ കാസ്ട്രോ എഴുതിയ ചില കാര്യങ്ങഠം ഉദ്ധരിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കട്ടെ. ഫിഡൽ പറഞ്ഞു:

''ഭാവിയിൽ വളരെയേറെ മാററങ്ങളുണ്ടാകും. അമേരിക്കൻ ഐക്യനാടുകളിൽപോലും മുതലാളിത്തം അവസാനിക്കുന്ന ദിവസം വരും. എന്നാൽ ഞങ്ങൾ പട്ടിണിയേയും വംശവിച്ഛേദത്തേയും അഭിമുഖീകരിച്ചിരുന്ന ആ നിർണായക നാളുകളിൽ ഞങ്ങളെ സഹായിച്ച ജനതയോടുള്ള ഞങ്ങളുടെ സൗഹൃദഭാവം ഒരിക്കലും അവസാനിക്കുന്നില്ല. ലെനിൻെറ ജന്മദേശത്തോടുള്ള ഞങ്ങളുടെ വിശ്വാസം സീമാതീതമാണ്. കാരണം കഴിഞ്ഞ അര നൂററാണ്ടിലേറെയുള്ള കാലയളവിൽ സോവിയററ് വിപ്ലവം അതിൻെറ തത്വങ്ങളോടും ദൃഢമായ ലെനിനിനോടും, അല്ലെങ്കിൽ സാർവദേശീയ നയത്തിനനുസൃതമായ പെരുമാററത്തോടുമുള്ള ദൃഢബന്ധം തെളിയിച്ചിട്ടുണ്ട്. അതു് ക്യൂബയിൽ മാത്രമല്ല, വിയത്നാമിലും, മദ്ധ്യപൂർവ്വപ്രദേശങ്ങളിലും, സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതുന്ന പോർത്തുഗീസ് കോളനികളിലും, സൈപ്രസ്സിലും, യെമനിലും, അംഗോളയിലും, കൊളോണിയലിസത്തിനും സാമ്രാജ്യത്വത്തിനുമെതിരെ ദേശീയ വിമോചന പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്ന ലോകത്തിൻെറ എല്ലാ പ്രദേശങ്ങളിലും, ധീരോദാത്തരായ സ്പാനിഷ് ജനതയുടെ സമരത്തിലെപ്പോലെ അവർ ഇതു് പ്രകടിപ്പിച്ചിട്ടുണ്ട്. അതിനെ അപകീർത്തിപ്പെടുത്തുന്നവർ ചന്ദ്രനുനേരെ കുരയ്ക്കുന്ന നായ്ക്കളെപ്പോലെയാണ്.''

□

പബ്ലിഷിംഗ് സെൻറർ

മററു പുസ്തകങ്ങൾ

അപരിചിതനാക്കപ്പെട്ട മനുഷ്യൻ
മാർക്സിൻെറ 1844—ലെ കൈയെഴുത്തു പ്രതികളിൽനിന്നു്
വില 1.50

സാമ്രാജ്യത്വവും അല്പവികസിത രാജ്യങ്ങളും
ആന്ദ്രേ ഗുന്തർ ഫ്രാങ്ക്
വില 2.50

വെളിച്ചത്തെക്കുറിച്ചൊരു ഗീതം
സിവിക് ചന്ദ്രൻ
വില 6.00

ആസ്വാദനത്തിൻെറ മാനങ്ങൾ
നന്ദകുമാർ

PC Library & Research Center



മാർക്സിസം - ലെനിനിസത്തിന്റെ
അടിസ്ഥാനത്തിൽ നിന്നുകൊണ്ട്
സോവിയറ്റ് യൂണിയന്റെ
സാമ്രാജ്യത്വ സ്വഭാവത്തെ തുറന്നുകാട്ടാൻ
ശ്രമിക്കുന്ന റെയ്മണ്ട് ലോട്ടയും
സോവിയറ്റ് യൂണിയനിൽ ഇന്നത്തെ ഘട്ടത്തിൽ
തന്നെ സോഷ്യലിസമാണ്
നിലനില്ക്കുന്നതെന്നു സ്ഥാപിക്കാൻ
ശ്രമിക്കുന്ന ആൽബർട്ട് സിമാൻസ്കിയുമായുള്ള
ഒരു സംവാദമാണ് ഈ ലഘു പുസ്തകം
ഇതേക്കുറിച്ച് വ്യക്തത നേടാൻ
ശ്രമിക്കുന്നവർക്ക്
സഹായകമായിരിക്കും ഈ സംവാദം.


പബ്ലിഷിംഗ് സെന്റർ
പെരുമ്പാവൂർ
683 542.



# സോവിയറ്റ് യൂണിയൻ:

## സോഷ്യലിസമോ സോഷ്യൽസാമ്രാജ്യത്വമോ ?

റെയ്മണ്ട് ലോട്ട
അൽബെർട്ട് സിമാൻസ്കി

947